



പാനൂർ ഗ്രാമപഞ്ചായത്ത്



വികസനരേഖ


കണ്ണൂർ
വാണ്ടൻ

0 1



ജനകീയാസൂത്രണം

പാനൂർ ഗ്രാമപഞ്ചായത്ത്

വികസന രേഖ

1996 നവംബർ 30

02

പാനൂർ ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ സമഗ്ര വികസനത്തിനുള്ള രൂപരേഖയായി നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ്. കേരളത്തിൽ നടക്കുന്ന പുത്തൻ വികസന സംസ്കാരത്തിന്റെ ഭാഗമായി പാനൂർ പഞ്ചായത്തിലും വികസനത്തിന്റെ പുതിയ അദ്ധ്യായം തുറക്കാൻ ഈ രേഖക്ക് കഴിയുമാറാകട്ടെ. ഇതിന് പിന്നിൽപ്രവർത്തിച്ച മുഴുവൻ പ്രവർത്തകരുടെയും സേവനം നന്ദി പൂർവ്വം സ്മരിച്ചുകൊണ്ട്

സ്നേഹാദരങ്ങളോടെ


ഭരണ സമിതിക്കുവേണ്ടി

കാമ്പ്രത്ത് ലതികകുമാരി
പ്രസിഡണ്ട്
പാനൂർ ഗ്രാമ പഞ്ചായത്ത്

പാനൂർ
25.11.96

0 4

PANOOR GRAMA PANCHAYATH



○ *എഡിറ്റർ*

രാജു കാട്ടുപുനം

○ *എഡിറ്റോറിയൽ ബോർഡ്*

കാമ്പ്രത്ത് ലതിക കുമാരി

ടി. ടി. രാജൻ മാസ്റ്റർ

പി. കെ. ഇബ്രാഹിം ഹാജി

എം. കെ. പത്മനാഭൻ മാസ്റ്റർ

ടി. കെ. അശോകൻ മാസ്റ്റർ

ഒ. സുധീർകുമാർ

കെ.കെ. സുധീർ കുമാർ

പി. ഹാരിസ്

പി. എ. റഹീം

സി. കെ. രവി

○ *കവർ*

അനിരുദ്ധൻ

○ *ഡി.ടി.പി. ലേ ഔട്ട് & പ്രിൻറിങ്ങ്*

ഡിജിറ്റൽ ഗ്രാഫിക്സ്, തലശ്ശേരി



"ഓരോരുത്തരും
അവരവരുടെ
നെറ്റിവിയർക്കേ
പണിയെടുത്തു
ജീവിച്ചെങ്കിൽ
ഭൂമി സ്വർഗ്ഗമായി
മാറുമായിരുന്നു"

ഗാന്ധിജി

പാനൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതി

കാമ്പ്രത്ത് ലതികകുമാരി	(പ്രസിഡണ്ട്)
പി. പി.സുഹറാബി	(വൈ: പ്രസിഡണ്ട്)
മാണിക്കോത്ത് യൂസഫ് ഹാജി	(സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ)
കെ. കെ. രാജൻ	(മെമ്പർ)
എം. കെ. പത്മനാഭൻ മാസ്റ്റർ	,,
വി. പ്രമോദ	,,
പി. കെ. ഇബ്രാഹിം ഹാജി	,,
ടി. ടി. രാജൻ മാസ്റ്റർ	,,
പി.ശാരദ	,,

ഉള്ളടക്കം

ആമുഖം
പൊതുവിവരങ്ങൾ
ഭൂപ്രകൃതി
സാമൂഹ്യ സാംസ്കാരികചരിത്രം
കൃഷിയും ജലസേചനവും
മൃഗസംരക്ഷണം
കുടിവെള്ളവും പൊതുജനാരോഗ്യവും
പാർപ്പിടവും സാമൂഹ്യക്ഷേമവും
സഹകരണം
വ്യവസായം
സംസ്കാരം
വനിത
പട്ടികജാതി പട്ടികവർഗ്ഗക്ഷേമം
ഊർജ്ജം
ഗതാഗതം
വിഭവസമാഹരണം

ആമുഖം

കേരള സംസ്ഥാനം രൂപീകൃതമായിട്ട് നാല് പതിറ്റാണ്ടുകൾ കഴിഞ്ഞു. കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക രംഗം പരിശോധിച്ചാൽ ആശാവഹമായ വളർച്ച കൈവരിച്ചിട്ടില്ല എന്ന് കാണാൻ കഴിയും. ഉല്പാദനരംഗത്തെ മുരടിപ്പും സാമ്പത്തിക വളർച്ചയിലെ പിന്നോക്കാവസ്ഥയും പരിഹരിക്കാൻ കേരളത്തിൽ സമഗ്രമായ വികസനത്തിന് രൂപം നൽകണം. ജനകീയാസൂത്രണപദ്ധതിയിലൂടെ രൂപം നൽകണം. ആസൂത്രണ രംഗത്ത് പുതിയ ഒരു അദ്ധ്യായം എഴുതിച്ചേർത്തുകൊണ്ട് ലോകത്തിന് തന്നെ മാതൃകയാവാൻ പോവുകയാണ്. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതൊന്നും അധികാര വികേന്ദ്രീകരണത്തിലൂടെ ഭരണ നിർവ്വഹണം ഗ്രാമീണരുടെ കൈകളിലെത്തിച്ചേരണവുമെന്ന രാഷ്ട്രപിതാവ് ഗാന്ധിജിയുടെ സ്വപ്നവും യാഥാർത്ഥ്യമാവുകയാണ്. കേരളത്തിന്റെ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോട് കൂടി ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം നൽകിയിട്ടുള്ളത്. സാക്ഷരതാ പ്രസ്ഥാനത്തിലൂടെ കേരളത്തെയാകെ തൊട്ടുണർത്തിയ ബഹുജനമുന്നേറ്റത്തിന്റെ തുടർച്ചയാണ് ജനകീയാസൂത്രണ പ്രസ്ഥാനവും. ഇത് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കും ലോകരാഷ്ട്രങ്ങൾക്കും മാതൃകയാവാൻ പോവുകയാണ്.പാനൂർ ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത്. 1996 സപ്തംബർ പതിമൂന്നാം തീയ്യതിയാണ്.

ഗ്രാമ സഭാവലോകനം

പാനൂർ ഗ്രാമപഞ്ചായത്തിലെ ഒൻപത് വാർഡുകളിലെ ഗ്രാമസഭകൾ ചേർന്നത് 1996 സപ്തം:24 മുതൽ ഒക്ടോബർ 2 വരെയാണ്. ഗ്രാമസഭയിലെ ജനപങ്കാളിത്തം 120 നും 200 ഇടയിലാണ്. ഗ്രാമ സഭകളിൽ 6 ഗ്രൂപ്പുകളായി ചർച്ച നടന്നു. ചർച്ചകൾക്ക് നേതൃത്വം നൽകിയത് പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസും, ഉദ്യോഗസ്ഥരും ആണ്. ഓരോ വാർഡിലും സംഘാടകസമിതികൾ രൂപീകരിക്കുകയും പ്രചാരണ പരിപാടികൾ നടത്തുകയും ചെയ്തിരുന്നു.

പഞ്ചായത്ത് ജനകീയാസൂത്രണ പ്രസ്ഥാനം

1996 സപ്തം: 13 ന് ചേർന്ന സ്വാഗതസംഘം രൂപീകരണ യോഗത്തിൽ 90 പേർ പങ്കെടുത്തു. ബഹുജനപ്രസ്ഥാനത്തിന്റെ നേതാക്കൾ സാംസ്കാരിക പ്രവർത്തകർ, വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥന്മാർ, എന്നിവർ പങ്കെടുത്തു. 1996 സപ്തംബർ 16ം തീയ്യതി പാനൂർ പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസിന്റെ ശില്പശാല നടന്നു. ഗ്രാമസഭകളിൽ വെച്ച് ഗ്രൂപ്പുകളുടെ നിയന്ത്രണം അവരുടെ ചുമതലയിലായിരുന്നു. ഗ്രാമസഭകൾക്ക് ശേഷം പഞ്ചായത്ത് തല യോഗം ചേർന്ന് ഗ്രാമസഭാ നിർദ്ദേശങ്ങൾക്രോജികരിച്ചു. 1996 ഒക്ടോബർ 8 ന് ചേർന്ന യോഗത്തിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരും പഞ്ചായത്ത് തല റിസോഴ്സ് പേഴ്സൺസും ചേർന്ന് ദ്വിതീയ വിവരശേഖരണത്തിനുള്ള ഗ്രൂപ്പുകളെ നിയോഗിച്ചു. ഗ്രൂപ്പ് ശേഖരിച്ച വിവരങ്ങൾ ക്രോഡീകരിച്ച് ഒക്ടോബർ 21 ന് പഞ്ചായത്ത് പ്രസിഡണ്ടിനെ ഏല്പിച്ചു. മൂന്ന്ഗ്രൂപ്പുകളായി പഞ്ചായത്തിലെ ഭൂപ്രകൃതി പഠിക്കുന്നതിനുള്ള ട്രാൻസെക്ട് വാക്ക് നടത്തി. 1996 ഒക്ടോബർ 30 ന് ചേർന്ന യോഗത്തിൽ വെച്ച് സെമിനാർ നടത്തുന്നതിനുള്ള സംഘാടക രൂപം നൽകി. വികസന രേഖ തയ്യാറാക്കുന്നതിന് വേണ്ടി 12 ഗ്രൂപ്പുകളെ നിയോഗിച്ചു. വകുപ്പ് ഉദ്യോഗസ്ഥന്മാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ജനപ്രതിനിധികളുടെയും സംയുക്ത പ്രവർത്തനത്തിന്റെ ഫലമായാണ് വികസന രേഖ രൂപം കൊണ്ടത്.

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	: പാനൂർ ഗ്രാമപഞ്ചായത്ത്
പിൻ കോഡ്	: 670 692
ഫോൺ	: 311340
ഉൾപ്പെടുന്ന റവന്യൂ വില്ലേജ് :	പാനൂർ
ബ്ലോക്ക് ഡിവിഷൻ	: കൂത്തുപറമ്പ
താലൂക്ക്	: തലശ്ശേരി
ജില്ല	: കണ്ണൂർ
അസംബ്ലി മണ്ഡലം	: പെരിങ്ങളം
പാർലമെൻറ്	:വടകര
വിസ്തീർണ്ണം	: 8.54 സ്കൂ കി. മീ.
വാർഡുകളുടെ എണ്ണം	::9
ജനസംഖ്യ:	15,390
പുരുഷൻ	: 7115
സ്ത്രീ	: 8,275
ജനസാന്ദ്രത	: 1802, സ്കൂ കി. മീ
സ്ത്രീസംവരണ വാർഡുകൾ	: 3
പട്ടികജാതി സംവരണ വാർഡുകൾ	:1
പ്രസിഡണ്ട്	: കമ്പ്രത്ത് ലതികകുമാരി
വൈ:പ്രസിഡണ്ട്	:പി. പി. സുഹറാബി

ഭൂപ്രകൃതിയും വിഭവങ്ങളും

കേരളത്തിന്റെ വടക്ക് കണ്ണൂർജില്ലയിൽ ഇടനാടു മേഖലയിൽ കൂത്തുപറമ്പ് ബ്ലോക്കിലാണ് പാനൂർ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. സാമാന്യം ജനനിബിഡമായ ഇവിടം ഏറെക്കുറെ സമതലത്തോടുകൂടിയ കാർഷികമേഖലയാണ്. കടലോരമേഖലയായ തലശ്ശേരിയിൽ നിന്നും 11 കിലോമീറ്റർ കിഴക്കുമാറി വടക്ക് മൊകേരി പഞ്ചായത്തിനും കിഴക്ക് കുന്നോത്തുപറമ്പ് പഞ്ചായത്തിനും തെക്ക് പെരിങ്ങളം പഞ്ചായത്തിനും പടിഞ്ഞാറ് പന്ന്യന്നൂർ പഞ്ചായത്തിനും ഇടയിലായി നിൽക്കുന്ന ഒരു കൊച്ചു ഭൂപ്രദേശമാണ് പാനൂർ പഞ്ചായത്ത്

ഭൂപ്രകൃതി

വടക്ക് കിഴക്കു നിന്ന് തെക്കു പടിഞ്ഞാറ് ഭാഗത്തേക്ക് ചെരിച്ചുവച്ചിരിക്കുന്ന ഒരു പലകപോലെയാണ് പാനൂർ പഞ്ചായത്തിന്റെ കിടപ്പ്. പാനൂർ പഞ്ചായത്തിലെ പ്രധാന ഉയർന്ന പ്രദേശങ്ങളാണ് മുള്ളൻകുന്ന്, മഞ്ചാംകുന്ന്, കല്ലം കുന്ന്, പാലത്തായി കുന്ന്, പുത്തൻ കുന്ന്, അവയാട് കുന്ന്, കാപ്പുമ്മൽ, ഭാഗങ്ങൾ പഞ്ചായത്തിലെ അഞ്ച് ആറ് ഒൻപതു വാർഡുകളിലായി ഈ ഉയർന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നു. വെസ്റ്റ് പാനൂർ, എലാങ്കോട് തട്ടിൽതാഴെ,പാലത്തായി പുഞ്ചവയൽ, ചിറയിൽ വയൽ, മോരന്റെ വിട വയൽ, പുത്തൂർ ഓവു പാലം, മാവിലാട്ട് വയൽ തുടങ്ങിയവ ഇന്ന് വയലും കുനിപ്പറമ്പുകളും ഇടകലർന്ന പ്രദേശമാണ്. തലയാട്ടിനിൽക്കുന്ന സ്വർണ്ണക്കതിരണിഞ്ഞ് പരന്നുകിടക്കുന്ന വയലേലകൾ പാനൂരിൽ അന്യമായിക്കൊണ്ടിരിക്കുന്നു. പഴമക്കാരുടെ ഓർമ്മകളിൽ ഇതിനെക്കുറിച്ചുള്ള നഷ്ടബോധം ഇന്നും അവശേഷിക്കുന്നു. നെൽപ്പാടങ്ങളിൽ കുതിരുകൂട്ടി തെങ്ങിൻതൈ നട്ടുവളർത്തുന്ന സ്ഥിരം കാഴ്ച ഇന്നു കാണാം. കുന്നിൻപ്രദേശങ്ങളും വയൽ പ്രദേശങ്ങളും കഴിഞ്ഞാൽ അവശേഷിക്കുന്ന ഭാഗങ്ങൾ നേർത്ത ചരിവുപ്രദേശങ്ങളും സമതലപ്രദേശങ്ങളും ആണ്. മുള്ളൻകുന്ന്, കാപ്പുമ്മൽ ഭാഗങ്ങളിൽ പരിസ്ഥിതിയ്ക്ക് ഭീഷണിയാവുന്ന തരത്തിൽ മണ്ണിടിച്ചുകൊണ്ടിരിക്കുന്നു. അവയാട് കുന്ന് ഭാഗത്ത് കനത്തതോതിൽ പാറപൊട്ടിക്കുന്ന രണ്ട് കരിങ്കൽ ക്വാറികൾ സ്ഥിതിചെയ്യുന്നു. ഇവയുടെ പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്നു.

കാലാവസ്ഥ


കേരളത്തിലെ മറ്റുഭാഗങ്ങളിലെന്നപോലെ ഗണ്യമായ രീതിയിൽ മഴ നമ്മുടെ പഞ്ചായത്തിലും ലഭിച്ചുവരുന്നു. ജൂൺ, ജൂലായ്, മാസങ്ങളിൽ ഇടിയോടുകൂടിയ കനത്ത മഴയും ഒക്ടോബറിനും നവംബറിനും ഇടയിൽ തുലാവർഷവും നമുക്ക് ലഭിക്കുന്നു. ചില മാസങ്ങളഇൽ ശരാശരി 2524 മില്ലി ലിറ്റർ മഴയാണ് ഒരു വർഷം നമുക്ക് ലഭ്യമാകുന്നു. മാർച്ച് മാസത്തിലാരംഭിക്കുന്ന ഉഷ്ണം ഏപ്രിൽ മെയ് മാസങ്ങളിൽ ശക്തി പ്രാപിക്കുന്നു. തീരപ്രദേശങ്ങൾക്ക് അടുത്താണെങ്കിൽ തന്നെയും അതിശക്തമായ കാറ്റൊന്നും നമ്മെ ബാധിക്കാറില്ല. എന്നാൽ ചെറിയ രീതിയിലുള്ള കാറ്റ് പലപ്പോഴും നാശനഷ്ടങ്ങളും മറ്റും വരുത്താറുണ്ട്. പ്രധാനമായും കാലവർഷവുമായ് ബന്ധപ്പെട്ട കാറ്റാണ് നമുക്ക് അനുഭവപ്പെടുന്നത്. നവംബർ അവസാനത്തോടൊപ്പം ആരംഭിക്കുന്ന തണുപ്പുകാലം ഡിസംബർ മാസത്തിൽ കനത്ത തോതിലായി ജനുവരി മധ്യത്തോടെ അവസാനിക്കുകയും ചെയ്യുന്നു.

ജലലഭ്യത

പാനൂർ പഞ്ചായത്തിൽ ഇടവപ്പാതിയും തുലാവർഷവും സാമാന്യം നല്ല രൂപത്തിൽ ലഭിച്ചുവരുന്നുവെങ്കിലും ഇടവപ്പാതിയാണ് നമ്മുടെ ജലസ്രോതസ്സുകളെ സമ്പന്നമാക്കുന്നത്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലൂടെ ഒഴുകുന്ന ഏങ്കപുഴ പാലത്തായി പുഴയാണ്. വേനൽക്കാലത്തും വരണ്ടുപോവാത്ത ഈ പുഴ സമീപവാസികൾക്ക് ഒരനുഗ്രഹമാണ്. എട്ടോളം തോടുകളുണ്ടെങ്കിൽ തന്നെയും ഡിസംബറോടെ വറ്റവരണ്ടുപോകുന്ന നിർഗമനചാലുകളാണ്. ഇവയ്ക്ക്


ട്രാൻസെക്ട് വാക്ക് 1

കാരോളിൻ - ഫാലാക്കോട് കാപ്പുവാൻ - മംഗ്ലൂർ




ട്രാൻസെക്ട് വാക്ക് 2

കുന്നുകൾ - ചിറയിൻ ഭാഗം - മണ്ഡപം കുന്ന് - ചന്തലാമുറ്റം - തെങ്ങും വെള്ളി - കാരോളിൻ - ചായന്നാലി



ട്രാൻസെക്ട് വാക്ക് 3

നവസ്റ്റ്വാൻ - തലശ്ശേരി - കാരോളിൻ - ഫാലാക്കോട് - ഫാലിക്കൽ - കാവായ് കുന്നുകൾ - മംഗ്ലൂർ



ആവശ്യത്തിന് ആഴമോ വീതിയോ ഇല്ലാത്തതിനാൽ കൃഷിക്കോ ജലസേചനത്തിനോ ഉപയുക്തമല്ല. 13 ഓളം കുളങ്ങളുള്ള പാനൂർ പഞ്ചായത്തിൽ പഞ്ചായത്തിന്റെതെന്ന് പറയാൻ ഒരേയൊരു പൊതുകുളം മാത്രമേ നിലവിലുള്ളൂ. ഭൂരിഭാഗവും വേനൽക്കാലമാകുമ്പോഴേക്കും വറ്റിവരണ്ടുപോവുന്നു. വേണ്ടത്ര രീതിയിൽ അറ്റകുറ്റപ്പണികൾ നടത്തിയാൽ ഇവയിൽ പലതും ജലസേചനത്തിനും കുടിവെള്ളത്തിനും ഉപകരിക്കത്തക്കതാവും. ഭൂഗർഭജലനിരപ്പ് വർഷം തോറും താണുവരികയാണ്. ഇത് പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും വരൾച്ചയ്ക്ക് കാരണമാവുന്നു. മുള്ളൻകുന്ന്, കല്ലംകുന്ന്, മഞ്ചാംകുന്ന്, പാലക്കൽ, അവയാട് കുന്ന് തുടങ്ങിയ പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നു.

മണ്ണ്

ഉയർന്ന പ്രദേശങ്ങളിൽ സാധാരണമായി ചെമ്മണ്ണും വെട്ടുകല്ലുമണ്ണും കണ്ടുവരുന്നു. സമതലങ്ങളിലാവട്ടെ ചെമ്മണ്ണിനും വെട്ടുകല്ലുമണ്ണിനും ഒപ്പം ചരൾ മണ്ണും കണ്ടുവരാറുണ്ട്. താഴ്ന്ന പ്രദേശങ്ങളിൽ ഏക്കർ മണ്ണും മണൽ മണ്ണും പ്രധാനമായി കാണപ്പെടുന്നു. സമതല പ്രദേശങ്ങളിലും തഴ്ന്ന പ്രദേശങ്ങളിലും ഫലഭൂയിഷ്ടമായ മണ്ണും ഉയർന്ന പ്രദേശങ്ങളിൽ ഫലപുഷ്ടികുറഞ്ഞ മണ്ണുമാണ് ഉള്ളത്.

ഭൂവിനിയോഗം

പഞ്ചായത്തിൽ 854 ഹെക്ടർ ഭൂമിയാണ് നിലവിൽ ഉള്ളത്. അതിൽ 16 ഹെക്ടർ വയൽ പ്രദേശമൊഴിച്ചാൽ ബാക്കിയുള്ളത് കരപ്പറമ്പാണ്. പഴശ്ശികനാലിന്റെ പുറമ്പോക്കും അപൂർവ്വമായിട്ടാണെങ്കിലും ചില വയൽപ്രദേശങ്ങളും തരിശ്ശായിട്ട് കിടക്കുന്നത് കാണാം. പറയത്തക്ക മൈതാനങ്ങളൊന്നും പാനൂർ പഞ്ചായത്തിലില്ല. രണ്ടോ മൂന്നോ സെൻറിലൊതുങ്ങുന്ന ചുരുക്കം ചിലകാവുകൾ ഇന്നും അവശേഷിക്കുന്നു. നാണ്യവിളയായ തെങ്ങാണ് കൂടുതലായ് കണ്ടുവരുന്ന കാർഷികവിള. ഇടവിളയായ് കവുങ്ങ്, മാവ്, പ്ലാവ്, കുരുമുളക്,കശുമാവ്, വാഴ, കപ്പ തുടങ്ങിയവയും നിലവിലുണ്ട്. നെൽകൃഷി ഇന്ന് അപ്രത്യക്ഷമായ നിലയിലാണ് ഉള്ളത്. ഭൂവിനിയോഗത്തെക്കുറിച്ചും കാർഷിക വിളകളെക്കുറിച്ചും ഉള്ള കൂടുതൽ കണക്കുകൾ കൃഷിറിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

മനുഷ്യവിഭവം

പാനൂർ പഞ്ചായത്തിലെ ആകെ ജനസംഖ്യാ 15,390 ആണ്. ഇതിൽ 7115 പുരുഷന്മാരും 8275 സ്ത്രീകളും ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ജനനനിരക്ക് 20 ആണ്. എന്നാൽ സംസ്ഥാന ശരാശരി 17 ആണ്. ഇതിൽ നിന്നും നമ്മുടെ പഞ്ചായത്തിലേത് സംസ്ഥാന ശരാശരിയേക്കാൾ ഉയർന്നതാണെന്ന് മനസ്സിലാക്കാം.പാനൂർ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ഗൾഫ് മേഖലയിലും അന്യസംസ്ഥാനങ്ങളായ കർണ്ണാടക, തമിഴ് നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ ജോലിനോക്കുന്നു. വിദ്യാസമ്പന്നരായ ധാരളം ആളുകൾ ഉള്ള പാനൂർ പഞ്ചായത്തിൽ സർക്കാർ - അർധസർക്കാർ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നആളുകളുടെ എണ്ണവും കുറവല്ല. ഈ വസ്തുതകൾ, ഒരു പരിധിയോളം പ്രത്യക്ഷമായ തൊഴിലില്ലായ്മ പാനൂർ പഞ്ചായത്തിൽ പ്രകടമാകാതിരിക്കാൻ കാരണമാണ്.

014

സാമൂഹ്യ സാംസ്കാരിക ചരിത്രം

കേരളത്തിന്റെ മറ്റുജില്ലകളെ അപേക്ഷിച്ച് ഭൂവിജ്ഞാനപരമായും ചരിത്രപരമായും സാംസ്കാരികമായും പല സവിശേഷതകളും തനതായുള്ള കണ്ണൂർ ജില്ല മുൻ മദ്രാസ് സ്റ്റേറ്റിന്റെ ഭാഗമായിരുന്നു. പ്രാചീന കാലത്തെ മൂഷകവംശ രാജാക്കാൻമാരും ചിറക്കൽ രാജവംശവും കേരളത്തിൽ നിലനിന്നിരുന്ന ഏക മുസ്ലീം രാജകുടുംബമായ അറക്കൽ കുടുംബവും ഇവിടെ ഭരണം നടത്തി.

മൈസൂർ സുൽത്താന്മാരും, ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരും വിവിധ കാലങ്ങളിൽ ഇവിടെ ആധിപത്യം നിലനിർത്തി പോന്നിരുന്നു. കോട്ടയം രാജവംശത്തിന്റെ അധീന പ്രദേശമായിരുന്നു പാനൂർ പഞ്ചായത്തും പരിസരങ്ങളും ഉൾക്കൊള്ളുന്ന ഇരുവൈനാട്.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യകാലഘട്ടത്തിൽ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ചന്ത്രോത്ത്, കാമ്പ്രത്ത് കുന്നുമ്മൽ, നാരങ്ങോളി ചിറക്കൽ കിഴക്കേടത്ത്, പാനോളി എന്നീ കുടുംബങ്ങൾ കൊല്ലും കൊലയുംനടത്തി ഭരിച്ചു വന്നു.

പാനൂരിന്റെ നാമ ഉല്പത്തിയെക്കുറിച്ച് വ്യക്തമായ രേഖകളില്ലെങ്കിലും 'ഭാനുപരും' ക്ഷേത്രം സ്ഥിതി ചെയ്തിരുന്ന പ്രദേശം എന്ന നിലയിൽ പാനൂർ എന്ന പേര് ലഭിച്ചിരിക്കാം എന്ന് ഊഹിക്കപ്പെടുന്നു.
മലബാറിന്റെ ചരിത്രവും സംസ്ക്കാരവും ശാസ്ത്രീയമായി പ്രതിപാദിപ്പക്കപ്പെടുന്ന മലബാർ മാനുവലിൽ പാനൂരിനെക്കുറിച്ച് പരാമർശമുണ്ട്. 1869 ൽ പ്രസിദ്ധീകരിക്കപ്പെട്ട ഡോ:.ഹെർമൻ ഗുണ്ടർട്ടിന്റെ മലയാള രാജ്യത്തിൽ മലബാർ പ്രവിശ്യയിൽ ഒൻപത് താലൂക്കുകളുണ്ടെന്നും അതിലൊന്നായ കോട്ടയം താലൂക്കിൽ പെട്ടതാണ് പാനൂർ എന്നും പരാമർശിക്കപ്പെടുന്നു. മലയാള രാജ്യത്തിലെ പരാമർശം ഇങ്ങനെയാണ്.

'' പാനൂർ തലശ്ശേരിയിൽ നിന്നും നാല് മയിത്സ കിഴക്ക അവിടെ ഒരു ചെറിയ അങ്ങാടിയുണ്ട്. മുമ്പെ അവിടെ മുൻസിഫ കോടതിയുണ്ടായിരുനു. ഇതിൽ നിന്നും വളരെ മുമ്പ് തന്നെ സമീപപ്രദേശങ്ങളെ അപേക്ഷിച്ച് പാനൂരിന്റെ സവിശേഷമായ പ്രാധാന്യം വ്യക്തമാവുന്നു.

മൊയാരത്ത് ശങ്കരനും കൂട്ടുകാരും പാനൂർ എലിമെൻററിസ്കൂളിലെ വിദ്യാർത്ഥികാളായിരുന്ന കാലത്ത് മുൻസിഫ് കോടതിയിലെ വരാന്തയിൽ ചെന്ന് കോടതി നടപടികൾ ശ്രദ്ധിക്കാറുണ്ടായിരുന്നു. (മൊയാരത്ത് ശങ്കരൻ പേജ് 13) എന്നും കാണാം.

പാനൂരിലെ പ്രധാന നായർ കുടുംബങ്ങൾ കാമ്പ്രത്ത് കുന്നുമ്മൽ, പാനോളി,കിഴക്കേടത്ത്, ചന്ദ്രോത്ത് പാലത്തായി പുത്തലത്ത് എന്നിവയായിരുന്നു. ജാതിപരമായ ഉച്ചനീചത്വങ്ങളും സാമൂഹ്യാചാരങ്ങളും കർശനമായി പാലിക്കപ്പെട്ട പ്രദേശങ്ങളായിരുന്നു പാനൂർ പ്രദേശം. മാടോളിതിൽ, പൈക്കാട്ട്, മുയ്യാരക്കണ്ടി, കാരാച്ചികളത്തിൽ മരുതോളി തുടങ്ങിയ മുസ്ലീം പ്രമാണി കുടുംബങ്ങളും പാനൂരിൽ ഉണ്ടായിരുന്നു. അക്കാലത്ത് മതപരമായ സൗഹാർദ്ദം നിലനിന്നിരുന്നു എന്നത് പ്രത്യേകം സ്മരണീയമാണ്.

നായർ, നമ്പ്യാർ, എന്നിവകൂടാതെ തീയർ, മുസ്ലീം എന്നീ പ്രബല സമുദായങ്ങളും പാനൂരിൽ ഉണ്ടായിരുന്നു. കോയ്യോത്തി, എമ്പ്രാൻ, പുതിയവീട്ടിൽ പ്രധാന തിയ്യ കുടുംബങ്ങളായിരുന്നു. ആശാരി, കാവുതീയ, കണിയാൻ, വണ്ണത്താൻ, മലയ, പരവൻ, കൊല്ലൻ, കുശവൻ , വാണിയ എന്നീ ജാതി വിഭാഗങ്ങളിൽപ്പെട്ടവരും പാനൂരിൽ താമസിച്ചു വന്നിരുന്നു.

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും നിലവിലുണ്ടായിരുന്നു. നായർ, നമ്പ്യാർ, സമുദായങ്ങൾ മറ്റുള്ളവരുടെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കുന്നത് നിഷിദ്ധമായിരുന്നു. മൊയാരത്ത് ശങ്കരനും പി. ആർ. കുറുപ്പും ഇക്കാര്യം അനുസ്മരിച്ചിട്ടുണ്ട്.

ചില ക്ഷേത്രങ്ങളിലും കാവുകളിലും, താഴ്ന്ന ജാതിക്കാർക്ക് പ്രവേശനമുണ്ടായിരുന്നില്ല. താഴ്ന്ന ജാതിക്കാർ ഊരാളൻ മാരായുള്ള മഠപ്പുരകളിൽ ഉയർന്ന് ജാതിക്കാർക്ക് ഇരിക്കാനുള്ള പ്രത്യേക ''മേലേപ്പടി'' നിർമ്മിച്ച് വെച്ചിട്ടുണ്ട്. ഇന്നും അത് നിലനില്ക്കുന്നു. തീയർ, വാണിയ എന്നീസമുദായങ്ങൾ അതിലും താഴ്ന്ന സമുദായങ്ങളോട് അയിത്തം പുലർത്തി വന്നിരുന്നു.

ജന്മിമാർക്ക് കുല, നെയ്യ്, നെല്ല് എന്നിവ കാണിക്കവെച്ചിരുന്നു. ഓണം വിഷു തുടങ്ങിയ വിശേഷാവസരങ്ങളിലായിരുന്നു ഇത്. ചാർത്ത്, മേൽചാർത്ത് മുതലായ ഭൂമികൈവശം വെക്കാനുള്ള അവകാശങ്ങൾ തന്നെയാണ് ഇവിടെയും നിലവിൽ ഉണ്ടായിരുന്നത്. വാഗ്ഭടാനന്ദ ഗുരുവിന്റെയും ശ്രീനാരായണഗുരുവിന്റെയും സന്ദേശങ്ങൾ വളരെ വേഗത്തിൽ ഇവിടെ പ്രചരിച്ചിരുന്നു. ശ്രീനാരായണ മഠങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും ഇന്നും പാനൂരിൽ നന്നായി പ്രവർത്തിച്ചു വരുന്നു.

നൂറിലേറെ വർഷം പഴക്കമുള്ള വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്. തിരുവാൽ യു. പി, എലാങ്കോട് എൽ. പി. കണ്ണം വെള്ളി എൽ. പി. എന്നിവ നൂറിലേറെ പഴക്കമുള്ള സ്കൂളുകളാണ്. കാരോളിൽ കുഞ്ഞിരാമൻ ഗുരുക്കൾ, ആർ. അമ്മത് മുസ്ല്യാർ, കൃഷ്ണൻ ഗുരുക്കൾ എന്നിവരാണ് ഇതിന്റെ സ്ഥാപകർ. വിദേശ മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി ജർമ്മൻ സായിപ്പുമാർ പാനൂരിലും എത്തിയിരുന്നു. 1914 ജൂലൈ 17ാം തീയ്യതി ചാക്കോട്ട് എടക്കുഴി അലിന എന്നവരിൽ നിന്ന് ബാസൽ ജർമ്മൻ എവാഞ്ചലിക്കൽ സംഘത്തിന്റെ ട്രഷറർ ഹൈദ്രിക്ക് സായ്പ്പ് 27 സെന്റ് സ്ഥലം വാങ്ങി ബി. ഇ. എം. പി. മിഡിൽ സ്കൂൾസ്ഥാപിച്ചു. ആ സ്ഥാപനമാണ് പാനൂരിൽ പിന്നീട് പാനൂർ ഹൈസ്കൂൾ ആയി മാറിയത്.

ദേശീയ പ്രസ്ഥാനം

ദേശീയ പ്രസ്ഥാനത്തിലും പാനൂരിന്റെ സജീവ പങ്കാളിത്തം ഉണ്ടായിരുന്നു. ചന്ദ്രോത്ത്, പാനോളി, കിഴക്കേടത്ത്, കാമ്പ്രത്ത് കുന്നുമ്മൽ എന്നീ നാലുവീട്ടിൽ നമ്പ്യാന്മാരായിരുന്നു ആദ്യകാല കോൺഗ്രസ് പ്രവർത്തകർ. 1940 കളിലാണ് പാനൂരിൽ കോൺഗ്രസ്സിന്റെ പ്രവർത്തനം സജീവമായി വന്നത്.

കേളോത്ത് പത്മനാഭൻ നമ്പ്യാർ, ചന്ദ്രോത്ത് പത്മനാഭൻ നമ്പ്യാർ, പി. ആർ. കുറുപ്പ്, കെ. കെ. വേലായുധൻ അടിയോടി, സി. എച്ച്ർ. ഗോപാലൻ നമ്പ്യാർ, കാനാൽ കുഞ്ഞിരാമൻ നമ്പ്യാർ, കെ. എം. കുഞ്ഞി മൂസ്സ സാഹേബ്, സി. ടി . അബ്ദുള്ള സാഹെബ്, സി. കെ . ഉസ്മാൻ സാഹെബ്, കെ. കെ. ശങ്കരൻനമ്പ്യാർ, കളത്തിൽ മൊയാരത്ത് മമ്മു , വലിയപറമ്പഹത്ത് അമ്മദ്, പുതിയ പൊയിൽ മൊയ്തു എന്നിവർ ദേശീയ പ്രസ്ഥാനത്തിൽ പ്രവർത്തിച്ചവരിൽ പ്രമുഖരായിരുന്നു.

ദേശീയ പ്രസ്ഥാനത്തെക്കുറിച്ച് പി. ആർ. കുറുപ്പ് തന്റെ ആത്മകഥയിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. '' ഒരു ദിവസം അർദ്ധരാത്രി പാലത്തായിലിലെ ശങ്കുമാസ്റ്ററുടെ വീട്ടിൽ കിനാത്തിയുടെ നേതൃത്വത്തിൽ ഞങ്ങളെല്ലാം ഒത്തുകൂടി. എന്തിനും തയ്യാറുള്ള ഒട്ടേറെ യുവാക്കൾ. ബ്രിട്ടീഷ് സർക്കാരിന്റെ കണ്ണും കാതും തുറപ്പിക്കുന്ന എന്തെങ്കിലുമൊരു പ്രവർത്തനം നടത്തി ആത്മവീര്യം പ്രദർശിപ്പിക്കണമെന്നു ദാഹമായിരുന്ന ആ രഹസ്യയോഗത്തിൽ പങ്കെടുത്ത ഓരോരുത്തർക്കും. പാനൂർ ഗ്രൂപ്പിന്റെ നോതാവായി തെരഞ്ഞെടുത്തത് കോയ്യോത്തി അച്ചുമാസ്റ്ററെയാണ്. കെ.

കേളപ്പൻ, കിനാത്തി നാരായണൻ. കെ. കുഞ്ഞിരാമക്കുറുപ്പ്, ഇ. എം. എസ്. എ. കെ. ജി. നെട്ടൂർ, പി. ദാമോദരൻ, വി. പി. കുഞ്ഞിരാമക്കുറുപ്പ് എന്നിവർ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പാനൂരിൽ വന്നിരുന്നു. പി. കൃഷ്ണപ്പിള്ള പാനൂരിൽ ഒളിവിൽ കഴിഞ്ഞതായി പറയപ്പെടുന്നു.

അദ്ധ്യാപകയൂനിയൻ പ്രവർത്തനവും ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി പാനൂരിൽ വേര് പിടിച്ചിരുന്നു. പി. ആർ. നമ്പ്യാർ, പി. എം. കുഞ്ഞിരാമൻ നമ്പ്യാർ , കെ. കെ. വി. അടിയോടി എന്നിവർ യൂനിയൻ പ്രവർത്തനത്തിന് നേതൃത്വം നല്കിയിരുന്നു.

അദ്ധ്യാപകർക്ക് സർക്കാർ നേതൃത്വത്തിലുണ്ടായിരുന്ന 'ശനിയൻ സഭ' ക്കെതിരെയുണ്ടായ സമരവും പ്രാധാന്യമർഹിക്കുന്നു. ശനിയാഴ്ച തോറും യോഗം ചേർന്നതിനാൽ ആണ് ഈ സംഘടനയ്ക്ക് ' ശനിയൻ സഭ' എന്ന പരിഹാസപ്പേര് ലഭിച്ചത്. ഗീതാപ്രഭാഷണവും വാദപ്രദിവാദ കോലാഹലവുമാണ് ശനിയൻ സഭകളിലെ സ്ഥിരം പരിപാടികൾ.

ശനിയൻ സഭാ ബഹിഷ്കരണ പരിപാടിയിൽ ധാരാളം അദ്ധ്യാപകർ പങ്കെടുത്തു. കെ. കെ. വിയും അടിയോടിയും പി. ആർ. കുറുപ്പും ഇതിന് നേതൃത്വം നൽകിയിരുന്നു.

കപിറ്റിന്ത്യാ സമരവും പാനൂ ർ പ്രദേശത്ത് ആളിപ്പടർന്നിരുന്നു. പാനൂർ രജിസ്ട്രാപ്പീസ് പിക്കറ്റ് ചെയ്യാൻ വന്നെത്തിയ സമര ഭടന്മാർ പതിനേഴ് വയസ്സിന് താഴെയുള്ളവരായിരുന്നു. പ്രായപൂർത്തിയെത്താത്തതിനാൽ പോലീസ് നടപടിയിൽ നിന്ന് രക്ഷപ്പെടും എന്ന നിലയിലാണ് ഇവരെ അണിനിരത്തിയത്. തന്ത്രശാലിയായ പോലീസ് ഇൻസ്പെക്ടർ അവരെ സ്റ്റേഷൻവരെ കൊണ്ടുപോയി വിട്ടയച്ചു.

കോൺഗ്രസ്സിൽ പ്രവർത്തിച്ചിരുന്ന ഒരു വിഭാഗം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിയിൽ ചേർന്നു പി. ആർ കുറുപ്പിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനം പാനൂരിൽ അജയ്യ ശക്തിയായി വളർന്നു. ചിലർ കമ്മ്യൂണിസ്റ്റ് പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ തുടങ്ങി. സി. പി. ചാത്തുക്കുട്ടി യുടെ നേതൃത്വത്തിൽ കമ്മൂണിസ്റ്റ് പാർട്ടി പ്രവർത്തനവും സജീവമാക്കി. ഇക്കാലത്ത് ദേശീയ സംസ്ഥാന നേതൃത്വത്തിലെ ഒട്ടേറെ നോതാക്കൾ പാനൂരിൽ ക്യാമ്പ് ചെയ്ത് പ്രവർത്തിച്ചിരുന്നു.

ഗ്രന്ഥശാലാ പ്രസ്ഥാനവും പാനൂരിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. തായാട്ട് ശങ്കരന്റെ നേതൃത്വം ഗ്രന്ഥശാലാ പ്രവർത്തനത്തെ വളർത്തുന്നതിൽ സഹായിച്ചിരുന്നു.

പാനൂർ പഞ്ചായത്തിന്റെ പ്രസിഡണ്ടായി സേവനം അനുഷ്ഠിച്ചവരിൽ പി. ആർ. കുറുപ്പ്, കെ. എം. സൂപ്പി എന്നിവർ സംസ്ഥാന രാഷ്ട്രീയത്തിലും വ്യക്തിമുദ്രപതിപ്പിച്ചവരാണ്.. പി. ആർ. കുറുപ്പ് ഏറെക്കാലം എം. എൽ. എയും രണ്ടുതവണ സംസ്ഥാന മന്ത്രിസഭയിൽ അംഗവുമായി. ഇപ്പോൾ സംസ്ഥാന വനം ദേസ്വം ഗതാഗതവകുപ്പ് മന്ത്രിയാണെന്നത് ദീർഘകാലം എം. എൽ. എയായ കെ. പി. മമ്മുമാസ്റ്റർ ഇപ്പോൾ പേരാവൂർ എം. എൽ. എയായി സേവനമനുഷ്ഠിക്കുന്നു. പാനൂർ സ്വദേശി കെ. ടി. കുഞ്ഞഹമ്മദ് എന്നിവരുടെ ആദ്യകാല പ്രവർത്തനമണ്ഡലം പാനൂയ്യിരുന്നു. പാനൂർ പഞ്ചായത്തിന് അഭിമാനാർഹമായ കാര്യമാണ്. കെ. എം. സൂപ്പി ഏറെക്കാലം എം. എൽ. എ സ്ഥാനം അലങ്കരിച്ചിരുന്നു. മുൻ പ്രസിഡണ്ട്. കെ. നാണുമാസ്റ്റർ ഇപ്പോൾ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് വൈ: പ്രസിഡണ്ടാണ്.

പാനൂർ പഞ്ചായത്ത് ഭരണ ചരിത്രം

പാനൂർ പഞ്ചായത്ത് രൂപീകൃതമായത് 1937 ലായിരുന്നു. അന്ന് മദ്രാസ് ഗവൺമെൻറിൻെറ കീഴിൽ പാനൂർ, പന്ന്യന്നൂർ, മൊകേരി, പുത്തൂർ, കൊളവല്ലൂർ എന്നീ അംശങ്ങൾ ചേർന്ന മേജർ പഞ്ചായത്തായിരുന്നു പാനൂർ.1963ൽ ആണ് മേജർ പഞ്ചായത്ത് വിഭജിച്ച് ഇന്നത്തെ പാനൂർ പഞ്ചായത്ത് ആയി മാറിയത്.

ഒന്നാമത്തെ ഭരണസമിതി.

കെ.ടി. പത്മനാഭൻ നമ്പ്യാർ (പ്രസിഡണ്ട്)
എടച്ചോളി കിനാത്തി കുഞ്ഞിക്കൃഷ്ണൻ (വൈ: പ്രസി)
ചിറ്റാരത്ത് ഒതയോത്ത് ഗോവിന്ദൻനമ്പ്യാർ
എ. പി. മമ്മു സാഹേബ്
പുത്തൻ വീട്ടിൽ കുഞ്ഞിശങ്കരൻ നമ്പ്യാർ
അച്ചറമ്പത്ത് കുഞ്ഞിമൂസ
മഠപ്പുരക്കൽ കോയ്യോത്തി അച്ചുതൻ
തോട്ടത്തിൽ എബ്രാൻ അനന്തൻ
പാലേരി കണ്ണൻ നമ്പ്യാർ
കോളി മാടമുള്ളതിൽ കുഞ്ഞമ്മദ്
ഉത്തോടി യൂസഫ്
പുത്തൻ പുരയിൽ പാറായി നാരായണൻ
നെല്ലാച്ചേരി കുഞ്ഞിരാമൻഅടിയോടി.
ആയാടത്തിൽ ചോയിക്കണ്ടി അച്ചുതൻ
എ. പി. കുഞ്ഞിക്കലന്തൻ
പി. കെ. കേളൻ

1940-1953 രണ്ടാമത്തെ ഭരണസമിതി

കെ. ടി. പത്മനാഭൻ നമ്പ്യാർ (പ്രസിഡണ്ട്)
കോളമാടമുള്ളതിൽ കുഞ്ഞമ്മദ് (വൈ: പ്രസി)
സി. കെ. ഉസ്മാൻ സാഹിബ്
സി. കെ. കുഞ്ഞിരാമൻ നമ്പ്യാർ
മഠപ്പുരക്കൽ കോയ്യോത്തി അച്ചുതൻ
നെല്ലിക്കണ്ടിയിൽ നാമത്ത് മമ്മാലി സാഹേബ്
ടി. പി. ഗോവിന്ദൻ നമ്പ്യാർ
കെ. പി. കൃഷ്ണൻ
ഒ. കുഞ്ഞിക്കുട്ടി വൈദ്യർ
എ. പി. കുഞ്ഞിക്കലന്തഓസാഹേബ്
എൻ. കെ. കുഞ്ഞിക്കേളപ്പൻ നമ്പ്യാർ
അച്ചാറമ്പത്ത് കുഞ്ഞിമ്മൂസ
കെ. കുഞ്ഞിക്കണ്ണൻ
എ. സി. അച്ചുതൻ
കോളിയാൽ കുഞ്ഞമ്മദ്.

മൂന്നാമത്തെ ഭരണസമിതി

1953 ൽ സ്വകാര്യ ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള ആദ്യത്തെ തെരഞ്ഞെടുപ്പായിരുന്നു അത്. പ്രസിഡണ്ടിനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്ന രീതിയായിരുന്നു അത്.

പി. ആർ. കുറുപ്പ്. (പ്രസിഡണ്ട്)
ഡോ:. വി. കെ. അച്ചുതൻ(വൈ.: പ്രസിഡണ്ട്)
സി. കെ. ഹസ്സൻ സാഹിബ്
സി. പി. ഗോവിന്ദൻ വൈദ്യർ
കോരൻ കണ്ടി കുഞ്ഞിക്കണ്ണൻ
കെ. സി. കെ. അടിയോടി
കെ. കെ.ഗോവിന്ദൻ
എൻ. കെ. ശങ്കരൻ
കെ. ടി. കെ. കൃഷ്ണൻ
കാരാട്ട് കണ്ണൻ
പി. ഒണക്കൻ
എ. പി. മൊയ്തു
തൈക്കണ്ടി കുഞ്ഞിമമ്മു

നാലാമത്തെ ഭരണ സമിതി

1.1.1963 - 1978

കെ. എം. സൂപ്പി (പ്രസിഡണ്ട്)
കെ. സി. കുഞ്ഞിരാമൻ മാസ്റ്റർ (വൈ: പ്രസിഡണ്ട്)
എ. പി. മൊയ്തു
കിളച്ച പറമ്പത്ത് അച്ചുതൻ
കണ്ടിയിൽ ബാലകൃഷ്ണൻ നമ്പ്യാർ
മഠത്തിൽ രാമൻ
കായിലോട്ട് നാണു മാസ്റ്റർ
പി. കല്യാണി ടീച്ചർ (നോമിനേറഡ് അംഗം)
പിന്നീട് നിലവിൽ വന്ന വിദ്യാഭ്യാസ ചട്ടമനുസരിച്ച് കെ. സി. കുഞ്ഞിരാമൻ മാസ്റ്ററും കായിലോട്ട് നാണുമാസ്റ്ററും രാജിവെച്ചു.
പ്രസ്തുത ഒഴിവിലേക്ക് വി. പി. കേളൻ, കാട്ടുപുനത്തിൽ അച്ചുതൻ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

1979-84

കെ. നാണുമാസ്റ്റർ (പ്രസിഡണ്ട്)
കെ. പി. കുമാരൻ മാസ്റ്റർ (വൈ: പ്രസിഡണ്ട്)
കെ. യം. കുഞ്ഞിപ്പാത്തു (മെമ്പർ)
കെ. പി. കുമാരൻ
കെ. കെ. അനന്തൻ ''
ടി. എച്ച്. നാണു മാസ്റ്റർ''
കെ. സി കുഞ്ഞിരാമൻ മാസ്റ്റർ
പി.കെ. കുഞ്ഞാമു മാസ്റ്റർ

1988-1995

കെ. എം. സൂപ്പി (പ്രസിഡണ്ട്)
ടി. ടി. രാജൻ മാസ്റ്റർ (വൈ: പ്രസിഡണ്ട്)
എം. കെ. പത്മനാഭൻ മാസ്റ്റർ
എൻ. കെ. നാണു മാസ്റ്റർ
പി. ചാത്തുക്കുട്ടി
കെ. കെ. കുമാരൻ

കെ. എം. കുഞ്ഞിപ്പാത്തു
പി. കെ. സൈനബ
1991ൽ കെ. എം. സൂപ്പി പ്രസിഡണ്ട് സ്ഥാനം ഒഴിയുകയും പിന്നീട് ടി. ടി. രാജൻ മാസ്റ്റർ പ്രസിഡണ്ട് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു.പി. കെ. സൈനബ വൈസ് പ്രസിഡണ്ടായി തെരെഞ്ഞെടുത്തു.

1995

കാമ്പ്രത്ത് ലതികകുമാരി (പ്രസി)
പി. പി. സുഹറാബി (വൈസ് : പ്രസിജണ്ട്)
മാണിക്കോത്ത് യൂസഫ് ഹാജി (സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)
ടി. ടി. രാജൻ മാസ്റ്റർ
കെ. കെ. രാജൻ
എം. കെ. പത്മനാഭൻ മാസ്റ്റർ
പ്രമോദ്. പി.
പി. ശാരദ
പി. കെ. ഇബ്രാഹിം ഹാജി

വികസനരഗംത്തെ നേട്ടങ്ങൾ

പാനൂർ പഞ്ചായത്തിന് വികസന രംഗത്ത് ഏറെ നേട്ടം അവകാശപ്പെടാനുണ്ട്.പി. ആർ. കുറുപ്പ് പ്രസിഡണ്ടായിരുന്ന കാലത്താണ് പാനൂരിൽ വൈദ്യുതി ആദ്യമായി എത്തിച്ചേർന്നത്.ഇന്ന് ഉപയോഗപ്രദമായിതീർന്ന നിരവധി റോഡുകളുടെ നിർമ്മാണം ആരംഭിച്ചതും ഇക്കാലയളവിലായിരുന്നു. ജനങ്ങളുടെ ചിരകാലസ്വപ്നമായിരുന്ന ബസ്റ്റാൻറ് നിലവിൽ വന്നത് 1990ൽ കെ. എം. സൂപ്പി പ്രസിഡണ്ടായ കാലത്താണ് ഒരു ഷോപ്പിംഗ് ംകാംപ്ലക്സ്, കിഴക്കേ എലാങ്കോട്ട് ഒരു സാംസ്കാരിക നിലയം, സബ് ട്രഷറി, കെ. എഫ്. സി. എന്നിവ നിലവിൽ വരികയുണ്ടായി. കെ. എം. സൂപ്പി എം. എൽ. എ യും ടി. ടി. രാജൻ പ്രസിഡണ്ടുമായ കാലത്ത് സംസ്ഥാന ഗവർണ്ണർ, സ്പീക്കർ, മന്ത്രിമാർ എന്നിവർ പങ്കെടുത്ത വികസന മേള സ്മരണീയമാണ് പൊതു ശ്മശാനം നിലവിൽ വന്നത് 79-80ൽ ഉള്ള ഭരണ സമിതിയുടെ കാലത്താണ്.

020 കൃഷിയും ജലസേചനവും



കാർഷിക ചരിത്രം:

ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ പാനൂർ പഞ്ചായത്ത് തീർത്തും ഒരു കാർഷിക പഞ്ചായത്തായിരുന്നു. 90% ആളുകളും കൃഷിയെയും കാർഷികമേഖലയേയും ആശ്രയിച്ചു കഴിയുന്നവരായിരുന്നു. എന്നാൽ വൻകിട ജന്മിമാരായിട്ടുള്ളർ ഇല്ലെന്നു തന്നെ പറയാം. ജൻമി കുടിയാൻ വ്യവസ്ഥ നിലനിന്നിരുന്നു. ഒറ്റപ്പെട്ട ചില പ്രധാന ജന്മിമാരും ചില ഇടത്തരം ജന്മിമാരും ധാരാളം കുടിയാൻ മാരും അടങ്ങുന്നതായിരുന്നു ഇവിടുത്തെ കാർഷികബന്ധം. കുടിയാൻമാർ കൃഷിചെയ്തു വാരവും പാട്ടവും കരപറമ്പുകൾക്ക് പുറപ്പാടും കൊടുത്തു പോന്നു. പ്രാമാണിത്തം നിലനിന്നിരുന്നതിനാൽ ചെറുകിട കർഷകരും കുടിയാൻ മാരും ചൂഷണം ചെയ്യപ്പെട്ടു.

ഭൂപരിഷ്കരണ നിയമം വന്നതോടുകൂടി കാർഷിക ബന്ധങ്ങളുടെ മുഖം മാറി. കുടിയാൻമാരെല്ലാം സ്വന്തമാ.യ് ഭൂമിയുള്ള കർഷകരായ് മാറി. അതോടെ അവരുടെ ജീവിത നിലവാരം ഉയർന്നു. പക്ഷെ ആളുകൾ അന്യസംസ്ഥാനങ്ങളിലേക്കും വിദേശങ്ങളിലേക്കും ജോലി തേടി പോയി. കർഷകതൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവന്നു. ഭൂമി തുണ്ടുകളായ് മാറുകയും കൂട്ടുകുടുംബം അണുകുടുംബങ്ങളാവുകയും ചെയ്തതോടെ കൈവശക്കാരുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുവരുകയും ചെയ്തു. കൈവശക്കാരെല്ലാം കൃഷിതൊഴിലാളികളല്ലാത്തതിനാൽ തൊഴിലാളികളെ കിട്ടാൻ പ്രയാസമുണ്ടായി. നെൽ കൃഷി രംഗത്ത് ഉദ്പാദന ചിലവ് വർദ്ധിച്ചുവരുകയും ചെയ്തു. അത് നെൽകൃഷി ചുരുങ്ങി. തെങ്ങ് കൃഷി വർദ്ധിക്കുന്ന അവസ്ഥയിലേക്കെത്തിച്ചു. ഇതിന് ആക്കം കൂട്ടുന്ന തരത്തിലായിരുന്ന പഴശ്ശി കനാലിന്റെ വരവ്. പഞ്ചായത്തിലെ മുഴുവൻ വയൽ പ്രദേശവും കീറി മുറിച്ച് കൊണ്ട് മണ്ണിട്ടുയർത്തിയ കനാൽ അവിടത്തേക്ക് ലോറിപോലുള്ള വാഹനങ്ങൾ എത്താൻ സഹായിച്ചു എന്നുമാത്രമല്ല അധികമായുണ്ടായിരുന്ന മണ്ണ് കർഷകർക്ക് സൗജന്യമായി നൽകിയതും നെൽപ്പാടം നികത്താൻ സഹായിച്ചു. പാനൂർ പഞ്ചായത്തിൽ നെൽകൃഷി തീക്ഷ്ണമായ് അവഗണന നേരിടുകയാണ്. മഴയെ മാത്രം ആശ്രയിച്ചാണ് ഇവിടെ നെൽകൃഷി നടക്കുന്നത്. ഇന്നും വെറും 40 ഏക്കർ ഭൂമിയൽ മാത്രമായ് നെൽകൃഷി അവശേഷിക്കുന്നു.

ആകെ കുടുംബങ്ങൾ : 2902
നാമമാത്രകർഷകർ: 3525(1 ഹെക്ടറിൽ താഴെ)
ചെറുകിട കർഷകർ : 18 (1മുതൽ 2 ഹെക്ടർ വരെ)
വൻകിട കർഷകർ : 6 (2 ഹെക്ടറിനു മുകളിൽ)

ഭൂമിയുടെ വിവരങ്ങൾ

നിലം : 16 ഹെക്ടർ
കരഭൂമി: 799.09 ''
പുറമ്പോക്ക്: 28.30 ''
തോട് കുളം: 0.95''
ആകെ. 844. 34''

പഞ്ചായത്തിലെ ഇന്നത്തെ വിളചേരുവ: (അടിസ്ഥാന വിവര രജിസ്റ്റർ)

വിള	വിസ്തീർണ്ണം	മൊത്ത ഉത്പാദനം	ഉത്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല്(ഒന്നാം വിള)	13 ഹെക്ടർ(ജയ)	9000 കി.ഗ്രാം	3000 കി.ഗ്രാം/ഹെക്ടർ
നെല്ല്(രണ്ടാം വിള)	16 ഹെക്ടർ (ഒറീസ്സ ജയ)	32000 കി.ഗ്രാം	2000 കി.ഗ്രാം/ഹെക്ടർ
പയർ	2 ഹെക്ടർ	800 കി.ഗ്രാം	400 കി.ഗ്രാം/ഹെക്ടർ
പച്ചക്കറികൾ	3 ഹെക്ടർ	5000 കി.ഗ്രാം	1666 കി.ഗ്രാം/ഹെക്ടർ
തെങ്ങ്	725 ഹെക്ടർ	40,80,000 എണ്ണം	6800 നം./ഹെക്ടർ (40 നം/1തെങ്ങ്)
വാഴ(ഇടവിളയടക്കം)	10 ഹെക്ടർ	1,75,000കി.ഗ്രാം	17500 കി.ഗ്രാം/ഹെക്ടർ
മരച്ചീനി	3 ഹെക്ടർ	55,000 കി.ഗ്രാം	18750 കി.ഗ്രാം/ഹെക്ടർ
കുരുമുളക്(ഇടവിള)	35 ഹെക്ടർ	31,250 കി.ഗ്രാം	1250 കി.ഗ്രാം/ഹെക്ടർ
പ്ലാവ്(ഇടവിള)	25 ഹെക്ടർ	50,000 നം.	2000 നം./ഹെക്ടർ
കശുമാവ്(ഇടവിള)	15 ഹെക്ടർ	20,000 കി.ഗ്രാം	1666 കി.ഗ്രാം/ഹെക്ടർ
മാവ്(ഇടവിള)	15 ഹെക്ടർ	35,000 കി.ഗ്രാം	4375 കി.ഗ്രാം/ഹെക്ടർ
കവുങ്ങ്(ഇടവിള)	35 ഹെക്ടർ	33,000 കി.ഗ്രാം	1320 കി.ഗ്രാം/ഹെക്ടർ
ജാതിക്ക (ഇടവിള)	0.5 ഹെക്ടർ	300 കി.ഗ്രാം	600 കി.ഗ്രാം/ഹെക്ടർ
ഗ്രാമ്പൂ (ഇടവിള)	0.5 ഹെക്ടർ	25 കി.ഗ്രാം	50 കി.ഗ്രാം/ഹെക്ടർ

ഉത്പാദനക്ഷമത:

പട്ടികയിൽ കൊടുത്തിട്ടുള്ളതാണ് പഞ്ചായത്തിലെ വിളവുകൾ. തെങ്ങാണ് പ്രധാനവിള. നെല്ല് മാറ്റിനിർത്തിയാൽ മറ്റെല്ലാം ഇടവിളകളാണ്. ശരാശരി മെച്ചപ്പെട്ട ഫലപുഷ്ടിയുള്ള മണ്ണാണ് പഞ്ചായത്തിലുള്ളത്. എങ്കിലും ഉത്പാദന ക്ഷമത കുറഞ്ഞുവരുകയാണ്. നല്ല രീതിയിൽ ജലസേചന സൗകര്യമുള്ളിടത്തെല്ലാം വിളവ് കൂട്ടാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഭൂരിഭാഗം കർഷകരും മഴയെ മാത്രം ആശ്രയിച്ചാണ് കൃഷി ചെയ്യുന്നത്. വളപ്രയോഗത്തിന്റെ അഭാവവും ഉദ്പാദനക്ഷമത കുറയുന്നതിന്റെ പ്രധാനഘടകമാണ്. രാസവളത്തിന്റെ അമിത വിലയും ജൈവവളത്തിന്റെ അ ഭാവവും വളപ്രയോഗത്തിനെ പ്രതികൂലമായ് ബാധിക്കുന്നു. പരമ്പരാഗതമായ് നമ്മൾ തുടർന്നുപോന്നിരുന്ന പറമ്പ് കിളച്ചിടൽ (കർക്കിടകകൊത്ത്, തുലാകൊത്ത്, വരമ്പിടൽ) രീതി ക്രമേണ ഇല്ലാതാവുന്നതായാണ് കാണുന്നത്. ഇത് മണ്ണിലെ ഫലഭൂയിഷ്ടതയെയും ജലലഭ്യതയെയും ബാധിക്കുന്നു. കൃഷിയെ തകർച്ചയിലേക്ക് നയിക്കുന്നു. കീടങ്ങളും രോഗങ്ങളും പെരുകുന്നതും ഉത്പാദനക്ഷമതയെ ബാധിക്കുന്നു. കൂട്ടുകൃഷി സമ്പ്രദായം പാനൂർ പഞ്ചായത്തിൽ നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. ഇതിലൂടെ ശാസ്ത്രീയ കൃഷിരീതിയും കീടനാശിനി പ്രയോഗവും വേണ്ട രീതിയിൽ നടപ്പിൽ വരുത്താൻ എളുപ്പമാണ്. അത് സാധിച്ചാൽ ഉദ്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

ജലസേചന സൗകര്യങ്ങൾ:

നമ്മുടെ പഞ്ചായത്തിലെ ജലസേചന സൗകര്യങ്ങൾ വളരെ പരിമിതവും ശുഷ്കവുമാണ്. പഞ്ചായത്തിന്റെ അ തിർത്തിയിലൂടെ കടന്നുപോകുന്ന പാലത്തായി പുഴയിൽ ജലസേചന സൗകര്യത്തിന്റെ ആവശ്യത്തിനായ് ഒരു ക്രോസ് ബാർ നിർമ്മിച്ചിട്ടുണ്ട്. ഇതു മൂലം അതിന്റെ അടുത്ത പ്രദേശത്ത് പ്രയോജപ്പെടുന്നു. പഞ്ചായത്തിനെ രണ്ടുപകുതികളാക്കി കടന്നുപോകുന്ന പഴശ്ശിയുടെ കനാലിൽ ധാരാളം വാൾവുകളും ക്രോസ് ബാറുകളും ഉണ്ടെങ്കിലും കർഷകർക്കാവശ്യമായ സമയത്ത് വെള്ളം ലഭിക്കാറില്ല എന്നത് ദുഃഖ സത്യമാണ്. ധാരാളം തോടുകളുണ്ടെങ്കിലും അ വയുടെ എണ്ണവും വണ്ണവും വർഷം തോറും കുറഞ്ഞുവരികയാണ്. മാത്രവുമല്ല ഇന്ന് നിലവിലുള്ള തോടുകളൊന്നും ജലസേചനത്തിന് ഉപയുക്തമല്ല. അവ വെറും നിർഗമന ചാലുകൾ മാത്രമായ് അവശേഷിക്കുകയാണ്. നമ്മുടെ മിക്കവാറും തോടുകളും ഉത്ഭവിക്കുന്നത് കുളങ്ങളിൽ നിന്നും ചിറകളിൽ നിന്നുമൊക്കെയാണെങ്കിലും അവ വേനൽകാലത്ത് വറ്റിപ്പോകുന്നു. അതുകൊണ്ട് തോടുകളിലേക്ക് വെള്ളം തുറന്നുവിടാൻ കഴിയുന്നില്ല. വെള്ള മുള്ള കുളങ്ങൾ തന്നെയും ജലസേചനത്തിന് ഉപയോഗിക്കാൻ വേണ്ട രീതിയിൽ സജ്ജീകരിക്കേണ്ടതുണ്ട്. പിന്നെ പ്രധാനമായും കിണറുകളെയാണ് ജലസേചനത്തിനുപയോഗിക്കുന്നത്. പഞ്ചായത്തിലെ 475 കിണറുകളിൽ ജലസേചനത്തിനുവേണ്ടി പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നുണ്ട്. ഇവയും ഇന്നു വരൾച്ച നേരിടുകയാണ്. ഭൂഗർഭജലവിതാനം താഴ്ന്നു എന്നതാണ് ഇതിന്റെയെല്ലാം പ്രധാന കാരണം.കുടിവെള്ളത്തിനും ജലസേചനത്തിനും ഒരു പോലെ ഭീഷണിയാണ്. ഇത്. പഞ്ചായത്തിലെ ഭൂരിഭാഗം പുരയിടത്തിൽ നിന്നും പറമ്പുകളിൽ നിന്നും വെള്ളവും ഒപ്പം മണ്ണും ഇടവഴികളിലേക്കും റോഡുകളിലേക്കും കുത്തിയൊലിച്ചുപോവുകയാണ്. വേണ്ടത്ര സസ്യങ്ങളുടെ അഭാവവും ഭൂപരിപാലനം നടക്കാത്തതും ഭൂമിക്കടിയിലേക്ക് ജലം ആഴ്ന്നിറങ്ങുന്നതിനെ തടയുന്നു. അതേ സമയം ഉപഭോഗത്തിന്റെ പങ്കാളിത്തവും ഉണ്ട്. ഇത് ഭൂഗർഭ ജലവിതാനം താഴ്ത്താൻ സഹായിക്കുന്നു.

ഉത്പന്നങ്ങളുടെ വിലയും വിപണനവും:

തേങ്ങ, അടക്ക, കുരുമുളക്, വാഴക്കുല, കശുവണ്ടി മുതലായ ഉത്പന്നങ്ങൾക്ക് സാമാന്യം നല്ല വിപണി പഞ്ചായത്തിന്റെ ആസ്ഥാനമായ പാനൂർ ടൗണിൽ ഉണ്ട്. കശുവണ്ടിക്ക് ഡിപ്പോകൾ പ്രവർത്തിക്കാറുണ്ട്. കച്ചവടക്കാർ ഉത്പന്നങ്ങൾ നേരിട്ട് വിപണികളിലേത്തിക്കുന്ന സ്ഥിതിയുണ്ട്.

എന്നാൽ തേങ്ങയും കശുവണ്ടിയുമൊക്കെ ഇടത്തട്ടുകാർ പാട്ടത്തിനെടുക്കുന്ന രീതിയും നിലവിലുണ്ട്. എന്നാൽ മരച്ചീനിഇടത്തട്ടുകാർ ഉത്പാദന കേന്ദ്രത്തിലെത്തി മൊത്തമായ് വാങ്ങുകയാണ്. പതിവ്. സാധാരണ മറ്റുപ്രദേശങ്ങളിൽ ലഭിക്കുന്ന വില തന്നെ ഉത്പന്നങ്ങൾക്ക് ഇവിടെ ലഭിക്കുന്നുണ്ട്. നെല്ലിന് പ്രത്യേക സംഭരണി ഇല്ലാത്ത അവസ്ഥയുണ്ട്. പഞ്ചായത്തിൽ ഒരു മാർക്കറ്റിങ്ങ് സൊസൈറ്റി ആരംഭിച്ച് പ്രവർത്തനം തുടങ്ങിയിരിക്കുകയാണ്. മെച്ചപ്പെട്ട രീതിയിൽ അതിനു പ്രവർത്തിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കാം.

കാർഷിക ബന്ധങ്ങൾ:

കൃഷിയിടങ്ങളുടെ വിതരണം.

ഭൂമിയുടെ അളവ് (സെൻറ്)	1- 10	10-50	50-100	100-200	200-500	500-
കൈവശക്കാരുടെ എണ്ണം	820	1250	1050	580	10	0

കൂലി സേവന വ്യവസ്ഥ

കർഷകതൊഴിലാളികളിൽ ഭൂരിഭാഗവും സ്വന്തമായി കൃഷിചെയ്യുന്നവരും പുറത്ത് തൊഴിൽ ചെയ്തുകൊടുക്കുന്നവരുമാണ്. കർഷകതൊഴിലാളികളുടെ എണ്ണത്തിൽ ഗണ്യമായ് കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും തൊഴിലവസരങ്ങൾ വർധിക്കുന്നില്ല. പുരുഷൻമാർക്ക് സ്ത്രീകളെക്കാൾ കൂടുതൽ കൂലി ലഭിക്കുന്നുണ്ട്. കാർഷിക വൃത്തികളിൽ ഏർപ്പെടുന്ന പുരുഷനു ഉച്ചവരെ ജോലി ചെയ്താൽ 60 രൂപ കിട്ടുമ്പോൾ സ്ത്രീക്ക് അത് 40 രൂപ മാത്രമാണ്. തെങ്ങ് കയറ്റ തൊഴിലാളികൾക്ക് നല്ല കൂലി ലഭിക്കുന്നുണ്ട്. 40 തെങ്ങ് കയറുന്ന ഒരു ലൊഴിലാളിക്ക് 100 രൂപയും 12 തേങ്ങയുമാണ് കൂലി. ഇത് ഏകദേശം 90 രൂപയോളം വരും. ഒരു ദിവസം 100 അധികം തെങ്ങിൽ കയറുന്നവരും ഉണ്ട്. തെങ്ങുകയറ്റതൊഴിലാളികൾ വളരെ ദുർലഭമാണ് നമ്മുടെ പഞ്ചായത്തിൽ. കവുങ്ങിൽ കയറുന്നവരുടെ എണ്ണവും തീരെ കുറവാണ്. കുരുമുളക് പറിക്കുന്നവർക്കും നല്ല കൂലിനൽകാറുണ്ട് ഒരു തൊഴിലാളിക്ക് ഒരു ദിവസം ശരാശരി 100 രൂപയോളം വരും.

വള ഉപഭോഗം

വളപ്രയോഗത്തിൻെറ പ്രവണത നമ്മുടെ പഞ്ചായത്തിൽ വളർന്നുവരുകയാണ്. ജൈവവളത്തിൻെറ ഉപഭോഗം വ്യാപകമായ് നിലവിലുണ്ട്. 40% ആളുകൾ രാസവള പ്രയോഗം നടത്തുന്നു. എന്നാൽ വളപ്രയോഗത്തിന് ശാസ്ത്രീയതയൊ കൃത്യതയൊ ഇല്ലെന്നതാണ് വസ്തുത. അശാസ്ത്രീയ വളപ്രയോഗവും അമിത വളപ്രയോഗവും മണ്ണിൻെറ ഫലപുഷ്ഠിയെ മാത്രമല്ല വിളകളെ തന്നെ ചിലപ്പോൾ പ്രതികൂലമായ് ബാധിക്കാറുണ്ട്. അമിതവും അശാസ്ത്രീയമായി യൂറിയ പ്രയോഗിക്കുന്ന വാഴ കുലച്ചു കഴിഞ്ഞാൽ വളരെ പെട്ടെന്നു പൊട്ടിപ്പോകുന്നതായ് കാണുന്നു. അമിതമായ രാസവളപ്രയോഗം ഉത്പന്നങ്ങൾക്ക് രുചിക്കുറവുണ്ടാക്കുന്നു.

കൃഷിഭവൻെറ പ്രവർത്തനം

പഞ്ചായത്തിൻെറ ആസ്ഥാനത്ത് ടൗണിൽ നിന്ന് കുറച്ചകലെയാണ് കൃഷിഭവൻ സ്ഥിതി ചെയ്യുന്നത്. ഇത് പഞ്ചായത്തിൻെറ എല്ലാ ഭാഗത്തുമുള്ള ആളുകൾക്ക് എത്തിച്ചേരാൻ പ്രയാസമുള്ള പ്രദേശമാണ്. അതുകൊണ്ട് തന്നെ കൃഷിഭവൻെറ പ്രവർത്തനവും പരിപാടികളും ആളുകൾ അറിയാതെ പോകുന്നു എന്നത് വാസ്തവമാണ്. കൃ,ഷിഭവനുമായ് ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ വേണ്ടത്ര ഇല്ലാത്തതാണ് ഇതിന് പ്രധാന കാരണം. കർഷകരെ സഹായിക്കാനും ബന്ധപ്പെടാനും വേണ്ടി സ്ഥാപിച്ചിട്ടുള്ള യൂണിറ്റിൽ വേണ്ടത്ര സജ്ജീകരണങ്ങളില്ലാത്തതും ദുഃഖകരമായ അവസ്ഥയാണ്.

നടീൽ വസ്തു വിതരണം

നല്ലയിനം നടീൽ വസ്തുക്കൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യാറുണ്ട്. പക്ഷെ അവയൊന്നു വിതരണം ചെയ്യുന്നത് പ്രാദേശിക പരിഗണന വച്ചൊ കർഷകരുടെ ആവശ്യം പരിഗണിച്ചൊ അല്ല. അതുകൊണ്ട് തന്നെ ചിലനടീൽ വസ്തുൾക്ക് ആവശ്യക്കാരില്ലാത്ത അവസ്ഥയുണ്ട്. അവ പാഴായ്പോകാറാണ് പതിവ്.കൃഷിഭവൻ വഴി തെങ്ങിൻ തൈകൾ വിതരണം ചെയ്യാറുണ്ടെങ്കിലും ഭൂരിഭാഗം കർഷകരും നാടൻ തൈകളാണ് ഉപയോഗിക്കുന്നത്. നല്ലയിനം നടീൽ വസ്തുക്കൾ ഉപയോഗിക്കുമ്പോൾ നല്ല പരിചരണവും ആവശ്യമാണ്. പരിചരണത്തിൻെറ അഭാവത്തിൽ അവനശിച്ചുപോകാൻ ഇടവരാറുണ്ട്. കാർഷികരംഗത്ത് നല്ല പരിജ്ഞാനമുള്ളവർ കുറവാണ്. ബോധവത്കരണത്തിൻെറ അഭാവമുണ്ട്. ജലസേചനത്തിനു കിണർ കുഴിക്കാനും പമ്പ്സെറ്റ് സ്ഥാപിക്കാനും സ്പ്രെയർ, തെങ്ങ് കയറ്റ യന്ത്രം, മുതലായ

പലപ്പോഴും ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല. രാസവളവും കീടനാശിനിയുമൊക്കെ സബ്സിഡിയിൽ വിതരണം ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ധാരാളം ആനുകൂല്യങ്ങൾ ലഭിക്കാറുണ്ട്. വിള ഇൻഷൂറൻസ് പദ്ധതി കർഷകർക്ക് വളരെയേറെ പ്രതീക്ഷക്ക് വക നൽകുന്നു. സാധാരണ പ്രകൃതി ക്ഷോഭത്തിൽ നശിച്ചുപോകുന്ന ഒരു തെങ്ങിന് 300 രൂപ നൽകുമ്പോൾ ഇൻഷുറൻസുണ്ടെങ്കിൽ 1000 രൂപവരെ നൽകുന്നു. മണ്ണ് പരിശോധന നടത്തി കാര്യക്ഷമമായ രീതിയിൽ വള പ്രയോഗം നടത്തി കർഷകരുടെയിടയിൽ ബോധവത്കരണം നടത്തേണ്ടതുണ്ട്.

നടീൽ വസ്തു വിതരണം എണ്ണവും വർഷവും

ഇനം	93-94	94-95	95-96
തെങ്ങ്	550	280	640
കശുമാവ്	880		720
കുരുമുളക്	3200	3000	11500
കവുങ്ങ്	100		100
നെൽവിത്ത്	1065 കിഗ്രാം	452കിഗ്രാം	298 കിഗ്രാം
പയർവിത്ത്	200 കിഗ്രാം	100 കിഗ്രാം	124 കിഗ്രാം
ഒട്ടുമാവ്	285	206	300
നേന്ത്രവാഴ കന്നുകൾ	2900		
മഞ്ഞൾ വിത്ത്		75 കിഗ്രാം	
ഒട്ട് മാവ്, ഗ്രാമ്പൂ, ജാതിക്ക, മാഗേസ്റ്റിൻ	268	150	230

പച്ചക്കറി

പച്ചക്കറി കൃഷി പാനൂർ പഞ്ചായത്തിൽ വളരെ ശുഷ്കമാണ്. സ്വന്തം ആവശ്യത്തിനുള്ള പച്ചക്കറി സ്വന്തം വളപ്പിൽ ഉണ്ടാക്കുന്ന അടുക്കളത്തോട്ട സംസ്കാരമുള്ള കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലില്ലെന്നു തന്നെ പറയാം. പാനൂരിലെവിപണയിലെത്തുന്ന പച്ചക്കറിയുടെ 90% വും അന്യസംസ്ഥാനങ്ങളിൽനിന്നാണ്. അവശേഷിക്കുന്ന 10% മറ്റു പ്രദേശങ്ങളിൽ നിന്നും . അശ്രദ്ധകൊണ്ടുമാത്രം നാം പുറം തള്ളപ്പെട്ട ഒരുമേഖലയാണ് പഴം പച്ചക്കറി ഉത്പാദന മേഖല.പുഷ്പവും ഇതിൽപ്പെടും പച്ചക്കറി ഉത്പാദിപ്പിക്കാൻ എവിടെ ഭൂമി എന്നുചോദിക്കുന്നവരുണ്ട്. ഈ ചോദ്യത്തിലൂടെ വേണമെങ്കിൽ ആർക്കും ഒഴിഞ്ഞുമാറാം. എന്നാൽ നമുക്കാവശ്യമുള്ള പച്ചക്കറി ഉത്പാദിപ്പിക്കാൻ വേണ്ട ഭൂമിനമുക്കുണ്ട്. ഒന്നു മനസുവെക്കണം എന്നു മാത്രം. തിണ്ണകളിൽ കുട്ടിച്ചാക്കിൽ മണ്ണുനിറച്ച് വെച്ച് ഒന്നാന്തരം തക്കാളി ഉണ്ടാക്കാൻ കഴുയുമെന്നു തെളിയിച്ച സംസ്ഥാനമാണ് നമ്മുടേത്. ഒരു സെൻറ് ഭൂമിയെങ്കിലും പുരക്ക് ചുറ്റുമില്ലാത്ത ഒരു വീടുപോലും നമ്മുടെ പഞ്ചായത്തിലില്ല. അവിടെയൊക്കെ വെണ്ടയും, വഴുതനയും, ചീരയും തക്കാളിയും നട്ടുവളർത്താൻ നമുക്ക് കഴിയും. പരദൂഷണം പറഞ്ഞു പാഴാക്കുന്ന സമയം മതി മുറ്റം പച്ച പിടിപ്പിക്കാൻ. ഗ്രാമസഭയും പഞ്ചായത്തും, കൃഷിഭവനും ഒത്തുചേർന്നു അതിനുള്ള പരിപാടികൾ തയ്യാറാകുകയും നല്ല വിത്തുകൾ വിതരണം ചെയ്യുകയും വേണ്. വിളവെടുപ്പു മത്സരവും സമ്മാനവും ഉത്സാഹവും ഒക്കെ ആവുന്നതിനിടയിൽഅന്യപ്രദേശങ്ങളിൽ നിന്നും പച്ചക്കറി വരുത്തുന്നതിൽ നിന്നും മോചനവും നേടാം. അമിത രാവസള പ്രയോഗം നടത്താതെ രുചിയുള്ള വിഷാംശമില്ലാത്ത പച്ചക്കറി കുട്ടികൾക്ക് കൊടുക്കുകയുമാവാം. പച്ചക്കറി കൃഷി നടത്തുന്ന വീടുകളിൽ കുടുംബ കലഹമുണ്ടാകാറില്ല എന്നതാണ് ഹോർട്ടികൾച്ചർ തെറാപ്പി'' നമ്മെ പഠിപ്പിക്കുന്നത്.

പുഷ്പകൃഷി

കുടുംബവരുമാനം വർദ്ധിപ്പിക്കാൻ നല്ലൊരു മാർഗ്ഗമാണ് ഓർക്കിഡ് പുഷ്പകൃഷി. നല്ല ആന്തൂറിയം പൂവിന് 35 രൂപവരെ ഒന്നിനു ലഭിക്കുന്നു. കൃഷിഭവന്റെ സഹായത്തോടെ ഓർക്കിഡ് കൃഷിയും വർദ്ധിപ്പിക്കാവുന്നതാണ്. നല്ല പരിചരണവും ശ്രദ്ധയും വേണ്ട മേഖലയാണിത്. അതുകൊണ്ട് കൃഷിഭവന്റെ നേതൃത്വത്തിൽ ഡെമൺസ്ട്രഷൻ സംഘടിപ്പിച്ച് ഇതിനുവേണ്ട പ്രോത്സാഹനം നൽകണം. നമുക്ക് അതിനു കഴിയുന്നില്ലെങ്കിൽ കുറ്റമുല്ലയും ജമന്തിയും കൃഷചെയ്താൽ നമ്മുടെ ദൈനം ദിന ആവശ്യങ്ങൾക്ക് തമിഴ് നാടിനെ ആശ്രയിക്കേണ്ടിവരില്ല. വ്യവസായമേഖല തീരെ ഇല്ലാത്ത നമ്മുടെ പ്രദേശത്തിന്റെ വരുമാനം കാർഷിക ഉത്പന്നങ്ങളാണ്. അതുകൊണ്ട് തന്നെ കൃഷിയെ വ്യവസായിക അടിസ്ഥാനത്തിലേക്ക് വളർത്തേണ്ടതുണ്ട്. ഇതിന് കൃഷിഭവന്റെയും പഞ്ചായത്തിന്റെ ത്വരിത പൂർണമായ ഇടപെടലും ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതും അത്യാവശ്യമാണ്.

വളരെ ആദായകരവും എളുപ്പത്തിൽ ചെയ്യാവുന്നതുമായ മറ്റൊരു കൃഷിയാണ് കൂൺ കൃഷി. വളരെ ഏറെ പോഷകമൂല്യമുള്ള ഭക്ഷണവുമാണ് കൂൺ. ഒന്നോരണ്ടോ ചെറിയ ഒരു യൂണിറ്റുകൊണ്ട് നമുക്ക് നിത്യേന ഉപയോഗിക്കാൻ കഴിയും. ഇതിന്റെ വിത്തുകൾ കൃഷിഭവൻ വഴി ലഭ്യമാക്കണം എന്നത് ഗ്രാമസഭയിലെ പൊതുനിർദ്ദേശമായിരുന്നു.

മുട്ട ഉത്പാദനം

ദിവസേന ആറായിരത്തോളം മുട്ട ചിലവഴിക്കുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. നമ്മുടെ പഞ്ചായത്തിന് അകത്തും പുറത്തും മുട്ടക്ക് നല്ല വിപണിയുണ്ട്. എന്നിട്ടുപോലും വിറ്റഴിയുന്ന മുട്ടയുടെ 5% പോലുും നാം ഉത്പാദിപ്പിക്കുന്നില്ല. തലശ്ശേരിയിൽ നിന്നും മറ്റു വരുന്ന മുട്ടയാണ് നമ്മുടെ മാർക്കറ്റിൽ ചിലവഴിയുന്നവ. ദിവസവും 200 ഓളം മുട്ടകൾ നമ്മുടെ പെട്ടികടക്കാർ ഓം ലെറ്റടിക്കുന്നു. ഒരു വീട്ടിൽ രണ്ട് കോഴിയെയെങ്കിലും വളർത്തി അടിയന്തിരമായും നാമീ മേഖലയിൽ ശ്രദ്ധിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

ചില പ്രദേശങ്ങളിൽ ഫുലപുഷ്ടി കുറഞ്ഞ മണ്ണാണ്.
ഭൂപരിപാലനത്തിന്റെ അഭാവവും മണ്ണൊലിപ്പും ഉണ്ട്
ചില പ്രദേശങ്ങളിൽ ജലസേചനം നടത്താൻ കഴിയുന്നില്ല
നെൽപാടങ്ങൾ നികത്തപ്പെടുന്നു.
തരിശിട്ടിരിക്കുന്ന നിലങ്ങളുണ്ട്
കീട ബാധ ശക്തമാണ്.
യഥാസമയം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല. ലഭ്യമായവതന്നെ ആവശ്യത്തിന് തികയുന്നില്ല.
നീർകെട്ടുകൊണ്ട് കൃഷിനാശം സംഭവിക്കുന്ന പ്രദേശമുണ്ട്.
നെല്ല്, കുരുമുളക് എന്നിവയ്ക്ക് സംഭവിക്കുന്ന പ്രദേശമുണ്ട്
നെല്ല്, കുരുമുളക് എന്നിവയ്ക്ക് ഉത്പാദന ക്ഷമത കുറയുന്നു.
കർഷകതൊഴിലാളികളുടെ ലഭ്യത പരിമിതമാണ്.
ഉത്പാദനവും ഉത്പാദന ചിലവും തമ്മിൽ ഒത്തുപോകുന്നില്ല.
ഉത്പന്നങ്ങളുടെ വില നിശ്ചിത രൂപത്തിൽ നൽകുന്നില്ല
കൃഷിഭവനും മുഴുവൻ കർഷകരും തമ്മിൽ നിരന്തരം ബന്ധപ്പെടാൻ കഴിയുന്നില്ല.
പഴശ്ശി പദ്ധതി ശരിയായി പ്രവർത്തിക്കുന്നില്ല.
കൃഷിക്കുള്ള വായ്പാ സൗകര്യം ഉദാരമാക്കണം.
ഉത്പന്ന സംസ്കരണ കേന്ദ്രം ഇല്ല

സാധ്യതകൾ

മണ്ണ് ജലസംരക്ഷമ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക.
പുത്തൻ ജലസേചന പദ്ധതികൾ കണ്ടെത്തണം
നെൽപാടങ്ങൾ നികത്തുന്നതിനെതിരെ ബോധവത്കരണവും സാമൂഹ്യ സമ്മർദ്ധവും വളർത്തണം.
പുതിയ നഴ്സറികൾ ആവശ്യമാണ്.
പച്ചക്കറി വിത്തുകൾ നല്ല രീതിയിൽ വിതരണം ചെയ്യണം. കൃഷി സാധ്യത കൂടുലുണ്ട്.

ആഗ്രോ ക്ലിനിക്കുകൾ പ്രദേശിക അടിസ്ഥാനത്തിൽ നടപ്പിൽ വരുത്തണം.
പണിയായുധങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യണം.
ജൈവളം വികസിപ്പിച്ചെടുക്കുന്ന പ്രദ്ധതി നടപ്പിലാക്കണം

രോഗങ്ങൾ

തെങ്ങ് കുരുമുളക്, വാഴ കവുങ്ങ്,എന്നിവയാണ് പ്രധാന മായും രോഗബാധയുണ്ടാക്കുന്നത്.

വായ്പാ സൗകര്യങ്ങൾ:

കാർഷികാവശ്യങ്ങൾക്ക് വായ്പ ലഭിക്കുന്നത് വളരെ കുറവാണ്. മിക്ക ബേങ്കുകളും കാർഷികവായ്പ നൽകാൻ തയ്യാറാവുന്നില്ല എന്നതാണ് സത്യം. ലോൺ കൊടുക്കുന്നതിനുള്ള നിബന്ധനകളും മറ്റും ചെറുകിട കർഷകർക്ക് ലോൺ അപ്രാപ്യമാക്കുന്നു. സഹകരണ ബാങ്കുകൾ, സിൻഡിക്കേറ്റ് ബേങ്ക് എന്നിവയാണ് ഇന്ന് കാർഷികരംഗത്ത് വായ്പ നൽകുന്നത്. റെയ്ഡ്കോ വിതരണം ചെയ്യുന്ന മോട്ടോറുകൾക്ക് വില കൂടതലാണ് എന്ന പരാതിയും ഉണ്ട്.

കർഷക സംരംഭങ്ങൾ

നമ്മുടെ പഞ്ചായത്തിൽ കർഷകവികസനസമിതി, കേരവികസന സമിതി, പാടശേഖസമിതി എന്നിവ നിലവിലുണ്ടെങ്കിലും കാർഷികവികസന സമിതി മാത്രമെ വേണ്ടവിധത്തിൽ ചലിക്കുന്നുള്ളൂ. ഇടവിള കൃഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. ഔഷധ സസ്യകൃഷിയും മറ്റും പ്രചരിപ്പിക്കാൻ കഴിയണം.

ക്ഷീര വികസനം

പാനൂർ പഞ്ചായത്തിൽ വളരെ വികസന സാദ്ധ്യതയുള്ളതും ധാരാളം തൊഴിൽ സാധ്യയുള്ളതുമായ മേഖലയാണ് ക്ഷീരവികസന മേഖല മൊത്തം 2676 കന്നുകാലികളാണ് ഉള്ളത്. ഇവയിൽ 70% ത്തോളം സങ്കര ഇനങ്ങളാണ്. പ്രതിദിന പാലുല്പാദനം ഏകദേശം 4130 ആണ്. ഉല്പാദിപ്പിക്കുന്ന പാലിന്റെ 200 ലിറ്റർ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീരസംഘങ്ങൾ കൈകാര്യം ചെയ്തുവരുന്നു. ബാക്കി പാൽ കർഷകർ സ്വന്തം ഉപയോഗത്തിനും എടുത്തതിനുശേഷം തൊട്ടടുത്ത കടകളിലും വീടുകളിലുമായി വില്പന നടത്തുന്നു. ഈ പഞ്ചായത്തിൽ സ്വകാര്യവ്യക്തികളാരും തന്നെ പാൽ വിപണന രംഗത്തില്ല. 25-30 വർഷം പുറകോട്ട് നോക്കിയാൽ നാടൻ പശുക്കൾ മാത്രമേ ഇവിടെ ഉണ്ടായിരുന്നുള്ളൂ. സ്വയം തൊഴിൽ പദ്ധതിയായ 'കാറ്റിൽ ഇംപ്രൂവ്മെൻറ് അസസ്റ്റ് സ്കീം'' ഐ. സി. ഡി. പി. സെൻറർ മുതലായവയുടെ പ്രവർത്തന ഫലമായി സങ്കര ഇനം പശുക്കളുടെ എണ്ണം വർദ്ധിക്കുകയും അതുവഴി പാലുല്പാദനത്തിൽ ഗണ്യമായ വർദ്ധനവും ഉണ്ടായിട്ടുണ്ട്. ഇവിടെ ഉല്പാദിപ്പിക്കുന്ന പാൽ പ്രതിദിനം 28000 ഗ്രാം ലഭ്യമാക്കാൻ ഉതകുന്നതാണ്. ഈ പഞ്ചായത്തിൽ നിന്ന് പാൽ തൊട്ടടുത്ത ടൗണിൽ സംഘം വഴി വില്പന നടത്തിവരുന്നുണ്ട്. മിൽമയുടെ ബൂത്തുകൾ മുഖേന 100 ലിറ്റൽ പാൽ പ്രതിദിനം വില്പന നടത്തിവരുന്നുണ്ട്. നമുക്ക് ഇന്നുള്ള ഉല്പാദനം 50 ലിറ്ററായി വർദ്ധിപ്പിച്ച് 9ാം പദ്ധതിയുടെ അവസാനത്തോടെ പഞ്ചായത്തിലെ പാലിന്റെ ആളോഹരി ലഭ്യത നിർദ്ദേശിക്കുന്ന പ്രകാരം 280 എത്തിക്കുന്നതോടൊപ്പം അടുത്ത പട്ടണ പ്രദേശങ്ങളുടെ ആവശ്യകത ഭാഗികമായി നിറവേറ്റുക എന്നും ലക്ഷ്യമിടുന്നു. പാൽ ഉല്പന്നങ്ങളാക്കി മാറ്റി വിപണനം നടത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും അതു വഴി ആരോഗ്യമുള്ള ജനതയെ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യം വച്ചിരിക്കുന്നത്.

യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല

പണ്ടുകാലങ്ങളിൽ കാളകളെ ഉഴവു നടത്തുന്നതിനും വണ്ടിവലിക്കുന്നതിനും മറ്റും ഉപയോഗിച്ചിരുന്നെങ്കിൽ ഉഴവുകാളകളും വണ്ടികാളകളും ഇന്ന് നാട്ടിൽ നിന്ന് അപ്രത്യമായിരിക്കുന്നു.

ക്ഷീര വികസന പദ്ധതികൾ

പാലിന്റെ ഉല്പാദനവും ഉപഭോഗവും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരവികസന വകുപ്പ് ഈ രംഗത്ത് നടപ്പിലാക്കി വരുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

11. വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

ഗവേഷണ മേഖലയിൽ ലഭ്യമായിരിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ അറിവുകൾ ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണിത്.

2. കർഷക സമ്പർക്ക പരിപാടി: കുറഞ്ഞത് 30 കർഷകരെയെങ്കിലും പങ്കെടുപ്പിച്ച്കൊണ്ട് നടത്തുന്ന ചർച്ചാക്ലാസ് 200 രൂപ ഓരോ പരിപാടികളുടേയും ചെലവുകൾക്കായി നല്കുന്നു. ഒരു വർഷത്തിൽ മൂന്ന്, നാല് പരിപാടികൾ പഞ്ചായത്തിൽ നടത്തുന്നുണ്ട്. 6. ക്ഷീരോല്പന്ന നിർമ്മണ പ്രദർശനം
പാലിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക, ക്ഷീരോല്പന്നങ്ങൾക്ക് പ്രചാരം നല്കുക തുടങ്ങിയ ഉദ്ദേശങ്ങളോടെ നടത്തുന്ന പ്രദർശനം 110 ആണ്. ധനസഹായം നല്കുന്നു.

3. ബ്ലോക്ക് കന്നുകാലി പ്രദർശനം: കർഷകർക്ക് നല്ലയിനം പശുക്കളെ വളർത്തുന്നതിനും കർഷകർ തമ്മിൽ ആശയവിനിമയം നടത്തുന്നതിനും പ്രോസ്താഹനം നല്കുന്നതിന്.
ബ്ലോക്കുതലത്തിൽ ഒരു വർഷത്തിൽ 1 എന്ന കണക്കിന് ബ്ലോക്കുതല കന്നുകാലി പ്രദർശനം നടത്തുന്നു. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ പാനൂർ പഞ്ചായത്തിൽ പ്രദർശനം നടത്തിയിട്ടില്ല.

2. മാതൃകാ ഡയറി യൂണിറ്റ്

മെച്ചപ്പെട്ട പശുവളർത്തൽ രീതികളവലംബിച് മാതൃകാപരമായി ഡയറി യൂണിറ്റ് നടത്തുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നല്കുന്ന പദ്ധതി ഇത്തരത്തിലുള്ള ഒരു യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇത് വർഷത്തിൽ 4-5 എണ്ണം വീതം നടപ്പാക്കാവുന്നതാണ്. ധന സഹായം 7000 രൂപ.

3. മാതൃക കാലിതൊഴുത്ത് നിർമ്മാണം

രണ്ടു പശുക്കളെ കെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു വൃത്തിയുള്ളതും ഉറപ്പുള്ളതുമായ ആല നിർമ്മിക്കുന്നതിനുള്ള ധന സഹായം നല്കുന്നത്. 1250 രൂപ ഹസായം നല്കുന്നു. പഞ്ചായത്തിൽ കഴിഞ്ഞ 5 വർഷത്തിനിടയിൽ 11 പേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്. ഇത് പ്രതിവർഷം 200 പേർക്ക് എന്ന തോതിൽ വർദ്ധിപ്പിക്കാവുന്നതാണ്.

ശുദ്ധമായ പാലുല്പാദന കിറ്റ്

ശുദ്ധമായ പാൽ ഉല്പാദിപ്പിക്കുന്നതിനും അകിടുവീക്കം പോലെയുള്ള രോഗങ്ങൾ നിയന്ത്രിക്കുന്നതിനും കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടിയുള്ള പദ്ധതി കഴിഞ്ഞ വർഷം തുടങ്ങിയ പദ്ധതിയിൽ 10 പേർക്ക് സഹായം നല്കിയിട്ടുണ്ട്. ഇത് കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്.

5. മിനറൽ മിക്ചർ വൈറ്റമിൻ സപ്ലിമെൻറ് വിതരണം

കറവ പശുക്കളിലും കിടാരികളിലും വേനൽകാലത്ത് ഉണ്ടാകുന്ന പോഷക കുറവ് പരിഹരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി. പകുതി വിലക്ക് ധാതുലവണ മിശ്രിതവും ജീവകം. എ. സപ്ലിമെൻറും വിതരണം ചെയ്യുന്നു. എല്ലാ കർഷകർക്കും ഈ ആനുകൂല്യം ലഭ്യമാക്കണം.

തീറ്റപ്പുൽ കൃഷി വ്യാപന പരിപാടി

ആദായകരമായി ക്ഷീരോല്പാദനം നടത്തുന്നതിന് തീറ്റപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പുൽകൃഷിവികസനം ലഭ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ഡിപ്പാർട്ട്മെൻറ് നടത്തിവരുന്നു.

1. വിത്തുവിതരണം: ഉല്പാദന ക്ഷമത കൂടിയ വിവധ ഇനം ദീർഘകാല പുൽവിത്തുകൾ പകുതിവിലക്ക് കർഷകർക്ക് വിതരണം ചെയ്യുന്നു. കൃഷിക്കാവശ്യമുള്ള രാസവളം, ഹെക്ടറിന് 500 രൂപ എന്ന തോതിൽ നല്കുന്നു. കൂടുതൽ ധനസഹായം നല്കി പ്രതിവർഷം 25 ഹെക്ടറിൽ സ്ഥലത്തെങ്കിലും പുൽകൃഷി വ്യാപിപ്പിക്കേണ്ടതാണ്.

ബി. ഹ്രസ്വകാല വിത്തു വിതരണം: ഹ്രസ്വകാല വിളകളായ മക്കാവാളം വൻപയർ വിത്തുകൾ പകുതിവിലക്ക് ലഭ്യമാകുന്നു. രാസവളം സൗജന്യമായി നല്കുന്നുണ്ട്. വിത്തുകൾ യഥാസമയങ്ങളിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേണം.

സി. പുൽ വിതരണം: സങ്കരപ്പിയിർ, ഗിനി പുല്ലുകളുടെ കട വിതരണം ചെയ്യുന്നു. കടയുചെട വില അടക്കം ഹെക്ടറിന് 100 രൂപ ധനസഹായം നല്കുന്നുണ്ട്. ധന സഹായം വർദ്ധിപ്പിച്ച് കൂടുതൽ കർഷകരെ ഈ രംഗത്തേക്ക്

ആകർഷിക്കാവുന്നതാണ്.

028

2. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി

1. ഹെക്ടർ, 5 ഹെക്ടർ സ്ഥലങ്ങളിൽ പുൽകൃഷി വാണിജ്യാടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള ധനസഹായ പദ്ധതി. 1 ഹെക്ടറിന് 15000 രൂപയും 5 ഹെക്ടറിന് 75000 രൂപയും ധനസഹായം നല്കുന്നു. ഈ ആനുകൂല്യം ആരും തന്നെ പ്രയോജനപ്പെടുത്തുന്നില്ല. സ്കീമിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയാൽ കൂടുതൽ കർഷകർക്ക് പ്രയോജനം ലഭിച്ചേക്കാം.

3. തീറ്റപ്പുൽ സംസ്കരണം

എ. സൈലേജ്: പുല്ല് അച്ചാറിട്ട് സൂക്ഷിക്കുന്ന പരിപാടി 1 ടണ്ണിന് 125 രൂപ ധനസഹായം നല്കുന്നു.

ബി. ഹെ- നിർമ്മാണം: പുല്ല് ഉണ്ടാക്കി ശുചീകരണത്തിനുള്ള ധനസഹായം നല്കുന്ന പദ്ധതി 1 ടണിന് 200 രൂപ ധനസഹായം നലകുന്നു.

4. തീറ്റപ്പുൽ സംഭരണ കേന്ദ്രം

ഇടനിലക്കാരുടെ ചൂഷണം ഇല്ലാതെ മിതമായ വിലക്ക് എല്ലാകാലത്തും കർഷകർക്ക് പുല്ല് ലഭ്യമാക്കുന്നതിനുള്ള പദ്ധതി. കർഷതൊഴിലാളികൾ മുഖാന്തിരം പുല്ല് ശേഖരിച്ച് വില്പന നടത്തുന്നതിന് ലക്ഷ്യമിടുന്നു. 13500 രൂപ ധനസഹായം നല്കുന്നു. ക്ഷീ സംഘങ്ങൾക്കു മാത്രം.

ക്ഷീര സംഘങ്ങൾക്കുള്ള പദ്ധതികൾ

ക്ഷീര സഹകരണ രംഗം ശക്തമാക്കുന്നതിനും ക്ഷീരോല്പാദക സംഘങ്ങളുംട നവീകരണത്തിനും ആധുനീകവൽക്കരണത്തിനും ലക്ഷ്യമിട്ടുകൊണ്ട് ക്ഷീരോല്പാദക സംഘങ്ങൾക്ക് പാൽ പരിശോധനാ ഉപകരണങ്ങൾ, ഫ്രിഡ്ജ്, ഫ്രീസർ, മിൽക്ക് കൂളർ, ജനറേറ്റർ പാൽ കാൻ മുതലായവ സബ്സിഡി നിരക്കിൽ നല്കുന്നു. കൂടാതെ സംഘം പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി മാനേജീരിയൽ സബ്സിഡി വർക്കിങ്ങ് ക്യാപ്പിറ്റൽ ഗ്രാൻറ് എന്നിവയും ഹെ-സ്റ്റോർ നിർമ്മിക്കുന്നതിനുള്ള ധനസഹായം കെട്ടിട നിർമ്മാണത്തിനുള്ള ധന സഹായം എന്നിവയും നല്കിവരുന്നു.

ക്ഷീരോല്പന്ന യൂണിറ്റുകൾ

ക്ഷീരോല്പന്നങ്ങളുടെ വിപണനം പ്രോസ്താഹിപ്പിക്കുക, ക്ഷീര മേഖലയിൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തവും തൊഴിൽ സാധ്യതയും വർദ്ധിപ്പിക്കുക, പാലിൻെറ ഉപഭോഗം വർദ്ധിപ്പിക്കുക തുടങ്ങിയ ലക്ഷ്യം. ഘീര സംഘങ്ങൾക്കും മഹിളാ സമാജങ്ങൾക്കും യൂണിറ്റ് തുടങ്ങുന്നതിന് ധനസഹായം നല്കുന്ന 22000 രൂപയാണ് ധനസഹായം.

പഞ്ചായത്തിൽ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

യൂണിറ്റുകൾ ശൈശവദശയിലാണ് ഇപ്പോൾ.

ക്ഷീവികസനം- പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വില വർദ്ധന: വിവിധ കമ്പിനികളുടെ തീറ്റകൾ സംഘം മുഖേനയും സ്വകാര്യ കച്ചവടക്കാർ മുഖേനയും വില്ന നടത്തിവരുന്നുണ്ട്. എന്നാൽ അടിക്കടി ഉണ്ടാകുന്ന വിലവർദ്ധ കർഷകരുടെ നട്ടെല്ലൊടിക്കുകയാണ്. കാലിതീറ്റയുടെ ഗുണനിലവാരംഉറപ്പാക്കാനുള്ള പരിപാടികളൊന്നും ഇല്ല.

2. പച്ചപ്പുല്ലിൻെറ ലഭ്യത കുറവ്: പ്രെബ്രുവരി മുതൽ ജൂൺ വരെയുള്ള കാലത്ത് കർഷകർ തീറ്റപ്പുല്ലിന് വിഷമിക്കുകയാണ്. പച്ചപ്പുല്ലിൻെറ കൃഷിവ്യാപകമാക്കുന്നതിനുള്ള പദ്ധതികൾ വിജയിച്ചിട്ടില്ല. ഈ രംഗത്ത് ആവശ്യമായ ബോധവൽക്കരണ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

3. വൈക്കോലിൻെറ ലഭ്യത ക്കുറവ്: നെൽകൃഷിയുടെ കുറവ് ക്ഷീരകർഷകരെ വല്ലാതെ ബാധിച്ചിട്ടുണ്ട്. കന്നുകാലി തീറ്റക്ക് വൈക്കോലിനെയാണ് ആശ്രയിക്കുന്നത്. ഈ രംഗത്തുള്ള സ്വകാര്യ കച്ചവടക്കാർ കർഷകരെ ചൂഷണം ചെയ്യുന്ന പ്രവണതുണ്ട്.

4. വിപണന രംഗം: ക്ഷീര സംഘങ്ങൾ പാൽവിതരണം ചെയ്യുന്നുണ്ടെങ്കിലും ഉല്പാദിപ്പിക്കുന്ന പാൽ മുഴുവൻ ശേഖരിക്കാൻ കഴിയുന്നില്ല. പുതിയ സംഘങ്ങൾ രൂപീകരിക്കുനതിന് പ്രശ്നങ്ങൾ ഉണ്ട്.

5. കൃത്രിമ ബീജസങ്കലനം: നിലവിൽ പഞ്ചായത്തിൽ ഒരു ബീജദാന കേന്ദ്രം ഉണ്ടെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല.
6. ചികിത്സാ സൗകര്യം: മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രയോജനം കർഷകർക്ക് ശരിയായ വിധം ലഭിക്കുന്നില്ല. ഐ. സി.ഡി. പി. സെൻറിലെ പ്രഥമ ചികിത്സാ സൗകര്യങ്ങൾ നിർത്തലാക്കിയത് കർഷകർക്ക് ദോഷകരമാണ്.
7. ബാങ്ക് ലോൺ: പശുക്കളെ വാങ്ങുന്നതിന് വിവിധ ബാങ്കുകളുടെ വിവിധ പദ്ധതികളുണ്ടെങ്കിലും കൂടുതൽ കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കുന്നില്ല.

ക്ഷേമ പദ്ധതികളുടെ അഭാവം:

മറ്റെല്ലാ മേഖലകളിലും പണിയെടുക്കുന്നവർക്ക് വിവിധ ക്ഷേമ പദ്ധതികൾ നിലവിലുണ്ട്. എന്നാൽ ക്ഷീരവികസന മേഖലയിൽ പണിയെടുക്കുന്ന കർഷകർക്ക് യാതൊരുവിധ ക്ഷേമ പദ്ധതികളും നിലവിലില്ലാത്ത കർഷകരെ ആകർഷിക്കാൻ കഴിയുന്നവിധം ക്ഷേമ പദ്ധതികൾ അവിഷ്കരിക്കേണ്ടതാണ്.

കറവക്കാർക്കുള്ള ക്ഷാമം.: ക്ഷീര മേഖലയിൽ പശുക്കളെ കറക്കുന്ന തിന് പരിചയം ലഭിച്ചവരുടെ അഭാവം പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ഈ രംഗത്ത് കൂടുതൽ പേരെ സ്വയം തൊഴിൽ നേടുന്നതിന് പരിശീലനം ഉൾപ്പെടെയുള്ള നടപടികൾ ആവശ്യമാണ്.

പൂർണ്ണമായി ഉപയോഗപ്പെടുത്താത്ത ഉൽപ്പാദന ക്ഷമത:. പശു പരിപാലനത്തിലെ അജ്ഞതകൊണ്ടും ശാസ്ത്രീയ മാർഗ്ഗങ്ങൾ അവലംബിക്കാനുള്ള വിമുഖത കൊണ്ടും പലപ്പോഴും പശുക്കളുടെ ഉ ാദനം കുറഞ്ഞുപോകുന്നു.

സാധ്യതകൾ

പഞ്ചായത്തിൽ ക്ഷീര വികസന രംഗത്ത് വളരെ അധികം സാധ്യതകളാണുള്ളത്. കുറഞ്ഞ മൂലധനം മുടക്കി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാവും. സ്ത്രീജന തൊഴിൽ പങ്കാ്തം ഈ രംഗത്ത് വളരെയുണ്ട്. പാലിന്റെ കാര്യത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം മുൻനിർത്തി ക്ഷീര വികസന രംഗം പരിപോഷിപ്പിക്കപ്പെടേണ്ടത്. താഴെ കാണിച്ചിട്ടുള്ള സാധ്യതകൾ, പ്രശ്ന പരിഹാരങ്ങൾ ഉൾപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കേണ്ടതാണ്.

1. കാലിതീറ്റ: കാലിതീറ്റ കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ക്ഷീര സംഘങ്ങൾ വഴി നടപ്പാക്കേണ്ടതാണ്. കാലിതീറ്റ സബ്സിഡി മുതലായവ ആലോചിക്കാവുന്നതാണ്.

2. തീറ്റപ്പുൽ കൃഷി: ആദായകരമായ ക്ഷീരോല്പാദനത്തിന് പച്ചപ്പുൽകൃഷി വ്യാപിപ്പിക്കേണ്ടത് അത്യാവശ്യമാണ്. ഇന്ന് നിലവിലുള്ള പദ്ധതികൾ ആവശ്യമായ ഭേദഗതികൾ വരുത്തി കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. സബ്സിഡി വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള സാധ്യതകൾ ആരായാവുന്നതാണ്.
വിജ്ഞാനവ്യാപനം: ഈ മേഖലയിലുള്ള പ്രശ്നങ്ങൾ കർഷകരുമായി നിരന്തര ബന്ധത്തിലൂടെ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. പുതിയ പ്രവണതകളും അറിവുകളും നല്കി കർഷകരെ കൂടുതൽ പ്രവർത്തനോന്മുഖരാക്കണം. വിജ്ഞാന വ്യാപന പരിപാടികൾ കൂടുതൽ വ്യാപകമായും കാര്യക്ഷമമായും ആകോണ്ടതുണ്ട്.

ക്ഷീരഭവൻ:

പഞ്ചായത്തിലെ ജനങ്ങളുടെ വരുമാനത്തിൽ നല്ലൊരു ശതമാനം ക്ഷീരമേഖലയിൽ നിന്നാണ്. എന്നാൽ നിസ്സാരമാണ്. ബ്ലോക്കുതലത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റിന് ഈ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടാൻ കഴിയുന്നില്ല. ആയതിനാൽ പഞ്ചായത്തു തലത്തിൽ ഒരു ക്ഷീരഭവൻ' സ്ഥാപിക്കേണ്ടതാണ്. പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടും.5. ഗുണ നിയന്ത്രണം: പാലിന്റെ ഗുണ നിയന്ത്രണത്തിന് ജില്ലാടിസ്ഥാനത്തിലെങ്കിലും ഗുണ നിയന്ത്രണ വിഭാഗം ഉണ്ടാക്കണം. കാലിതീറ്റ, പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവയുടെ ഗുണ നിയന്ത്രണവും പരിശോധനയും ആവശ്യമാണ്.
6. വിപണനം: പാൽ, പാൽ ഉല്പന്നങ്ങൾ എന്നിവയുടെവിപണന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

7. കൃത്രിമ ബീജാദാനം:

1973 ൽ ക്ഷീവികസന വകുപ്പ് നടപ്പിലാക്കിയ സ്വയം തൊഴിൽ പദ്ധതിയായ 'കാറ്റിൽ ഇംപ്രൂവ്മെൻറ് സ്കീം'' പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

030

8. ചികിത്സാ സൗകര്യം: കന്നുകാലി ചികിത്സാ ഇൻഷ്വറൻസ് എന്നിവ കൂടുതൽ കാര്യക്ഷമവും സൗജന്യവും ആക്കേണ്ടതാണ്.

9. ക്ഷേമ പദ്ധതികൾ: ക്ഷീര കർഷകർക്ക് ക്ഷേമ പദ്ധതികൾ സമയബന്ധിതമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം

10. വായ്പാ സൗകര്യം: ഡയറി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വിവിധ ബാങ്കുകൾ നല്കുന്ന വായ്പാ സൗകര്യങ്ങൾ കൂടുതൽ വ്യാപകവും ഉദാരവുമാക്കേണ്ടതാണ്.

****

മൃഗസംരക്ഷണം

മൃഗ സംരക്ഷണം:-

സമ്പൂർണ്ണമായ പൊതുജന പങ്കാളിത്തമാണ് ഏതു വികസന തന്ത്രത്തിന്റെയും കാതൽ. ജനപങ്കാളിത്തമില്ലാതെ രൂപം നൽകി നടപ്പാക്കുന്ന പദ്ധതികൾ പലപ്പോഴും ലക്ഷ്യത്തിലെത്തുകയില്ല എന്ന് മാത്രമല്ല പ്രതികൂലമായ ഫലങ്ങൾ ഉളവാക്കുകയും ചെയ്യും. ഒമ്പതാം പദ്ധതിയിലേക്ക് നീങ്ങുന്ന നാം വികസന പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യത്തിൽ ഒരു പൊളിച്ചെഴുത്തിന് തന്നെ തയ്യാറായിരിക്കുകയാണ്. ജനകീയാസൂത്രണ പരിപാടിയുടെ പാശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഏതു പദ്ധതികളുടേയും അന്തിമ ഉപഭോക്താവ് മുഖ്യമായും നാട്ടിൻ പുറത്തുകാരനായ സാധാരണ കർഷകനാണ്. വികസനത്തെ പറ്റിയുള്ള നമ്മുടെ സങ്കല്പം പലപ്പോഴും റോഡുകളുടെയും കെട്ടിടങ്ങളുടെയും അണക്കെട്ടുകളുടെയും നിർമ്മാണവും അതുപോലെ നമുക്ക് നേരിട്ട് കാണത്തക്ക രീതിയിലുള്ള മരാമത്തുപണികളിലും അതുമായി ബന്ധപ്പെട്ട് നേരിട്ടനുഭവപ്പെടുന്ന സേവന സൗകര്യങ്ങളിലും ഒതുങ്ങി നിൽക്കുന്നു. വികസനത്തെപ്പറ്റിയുള്ള ശരിയായ കാഴ്ചപ്പാടില്ലാതെയുള്ള ഇത്തരം ആസ്സൂത്രണവും വികസന പ്രക്രിയയും തുടർന്നാൽ ഇത്തരത്തിൽ സംഘടിപ്പിക്കപ്പെടുന്ന സംവിധാനങ്ങൾ വേണ്ട രീതിയിൽ പരിപാലിക്കുന്ന തിനുപോലും നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയിൽ എത്തിച്ചേരും. വിഭവലഭ്യത കൊടുത്തുകൊണ്ടുള്ള ആസൂത്രണ പരിപാടിക്ക് ഊന്നൽ കൊടുക്കേണ്ടതാകുന്നു.

സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷകത്തൊഴിലാളികളുമാണ്. ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹ്യപ്രക്രിയയാണെന്നതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ് ഘടനയെ സമ്പുഷ്ടമാക്കുമെന്ന് വ്യക്തം.

പാനൂരിലും പരിസരപ്രദേശങ്ങളിലും മൃഗപരിപാലനത്തിന്റെ ഭാഗമായി 23.2.1958 ന് ഒരു പ്രാഥമിക ചികിത്സാ കേന്ദ്രം ആരംഭിക്കുകയും 7.4.1990 ൽ അതിനെ വെറ്റിനറി ഡിസ്പൻസറിയായി ഉയർത്തുകയും ചെയ്തു. ഈ സ്ഥാപനം 1992 മെയ് മാസം മുതൽ (പുതിയ വാടക കെട്ടിടത്തിൽ) പഞ്ചായത്തിന്റെ ഏകദേശം മധ്യഭാഗത്തായി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു.

പാനൂർ പഞ്ചായത്തിലെ 2902 കുടുംബങ്ങളിൽ 60% കുടുംബങ്ങൾ മൃഗസംരക്ഷണവുമായി ബന്ധപ്പെടുന്നു. ഇവരിൽ സിംഹഭാഗവും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരാണ്. അത്കൊണ്ട് തന്നെ ഈ പഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം കന്നുകാലി പരിപാലനം അവരുടെ ജീവനോപാധിയാണ്.

മൃഗപരിപാലന രംഗത്ത് കഴിഞ്ഞ രണ്ടു മൂന്നു ദശാബ്ദക്കാലത്തിനിടയ്ക്ക് ഈ പഞ്ചായത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഹ്രസ്വമായി പരിശോധിക്കുന്നത് നന്നായിരിക്കും.

ഏറ്റവും പ്രധാനപ്പെട്ട ഒരു മാറ്റം അത്യുത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ വ്യാപനവും ഒപ്പം നാടൻ ഇനങ്ങൾ അപ്രത്യക്ഷമാവുകയും ചെയ്തതോടെ ഉല്പാദനത്തിലും ഉത്പാദനക്ഷമതയിലും ഉണ്ടായ വർദ്ധന വാണ്.

1987 ലെ സെൻസസ് പ്രകാരം പാനൂർ പഞ്ചായത്തിലെ സങ്കരയിനം പശുക്കളുടെ എണ്ണം 225ും നാടൻ പശുക്കളുടെ എണ്ണം 609 ഉം ആയിരുന്നു. 1996 ലെ സെൻസസിൽ അവ യഥാക്രമം 1322 ഉം, 355 ഉം ആയതാണ് ഇതിന്

തെളിവായി കാണുന്നത്.

032

നമ്മുടെ പഞ്ചായത്തിലെ കന്നുകാലി സമ്പത്ത് 1996 ലെ സെൻസസ് പ്രകാരം

സങ്കര ഇനം പശുക്കൾ	-1222
നാടൻ ഇനം	-355
ആട്	- 462
കോഴി	-3222
താറാവ്	-42
മറ്റുള്ള	- 242

മൃഗ സംരക്ഷണ രംഗത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ചർച്ചകൾ താഴെ പറയുംവിധം സമന്വയിപ്പിക്കാവുന്നതാണ്.

ഉൽപാദന മേഖല:

എ. പാലുദ്പ്പാദന രംഗം:

മൃഗ സംരക്ഷണ മേഖലയിൽ ആസൂത്രിതമായ നീക്കം നടന്നിട്ടുള്ളത് പാലുത്പാദനപംഗ്ത്തു മാത്രമാണ്. കൃത്രിമ ബീജസങ്കലന പരിപാടിയിലൂടെ ഈ പ്രദേശത്തെ ഏതാണ്ട് 70 ശതമാനത്തിലധികം പശുക്കളും ഉയർന്ന പാലുത്പാദന ശേഷിയുള്ള സങ്കര ഇനത്തിൽപ്പെട്ടതാക്കുവാൻ കഴിഞ്ഞു. 1964-65 വർഷത്തിൽ കേരളത്തിന്റെ പാലുത്പാദനം 2,21 ലക്ഷം മെട്രിക് ആയി ഉയർന്നു. ഏകദേശം പത്തിരട്ടിയോളം വർദ്ധനവ്.

ജനിതക മേന്മ ഉയർത്തുന്നതിന് ആവിഷ്കരിച്ച പ്രജനനനയം പോലെ തന്നെ ഒരു പരിപാലന നയം കൂടി ഈ മേഖലയിൽ ജോലിയെടുക്കുന്ന ഗ്രാമീണർക്ക് പകർന്നു കൊടുക്കേണ്ടതുണ്ട്.

നിർദ്ദേശങ്ങൾ:

ഉയർന്ന ജനിതകഗുണമുള്ള സങ്കരയിനം കന്നുകാലികൾക്ക് ശാസ്ത്രീയ പരിചരണവും പോഷക സമൃദ്ധമായ തീറ്റയും ആവശ്യമാണ്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ എല്ലാ പശുക്കുട്ടികൾക്കും ഗുണമേന്മയുള്ള തീറ്റ സബ്സിഡി നിരക്കിൽ നൽകുക.

ലാഭകരമായ പശുപരിപാലനത്തിന്റെ സുപ്രധാന ഘടകമാണ് പച്ചപ്പുല്ലിന്റെ ലഭ്യത. വൈക്കോലാണ് നമ്മുടെ പരുഷാഹാരത്തിന്റെ ആവശ്യത്തിലേറെയും നിറവേറ്റയിരുന്നത് എന്നാൽ നെൽകൃഷി കുറഞ്ഞു വരുന്ന സന്ദർഭത്തിൽ ഈ കുറവു പരിഹരിക്കുവാൻ കൃഷി- ക്ഷീരവികസനവകുപ്പ് എന്നിവയുടെ സഹകരണത്തോടെ തീറ്റപ്പുൽ ഉൽപാദനത്തിന്റെ കാര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ തന്നെ നീക്കങ്ങൾ നടത്തേണ്ടതാണ്.

ചില പ്രായോഗിക നിർദ്ദേശങ്ങൾ:-

1. സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വഴിയോരത്ത് തണൽ മരങ്ങളായി കാലിത്തീറ്റയ്ക്ക് പറ്റിയ സുബാബുകൾ, പ്ലാവ്, മുതലായവ വെച്ചു പിടിപ്പിക്കുന്നതിനുള്ള നീക്കം പരിഗണിക്കേണ്ടതാണ്.
2. നെൽകൃഷി ചെയ്യാതെ തരിശായി കിടക്കുന്ന പാടങ്ങൾ തീറ്റപ്പുൽകൃഷിക്കുപയോഗിക്കുക.
3. പാഴായി കിടക്കുന്ന തരിശായ ഭൂമികൾ സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷിക്കായി മാറ്റിയെടുക്കുക.
4. പാരമ്പര്യേതര കാലിത്തീറ്റ സ്രോതസ്സുകൾ കണ്ടെത്തി അവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക

തൊട്ടടുത്ത പഞ്ചായത്തുകളിൽ ഒന്നും രണ്ടും ക്ഷീര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുമ്പോൾ പാനൂർ പഞ്ചായത്തിൽ ഇതുവരെയായി അതിനുള്ള ശ്രമം നടന്നുകാണുന്നില്ല. പാൽ സംഭരണവും വിതരണവും വികസിപ്പിക്കുന്നതിനും പാലിന് ശാസ്ത്രീയമായ വില നിർണയം നടത്തുന്നതിനും ഒരു ക്ഷീരസഹകരണ സംഘം ഈ പഞ്ചായത്തിന്റെ ഒരു അത്യാവശ്യ ഘടകമാണ്. വന്ധ്യതാനിവാരണമാണ് വളരെ ശ്രദ്ധിക്കേണ്ട മറ്റൊരു മേഖല. പശുക്കളുടെ ആദ്യപ്രസവത്തിന്റെ വയസ്സ് 30 മാസവും , ഓരോ വർഷവും ഓരോ പ്രസവം എന്നലക്ഷ്യവും കൈവരിക്കുവാനായാൽ പശുക്കളുടെ എണ്ണം കൂട്ടാതെ തന്നെ ഉത്പാദനം വർദ്ധിപ്പിക്കുവാൻ കഴിയും.

രോഗങ്ങളുടെ നിവാരണം- പ്രത്യേകിച്ചും ഉത്പാദനത്തോടനുബന്ധിച്ചുള്ള രോഗങ്ങളുടെ നിവാരണം പരിശീലനത്തിലൂടെ പകർന്നു കൊടുക്കേണ്ടതായിട്ടുണ്ട്. കർഷകർക്ക് ലാഭകരമായ പാലുത്പാദനത്തിൽ കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനായി പഞ്ചായത്തിലെ തിരഞ്ഞെടുത്ത 10% കറവപ്പശുവിനെങ്കിലും 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകണം.

മുട്ടയുത്പ്പാദന രംഗം:-

കേരളത്തിലെ പ്രതിവർഷ മുട്ടയുൽപാദനം 1993-94 കണക്കനുസരിച്ച് 184 കോടിയാണ്. എന്നാൽ കേരളത്തിൽ ഉപയോഗിക്കപ്പെടുന്ന മുട്ടയുടെ എണ്ണം 230 കോടിയാണ്. അതായത് 46 കോടിയോളം അന്യസംസ്ഥാനങ്ങളിൽ നിന്നും ഇവിടേക്ക് ഇറക്കുമതി ചെയ്യുന്നു ഈ ഇനത്തിൽ മാത്രം 32 കോടി രൂപയോളം കേരളത്തിൽ നിന്നും പ്രതിവർഷം അന്യസംസ്ഥാനങ്ങളിലേക്ക് ഒഴുകി പോകുന്നു എന്നർത്ഥം.

അടുക്കള മുറ്റത്തെ കോഴിവളർത്തലിന് പ്രാധാന്യം നൽകിയാൽ തൊഴിലുള്ള വീട്ടമ്മമാർക്ക് ഉപതൊഴിൽ എന്ന രീതിയിലും തിരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ സംഘടിത സഹകരണ സംഘങ്ങൾ ഉണ്ടാകുകയും ഇവിടെ ഉത്പാദിപ്പിക്കുന്ന മുട്ട സംഭരിച്ച് സംഘത്തിന്റെ തന്നെ വിപണന ശ്രൃംഖല വഴി സംഭരിച്ച് കമ്പോളങ്ങളിലെത്തിച്ചാൽ വലിയ ഒരളവിൽ ഈ രംഗത്ത് സ്വയം പര്യാപ്തത കൈവരിക്കുവാൻ സാധിക്കും. സ്കൂൾ വിദ്യാർത്ഥികളിൽ ഈ മേഖലയിലേക്ക് ഒരു പരിജ്ഞാനം എന്ന രീതിയിൽ ഉയർന്ന ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ഇടയിലും പഠനത്തോടൊപ്പം സമ്പാദ്യശീലവും കോഴിവളർത്തലിൽ താല്പര്യം ഉണ്ടാക്കുകയും ഗുണനിലവാരമുള്ള കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിനായി ബ്ലോക്ക് തലത്തിലൊ ജില്ലാ തലത്തിലൊ എഗ്ഗർ നഴ്സറിയും ഹാച്ചറിയും തുടങ്ങുവാനുള്ള സംവിധാനം ഉണ്ടാവണം.

ഇറച്ചിക്കോഴി വളർത്തൽ:

പ്രത്യേക പ്രജനന പ്രക്രിയകൾ വഴി മാംസോല്പാദനത്തിനു വേണ്ടി മാത്രം വികസിപ്പിച്ചെടുത്ത വർഗത്തെയാണ് ബ്രോയിലർ എന്നു പറയുന്നത്. ഇവ 7 മുതൽ 8 ആഴ്ചക്കുള്ളിൽ ഉപയോഗത്തിനും വിപണനത്തിനും യോഗ്യമാകുമെന്നതിനാൽ വർഷം 5 തവണ ഇറച്ചിക്കോഴികളെ വളർത്തി എടുക്കുവാൻ സാധിക്കും.
സ്വയം തൊഴിലായും, സ്വകാര്യമേഖലയിലും, മഹിളാ സമാജങ്ങൾ വഴിയും കുടുംബത്തിലെ സ്ത്രീകളുടെയും കുട്ടികളുടെയും ഒഴിവു സമയം ഉപയോഗപ്പെടുത്തികൊണ്ട് ചെറുകിട ഇറച്ചിക്കോഴി യൂണിറ്റ് (250 എണ്ണം) ആരംഭിക്കാം.

സാമൂഹ്യക്ഷേമ വകുപ്പിന്റെ ഗ്രാമീണ വനിതാ ശിശു വികസന പദ്ധതിയിൽ ലഭിക്കുന്ന ധനസഹായം ഉപയോഗപ്പെടുത്തി വനിതാ സഹകരണ സംഘങ്ങൾ വഴി ഈ പദ്ധതി നടപ്പാക്കാവുന്നതാണ്.തൊട്ടടുത്ത പഞ്ചായത്തുകളിൽ സ്വകാര്യ മേഖലയിൽ ഈ സംരംഭം വളരെ വിജയകരമായി നടക്കുന്നത് മാതൃകയായി എടുക്കാവുന്നതാണ്.

മുയൽ വളർത്തൽ:-

കാണാൻ കൌതുകമുള്ളതും പിഞ്ചോമനകൾക്ക് കളിക്കൂട്ടുകാരായും മുയൽ എന്ന മൃഗത്തെ, നാം കാണുന്നുവെങ്കിൽ കൂടി മുയൽ വളർത്തലിലൂടെ ഒരു നല്ല വരുമാന മാർഗ്ഗം കൂടി ഉണ്ടാക്കാം. സ്കൂൾ വിദ്യാർത്ഥികളിൽ മുയൽ വളർത്തൽ പദ്ധതി വ്യാപകമാക്കാവുന്നതാണ്.

മുയൽ ഇറച്ചിക്ക് പുറമെ തുകൽ കൊണ്ടുള്ള ഹാൻറ് ബേഗ്, തൊപ്പി, പേഴ്സ് മുതലായവ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാവുന്നതാണ്.

ആടുവളർത്തൽ:-

ഇടത്തരം കർഷകരുടെ സാമ്പത്തിക പരിമിതകൾക്കനുയോജ്യം എന്നാണ് പഴമൊഴി. സ്വർണ്ണപ്പണ്ടം പോലെ വിറ്റു പണമാക്കാവുന്നതാണ്. അഴിച്ചുവിടാൻ മേച്ചിൽ പുറങ്ങൾ ഇല്ലാത്തതിനാൽ നമ്മുടെ പഞ്ചായത്തിൽ കെട്ടിയിട്ട് വളർത്തുന്നതാണ് ഉത്തമം. കുറഞ്ഞ മൂലധനം മറ്റൊരു ആനുകൂലസാഹചര്യമാണ്. തിരഞ്ഞെടുക്കുന്ന കേന്ദ്രങ്ങളിൽ മുട്ടനാടുകളെ വളർത്തി പ്രജനനയൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. സ്വകാര്യമേഖലയിൽ തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് കടന്നുവരാവുന്ന ഒരു മേഖലയാണ്. പ്രസവ ദൈർഘ്യം കുറവും, ഒരു പ്രസവത്തിൽ കൂടുതൽ

കുഞ്ഞുങ്ങളുണ്ടാകുമെന്നുള്ളത് കൊണ്ടും മലബാറി ഇനത്തിൽപെടുന്ന ആടുകളെ ഈ പ്രദേശത്തിന് കൂടുതൽ യോജിക്കുന്നതായതുകൊണ്ടും കുറഞ്ഞ കാലയളവിനുള്ളിൽ കൂടുതൽ സാമ്പത്തിക നേട്ടം ഈ മേഖലയ്ക്ക് കൈവരിക്കുവാൻ സാധിക്കും. കൂടാതെ തീറ്റപരുമുള്ള കർഷകരെ തിരഞ്ഞെടുത്ത് ഏരുമ വളർത്തൽ, പന്നി വളർത്തൽ, താറാവ് വളർത്തൽ, കാട് വളർത്തൽ മുതലായവ പദ്ധതികൾ നടപ്പാക്കാവുന്നതാണ്.

സേവന മേഖല:

മാംസോത്പാദനം:-

നമ്മുടെ പ്രദേശത്ത് ഏകദേശം 90% ആളുകളും മാംസം ഉപയോഗിക്കുന്നവരാണ്. അനൗദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിൽ ഏതാണ്ട് 2 ലക്ഷത്തിലധികം ടൺ മാംസം വിറ്റഴിക്കപ്പെടുന്നുവെന്നും ഇതിന്റെ മൂല്യം ഏതാണ്ട് 1000 കോടി രൂപയോളം വരുമെന്നുമാണ്. കേരളത്തിലെ മാംസോത്പാദനത്തിനുള്ള മൃഗങ്ങളിൽ 85-90 ശതമാനം വരെ അന്യസംസ്ഥാനങ്ങളിൽ നിന്നാണ് വരുന്നത്. അതിനാൽ ഈ രംഗത്ത് ക്രയവിക്രയം ചെയ്യപ്പെടുന്ന സമ്പത്തിന്റെ ഏറിയ പങ്കും സംസ്ഥാനത്തിന് പുറത്തേക്ക് ഒഴുകുന്നു. സ്വയം പര്യാപ്തയ്ക്ക് മുൻതൂക്കം നൽകിയുള്ള പദ്ധതി നടപ്പിലാക്കിയാൽ ഈ സമ്പത്ത് മുഴുവൻ നമ്മുടെ ഗ്രാമീണരുടെ കൈകളിലേക്ക് തിരിച്ചു വിടുവാൻ കഴിയും.

പാനൂർ പഞ്ചായത്തിൽ ലൈസൻസുള്ള അറവുശാലകൾ ഇല്ല. മൃഗങ്ങളുടെ അറവ് നടക്കുന്നത് വളരെ വൃത്തികെട്ട സാഹചര്യത്തിലായതിനാലും മാംസ പരിശോധനയുടെ അഭാവത്തിൽ ചത്തതും രോഗം ബാധിച്ചതുമായ മൃഗങ്ങളുടെ മാംസം വിറ്റഴിക്കപ്പെടുന്നതിനാലും പൊതുജനാരോഗ്യത്തിന് ഭീഷണിയാകുന്ന സാഹചര്യം ഇന്നത്തെ അവസ്ഥയിലുണ്ട്. എന്നാൽ ആധുനികവും ശാസ്ത്രീയവുമായ അറവുശാലകളിൽ മൃഗങ്ങളെ അറവിനു മുമ്പും, പിമ്പും വെറ്ററിനറി ഡോക്ടർ പരിശോധനയ്ക്ക് വിധേയമാക്കി മാംസത്തിന്റെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിനാൽ മാംസത്തിൽ നിന്നും മനുഷ്യന് പകരുന്ന രോഗങ്ങളുടെ ഭീഷണി ഒഴിവാക്കുന്നു.

ആധുനിക രീതിയിലുള്ള ഒരു അറവുശാല ഈ പഞ്ചായത്തിന്റെ ഒരു പരമ പ്രധാനമായ ആവശ്യമായി കണക്കാക്കേണ്ടതാണ്. സഹകരണാടിസ്ഥാനത്തിൽ ബ്ലോക്കുതല അറവുശാലകൾ ആരംഭിക്കാവുന്നതാണ്. സഹകരണ സംഘത്തിലൂടെ പഞ്ചായത്തുതല സംഘം മൃഗങ്ങളെ കർഷകരിൽ നിന്നും വാങ്ങി പഞ്ചായത്തിലെ വെറ്ററിനറി ഡോക്ടർമാരുടെ പ്രാഥമിക പരിശോധനക്കു വിധേയമാക്കിയ ശേഷം ബ്ലോക്കു തലത്തിലുള്ള അറവുശാലയിലേക്ക് കയറ്റി അയക്കുന്നു. അവിടെ വെച്ച് അറവിന് മുമ്പും പിമ്പും വിശദമായ പരിശോധനകൾക്ക് വിധേയമാക്കുന്നു. അറവിനുശേഷം ശീതീകരിച്ച് പായ്ക്ക് ചെയ്ത മാംസം പഞ്ചായത്ത് തലത്തിലും നഗര തലത്തിലുമുള്ള മാംസ വിൽപന സ്റ്റാളുകൾ മുഖേന ഗുണഭോക്താക്കളിലെത്തിക്കുന്നു. അറവിനു വിധേയമാക്കിയ മൃഗത്തിന്റെ നിലവിളി മാത്രമേ പാഴായി പോകുന്നുള്ളൂ എന്നൊരു ചൊല്ലുതന്നെയുണ്ട്. ഇതിനുള്ള കാരണം അറവിനുശേഷം എല്ലാ ഉത്പന്നങ്ങളും ഉപയോഗയോഗ്യമാണ് എന്നുള്ളതാണ് . പ്രധാന ഉത്പന്നമായ മാംസം, ഭക്ഷ്യാവശ്യത്തിനെടുത്തു കഴിഞ്ഞാൽ ബാക്കിവരുന്ന തൊലി, എല്ല്, കൊമ്പ്, കുളമ്പ്, കൊഴുപ്പ്, രക്തം, കുടൽ, ആമാശയം, ആന്തരാവയവം, ഹോർമോൺ ഗ്രന്ഥികൾ എന്നിവ ഒന്നും പാഴാക്കിക്കളയാതെ വിവിധ ആവശ്യങ്ങൾക്കായി സംസ്കരിച്ചെടുക്കാവുന്നതാണ്. ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.


പേവിഷ നിയന്ത്രണം:

മൃഗങ്ങളിൽ നിന്നും പ്രത്യേകിച്ച് പട്ടികളിൽ നിന്നും മനുഷ്യരിലേക്ക് പകരുന്ന ഏറ്റവും മാരകവും ഭയാനകവുമായ ഒരു രോഗമാണ് പേവിഷബാധ. 2000ാമാണ്ടോടെ പേവിഷ നിയന്ത്രിതമായ ഒരു ജനത എന്ന ലക്ഷ്യത്തോടെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏകോപിപ്പിച്ച് സമയബന്ധിതമായ തീവ്രയത്ന പരിപാടിയിലൂടെ പേവിഷ നിയന്ത്രിത പരിപാടി നടപ്പിലാക്കണം. വളർത്തുനായ്ക്കളുടെ കണക്കെടുപ്പ് മുതൽ ജനന മരണം വരെയുള്ള റിപ്പോർട്ടുണ്ടാക്കി നിർബന്ധമായും പ്രതിരോധ കുത്തിവെപ്പിനു വിധേയമാക്കണം. അലഞ്ഞു നടക്കുന്ന മുഴുവൻ തെരുവുനായ്ക്കളെയും നശിപ്പിക്കുവാനുള്ള സ്ഥിരം സംവിധാനം ഉണ്ടാവണം. വർഷം തോറും വളർത്തുനായ്ക്കൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തി ലൈസൻസ് നിർബന്ധമാക്കണം. ചപ്പുചവറുകളും ഭക്ഷണാവശിഷ്ടങ്ങളും തെരുവീഥികളിൽ വലിച്ചെറിയുന്നതു വിലക്കുകയും വേണം. പേവിഷ ബോധവൽക്കരണം വ്യാപകമാക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാവുന്നതാണ്.


3. മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കുക:-

എസ്. പി. സി. എ ആക്ട് ഫലപ്രദമായി നടപ്പാക്കി ജന്തുക്കളോടുള്ള ക്രൂരതയ്ക്കെതിരെ നടപടി സ്വീകരിക്കുക.


മാംസ ഉത്പാദന ശൃംഖല
ഒരു മാതൃക



മാം സം ഉൽപാദനം നിലവിൽ



മൃഗങ്ങൾക്ക് രോഗം വന്നതിന്റെ ചിത്രം



4. വിജ്ഞാനവ്യാപന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക:-

നിലവിലുള്ള പരിശീലന കേന്ദ്രങ്ങൾ മെച്ചപ്പെടുത്തി വർഷം തോറും പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്ക് പരിശീലനം കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാകണം. 037

പഞ്ചായത്ത് വാർഡ് തല സെമിനാറുകളും കേമ്പുകളും സംഘടിപ്പിച്ച് കർഷകർക്ക് അതിൽ പങ്കെടുക്കുവാനുള്ള പ്രോത്സാഹനവും നല്കണം.

5. അടിസ്ഥാന സൗകര്യങ്ങളുടെ വികസനം:

മൃഗചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ:

മൃഗ സംരക്ഷണ മേഖലയിൽ വലിയ വികസനം നടക്കുകയാണെങ്കിൽ അതിനൊപ്പം ചില അനുബന്ധ ഘടകങ്ങളിൽ കൂടി വികസനം നടത്തേണ്ടതുണ്ട്. 1958 ൽ ആരംഭിച്ച പാനൂരിലെ മൃഗാശുപത്രി 40 വർഷം തികയാറായിട്ടും ഒരു സ്വകാര്യ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് സ്വന്തം കെട്ടിടം സ്ഥാപിച്ച് ആധുനിക രോഗ നിർണ്ണയ സംവിധാനങ്ങൾ, പരിശോധന ലബോറട്ടറികൾ എന്നിവ സ്ഥാപിക്കണം. ആശുപത്രിയിൽ എല്ലാ മരുന്നുകളും യഥാസമയം ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്. മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ വാഹന സൗകര്യം ടെലഫോൺ സൗകര്യം എന്നിവ ലഭ്യമാക്കണം.

മൃഗ ചികിത്സാ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനും നൂതന വിദ്യകൾ പ്രയോഗിക്കുന്നതിനും വികസന സമിതി രൂപീകരിച്ചു പ്രവർത്തിക്കണം. പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട വെറ്ററിനറി പബ്ലിക് ഹെൽത്ത് വിഭാഗം മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാവേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ജന്തു ജന്യരോഗങ്ങൾ പ്രധാനമായും പേവിഷ ബാധ, ബ്രുസ്ല്ലോസിസ്, എലിപ്പനി, പോലുള്ള രോഗങ്ങൾ നിയന്ത്രണം ചെയ്യുന്നതിനുള്ള നീക്കങ്ങൾ 9-ാം പഞ്ചവത്സര പദ്ധതി കാലഘട്ടത്തിൽ ഉണ്ടാകേണ്ടതാണ്.

ആസൂത്രണ മേഖല:-

കാലാകാലങ്ങളിൽ വിളിച്ചു ചേർക്കുന്ന ഗ്രാമസഭകളിൽ വകുപ്പുദ്യോഗസ്ഥന്മാർ പങ്കെടുക്കുകയും കർഷകർക്കുള്ള അഭിപ്രായങ്ങൾ മനസ്സിലാക്കുകയും ചെയ്യുക, പഞ്ചായത്ത് രാജ് സെമിനാറിൽ സചേതനമായ ഒരു മൃഗ സംരക്ഷണ മേഖലയ്ക്ക് പ്രസക്തി നൽകുന്ന സമഗ്ര പദ്ധതി അവതരിപ്പിക്കുക, പഞ്ചായത്ത് ആസൂത്രണ സെൽ രൂപീകരിക്കുക. ഇതര വകുപ്പുകളുമായി മെച്ചപ്പെട്ട സഹകരണം ഉറപ്പുവരുത്തുക. താഴെ പറയുന്ന രംഗങ്ങളിൽ ലഭ്യമാകുന്ന സംഭാവനകൾ കണക്കിലെടുക്കുമ്പോൾ മൃഗസംരക്ഷണ മേഖല പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

1. തൊഴിലവസരങ്ങൾ:- തൊഴിലുള്ളവർക്ക് ഉപതൊഴിൽ സ്ത്രീകൾക്കും, തൊഴിലില്ലാത്ത യുവാക്കൾക്കും മുഖ്യ തൊഴിൽ
2. ദൈനം ദിന വരുമാന വർദ്ധന
3. മുട്ട, പാൽ, മാംസം തുടങ്ങിയ പോഷക പ്രധാനമായ ആഹാര വസ്തുക്കളുടെ ഉല്പാദന വർദ്ധന.
4. ബയോഗ്യാസ് തുടങ്ങിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെ ആവിർഭാവം.
5. പരിസ്ഥിതിക്കനുകൂലമായ മൃഗശക്തി
6. ജൈവ വളങ്ങൾ

ചുരുക്കത്തിൽ മൃഗസംരക്ഷണമേഖലയിൽ കഴിഞ്ഞ മൂന്ന് ദശാബ്ദക്കാലത്തിനിടയിൽ കൈവരിച്ച നേട്ടങ്ങൾ അസൂയാവഹമാണ്. എന്നാൽ ഈ നേട്ടങ്ങൾ നമ്മുടെ ഗ്രാമീണ ജനതയുടെ പ്രതീക്ഷക്കൊത്തു താഴേത്തട്ടിലേക്കെത്തിക്കാൻ എത്രമാത്രം കഴിഞ്ഞിട്ടുണ്ട് എന്നത് പരിശോധന അർഹിക്കുന്നു.ആസൂത്രിതമായ ഒരു വികസന തന്ത്രത്തിന്റെ അഭാവം ഈ കാര്യത്തിൽ ഉണ്ടായിട്ടുണ്ട്.

ഹ്രസ്വമായകാലയളവിൽ കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ ലാഭം, കാലാവസ്ഥയിലെ ചെറിയ വ്യതിയാനങ്ങളെ ചെറുക്കുവാനുള്ള കഴിവ്, ഒരു ജോലിയിൽ നിന്നും മറ്റൊരു ജോലിയിലേക്ക് കർഷകന് എളുപ്പത്തിൽ മാറ്റുവാൻ സാധിക്കും എന്നീ കാരണങ്ങൾ കൊണ്ടും ഏറിയ പങ്കും സംസ്ഥാനത്തിനകത്ത് ഉപയോഗിക്കപ്പെടുന്നതിനാൽ അന്താരാഷ്ട്ര വിപണയിലെ താളം തെറ്റൽ,കേന്ദ്രത്തിൽ മാറി മാറി വരുന്ന സർക്കാരിന്റെ ഇറക്കുമതി നയം എന്നിവ ഈ ഉത്പന്നങ്ങളുടെ വിപണിയെ ബാധിക്കുന്നില്ല എന്നത് കൊണ്ടുംസ്വയം പര്യാപ്തയ്ക്ക് മുൻതൂക്കം നല്കിക്കൊണ്ട് ശക്തമായ സഹകരണ ശൃംഖലയുടെ സഹായത്തോടെ നടപ്പാക്കുന്ന സമഗ്രവികസപരിപാടി ഈമേഖലയുടെ വികസനത്തിനും അത് വഴി പാനൂരിലെ കർഷകർക്കും വരും ദശകങ്ങളിൽ ഒട്ടേറെ ഗുണം ചെയ്യുവാൻ കഴിയും എന്നു വിശ്വസിക്കുന്നു.

മത്സ്യമേഖല

കടലും കായലുമൊന്നുമില്ലാത്ത പരിമിതമായ മത്സ്യബന്ധന സാധ്യതകളുള്ള ഒരു പഞ്ചായത്താണ് പാനൂർ പഞ്ചായത്ത്. കടലോരത്തുനിന്നും 11 കി. മീ. ക്കലെ പാലത്തായി പുഴയോട് ഓരം ചേർന്നു കിടക്കുന്ന പാനൂർ പഞ്ചായത്തിൽ 2292 കുടുംബങ്ങളുണ്ട്. അപരിൽ 98% പേരും നത്യേന മത്സ്യം കഴിക്കുന്ന ആളുകളാണ്. എന്നാൽ ഇവിടെ പിടിക്കുന്ന മത്സ്യം പുഴ മത്സ്യമാണ് എന്നു മാത്രമല്ല അവ വിപണികളിലെത്തിക്കാൻ വേണ്ടത്ര ലഭിക്കാറില്ല. അതുകൊണ്ടുതന്നെ ആരും മത്സ്യബന്ധനത്തെ ഒരു തൊഴിലായ് എടുത്തിട്ടില്ല. പിടിക്കുന്ന മത്സ്യം സ്വന്തം കുടുംബത്തിൽ ഉപയോഗിക്കുകയാണ്. പ്രധാനമായി പാലത്തായി പുഴ, വയലുകൾ, കുളങ്ങൾ എന്നിവയാണ് മത്സ്യം ലഭിക്കുന്ന സ്ഥലങ്ങൾ. പക്ഷെ അടുത്തകാലത്ത് മത്സ്യത്തിന് വ്യാപകമായി അസുഖം ബാധിക്കുകയും വംശനാശ ഭീഷണി നേരിടുകയുമാണ്. അഞ്ച് വർഷം മുമ്പ് മാത്രമാണ് മത്സ്യത്തിന് രോഗം കണ്ടുതുടങ്ങിയത്.
എല്ലാതരം മത്സ്യത്തെയും അസുഖം ബാധിച്ചതായാണ് കാണുന്നത്.

ബരാൽ (കരിച്ചിൽ)കടുങ്ങാലി, മുഴു, വാള, മെലിഞ്ഞിൽ, ആരൽ, കൊഞ്ചൻ, പേർമ്മിനും ഇരുമീനും പുഴയിൽ മാത്രം കാണുന്നു. പക്ഷെ പാനൂരിന്റെ വിപണയിലേക്കുവരുന്നത് തലശ്ശേരിയിൽ നിന്നും വരുന്ന കടൽ മത്സ്യങ്ങളാണ്.

മാർക്കറ്റ്:

പാനൂർ ടൗണിൽ തന്നെയുള്ള പഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ലക്സിലാണ് ഇപ്പോൾ മത്സ്യ മാർക്കറ്റ് പ്രവർത്തിക്കുന്നത്. ലൈസൻസുള്ള 18 മത്സ്യതൊഴിലാളികൾ ഇവിടെ ഉണ്ട്. ഇവിടെ പ്രധാനമായും വിപണനം നടത്തിവരുന്നത് മത്തി, അയില, സ്രാവ്, എന്നിവയാണ്. ഇവ കൂടാതെ, ആവോലി, അയക്കൂറ,ചെമ്മീൻ എന്നിവയും ലഭ്യമാണ്. ഇതിനുപുറമെ പഞ്ചായത്തിന്റെ മുക്കിലും മൂലയിലും സൈക്കിളിലും തലച്ചുമടായും മത്സ്യവിപണനം നടക്കുന്നു. മത്സ്യം കൊണ്ടുപോയ് വിൽക്കുന്നവരായ് 25 തൊഴിലാളികളുണ്ട്. മത്സ്യ വിപണനം ലാഭകരമായ ഒരു തൊഴിലാണ് എന്ന അവസ്ഥ പാനൂരിലുണ്ട്. ഇത് ഈ മേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നു. ചിലർ പഞ്ചായത്തിന് പുറത്ത് നിന്ന് പാനൂരിലേക്ക് വിപണനത്തിന് എത്തുന്നവരാണ്. ഇത്രയൊക്കെ സാധ്യതകളുണ്ടായിട്ടും പാനൂരിൽ ഇതുവരെ മത്സ്യ ഉദ്പാദനരംഗത്ത് ഒരു ശ്രമം പോലുമുണ്ടായിട്ടില്ല. മത്സ്യകൃഷയുടെ സാധ്യതയെയും ഗുണങ്ങളെയും കുറിച്ച് നിലവിൽ ആളുകൾ ബോധവാൻമാരല്ല എന്ന അവസ്ഥയുണ്ട്. അവർക്ക് ബോധവൽക്കണ്തിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക വഴി ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ കഴിയും. ഇവിടെ ശുദ്ധജല മത്സ്യങ്ങൾ ഭക്ഷണത്തിനും അതുപേലെ അലങ്കാരത്തിനും ഉപയോഗിക്കുന്നവയെ വളർത്താൻപറ്റിയ സൗകര്യങ്ങൾ പരിമിതമായെങ്കിലും ഉണ്ട്.

പ്രശ്നങ്ങൾ:

പാനൂരിലെ മാർക്കറ്റിൽ അയൽപഞ്ചായത്തുകളിലുള്ളതിനേക്കാൾ വില കൂടുതൽ ഈടാക്കുന്ന അവസ്ഥയുണ്ട്.
ഗുണ നിലവാരം കുറഞ്ഞതും രാസപദാർത്ഥങ്ങൾ ചേർത്തതുമായ മത്സ്യമാണ് പലപ്പോഴും ലഭിക്കുന്നത്.
മാർക്കറ്റിനകത്ത് മത്സ്യത്തിനെ കേടുകൂടാതെ സൂക്ഷിക്കാനുള്ള സംഭരണികളില്ല.

സാദ്ധ്യതകൾ:

ശുദ്ധജല മത്സ്യകൃഷിക്ക്സാദ്ധ്യതയുണ്ട്.
നിലവിലുള്ള കുളങ്ങളും പാലത്തായിപുഴയും മത്സ്യകൃഷിക്ക് ഉപയുക്തമാക്കണം.
പാനൂർ പഞ്ചായത്തിലെചില സ്ഥലങ്ങളിൽ പുതുമഴ പെയ്താൽ ഏറ്റുമീൻ പിടിക്കുന്നത് സാധാരണ കാഴ്ചയാണ്. മുളച്ചീന്തുകൾ കൊണ്ട് കെട്ടിയുണ്ടാക്കിയ കൂടുകളും കോരുവലകളുമാണ് സാധാരണ ഉപയോഗിക്കുന്നത്.(പാലത്തായി പുഴയിൽ തലകല്ലുമ്പ്രത്ത് പ്രത്യേകം ചെത്തിയുണ്ടാക്കിയ ചാലിലാണ് കൂടുവെച്ച് മീൻപിടിക്കുന്നത്) വരാൽ മത്സ്യത്തെ പിടിക്കാൻ'' പറം'' ങ്ങളും സാധാരണ കെട്ടിയുണ്ടാക്കാറുണ്ട്.



വിദ്യാഭ്യാസം

തലശ്ശേരി വിദ്യാഭ്യാസ ജില്ലയിലെ പാനൂർ സബ്ജില്ലയിൽ ഉൾക്കൊള്ളുന്നതാണ് പാനൂർ പഞ്ചായത്ത്. ഒരു നൂറ്റാണ്ടിനോട് അടുത്ത് പഴക്കമുള്ളതാണ് പാനൂരിന്റെ വിദ്യാഭ്യാസ ചരിത്രംനൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പാനൂരിലെ ചിലപ്രദേശങ്ങളിൽ കോലായ പഠനങ്ങൾ ഉണ്ടായിരുന്നതായി പഴമക്കാർ പറയുന്നു.

പാനൂരിന്റെ വിദ്യാഭ്യാസ ചരിത്രത്തിനു വഴിത്തിരിവുണ്ടാകുന്നത് സായിപ്പൻമാരുടെ വരവോടുകൂടിയാണ്. ജർമ്മൻ സായിപ്പൻമാരായിരുന്നു ഇവരിൽ പ്രധാനികൾ. തലശ്ശേരി പട്ടണത്തിൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ പാർസി ഹൈസ്കൂൾ എന്ന ഉന്നതമായ ഒരു സ്ഥാപനം അവരുണ്ടാക്കി. അതോടൊപ്പം തന്നെ പരിസരത്തുള്ള ചെറിയ പട്ടണങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു ശ്രമവും അവർ നടത്തി. തത്ഫലമായി പാനൂരും അവരുടെ ശ്രദ്ധയിൽപ്പെട്ടു. സായിപ്പൻ മാരുടെ പ്രതിനിധികൾ പാനൂരിൽ വന്നു. ഗ്രാമത്തിന്റെ ഹരിത ശീതള ഭംഗിയിൽ ആറാടിനിൽക്കുന്ന പാനൂർ അവരെ ആകർഷിച്ചു. ഇവിടെ ഒരു മിഡിൽ സ്കൂൾ സ്ഥാപിക്കാൻ അവർ ആഗ്രഹം പ്രകടിപ്പിച്ചു. പരിസര പ്രദേശങ്ങളിൽ നിന്നും വ്യത്യസ്തമായി പാനൂർ പ്രദേശം മിക്കവാറും മുസ്ലീം ഭൂരിപക്ഷ പ്രദേശമായിരുന്നു. പല മുസ്ലീം പ്രമാണിമാരുടെയും സഹായം സമ്പാദിച്ച് ഇന്നു നമ്മുടെ സർക്കാർ ആശുപത്രി നിൽക്കുന്ന സ്ഥലത്ത് 29 സെൻറ് സ്ഥലം 1914 ജൂലൈ 17ാം തീയ്യതി ചാക്കോട്ട് എടക്കുഴി അലീന എന്ന സ്ത്രീയിൽനിന്ന് ബാസൽ ജർമ്മൻ ഇവാഞ്ചലിക്കൽ മിഷൻ സംഘത്തിന്റെ ആൾ ഇന്ത്യാ ട്രഷററും ജില്ലാ സെക്യുലർ ഏജൻറുമായ ഹൈന്ദ്രിക് സായിപ്പ് ജന്മത്തിനെടുത്തു. പണയാവകാശവും കൈവശാവകാശവും നിക്ഷിപ്തമായിരുന്ന നാരായണത്ത് ചതുപ്പേരി മമ്മതിൽ നിന്നും കൈവശാവകാശം ഒഴിമുറി വാങ്ങുകയും ചെയ്തു. അങ്ങനെ പാനൂരിൽ ആദ്യമായ് ഒരു ഓടുമേഞ്ഞ കെട്ടിടം വന്നു. ഇതായിരുന്നു പാനൂരിലെ ആദ്യത്തെ മിഡിൽ സ്കൂൾ.

എലിമെൻററി വിദ്യാലയങ്ങൾക്ക് പുറമെ ഒന്നും രണ്ടും മൂന്നും ഫോറങ്ങളിലായിരുന്നു ഇവിടെ ഉണ്ടായിരുന്നത്. ക്ലാസുകൾ ക്രമമായി പുരോഗമിച്ചു. തലശ്ശേറിയിൽ നിന്നും വന്ന ബെഞ്ചമിൻ, ഐസക്ക് മുതലായ അദ്ധ്യാപകർ ഇവിടെ സേവനം നടത്തി. നാട്ടുകാരായ പല അദ്ധ്യാപകരും അവിടെ നിയമിക്കപ്പെട്ടു. വിദ്യാലയം നടത്താൻ നാട്ടുകാർ ബോധവാൻമാരായെന്നുകണ്ടപ്പോൾ തങ്ങളുടെ ബാദ്ധ്യത ഒഴിയുകയും 1942-17ാം തീയ്യതി പ്രതിവർഷം 150രൂപ പാട്ടം കൊടുക്കാനുള്ള നിബന്ധനയോടുകൂടി കച്ചീട്ടുകൊടുത്തു. അവിടെ നിന്നു തന്നെയായിരുന്നു പാനൂർ ഹൈസ്കൂളിന്റെ തുടക്കവും. ഒരു ഹൈസ്കൂൾ വേണമെന്ന ആഗ്രഹം പ്രകടിപ്പിച്ച നാട്ടുകാർ 30-10-52ന് ആ

സ്കൂളിന്റെ ഹാളിൽ തന്നെ സി. എച്ച്. ഗോപാലൻ നമ്പ്യാരുടെ നേതൃത്വത്തിൽ യോഗം ചേരുകയും വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. തകൃതിയായ പ്രവർത്തനത്തിന്റെ ഫലമായി 1953 ജൂൺ 23 നു പാനൂർ ഹൈസ്കൂൾ സ്ഥാപിതമായി. നാല് അദ്ധ്യാപകരും ഒരു ശിപായിയും 250 കുട്ടികളും അടങ്ങുന്നതായിരുന്നു തുടക്കത്തിൽ പാനൂരിലെ ഹൈസ്കൂൾ. 1990 ആവുമ്പോഴേക്കും പാനൂർ ഹൈസ്കൂൾ 4000 ത്തോളം കുട്ടികളുടെ പഠനകേന്ദ്രമാവുകയും ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുകയും പൊതുപരീക്ഷക്കിരിക്കുകയും ചെയ്യുന്ന സ്കൂളായി മാറി 1991 ൽ അത് രണ്ടായി വിഭജിക്കപ്പെടുമ്പോൾ 128 അദ്ധ്യാപകരടക്കം 137 ജീവനക്കാർ ജോലി നോക്കിയിരുന്ന. 100 വർഷം തികച്ച കണ്ണം വെള്ളി എൽ. പി. ,കാരോളിൽ എൽ. പി. സ്കൂൾ തിരുവാൽ യു. പി എന്നിവ 100 വർഷം തികച്ച വിദ്യാലയങ്ങളാണ്.

ഇന്നു പാനൂർ പഞ്ചായത്തിൽ 14 എയിഡ് സ്കൂളുകളും 1 ഗവ: സ്കൂളും 3 അൺ എയിഡഡ് സ്കൂളുകളുമാണുള്ളത്. അതിൽ 9 എണ്ണം എൽ. പി. വിഭാഗത്തിലും 3 എണ്ണം എച്ച്. എസ്. വിഭാഗത്തിലും 6 എണ്ണം യു. പി. വിഭാഗത്തിലും ഉൾപ്പെടുന്നു. ഒരു ഹൈസ്കൂളിൽ ഹയർ സെക്കൻററി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. വനിതകൾക്ക് മാത്രമായ് ഒരു സ്ഥാപനം ഇവിടെ പ്രവർത്തിക്കുന്നു. എസ്.എസ്.എൽ.സി., പ്രീഡിഗ്രി , സ്കൂൾ ഗോയിംഗ് എന്നിവ അടങ്ങുന്ന പാരലൽ കോളേജുകൾ 5 എണ്ണം പ്രവർത്തിക്കുന്നു. ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നു. ടൈപ്പ് റൈറ്റിംഗ് സ്ഥാപനത്തിൽ ഷോർട്ട് ഹാൻഡ് പഠിപ്പിക്കാറുണ്ടെങ്കിലും അത് ആരും ഗൗരവമായ് കാണുന്നില്ല. വെറും 4 പേർ മാത്രമാണ് ഇന്ന് ഷോർട്ട് ഹാൻഡ് പഠിക്കുന്നത്. രണ്ട് സംഗീത വിദ്യാലയവും ഒരു ചിത്രകലാ വിദ്യാലയും ഇവിടെ ഉണ്ട്. ഒരു ഐ. ടി. സി. ഇവിടെ പ്രവർത്തിച്ചിരുന്നു. ഇന്നു പാനൂർ പഞ്ചായത്തിൽ 3 ഇംഗ്ലീഷ് മീഡിയം നഴ്സറികളും 1മലയാളം മീഡിയം നഴ്സറിയും പ്രവർത്തിക്കുന്നു.

കഴിഞ്ഞ 3വർഷത്തിനുള്ളിലാണ് പഞ്ചായത്തിൽ പുതുതായിഇംഗ്ലീഷ് മീഡിയം നഴ്സറി ആരംഭിച്ചത്. അൽഹിദായ ഇസ്ലാമിക് കോളേജ് എന്ന പേരിൽ വനിതകൾക്കായി ഒരു സ്ഥാപനവും പ്രവർത്തിച്ചുവരുന്നു. പ്രീപൈമറി മുതൽ പ്രീഡിഗ്രി വരെ പഠിക്കുന്ന 9402 കുട്ടികളഇൽ 5260 ആൺകുട്ടികളും 3492 പെൺകുട്ടികളുമാണ്. 37.14% മാത്രമാണ് പെൺകുട്ടികളഉടെ നിരക്ക്. എൽ. പി. ,യു. പി., എച്ച്. എസ്. വിഭാഗത്തിലെ പെൺകുട്ടികളുടെ വിവരം പട്ടിക ഒന്നിലും പട്ടിക ജാതി-പട്ടികവർഗത്തിലുള്ളവരുടെ വിവരം പട്ടിക രണ്ടിലും പെടുത്തിയിരിക്കുന്നു.പട്ടിക 34 ൽ കൊടുത്തിരിക്കുന്നത് സർക്കാർ, എയിഡഡ് സ്കൂളുകളിലെഅദ്ധ്യാപകരെയും വിദ്യാർത്ഥികളെയും കുറിച്ചുള്ള വിവരമാണ്. പട്ടിക 4ൽ സ്കൂളുകളുടെ അക്കാദമിക്, ബൗദ്ധിക നിലവാരത്തിന്റെ കണക്കും രേഖപ്പെടുത്തുന്നു. പട്ടിക 5ൽ ഓരോ ക്ലാസിലെ കുട്ടികളുടെ എണ്ണവും കൊടുത്തിരിക്കുന്നു. പട്ടിക 6ൽ രേഖപ്പെടുത്തിയിരിക്കുന്നത് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരമാണ്.

3 പ്രീപ്രൈമറി വിദ്യാലയങ്ങളുള്ള നമ്മുടെ പഞ്ചായത്തിൽ 303 കുട്ടികളാണ് പഠിക്കുന്നത്. ഇവരിൽ 160 ആൺകുട്ടികളും 143 പെൺകുട്ടികളുമാണ്. നമ്മുടെ പഞ്ചായത്തിൽ പാരലൽ കോളേജുകളിൽ എസ്. എസ്. എൽ. സി. തോറ്റു പഠിക്കുന്ന 344 കുട്ടികളിൽ 202 ആണും 142 പെണ്ണും ഉൾപ്പെടുന്നു. എന്നാൽ പ്രീഡിഗ്രിക്ക് പഠിക്കന്ന 719 കുട്ടികളിൽ 301 ആൺകുട്ടികളും 418 പെൺകുട്ടികളുമാണ്. മൂന്ന് ടൈപ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടിലായി 40 ആൺകുട്ടികളും 129 പെൺകുട്ടികളും അടക്കം 169 കുട്ടികൾ പഠിക്കുന്നു. കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽ പഠിക്കുന്ന 82 കുട്ടികളി ൽ 24 ആൺകുട്ടികളും 58 ആൺകുട്ടികളുമാണ്.

നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കലാ കായിക മത്സരങ്ങൾ നടത്താറുണ്ട്. സാംസംകാരികമായിനല്ല മുന്നേറ്റം നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കലാകായിക മത്സരങ്ങളിൽ സംസ്ഥാന നിലവാരം വരെ ഉയർന്ന കുട്ടികളും നമ്മുടെ പഞ്ചായത്തിനുണ്ട്. എലാങ്കോട് സെൻട്രൽ എൽ. പി. സ്കൂളിലെ കെ. പി. അശ്റഫ് തുടർച്ചയായി രണ്ട് തവണ കജില്ലാ തലത്തിൽ ലാപ്രതിഭയായിട്ടുണ്ട്. അറബിക്ക് കയ്യെഴുത്ത് മത്സരത്തിൽ തുടർച്ചയാ് 14 വർഷം ജില്ലാതലത്തിൽ ഒന്നാമതെത്തുന്ന കുട്ടികൾ പാനൂർ പഞ്ചായ.ത്തിലെ നടക്കകം എൽ. പി. സ്കൂളിൽ നിന്നുവരുന്നവരാണ് എന്നത് ശ്രദ്ധേയമാണ്. ഇതൊക്കെ അവകാശപ്പെടുമ്പോഴും നമ്മുടെ പഞ്ചായത്തിന്റെ പഠനനിലവാരം എവിടെ എത്തിനിൽക്കുന്നു എന്ന് പരിശോധിക്കേണ്ടതുണ്ട്. കഴിഞ്ഞ എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയ ശതമാനം വെറും 27% ആയിരുന്നു. അവകാശപ്പെടാൻ 87% എന്ന കണക്ക് പഴയ എസ്. എസ്. എൽ. സി. ക്കാർ നമുക്ക് സമ്മാനിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ വിജയ ശതമാനത്തിന്റെ കണക്ക് ചുവടെ പട്ടിക 7 ൽ ചേർക്കുന്നു.

പന്ന്യന്നൂർ പഞ്ചായത്തിലെ എസ്. എസ്. എൽ.സി വിജയ ശതമാനം

പട്ടിക - 7

വർഷം	91 - 92	92 - 93	93 - 94	95 - 96
എസ്. എസ്. എൽ.സി വിജയ ശതമാനം	36%	31%	36.5%	27%

നമ്മുടെ പഞ്ചായത്തി ലെ സ്കൂളിൻെറ മൂന്നു മുതൽ 10 വരെയുള്ള ക്ലാസ്സിലെ കുട്ടികളുടെ അക്കാദമിക്ക് നിലവാരം

ക്ലാസ്	ആകെ	കുട്ടിളുടെ പൊതു നിലവാരം				
		31% താഴെ	30%- 40%	40%- 50%	50% - 60%	60% കൂടുതൽ
3	506	75	78	88	68	116
4	416	53	75	110	103	101
5	391	54	99	127	170	104
6	482	93	181	175	116	77
7	641	121	173	165	109	121
8	1055	185	542	176	104	48
9	1370	298	630	234	130	78
10	1027	375	357	116	92	87
ആകെ	5888	1254	2135	1191	892	732

പാനൂർ പഞ്ചായത്തിലെ പത്താം തരം വരെയുള്ള കുട്ടികളിൽ തോറ്റ് പഠിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു

തോറ്റ് പഠിക്കുന്നവർ

SC/ST കുട്ടികം			മറ്റുള്ളവർ		
ആണ്	പെണ്ണ്	ആ കെ	ആണ്	പെണ്ണ്	ആ കെ
14	17	31	100	89	189
പഞ്ചായത്തി ൽ ആകെ തോറ്റു പഠിക്കുന്നവർ				220	

വിദ്യാർത്ഥികൾ - അദ്യാപകർ (ഗവൺമെൻറ് എയ്ഡഡ്)

നമ്പ്ര്	സ്കൂൾ	വിഭാഗം	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്യാപകൻ		
				ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
1	കെ.കെ വി മെമ്മോരിയൽ പാനൂർ ഹൈ ലസ്കൂൾ	UP HS	എയ്ഡഡ്	599	683	1282	33	26	59
2	പാനൂർ ഹയർസെക്കൻററിസ്കൂൾ	UP HS +2		62 1188 70	45 1030 80	107 2218 150	32	41	73
3	തിരുവാൽ യു.പി	LP UP		77 145	82 124	159 269	11	8	19
4	പിലീക്കൂൽ യു.പി	LP UP		116 147	105 115	221 269	12	11	23
5	പാനൂർ ഈസ്റ്റ് യു. പി	LP UP		78 102	77 90	155 192	7	8	15
6	പാനൂർ യു. പി	LP UP		97 299	78 227	169 526	15	10	25
7	പാലത്തായി. യു. പി	LP UP		109 147	120 130	229 277	12	8	20
8	പാനൂർ വെസ്റ്റ് യു. പി	LP UP		54 109	63 84	117 193	12	3	15
9	എരഞ്ഞികുളങ്ങര എൽ.പി			67	69	136	1	4	5
10	എലാങ്കോട് സെൻട്രൽ എൽ.പി			117	60	177	5	2	7
11	കണ്ണ വെള്ളി എൽ.പി			62	62	124	1	3	4
12	നടക്കളം എൽ.പി			59	50	109	3	2	5
13	എലാങ്കോട് എൽ.പി			62	60	122	2	3	5
14	ഗവൺമെൻറ് എൽ.പി		ഗവൺമെൻറ്	44	28	72	1	3	4
15	എലാങ്കോട് ഈസ്റ്റ് എൽ.പി		എയ്ഡഡ്	74	70	144	4	2	6

L. P, U. P, H. S വിഭാഗങ്ങളിലെ പെൺ കുച്ചികളുടെ വിവരം

പട്ടിക - 1

ആകെ വിദ്യാർത്ഥികൾ	L. P			U. P			H. S			ആകെ പെൺ കുട്ടികൾ	പെൺ കുട്ടികളുടെ ശതമാനം
	ആൺ	പെൺ	%	ആൺ	പെൺ	പെൺ %	ആൺ	പെൺ	പെൺ %		
	1016	924	47.62	1011	773	43.32	1787	1713	48.94	3410	47.20%

പട്ടികജാതി പട്ടിക വിഭാഗം വിത്ഥ്യാർകളുടെ കണക്ക്

പട്ടിക -2

ആകെ വിദ്യാർത്ഥികൾ	L. P		U. P		H. S		ആകെ SC/ST വിദ്യാർത്ഥികൾ	ശതമാനം
	SC/ST	%	SC/ST	%	SC/ST	%		
	29	1.5%	16	0.009	59	1.68	104	0.014%

വിദ്യാലയങ്ങളിലെ അക്കാദമിക ഭൗതിക സൗകര്യം

പട്ടിക 4

	വിദ്യാലയത്തിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മുതിർന്ന ക്ലാസ്	കുടിവെള്ള സൗകര്യം	വൈദ്യുതി	ലൈബ്രറി സൗകര്യം	പ്രവർത്തിക്കാത്തത്	ലാബ് പ്രവർത്തിക്കുന്നത്	പ്രവർത്തിക്കാത്തത്	പാഠഭാഗപ്രകരണങ്ങൾ	ഗ്രന്ഥി	ടേപ്പ്	ടെലിവിഷൻ	സിനിമാ പ്രൊജക്ടറുകൾ	സ്റ്റെബ്ലൈസർ	കംപ്യൂട്ടർ ഉപയോഗിക്കുന്നവരുടെ എണ്ണം	ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ എണ്ണം
1	പി. എച്ച്. എസ്	2325		7	1	✓	✓	✓		✓		×	✓	×	×	×	×	53	2
2	കെ. കെ. വി എം. പി. എച്ച്. എസ്	1282	59	2	3	✓	✓	✓		✓		×	×	×	×	×	×	25	5
3	തിരുവാൽ യു. പി	428	19	2	1	✓	✓	✓		✓		×	✓	×	×	×	×	13	1
4	പാലക്കൂൽ യു. പി	483	23	2	1	✓	✓	✓		✓		×	✓	×	×	×	×	16	6
5	പാനൂർ ഈസ്റ്റ്	347	15	2	1	✓	×	✓		✓		×	✓	×	×	×	×	14	2
6	പാനൂർ യു. പി	696	25	1	1	✓	✓	✓		✓		×	✓	×	×	×	×	18	0
7	പാലത്തായി യു. പി	506	20	2	1	✓	✓	✓		✓		✓	✓	×	×	×	×	16	0
8	പാനൂർ വെസ്റ്റ്	310	15	1	0	✓	✓	✓	×	×		×	✓	×	×	×	×	10	0
9	എരക്കുളങ്ങര എൽ. പി	136	5	1	0	×	×	✓		✓		×	✓	×	×	×	×	5	2
10	എലാങ്കോട് സെൻട്രൽ	177	7	1	0	×	✓	✓		✓		✓	×	×	×	×	×	6	2
11	കണ്ണംവള്ളി	124	4	1	0	✓	×	×	✓	×		×	✓	×	×	×	×	4	2
12	ഓടക്കൊം	109	5	0	0	✓	×	✓		✓		✓	✓	✓	×	×	×	2	2
13	എലാങ്കോട് എൽ. പി	122	5	1	0	✓	×	✓		✓		×	✓	×	×	×	×	5	0
14	ഗവ: എൽ. പി	72	4	2	1	×	×	✓		×		×	×	×	×	×	×	4	0
15	എലാങ്കോട് ഈസ്റ്റ്	144	6	1	0	×	×	✓		✓		×	✓	✓	×	×	×	5	0

വിവിധ ക്ലാസുളിലെ വിദ്യാർത്ഥികളുടെ എണ്ണം

	വിദ്യാലയം	I		II		III		IV		V		VI		VII	
		B	G	B	G	B	G	B	G	B	G	B	G	B	G
1	ഏരഞ്ഞിക്കുളങ്ങര	18	8	9	12	11	13	14	15	15	21				
2	കകണ്ണംവള്ളി.	17	10	18	11	21	12	25	11	36	16				
3	നടക്കകാ	16	16	17	16	17	15	12	15						
4	ഏലാങ്കോട് എൽ. പി	15	14	11	13	15	13	18	10						
5	ഗവ. എൽ. പി	11	14	17	9	10	14	9	12	15	11				
6	ഏലാങ്കോട് ഈസ്റ്റ് യു. പി	12	6	15	6	7	6	10	10						
7	തിരുവാൽ യു. പി	13	14	17	13	17	13	12	18	15	12				
8	പിലാക്കൂൽ യു. പി	18	20	24	17	17	21	18	24	28	32	58	40	59	52
9	പാനൂർ ഈസ്റ്റ് യു. പി	28	26	25	33	33	24	30	23	34	24	56	44	57	47
10	പാനൂർ യു. പി	32	32	17	10	10	22	19	20	34	33	37	27	31	30
11	പാലത്തായി യു. പി	16	21	24	27	27	30	24	12	72	61	111	79	116	87
12	പാനൂർ വെസ്റ്റ്	29	26	21	26	26	34	33	27	42	33	49	49	56	48
13	പി. എച്ച്. എസ്	7	18	12	18	18	10	17	17	34	23	38	36	37	25
14										5	5	15	15	42	25
	ആകെ					506		416		391		482		641	

	വിദ്യാലയം	VIII		IX		X	
		B	G	B	G	B	G
1	P. H. S	518	382	394	370	279	278
2	K. K. V. M. P. H S	170	166	235	276	194	241
		1055		1370		1027	

പട്ടിക- 6

വിദ്യാലയത്തിന്റെ പേര്	വിദ്യാർത്ഥികളുടെ കണക്ക്			അദ്ധ്യാപകർ		
	B	G	Total	M	F	Total
കുത്തുബിയ		166	166	2	10	12
നജത്തുൽ	190	189	376	4	10	14
എം. ഇ. എസ്	49	31	80	2	3	5
ആകെ	239	386	625	8	23	31

പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ എണ്ണം 3 ആൺ 160
പെൺ 143
303

മഹാത്മാഗാന്ധിയുടെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസമെന്ന ആശയം ഒരു ചെറിയ അളവിലെങ്കിലും നമ്മുടെ പഞ്ചായത്തിൽ പ്രാവർത്തികമാക്കാൻ പാനൂർ ഹൈസ്കൂളിനു കഴിഞ്ഞിരുന്നു. കേരള സർക്കാറിന്റെ പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായി ഇവിടെ പുസ്തക നിർമ്മാണം നടന്നിരുന്നു. വേനലവധിക്കാലത്ത് അദ്ധ്യാപകരുടെ സഹായത്തോടെ കുട്ടികൾ ചെയ്തുവരുന്ന പരിപാടിയിലൂടെ കുട്ടികൾക്ക് രണ്ട് മാസം കൊണ്ട് 700 രൂപ വരെ സമ്പാദിക്കാൻ കഴിഞ്ഞിരുന്നു. അവരുടെ കഴിവിനനുസരിച്ച് ഒരു തുക സമ്പാദിക്കാൻ മാത്രമല്ല ഒരു തൊഴിലും ഇതിലൂടെ പരിശീലിക്കാൻ സാധിക്കുന്നു.

ഒരു വർഷത്തിൽ (1986) അവരുണ്ടാക്കിയിരുന്ന പുസ്തകത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

നോട്ടു പുസതകം		
80പേജ്	68522	എണ്ണം
120 പേജ്	105054	''
192 പേജ്	124484	''
ആകെ.	298060	എണ്ണം

വിവിധ വിദ്യാലങ്ങളും സഹകരണ സംഘങ്ങളും അടങ്ങുന്ന 49 സ്ഥാപനങ്ങൾക്കായിരുന്ന അവരത് വിതരണം ചെയ്തിരുന്നത്. ഇന്ന് അതു നിലച്ചുപോയിരിക്കുകയാണ് എന്ന് ദുഃഖ പൂർവ്വം സ്മരിക്കാം.

സംസ്ഥാനത്തുടനീളമുള്ളതുപോലെ പാനൂർ പഞ്ചായത്തിലും പാശ്ചാത്യസംസ്കാരത്തിനേ മമത ഏറിവരുകയാണ്. മലയാളം പഠിക്കാനും പഠിപ്പിക്കാനുമുള്ള താത്പര്യം കുറഞ്ഞുവരുന്നു. കുട്ടികളെ കോട്ടും ടൈയ്യും അണിയിച്ച് വീട്ടുമുറ്റത്തെത്തുന്ന വാഹനത്തിൽ കയറ്റി ദൂരത്തുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയത്തിലേക്ക് പുസ്തക കെട്ടും ഭക്ഷണവും അടങ്ങുന്ന ഭാണ്ഡത്തോടുകൂടി പാർസൽ ചെയ്യുന്ന സംസ്കാരം വളരുകയാണ്. പഞ്ചായത്തിലെ ഏതുകോണിലായാലും ചുരുങ്ങിയ ഒരു കിലോമീറ്ററിനുള്ളിൽ ഒരു പ്രൈമറി വിദ്യാലമുണ്ടെങ്കിലും അവിടേക്ക് കുട്ടികളെ അയക്കാൻ തയ്യാറല്ലാത്ത ഒരു ന്യൂനപക്ഷം നമ്മുടെ നാട്ടിലുണ്ട്. അവർ തന്റെ മക്കളെ എന്തുപഠിപ്പിക്കുന്നു എന്നു നോക്കാതെ, എന്തു പഠിപ്പിക്കണം എന്നു ചിന്തിക്കാതെ എത്ര ചെലവുവന്നാലും അവനെ ഇംഗ്ലീഷ് മീഡിയത്തിലയച്ച് മമ്മീ- ഡാഡീ വിളികേൾക്കാൻ കൗതുകപൂർവ്വം കാതോർക്കുന്നവരാണ്. ഇതിലും കഷ്ടമാണിവരുടെ പ്രീപ്രൈമറി തല ചിന്തകൾ. അവർ അവരുടെ കുട്ടികളെ എൽ. കെ. ജി., യു. കെ. ജി. എന്ന ഓമന പ്പേരുകളിൽ ബന്ധിതരാക്കുകയാണ്. ഇതിലൂടെ അവർ കളിയും ചിരിയുമായ് കഴിയേണ്ടകാലത്ത് അവർക്ക് ദഹിക്കാത്തത്ര കൊത്തിവിഴുങ്ങാൻ നിർബന്ധിതരായിത്തീരുന്നു.കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ ആദ്യഖണ്ഡിക തുടങ്ങുന്നത് ഇങ്ങനെയാണ്. '' ക്ലാസുമുറികളിൽ വെച്ചാണ് ഇന്ത്യയുടെ ഭാഗധേയം നിർണയിക്കപ്പെടുന്നത.'' മൗനത്തിന്റെ സംസ്കാരവും അധീശത്വ സംസ്കൃതിയും കൂടി തടവറകളാക്കിയ നമ്മുടെ ക്ലാസുമുറികളിൽ നിന്നും ഉത്പാദിപ്പിക്കുന്ന ഭാഗധേയം പുരോഗതിയുടേതാകുമോ?

ഇത്തരം വിദ്യാലയങ്ങളിൽ നിന്നും പഠിച്ചുവരുന്ന കുട്ടികളും നമ്മുടെ സാധാരണ വിദ്യാലയത്തിൽ നിന്നു വരുന്ന കുട്ടികളും എത്തുന്നത് നമ്മുടെ പ്രദേശത്തിനടുത്തുള്ള കോളേജുകളിൽ തന്നെയാണ്. ഇവരൊന്നും തന്നെ വിദ്യാഭ്യാസ നിലവാരത്തിലും, സംസ്കൃതിയിലും സാധാരണ സ്കൂളുകളിൽ നിന്നുവരുന്നവരേക്കാൾ വളരെ ഒന്നും മെച്ചമുള്ളവരല്ല എന്നതാണ് സത്യം. പാനൂർ പഞ്ചായത്തിൽ എസ്. എസ്. എൽ. സി. കഴിയുന്ന കുട്ടികൾ വളരെ കുറച്ച് മാത്രമെ അഫിലിയേറ്റഡ് കോളേജുകളിലെത്തുന്നുള്ളൂ എന്നതും സത്യമാണ്. വടകരയിലെ മടപ്പള്ളി ഗവ: കോളേജ്, തലശ്ശേരിയിലെ ഗവ:ബ്രണ്ണൻ കോളേജ് , കൂത്തുപറമ്പിലെ നിർമ്മലഗിരി കോളേജ്, കല്ലിക്കണ്ടിയിലെ എൻ. എ. എം. കോളേജ് എന്നിവയാണ് പ്രധാനമായും പാനൂരിനടുത്തുള്ള കോളേജുകൾ. കൂടുതൽ വിദ്യാർത്ഥികളും പാനൂരിലെ പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. അത്യാവശ്യം ചില ഇംഗ്ലീഷ് മീഡിയത്തിൽ നിന്നും പുറത്തുവന്ന കുട്ടികളും ഇവിടെ പഠിക്കാൻ എത്താറുണ്ട്.

പ്രശ്നങ്ങൾ

1.വിദ്യാലത്തിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നു.
2.കൂടുതൽ വിദ്യാലങ്ങളിലും ഭൗതിക സാഹചര്യങ്ങൾ തീരെകുറവാണ്.
3.അൺഎയ്ഡഡ് വിദ്യാലയങ്ങളുടെ വർധന പൊതു വിദ്യാലയങ്ങളെ സാരമായി ബാധിക്കുന്നു.
4.പഞ്ചായത്തിൽ നിന്ന് സമീപ നഗരത്തിലേക്കു കുട്ടികൾ ധാരാളമായ് പോവുകയാണ്.
5.പി. ടി. എ. യുടെ പ്രവർത്തനം ചില സ്കൂളുകളിൽ ഫലപ്രദമല്ല.
6.മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിനു കളി സ്ഥലവും പഠനോപകരണങ്ങളും ഇല്ല.

സാധ്യതകൾ:

1.വീട്ടിനടുത്തുള്ള വിദ്യാലയത്തിലേക്ക് കുട്ടികളെ അയക്കുന്നതിനിവേണ്ടിയുള്ള ബോധവൽക്കരണം നടത്തണം.
2.പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സ് പ്രവർത്തനം നല്ല രീതിയിൽ നടത്തണം.
3.കുട്ടികളുടെ പാഠ്യപദ്ധതി ലഘുവാക്കണം.
4. പഠന നിലവാരം ഉയർത്താൻ നടപടികൾ കെക്കൊള്ളണം.
5.അദ്ധ്യാപകർക്ക് പുന:പരിശീലനത്തിലൂടെ ക്ലാസുകൾ രസകരമാക്കി നിലവാരം ഉയർത്താം.
6.എല്ലാ വിദ്യാലയങ്ങളിലും സാഹിത്യസമാജം രൂപീകരിച്ച് പ്രവർത്തനം ഊർജ്ജിതമാക്കണം.
7.ലൈബ്രറി പ്രവർത്തനം നന്നാക്കിയാൽ വായനാശീലം വളർത്താം.

പൊതുനിർദ്ദേശങ്ങൾ

1. തൊഴിലധിഷ്ഠിത കോളേജ് സ്ഥാപിക്കുക
2. പഠന സമയം 8 മണി മുതൽ 1 മണിവരെയാക്കി 2 മുതൽ 4മണിവരെ തൊഴിൽ പരിശീലനം പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിക്കുക.
3. വിദ്യാലയങ്ങളോട് ചേർന്നുകൊണ്ട് നഴ്സറിസ്കൂളുകൾ സ്ഥാപിക്കുക.
4. മിനി സ്റ്റേഡിയം സ്ഥാപിക്കുക.
5. പ്രമോഷൻ സമ്പ്രദായം പുന:പരിശോധിക്കുക.
6. അയൽകൂട്ടം-ഗുരുകുലം-വിദ്യാഭ്യാസ സമിതി സജീവമാക്കുക.
7. മിടുക്കൻമാർക്കും നിർദ്ധനരായ കുട്ടികൾക്കും സാമ്പത്തികസഹായം നൽകുക.
8. അദ്ധ്യാപക-രക്ഷാകർതൃസമിതികളും മാതൃസമിതികളും സജീവമാക്കുക.
9. ഏക സർക്കാർ വിദ്യാലയമായ ജി. എൽ പി. യുടെ കയ്യേറിയ ഭൂമി തിരിച്ചുപിടിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിച്ച് സ്കൂളിനുതകുന്ന തരത്തിലാക്കുക
10. മെഡിക്കൽ രംഗ ത്തും എൻജിനീയറിംഗ് രംഗത്തും സ്ഥാപനങ്ങൾ വേണം.

കുടിവെള്ളവും പൊതുജന ആരോഗ്യവും

ആരോഗ്യം

ഒരു സമൂഹത്തിന്റെനവോത്ഥാന പ്രക്രിയയുടെ അടിവേരുകൾ വ്യക്തിയിൽ അധിഷ്ഠിതമാണ്. വ്യക്തി നന്നയാലേ സമൂഹം നന്നാവൂ എന്ന് നാം പൊതുവെ പറഞ്ഞുവരുന്നു. അതുകൊണ്ടുതന്നെ ആരോഗ്യപൂർണ്ണമായ ഒരു സമൂഹത്തിന് ആരോഗ്യമുള്ള വ്യക്തിത്വങ്ങൾ വേണം. ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ എന്നു മാത്രമല്ല, ശാരീരികവും മാനസികവും സാമൂഹികവുമായ ഉന്മേഷതികവിനെയാണ് അത് കുറിക്കുന്നത്. സാമൂഹ്യ വളർച്ചയുംട അടിസ്ഥാന ഘടകം ആരോഗ്യമുള്ള ഒരു സമൂഹമാണ്.

പാനൂരിന്റെ വളർച്ചയുടെ പടവുകളിൽ രോഗാതുരമാകാത്ത ഒരു ജനതതിയുടെ സമർപ്പണത്തിന്റെ നിശ്വാസങ്ങൾ കേൾക്കാം. പ്രാകൃത ആചാരാനുഷ്ഠാനങ്ങളിൽ നിന്നു വ്യതിരിക്തമായി പരമ്പരാഗത ചികിത്സാ വിധികളെ സ്വാംശീകരിച്ചും ആധുനിക ചികിത്സാ സമ്പ്രദായങ്ങളുടെ ഗുണപരമായ വശങ്ങളെ സ്വീകരിച്ചും ഉയർന്നുവന്ന ഒരു സമൂഹത്തെ നമുക്ക് കാണാം. ആയുർവേദ വൈദ്യന്മാരുടെ സമർപ്പണം പാരമ്പര്യമായി നമ്മുടെ പ്രദേശത്തെ ഉയർന്നനിലയിൽ സ്വാധീനിച്ചിട്ടുണ്ട്. കാലഘട്ടത്തിനുസൃതമായ ഹോമിയോപ്പതിയുടെ' രോഗത്തെയല്ല രോഗിയെയാണ് ചികിത്സിക്കുന്നത്''. എന്ന മഹത്തായ ആദർശത്തെയും നാം മുറുകെപ്പിടിച്ചു. എന്നാൽ അലോപ്പതിയുടെ വളർച്ചയോടെ അതിന്റെ സമഗ്ര സ്വാധീനം കേരളത്തിന്റെ മറ്റെല്ലാ മേഖലകളെയും പോലെ പാനൂരിലും ദൃശ്യമാണ്.

ആയുർവേദ ചികിത്സാരംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച ഭാസ്കരൻ വൈദ്യരുടെ സ്വാധീനം പാനൂരിൽ ദൃശ്യമാണ്. പരമ്പരാഗത നാട്ടുവൈദ്യത്തിന്റെ മേഖലയിൽ പാനൂരിലെ ജനങ്ങൾക്ക് മറക്കാനാവാത്ത വ്യക്തിയാണ് കണ്ണൻ വൈദ്യർ നാട്ടുവൈദ്യരുടെ ഇടയിലെ മറ്റൊരു പ്രഗത്ഭനാമം കവി കൂടിയായിരുന്ന പൈക്കാട്ട് അഹമ്മദ് കുട്ടി മുസ്ല്യാർ വൈദ്യരുടേതാണ്. വസൂരിപോലുള്ള രോഗങ്ങൾക്കെതിരെ തന്റെതായ സംഭാവനകൾ നൽകിയ ഡോക്ടർ ഉണ്ണിയാത്തു ഹോമിയോ ചികിത്സാ രംഗത്തെ അതികായനാണ്. വിഷവൈദ്യത്തിന് സാധ്യതകൾ ഇല്ലാതിരുന്ന പാനൂരിൽ ആ രംഗത്ത് അർപ്പണമനോഭാവത്തോടെ നിലയുറപ്പിച്ചയാളാണ് അച്ചു മേസ്ത്രീ. വൈദ്യരംഗത്ത് തങ്ങളുടേയാത സംഭാവനകൾ നൽകിയവരുടെ ഒരു നീണ്ട നിര തന്നെ പാനൂരിലും പരിസരപ്രദേശങ്ങളിലുമുണ്ട്. തട്ടാൻകണ്ടി അച്ചുഡോക്ടർ, പനയാടൻ ഗോവിന്ദൻ വൈദ്യർ, അച്ചുവൈദ്യൻ, കുഞ്ഞിക്കണ്ണൻ, കമ്പൗണ്ടർ, ചാട്ടുപറമ്പൻ കണ്ണിരാമൻ വൈദ്യർ, ഗോപാലൻ കമ്പൗണ്ടർ, ബാലൻ വൈദ്യർ, അനന്തൻ വൈദ്യർ, ചന്തുവൈദ്യർ, കുഞ്ഞിരാമൻ വൈദ്യർ, വിഷ്ണു നമ്പീശൻ വൈദ്യർ, എന്നു തുടങ്ങിയ ആതുരശുശ്രൂഷാരംഗത്ത് നിലയുറപ്പിച്ചവരുടെ സമഗ്ര സ്വാധീനം പാനൂർ നിവാസികൾ എന്നും ഓർക്കതക്കതാണ്.

ദുരിതങ്ങൾ വിതക്കുന്ന വസൂരിയും പ്ലേഗും പോലുള്ള പകർച്ച വ്യാധികളെ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സമീപ്രദേശങ്ങളെ അപേക്ഷിച്ച് മലമ്പനിയും മന്തും മറ്റും നിർമാർജനം ചെയ്യാൻ നമുക്കായിട്ടുണ്ട്.

സമഗ്രമായ ആരോഗ്യപരിപാടികളിലൂടെ പോളിയോ പോലുള്ള രോഗങ്ങളെയും അകറ്റി നിർത്താൻ നമുക്ക് കഴിഞ്ഞു. എന്നാൽ ആധുനികലോകത്തെ മഹാമാരി എന്നു വിശേഷിപ്പിക്കുന്ന എയ്ഡ്സിന്റെ കടന്നുവരവ് നമ്മെ നടുക്കിയിട്ടുണ്ട്. പറഞ്ഞു കേൾക്കുന്ന കഥകൾ പലതും അവാസ്തവികമാണെങ്കിൽ തന്നെയും എയ്ഡ്സിനെക്കുറിച്ചുള്ള കിംവദന്തിഇന്നു പാനൂരിൽ നിലവിലുണ്ട്. എങ്കിലും ആരോഗ്യപരമായ ഒരു സമീപനത്തിലൂടെ നമുക്കിത് മാറ്റിയെടുക്കാൻ കഴിഞ്ഞേക്കും.

കേരളത്തിലെ പൊതുമരണ നിരക്ക് 5.9 ആണെങ്കിൽ പാനൂർ പഞ്ചായത്തിലേത് 3.4 മാത്രമാണ്. മരണ സംഖ്യ വർഷം തോറും കുറഞ്ഞു വരുന്ന സ്ഥിതി വിശേഷം നമുക്ക് കാണാൻ കഴിയും. പൊതുജനാരോഗ്യ നിലവാരത്തിന്റെ ഏറ്റവും ഉയർന്ന മാനദണ്ഡമായ ശിശുമരണനിരക്ക്8.6 മാത്രമാണ്നമ്മുടേത്. ഇത്കേരളത്തിലെ ശിശുമരണനിരക്കിന്റെ നേർപകുതിയാണ് എന്നതാണ് മറ്റൊരു വസ്തുത. 95-96 ലെ കണക്കുപ്രകാരം ഒരു വയസ്സിൽ താഴെ പ്രായമുള്ള മൂന്നു കുഞ്ഞുങ്ങൾ മാത്രമേ മരണപ്പെട്ടിട്ടുള്ളൂ. എന്നാൽ ഒരു വയസ്സിനും മൂന്നുവയസ്സിനും ഇടക്ക് മരണമൊന്നും നടന്നിട്ടില്ലെന്നതും ശ്രദ്ധേയമാണ്. മൂന്നുമുതൽആറുവയസ്സുവരെയുള്ള കുട്ടികളിൽ മരണമടഞ്ഞവരുടെ എണ്ണം 1 മാത്രമാണെന്നത് ആരോഗ്യകാര്യങ്ങളിൽ നമുക്കുള്ള ശ്രദ്ധയുടെ സജീവചിത്രമാണ് ലഭിക്കുന്നത്. മാതൃമരണങ്ങൾ നടക്കാത്ത ഒരു പഞ്ചായത്താണ് നമ്മുടെതെന്ന് ഓർക്കുമ്പോൾ നമുക്ക് അഭിമാനിക്കാൻ വകയുണ്ട്. സത്വരമായ മാതൃപരിചരണത്തിന്റെ ദൃഷ്ടാന്തമാണല്ലോ ഇത്.

എന്നാൽകേരളത്തിലെ ശരാശരി ജനന നിരക്കിനേക്കാൾ അധികമാണ് നമ്മുടെ പഞ്ചായത്തിലേതെന്ന കാര്യം അടിയന്തിര ശ്രദ്ധ അർഹിക്കേണ്ട വിഷയമാണ്.കേരളത്തിലെ ശരാശരി ജനനനിരക്ക് 17 മാത്രമാണെങ്കിൽ നമ്മുടെ പഞ്ചായത്തിലേത് 20 ആണ്. ചില പ്രത്യേക ആചാരാനുഷ്ഠാനങ്ങളെ മുറുകെ പിടിക്കുന്ന സമുദായത്തിൽ , ജനന നിയന്ത്രണങ്ങളെക്കുറിച്ച് ബോധവാന്മാരാണെങ്കിൽ തന്നെയും അത് സ്വീകരിക്കുവാനുള്ള താല്പര്യക്കുറവ് തെളിഞ്ഞുകാണാം.

പ്രായഘടന

ആരോഗ്യപരിപാടികളുടെ ആസൂത്രണത്തിന് കുട്ടികളുടെ പ്രായഘടന ആവശ്യമാണല്ലോ. ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെയും ഒന്നുമുതൽ രണ്ടുവയസ്സുവരെയുള്ളവരുടെയും രണ്ടിനും മൂന്നിനും ഇടയിലുള്ളവരുടെയും മൂന്നിനും അഞ്ചിനും ഇടയിലുള്ളവരുടെയും പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക-1

1.	ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ:	239
2.	1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	335
3.	2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	288
4.	3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ	617

പാനൂർ ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിൽ നിന്നു ലഭിച്ച വിവരപ്രകാരം ആരോഗ്യപ്രവർത്തനങ്ങളിലെ ശുഷ്കാന്തി വ്യക്തമാണ്. പോഷകാഹാരങ്ങൾ പഞ്ചായത്തിലെ അങ്കണവാടികളിൽ നിന്ന് സാമാന്യം ഭേദപ്പെട്ട രീതിയിൽ തന്നെന്ന ലഭിച്ചുവരുന്നു. 95-96 ലെ കണക്കനുസരിച്ച് 301 ഓളം കുട്ടികൾക്ക് പോഷകാഹാരം ലഭിക്കുന്നു. കുട്ടികളുടെ പ്രതിരോധ കുത്തിവയ്പിനെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2ൽ.

വൈകല്യനിരക്ക്

നമ്മുടെ പഞ്ചായത്തിലെ വൈകല്യനിരക്ക് 5 ആണ്. അംഗവൈകല്യമുള്ളവരുടെ ക്ഷേമപ്രവർത്തനങ്ങളിൽ നമ്മുടെ ശ്രദ്ധ ആഴത്തിൽ പതിയേണ്ടതുതന്നെയാണ്. നമ്മുടെ പഞ്ചായത്തിലെ അംഗവൈകല്യമുള്ളവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2

കുട്ടികളുടെ പ്രതിരോധ കുത്തിവെപ്പ്

കുട്ടികൾ	ബി. സി. ജി	ഡി. പി. റ്റി				പോളിയോ				ഡി. റ്റി				വീസിൽസ്
		1D	2D	3D	BD	1D	2D	3D	BD	1D	2D	3D	BD	
1 വയസ്സിനു താഴെ	898	896	859	824		882	850	814						622
1-3 വയസ്സ്									472					
3-6 വയസ്സ്										110				

പട്ടിക-3

അംഗവൈകല്യമുള്ളവർ

1. അന്ധർ	:11
2. ബധിരർ	: 8
3. മൂകർ	: 14
4. ബധിര-മൂകർ	: 14
5. ചലന വൈകല്യങ്ങൾ	: 29
ആകെ	: 76

രോഗാതുരത

നമ്മുടെ പഞ്ചായത്തിൽ രക്തസമ്മർദ്ദം, പ്രമേഹം, കാൻസർ, കുഷ്ഠം ക്ഷയം, ഹൃദ്രോഗം തുടങ്ങിയസ്ഥായിയായ രോഗബാധിതരെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ലഭ്യമാണ്. ഈ രോഗങ്ങളെക്കൂടാതെ ചിക്കൻപോക്സ്, മഞ്ഞപ്പിത്തം, വയറിളക്കം തുടങ്ങിയ രോഗങ്ങളും നമ്മുടെ മേഖലയിൽ കണ്ടുവരാറുണ്ട്. ചെങ്കണ്ണ് പോലുള്ള കാലാവസ്ഥാ ജന്യമായ രോഗങ്ങൾ ചില പ്രത്യേക ഘട്ടങ്ങളിൽ കണ്ടുവരുന്നു. പട്ടിക - 4ൽ റിപ്പോർട്ടുചെയ്യപ്പെട്ട, ലഭ്യമായ കണക്കുകളുടെ വെളിച്ചത്തിൽ രോഗബാധിതരുടെ കണക്കുകൾ കൊടുക്കുന്നു.

പട്ടിക : 4

സ്ഥായിയായ രോഗബാധിതർ

1. രക്തസമ്മർദ്ദം	:22
2. പ്രമേഹം	: 28
3. കാൻസർ	: 12
4. കുഷ്ഠം	: 7
5. ക്ഷയം	: 4
6 ഹൃദ്രോഗം	:19

ഈ രോഗങ്ങളെ കൂടാതെ മലമ്പനിയുടെ അപൂർവ്വമായിട്ടാണെങ്കിലും കണ്ടുവരാറുണ്ട്. നമ്മുടെ പ്രദേശത്തുള്ളവർ അന്യസംസ്ഥാനങ്ങളിൽ നിന്നു തിരിച്ചുവരുമ്പോഴോ അന്യസ്ഥാനത്തുള്ളവർ നമ്മുടെ പ്രദേശത്തേക്കു കടന്നവരുമ്പോഴോ പലപ്പോഴും മലമ്പനി വാഹകരാകാറുണ്ട്. ഏറെ രോഗികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെന്നത് ആശാവഹമാണ്. സാംസ്കാരികമായി ഔന്നത്യം പുലർത്തുന്ന നമ്മുടെ പഞ്ചായത്തിൽ എയ്ഡ്സ് രോഗത്തെക്കുറിച്ച് നമുക്ക് ലഭിച്ച സാമാന്യവിവരങ്ങൾ നമ്മെ ഭയപ്പെടുത്തുന്നു. എന്നാൽ എയ്ഡ്സിന്റെ വ്യാപനത്തെക്കുറിച്ച് നാം

ബോധവാന്മാരായതിനാൽ അതിനെ തടുത്തുനിർത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. പറയത്തക്ക സ്വകാര്യ ആശുപത്രികൾ ഒന്നും തന്നെ നിലവിലില്ലാത്ത നമ്മുടെ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഔട് സെൻററിൽ രേഖപ്പെടുത്തിയ രോഗികളുടെ വിവരങ്ങൾ പട്ടിക 5 ൽ കൊടുക്കുന്നു.

പട്ടിക - 5

പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിൽ രേഖപ്പെടുത്തിയ വിവരം

വർഷം	ഇൻ പേഷ്യൻറ് എംണ്ണം	ഔട്ട് പേഷ്യൻറ് എണ്ണം	രോഗങ്ങൾ സംബന്ധിച്ച വിവരം				
			തൊക്ക് രോഗം	വാതരോഗം	പകർച്ച വ്യാധികൾ	മറ്റുള്ള രോഗങ്ങൾ	ആകെ
1992- 93	2184	40940	1148	46	5067	36863	34124
1993 - 94	985	33160	3826	50	3659	26610	34145
1994 - 95	1109	292213	2120	14	4223	23965	30322
1995 - 96	1178	40097	3281	89	4386	33519	41275
ആകെ	5456	143410	10375	199	17335	120957	148866

നമ്മുടെ ആശുപത്രിയിൽ പാമ്പുകടിപോലുള്ള വിഷചികിത്സാ സമ്പ്രദായങ്ങൾക്ക് ചികിത്സാ സ്വകര്യമില്ലാത്തതിനാൽ രോഗികൾ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനെ ആശ്രയിക്കുന്ന പതിവില്ല.

കുട്ടികളുടെ പോഷണ നിലവാരം

നമ്മുടെ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണവും 7 അങ്കണവാടികളിലെയും കുഞ്ഞുങ്ങൾക്ക് പോഷകാഹാരവും ലഭിക്കുന്നു. ഏറെ പരിമിതികൾ ഉണ്ടെങ്കിൽതന്നെയും ആശാവഹമായ രീതിയിൽ ആഹാരലഭ്യത ഉണ്ടാവുന്നുണ്ട്. കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക - 6

പ്രായം	നോർമൽ		1ാം ഗ്രേഡ്		2ാം ഗ്രേഡ്		3ാം ഗ്രേഡ്	
	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ
1നു താഴെ	67	101	25	24	1	1	0	0
1 - 3 വയസസ്സ്	130	147	69	69	9	7	0	0
3 - 6 വയസ്സ്	152	158	78	75	7	4	0	0

പാനൂർ പഞ്ചായത്തിലെ ആരോഗ്യസംബന്ധിയായ വിവരങ്ങൾ നമുക്ക് ലഭിക്കുമ്പോൾ പ്രതീക്ഷകൾക്ക് ഏറെ വകയുണ്ട്. ആരോഗ്യത്തിൻെറ കാര്യത്തിൽ നാം അവശതയനുഭവിക്കുന്ന പ്രദേശമല്ലെന്ന തിരിച്ചറിവിലേക്ക് ഇതു നമ്മെ

നയിക്കും. എല്ലാ പരിമിതികൾക്കകത്തുവച്ചും നമ്മുടെ മുമ്പിൽ ശുഭപ്രതീക്ഷയുടെ ഒരു പാതയെങ്കിലും തുറന്നുകിടക്കുന്നുവെന്നത് ആശാവഹമാണ്. 053

സ്ഥാപനങ്ങളും ജീവനക്കാരും

പാനൂർ പഞ്ചായത്തിലെയും സമീപപഞ്ചായത്തുകളായ പന്ന്യന്നൂർ, പെരിങ്ങളം, മൊകേരി, പാട്യം, കുന്നോത്തുപറമ്പ്, തൃപ്രങ്ങോട്ടൂർ, എന്നീ പഞ്ചായത്തുകളിലെയും ജനങ്ങൾ ആശ്രയിക്കുന്ന പാനൂരിലെ ഏക ആശുപത്രി പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ ആണ്. മറ്റ് എടുത്തു പറയത്തക്ക ആരോഗ്യകേന്ദ്രങ്ങളൊന്നും പാനൂർ പഞ്ചായത്തിൽ നിലവിലില്ല. പാലത്തായിയിൽ ഒരു കുടുംബക്ഷേമകേന്ദ്രവും നിലവിലുണ്ട്.തെക്കെ പാനൂരിൽ സ്ഥിതിചെയ്യുന്ന ക്രസൻറ് നഴ്സിങ്ങ് ഹോമാണ് ഏക സ്വകാര്യാശുപത്രി.

15.12.1995 ൽ സ്ഥാപിച്ച പാനൂരിലെ പ്രൈമറി ഹെൽത്ത് സെൻറർ 6.1.1988 ൽ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർഷായി വികസിപ്പിച്ചു. ഇത് പാനൂർ പഞ്ചായത്തിൻെറ ഹൃദയഭാഗമായ പാനൂർ ടൗണിൽ സ്ഥിതിചെയ്യുന്നു. അലോപ്പതി ചികിത്സ ലഭ്യമാകുന്ന പാനൂർ ആശുപത്രിയിൽ 42 ഓളം ജീവനക്കാർ ഇന്നു നിലവിലുണ്ട്. ആശുപത്രി ഇന്ന് സ്വന്തമായ കെട്ടിടത്തിലാണ് സ്ഥിതിചെയ്യുന്നത്. എങ്കിലും സൗകര്യ
ങ്ങൾക്കനുസൃതമായി ആശുപത്രിയിൽ നിന്ന് ജനങ്ങൾക്ക് ലഭിക്കുന്നില്ലെന്ന വ്യാപകമായ പരാതി നിലവിലുണ്ട്.

പാനൂർ പഞ്ചായത്തിലെ ഏക കുടുംബക്ഷേമ കേന്ദ്രം സ്ഥിതിചെയ്യുന്നത് പാലത്തായിയിൽ ആണ്. 5000 ജനസംഖ്യയ്ക്ക് ഒരു കുടുംബക്ഷേമ കേന്ദ്രം ആവശ്യമാണ്. എന്നാൽ 15390 പേർ അധിവസിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ജനസംഖ്യയക്കാനുപാതികമായി ഒന്നിലധികം കുടുംബക്ഷേമ കേന്ദ്രങ്ങൾ വേണ്ടതുതന്നെ.
ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾ പാനൂർ പഞ്ചായത്തിൽ പ്രായേണ കുറവാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ യുവജിസംഘടനകൾ രക്തഗ്രൂപ്പു നിർണ്ണയവും മറ്റും നടത്തുന്നത് നമ്മുടെ പ്രദേശത്ത് സാധാരണമാണ്. ആയുർവേദ, ഹോമിയോ, സിദ്ധ, നാട്ടു ചികിത്സാ കേന്ദ്രങ്ങളൊന്നും പഞ്ചായത്തിൽ നിലവിലില്ല. സ്വകാര്യമേഖലയിൽ പരിശോധനാകേന്ദ്രങ്ങൾ ഉണ്ടെന്നതും ശ്രേദ്ധേയമായ ഒരു വസ്തുതയാണ്.

പ്രശ്നങ്ങൾ

1. പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെൻറിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
2. ശശുരോഗവിദഗ്ധൻ, ഗൈനക്കോളജിസ്റ്റ്, ഇ. എൻ. ടി. ഐ, ദന്തൽ, ഫിസിഷ്യൻ തുടങ്ങിയ സ്പെഷലിസ്റ്റുകളുടെ സേവനം ലഭിക്കുന്നില്ല.
3. ഇ.സി. ജി. , എക്സ്-റേ, ലാബ്, ആംബുലൻസ് തുടങ്ങിയവയുടെ സൗകര്യമില്ല.
4. നിലവിലുള്ള ഓപ്പറേഷൻ തിയേറ്റർ പ്രവർത്തന സജ്ജമല്ല.
5. ആശുപത്രികെട്ടിടങ്ങൾ പഴക്കമുള്ളതും ചോർന്നൊലിക്കുന്നതുമാണ്. തറകൾ പൊട്ടിപ്പിളർന്നുകിടക്കുന്നു. സ്ഥലപരിമിതിയും നിലവിലുണ്ട്.
6. കട്ടിൽ, കിടക്കകൾ, തലയണ, ബെഡ്ഷീറ്റ് തുടങ്ങിയ ആവശ്യത്തിനില്ല. ഉള്ളവതന്നെ വൃത്തിഹീനവും തുരുമ്പുപിടിച്ചതുമാണ്.
7. ആശുപത്രി ജീവനക്കാർക്ക് ജോലി കൃത്യ
മായി ചെയ്യാനുതകുന്ന രീതിയിലുള്ള കെട്ടിട സൗകര്യവും ഡ്യൂട്ടി റൂമും പ്രാഥമികാവശ്യങ്ങൾ നർവ്വഹിക്കാനുള്ള സൗകര്യവും ഇല്ല.
8. ആശുപത്രിയിൽ ജലക്ഷാമം അനുഭവപ്പെടുന്നു.
9. ശുചിത്വപ്രവർത്തനങ്ങൾ പരിമിതമാണ്. പരിസരപ്രദേശങ്ങളിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാനും മരുന്നുതളിക്കാനുമുള്ള സംവിധാനമില്ല.
10. രോഗികൾക്ക് ഭക്ഷണം കൊടുക്കുവാനും അലക്കുതുണികൾ അലക്കുവാനും ആളെ കിട്ടുന്നില്ല.
11. ആരോഗ്യചർച്ചാ ക്ലാസുകൾ വേണ്ടത്ര ലഭിക്കുന്നില്ല.
12. മരുന്നുകളുടെ അപര്യാപ്തയുണ്ട്.
13. പാനൂർ പഞ്ചായത്തിൽ ആവശ്യത്തിന് കുടുംബക്ഷേമ കേന്ദ്രങ്ങളില്ല.
14. ആയുർവേദ- ഹോമിയോ ആശുപത്രികളില്ല.

15. പഞ്ചായത്തിന്റെ ദൂരപ്രദേശങ്ങളിൽ ഡോക്ടറുടെ സേവനം ലഭ്യമല്ല.

സാധ്യതകൾ

ആരോഗ്യ സംവിധാനത്തിന്റെ മുഖ്യ ഉപാധിയായ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെക്കുറിച്ച് ഏറെ പരാതികൾ ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്. പാനൂർ പഞ്ചായത്തിലെ ഒമ്പതുവാർഡുകളിൽ നിന്നും ആശുപത്രിയുടെ പരാധീനതകളെക്കുറിച്ചും ശോചീയാവസ്ഥയെക്കുറിച്ചും വ്യാപകമായ പരാതികളും ആക്ഷേപങ്ങളും ഉണ്ടായിട്ടുണ്ട്. പാനൂർ പഞ്ചായത്തിനെകൂടാതെ സമീപസ്ഥങ്ങളായ ആറ് പഞ്ചായത്തുകളും ആശ്രയിക്കുന്ന ആശുപത്രിയായതിനാൽ ഇത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

1. ആറ് ഡോക്ടർമാരുള്ള പാനൂരാശുപത്രിയിൽ ഒരു ഡോക്ടറെകൂടി നിയമിക്കുകയാണെങ്കിൽ മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കും.

2. നിലവിലുള്ള ഡോക്ടർമാരിൽ തന്നെ സ്പെഷലിസ്റ്റുകളെ നിയമിക്കാവുന്നതാണ്.3. നിലവിലുള്ള ഓപ്പറേഷൻ തിയേറ്ററുപകരണങ്ങളോടുകൂടി പ്രവർത്തന സജ്ജമാക്കാൻ കഴിയും.

4. പാനൂർ ടൗണിൽനിന്ന് അകലെയുള്ള പഞ്ചായത്തിന്റെ പ്രദേശങ്ങളിൽ ഹോമിയോ- ആയുർവേദ ആശുപത്രികൾ സ്ഥാപിക്കാവുന്നതാണ്.

5. മൂന്നുകിലോമീറ്ററോളം സഞ്ചരിക്കേണ്ടവർക്ക് ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ആ പ്രദേശത്തുനിന്ന് ഡോക്ടറുടെ സേവനം നൽകാം.

6. പഴക്കമുള്ളതും ചോർന്നൊലിക്കുന്നതുമായ ആശുപത്രികെട്ടിടങ്ങളുടെ മേൽക്കൂരകൾ കാലാനുസൃതമായി മാറ്റേണ്ടതാണ്.

7. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി കട്ടിൽ, കിടക്കകൾ, തലയണ, ബെഡ്ഷീറ്റ് എന്നിവ പുതുക്കാവുന്നതാണ്.

8. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള വാട്ടർ ടാങ്കിൽ കൂടി വെള്ളം വിതരണം ചെയ്യുകയാണെങ്കിൽ ആശുപത്രിയിലെ ജലക്ഷാമം ശാശ്വതമായി പരിഹരിക്കാവുന്നതാണ്.

9. ആശുപത്രി ജീവനക്കാർക്ക് നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തി കെട്ടിട സൗകര്യവും ഡ്യൂട്ടി റൂമും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനും ഉള്ള സൗകര്യങ്ങൾ നൽകണം.

10. ശുചിത്വപ്രവർത്തനങ്ങൾ വ്യാപിപ്പിച്ച് ദിവസും രണ്ടുനേരം ആശുപത്രി ശുചിയാക്കേണ്ടതാണ്.

11. പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് സമീപസ്ഥങ്ങളായ ഓടകളും മറ്റും വൃത്തിയാക്കി ആശുപത്രി പിസരത്തെ മാലിന്യങ്ങൾ നീക്കം ചെയ്യേണ്ടതാണ്.

12. രോഗികൾക്കു ഭക്ഷണം നൽകുവാനും അഴുക്കുതുണികൾ അലക്കുവാനും താൽക്കാലിക ജീവനക്കാരെ നിയമിക്കാവുന്നതാണ്.

13. ഉള്ള കെട്ടിടങ്ങൾ പുതുക്കുപ്പണിതും പുതിയ കെട്ടിടങ്ങൾ പണിതും സ്ഥല സൗകര്യം വർദ്ധിപ്പിക്കാം.

14. ആരോഗ്യ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കുന്നതിൽ അധ്യകൃതരുടെ ഭാഗത്തുനിന്നും ബഹുജനങ്ങളുടെ ഭാഗത്തുനിന്നും സംയുക്തമായ ഒരു സമീപനമാവശ്യമാണ്.

15. 15000 നു മേമേ വരുന്ന ജംസംഖ്യയ്ക്ക് ആനുപാതികമായി, 5000 ജനങ്ങൾക്ക് ഒരു കുടുംബക്ഷേമ കേന്ദ്രം ആവശ്യമാണെങ്കിലും നിലവിൽ ഒന്നുമാത്രമുള്ളതിനാൽ ആ അവസ്ഥ മാറ്റി കൂടുതൽ കുടുംബ ക്ഷേമ കേന്ദ്രങ്ങൾ അനുവതിക്കേണ്ടതാണ്.

16. ആവശ്യത്തിനുള്ള മരുന്നുകൾ ആശുപത്രിയിൽ നിന്നു നൽകേണ്ട സംവിധാനമുണ്ടാക്കേണ്ടതാണ്.

കുടിവെള്ളം

പഞ്ചായത്തിലെ ജലലഭ്യതയെക്കുറിച്ച് താഴെ ചേർത്ത പട്ടികയിൽ നിന്നു മനസ്സിലാക്കാം.

പട്ടിക 8

കുടിവെള്ള സ്രോതസ്സ്

1. സാനിറ്ററിവെൽ	:1
2. സാധാരണ കിണർ	: 22587 (വിവരം കൃത്യമല്ല)
3. കുളം	: പൊതുകുളം 1, സ്വകാരകുളം 16
4. നദി	: 1
5 പൈപ്പ്	: 9
6 പൊതുവിതരണം	: 8

നമ്മുടെ പഞ്ചായത്തിലെ പല ഉയർന്ന പ്രദേശങ്ങളിലും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിലെ പൊതുവിതരണ ശൃംഖല ശക്തമാണെന്ന് പറയാൻ സാധിക്കില്ല. 8 ഓളം പഞ്ചായത്തു കിണറുകൾ മാത്രമേ സ്ഥഇതി ചെയ്യുന്നുള്ളൂ. പൈപ്പ് വഴിയുള്ള കുടിവെള്ളത്തിന്റെ ലഭ്യതയുടെ പരിമിതകളും കണക്കുകളഇൽ നിന്ന് ലഭ്യമാകും. നിലവിലുള്ള പൈപ്പുകളിൽ പലതും ഇപ്പോൾ നിർജ്ജീവമാണെന്നതാണ് മറ്റൊരു വസ്തുത. എന്നാൽ നമ്മുടെ പഞ്ചായത്തിൽ പല വീടുകളിലും കിണറുകൾ ഉണ്ടെന്നത്, ലഭിച്ച കണക്കുകൾ കൃത്യമല്ലെങ്കിൽ തന്നെയും നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. സാമ്പത്തികമായ ബുദ്ധിമുട്ടാണ് കിണർ കുഴിക്കുവാൻ പലർക്കും തടസ്സം. ഉയർന്ന പ്രദേശങ്ങളിൽ വളരെ ആഴത്തിൽ കിണർ കുഴിക്കേണ്ട അവസ്ഥയുടെ കാഠിന്യം നമുക്ക് ഊഹിക്കാവുന്നതേ ഉള്ളൂ. വർഷത്തിൽ ആറുമാസങ്ങൾ മാത്രമേ ചിലയിടങ്ങളിൽ കിണർ വെള്ളം ലഭ്യമാകുന്നുള്ളൂ. ചിര പ്രദേശങ്ങളിലാവട്ടെ ആറുമാസം മുതൽ പത്തുമാസം വരെ ഏറ്റക്കുറച്ചിലുകളിലൂടെ ലഭിക്കാതെയുമുണ്ട്. എന്നാൽ നമ്മുടെ കുളങ്ങളാവട്ടെ കുടിക്കാൻ വെള്ളം ലഭിക്കാൻ പര്യാപ്തമല്ല. 16 നുമേലെ സ്വകാര്യകുളങ്ങളഉം 1 പൊതുകുളവും ഉള്ളതിൽ പലതും നാശോന്മുഖമാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു നദി മാത്രമേ സ്ഥിതി ചെയ്യുന്നുള്ളൂ.

പാനൂർ പഞ്ചായത്തിലെ ലക്ഷം വീട് കോളനികളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

2. ദുർബല ജനവിഭാഗങ്ങൾ അധിവസിക്കുന്ന അവയാട്കുന്ന്, മഞ്ചാംകുന്ന് ഭാഗങ്ങളിൽ കഠിനമായ കുടിവെള്ളക്ഷാമം നിലനിൽക്കുന്നു.

3. പഞ്ചായത്തിലെ മുള്ളൻകുന്ന്, ചെറുവന്ത് കനാൽ പരിസരം, കല്ലുകൊത്ത് പറമ്പത്ത് ഭഉാഗം, മത്തത്ത് താഴെ പാറക്കു സമീപം, കൂറ്റേരിക്കാവിന്റെ മേൽഭാഗം, പാലത്തായി കിഴക്കുഭാഗം, പഴശ്ശഅശഇകനാൽ ഭാഗങ്ങൾ, കാപ്പിന്റെ അടുത്തുള്ള ഭാഗങ്ങൾ, പാനൂർ- പാലക്കൂൽ റോഡ് ഭാഗത്ത്, സെൻട്രൽ എലാങ്കോട്- വെള്ളാലിപ്പാൻ ചാൽ റോഡ് പരിസരം, മഹാത്മാഗാന്ധിറോഡ്, പരിസരം, തത്തൻപറമ്പത്ത് കനാൽ ഭാഗം, ജൈവം ചവിട്ടി പാറക്കുതാഴെ സമീപം പാലത്തായി കാപ്പുമ്മൽ ഭാഗം എന്നിവിടങ്ങളിലെല്ലാം രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

സാധ്യതകൾ

1. പാനൂരിലെ ലക്ഷംവീട് കോളനിയിൽ 25 വീടുകൾക്കായി ഒരു കിണറാണുള്ളത്. അവിടെ പത്തുവീടിന് ഒരു പൈപ്പു വീതമോ അല്ലെങ്കിൽ ഒന്നോ രണ്ടോ കിണറുകൾ കുഴിച്ചും പരിഹരിക്കാവുന്നതാണ്.
2. പുതിയാട്ടും കണ്ടി കിണറിൽ നിന്ന് പൈപ്പുവഴി മഞ്ചാംകുന്നിലേക്ക് വെള്ളം എത്തിക്കാനാവു.
3. അവയാട് കുന്നിന്റെ മുകളിൽ കുഴിച്ച കിണറിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്.
4. പഴശ്ശികനാൽ വേനൽക്കാലത്ത് തുറന്നുവിട്ടാൽ ജലക്ഷാമം ഒരളവോളം പരിഹരിക്കാവുന്നതാണ്.
5. പാലത്തായി കിഴക്കുഭാഗത്തുള്ള പൊതുകിണർ നന്നാക്കേണ്ടതാണ്.
6. പാലക്കൂൽ, ഭാഗത്ത് കിണർ കുഴിച്ച് പൈപ്പ് ലൈൻ സംവിധാനം ഒരുക്കി പരിഹരിക്കാം.
7. ദൈവം ചവിട്ടി പാറക്കു താഴെയും പാലത്തായി കാപ്പുമ്മൽ ഭാഗത്തും കുഴൽ കിണറുകൾ സ്ഥാപിച്ച് പരിഹരിക്കാം.
8. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കിണറുകൾ കുഴിച്ച് പരിഹരിക്കാം.
9. ജലസംരക്ഷണത്തിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകാം.



പാർപ്പിടവും സാമൂഹ്യക്ഷേമവും

സാംസ്കാരികമായും വിദ്യാഭ്യാസപരമായും ഏറെ മുന്നിൽ നിൽക്കുന്ന പാനൂർ പഞ്ചായത്തിൽ ഗൾഫ് പണത്തിന്റെ സ്വാധീനമേറെയാണ്. ഗൾഫ് പണത്തിന്റെ സിംഹഭാഗവും ഭവന നിർമ്മാണരംഗത്ത് കോൺക്രീറ്റ് സാധനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. സമ്പത്ത് ക്രിയാത്മകരീതിയിൽ ഉപയോഗിക്കുന്നതിന് പരകരമാണിത് സംഭവിക്കുന്നത്. പാർപ്പിട നിർമ്മാണത്തിലെ ധാരാളിത്തം സമൂഹത്തിൽ നിന്നും തുടച്ചു മാറ്റപ്പെടേണ്ട പ്രവണതയാണ്. പാനൂർ പഞ്ചായത്തിലെ 3026 വീടുകളിൽ 1025 എണ്ണം കോൺക്രീറ്റും 1693 എണ്ണം ഓടിട്ടതും 187 എണ്ണം ഓല മേഞ്ഞതും 121 കുടിലുകളുമാണ്.

വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ.

പി. ഡബ്ല്യൂ ഡി റോഡിനിരുവശത്തുമായി ലക്ഷങ്ങൾ മുടക്കി കൂറ്റൻ വീടുകൾ നിർമ്മിച്ച് സമൂഹത്തിൽ 'മാന്യ' പരിവേഷമണിയാൻ ശ്രമിക്കുന്നവർ ധാരാളമാണ്. തീർച്ചയായും നിരുത്സാഹപ്പെടുത്തേണ്ടുന്ന പ്രവണതയാണിത്. വയലുകൾ നികത്തി കെട്ടിടങ്ങൾ പണിയുന അവസ്ഥയും പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കണ്ടുവരുന്നു. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ഗ്രാമസഭകളിൽ നിന്ന് വ്യാപകമായ പരാതികൾ ഉയർന്നുവന്നിരുന്നു. തിരുത്തപ്പെടേണ്ട പ്രവണതയാണിത്.

പഞ്ചായത്തിൽ ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി. ഇതിന്റെ പ്രവർത്തനം മെച്ചപ്പെട്ട നിലയിലുള്ളതാണ്. പലിശ നിരക്കുകുറക്കാനും,കാലതാമസം ഒഴിവാക്കാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വായ്പ സാധാരണക്കാരന് ലഭ്യമാകുന്ന നിലയിൽ ജാമ്യവ്യവസ്ഥകളിലെ സങ്കീർണ്ണതകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്. ദുർബ്ബല ജനവിഭാഗങ്ങളിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചുകൊടുക്കാൻ സർക്കാർ ഭവന നിർമ്മാണബോർഡുകൾ വഴി പഞ്ചായത്തിന്റെ മുൻകൈയോടെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ദുർബ്ബല വിഭാഗങ്ങൾക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളേതു, വായ്പകളോ ലഭ്യമാവലാത്തതിനാൽ ഉത്സാവക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിരപ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതുവഴി നാടിന്റെ പ്രത്യുത്പാദനരംഗങ്ങളിൽ ആത്മാർത്ഥയോടെയും ഉൽസാഹത്തോടെയും സമസ്ത ജനവിഭാഗങ്ങളെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണരംഗത്ത് കോ-ഓപറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി സ്തുത്യർഹമായ പങ്കാണ് നിർവ്വഹിക്കുന്നത്. 976 മെമ്പർ മാർക്ക് ഭവന നിർമ്മാണ വായ്പയും 257 പേർക്ക് ഭവന നവീകരണ വായ്പയും കൊടുത്തിട്ടുണ്ട്. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ സ്വീകരിച്ച് ഭവന നിർമ്മാണം നടത്തുന്നുണ്ട്. തൊഴിലാളികളെ സംബന്ധിച്ച് കൂലി നിരക്ക് പൊതുവെ തൃപ്തികരമായ അവസ്ഥയാണ് പഞ്ചായത്തിലുള്ളത്. വിദഗ്ദ തൊഴിലാളികൾക്ക് 190 മുതൽ 130 വരെയും അവിദഗ്ദതൊഴിലാളികൾക്ക് 90 മുതൽ 110 വരെയും കൂലി നിരക്ക് എത്തി നിൽക്കുന്നു. പുരുഷ തൊഴിലാളികളേക്കാൾ കുറവാണ് സ്ത്രീതൊഴിലാളികളുടെ കൂലിനിരക്കെന്ന് അറഇയുന്നു. സ്ത്രീതൊഴിലാളികൾക്ക് 35 രൂപയാണ് ഉച്ചപ്പണിക്ക്
ലഭിച്ചുവരുന്നത്.

പാനൂർ പഞ്ചായത്തിൽ 121 ഓളം കുടിലുകൾ ഉണ്ട്. ഇവ മാറ്റിയെടുക്കുന്നതിനും ഭവന രഹിതർക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതിനും സർക്കാറിന്റെ വിവിധ എജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ, സഹായങ്ങൾ, എന്നിവ അപര്യാപ്തമാണ്. വീട് ഇല്ലാത്തവരുടെ വാർഡുകളിൽ ഗുണഭോക്താക്കളുടെയും, സന്നദ്ധ സംഘടനകളുടെയും പ്രത്യേക യോഗം വിളിച്ചു ചേർത്ത് ഗുണഭോക്താൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി, സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വീകരിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

നിർദ്ദേശങ്ങൾ

1. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമഗ്രികൾ വാർഡുകളിൽ നിന്ന് ഉണ്ടാക്കാവുന്നതാണ്. ഹോളോ ബ്രിക്സ്, സിമൻറ് കട്ട ഇവ നിർമ്മിക്കുവാൻ പഞ്ചായത്തിൽ സ്ഥല സൗകര്യമുണ്ട്.
2. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിച്ച് എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരെ സംഘത്തിലൂടെ സപ്ലൈ ചെയ്യുക.
3. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
4. ചിലവ് കുറഞ്ഞ വീട് എന്ന ആശയപ്രചരണം വിപുലപ്പെടുത്തുക. ബോധവൽക്കരണം സംഘടിപ്പിക്കുക.
5. IAY,MWS, JRY,RLEGPഎന്നിവ 15,800 രൂപയിൽ നിന്ന് 30,000 രൂപയായി ഉയർത്തുക
6. രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി 26,400 രൂപയിൽ നിന്ന് 50,000 രൂപയായി ഉയർത്തുക
7. പ്രകൃതി ക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുക

എസ്. സി. എസ്. ടി. വിഭാഗങ്ങൾ അധിവസിക്കുന്ന കോളനികളിൽ ഗൗരവമേറിയ ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അ വയ്ക്കെല്ലാം തന്നെ പരിഹാരം കാണാൻ കഴിയേണ്ടതുണ്ട്. നമ്മുടെ ലക്ഷ്യം 5വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ.അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിക്കാം.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമൻറ് 87-88 കാലയളവിൽ 80 രൂപയും 89ൽ 1000രൂപയും 92-94ൽ വർഷങ്ങളിൽ 150 രൂപയും 95-96 വർഷങ്ങളിൽ 180 രൂപയിലും എത്തിനിൽക്കുന്നു. 87-88ൽ 100 കല്ലിന് 1200 രൂപയായിരുന്നത് 94ൽ 6000 രൂപയും 95ൽ 8000 രൂപക്കുമേൽ വർധിച്ചത്കാണാം. കല്ലിൻെറ ഗുണത്തിൽ വ്യത്യാസം ഉണ്ടായില്ലെന്ന് കണക്കാക്കപ്പെടുന്നു. 87-88 ൽ 1കി. ഗ്രാം കമ്പിക്ക് 13 രൂപ യായിരുന്നത് 96ൽ16.50ൽ എത്തിനിൽക്കുന്നതായി കാണാം. കോൺക്രീറ്റ് യൂനിറ്റിന് 87-88ൽ 1800 കൂലി ഉണ്ടായിരുന്നിടത്ത് ഇപോൾ 2500 ൽ എത്തിനിൽക്കുന്നു.95ൽ ഫസ്റ്റ് ക്ലാസ്സ് ഓടിന് 1000 ത്തിന് 5000 രൂപ ഉണ്ടായിരുന്നത് 96 ൽ 1000 ത്തിന് 5500 ൽ കൂലി നിരക്കിലെ വർദ്ധനവും അതിനെക്കാൾ വെല്ലുന്ന സാമഗ്രികളുടെ വിലക്കയറ്റവും സാദാരണക്കാരെവല്ലാതെ ബുദ്ധിമുട്ടിക്കുന്നു വീടിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളുമായ ഇതു കൂടാതെ വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുണ്ട്.



സഹകരണം

പഴയ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു മലബാർ. മദ്രാസ് സഹകരണ നിയമപ്രകാരം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുരുങ്ങിയ പലിശനിരക്കിൽ കർഷകർക്ക് വായ്പ ലഭ്യമാക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 1920 ൽ പാനൂരിൽ ഐക്യനാണയ സംഘം രൂപീകൃതമായി.

ഇന്നത്തെ ഏഴു പഞ്ചായത്തുകളിൽ പ്രവർത്തന പരിധിയായുള്ള പഴയ പാനൂർ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡണ്ടായിരുന്ന ചന്ത്രോത്ത് കെ. ടി പത്മനാഭൻ നമ്പ്യാർ തന്നെയായിരുന്നു. ഐക്യനാണയ സംഘത്തിന്റെ ആദ്യകാല സംഘാടകരിൽ പ്രധാനി. ഐക്യനാണയ സംഘം സർവ്വീസ് സഹകരണ സൊസൈറ്റിയായി മാറിയത് 1965 ൽ ആണ്. ഈ പ്രവർത്തനത്തിന് നേതൃത്വം കൊടുത്തവരിൽ പ്രധാനി പുളിയുള്ളതിൽ കുഞ്ഞിക്കണ്ണൻ മേസ്ത്രി ആയിരുന്നു. 1985 ലാണ് സർവ്വീസ് സഹകരണ സൊസൈറ്റി, ബാങ്കായി മാറിയത്. നീണ്ട 76 വർഷത്തെ പ്രവർത്തന പാരമ്പര്യം ഈ സ്ഥാപനത്തിന് അവകാശപ്പെടാനുണ്ട്. ഈ സംഘമാണ് പാനൂരിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് 1968 മുതൽ 76 വരെയുള്ള കാലഘട്ടത്തിലാണ് പാനൂർ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ കൂടുതലായി ഉടലെടുത്തത്. ഐക്യനാണയ സംഘത്തിൽ നിന്നും പാനൂർ സർവ്വീസ് സഹകരണ ബേങ്കായി രൂപാന്തരം പ്രാപിച്ച് 76 വർഷം പിന്നിട്ടിട്ടും പാനൂർ പഞ്ചായത്ത് പ്രവർത്തന പരിധിയായുള്ള ഈ ബ്രഞ്ചിൽ 1286 അംഗങ്ങൾ മാത്രമേ നിലവിലുള്ളൂ. സഹകരണ പ്രസ്ഥാനം കൊണ്ട് ഉദ്ദേശിക്കുന്ന നിലയിലുള്ള ഗുണം ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞില്ല എന്നതാണ് പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങളെ ആകപ്പാടെ വീക്ഷിക്കുമ്പോൾ മനസ്സിലാക്കുവാൻ കഴിയുന്നത്. വിവിധ മേഖലകളിലായി 13 ഓളം സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ പ്രത്യക്ഷമായി 50 പേരും പരോക്ഷമായി പത്തോളം പേരും ജോലിചെയ്തു വരുന്നു. വിവിധ പഞ്ചായത്തുകൾ പ്രവർത്തന പരിധിയായുള്ള സഹകരണ സംഘങ്ങളുടെ ബ്രാഞ്ചുകൾ പാനൂർ ടൗണിലാണ് പ്രവർത്തിക്കുന്നത്.

പാനൂർ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളും ഗുണഭോക്താക്കളാകുന്ന നിലയിൽ സഹകരണ പ്രസ്ഥാനങ്ങൾ വളർന്നുവരേണ്ടത് അത്യന്താപേക്ഷിതമാണ്. പാനൂർ സർവ്വീസ് സഹകരണ ബേങ്ക് ഇനിയുമേറെ മെച്ചപ്പെടുത്താൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചേച്ച മതിയാകൂ. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വിപണന-വിതരണ രംഗത്ത് പാനൂരിലെ സഹകരണ സ്ഥാപനങ്ങളുടെ ഇടപെടൽ ഇല്ല. ഇത് അടിയന്തിരമായും മാറ്റിയെടുത്തേ തീരൂ.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ:

കാർഷികമേഖലയിൽ പാനൂർ സർവ്വീസ് സഹകരണ ബേങ്കും കണ്ണൂർ സഹകരണ ബേങ്കിന്റെ പാനൂർ ബ്രാഞ്ചും തലശ്ശേരി കോ-ഓപ്പറേറ്റീവ് ടൗൺബേങ്കിന്റെ പാനൂർ ബ്രാഞ്ചും ഭേദപ്പെട്ട നിലയിലുള്ള പ്രവർത്തനം കാഴ്ചവെക്കുന്നു. സിൻഡിക്കേറ്റ് ബേങ്ക്, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ, എന്നിവയുടെ പാനൂർ ശാഖകളും കാർഷിക മേഖലയിൽ വായ്പകൾ നൽകി വരുന്നു. കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, പാനൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് സ്റ്റോർ, വനിതാ സഹകരണ സംഘം എന്നിവ രൂപീകരിക്കപ്പെട്ടെങ്കിലും പ്രവർത്തനങ്ങൾ സജീവമായില്ല. 1968 ൽ രൂപീകരിക്കപ്പെട്ട പാനൂർ കോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി നല്ല നിലയിലുള്ള പ്രവർത്തനമാണ് കാഴ്ചവെക്കുന്നത്. ഭവന നിർമ്മാണ രംഗത്തും ഭവന നവീകരണത്തിനുമുള്ള വായ്പകൾ നൽകിവരുന്ന ഈ സ്ഥാപനത്തിന് ജില്ലാ തലത്തിൽ ഏറ്റവും നല്ല ബിൽഡിംഗ് സൊസൈറ്റിക്കുള്ള അംഗീകാരം ലഭിച്ചിരുന്നു. പാനൂർ സഹകരണ ഡിസ്പൻസറി 1988 മുതൽ പ്രവർത്തിച്ചുവരുന്നു. പാനൂർ ഹൈസ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പാനൂർ യു. പി. . സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റിപാലക്കൂൽ യു. പി. സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ പുസ്തകവിതരണ രംഗത്ത് പ്രവർത്തിച്ചു വരുന്നു. പാനൂരിൽ റെഡീമെയ്ഡ് വസ്ത്ര നിർമ്മാണരംഗത്ത്

പ്രവർത്തിക്കുന്ന ഒരു സ്ഥാപനനമാണ് '' സൗഹൃദ ഗാർമെൻറ്സ് '',ഖാദി ഗ്രാമ വ്യവസായ രംഗത്തും ഒരു സ്ഥാപനം പാനൂർ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

കാർഷിക മേഖല

ഹ്രസ്വകാല വായ്പ:

2902 കാർഷിക കുടുംബങ്ങളുള്ള പഞ്ചായത്താണ് പാനൂർ. ബാങ്കുകളിൽ നിന്നും പ്രധാനമായും വിതരണം ചെയ്യുന്നത്. കാർഷിക- കാർഷികേതര വായ്പകളാണ് എന്നാൽ ഈവായപ്കൾ എല്ലാ കർഷകർക്കും ലഭിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്.

പാനൂർ സർവ്വീസ് സഹകരണ ബേങ്ക്:

പാനൂർ പഞ്ചായത്ത് മാത്രം പ്രവർത്തന പരിധിയായുള്ള ഈ സഹകരണ ബേങ്കിൽ 1286 മെമ്പർമാരാണ് ഉള്ളത്. കൂടുതൽ മെമ്പർമാരെ ഉൾപ്പെടുത്തി കൂടുതൽ പേർക്ക് വായ്പാ സൗകര്യം നൽകി കാർഷിക രംഗത്തെ അ ഭിവൃദ്ധിപ്പെടുത്താൻഈ ബേങ്കിന് കഴിയും. ഹ്രസ്വകാല - ദീർഘകാല വായ്പകളായി 10,19027 രൂപ ഈ ബേങ്ക് വിതരണം ചെയണ്ട്. വിവിധ വായ്പകളുടെ വിതരണം ചിട്ടയോടുകൂടി നടത്താൻ കഴിയാത്തത്, വിതരണം ചെയ്യപ്പെട്ട വായ്പകളുടെ തിരിച്ചടവ് കൃത്യമായി നടത്താത്തതുകൊണ്ടാണ്എന്നു പറയപ്പെടുന്നു.

കോ-ഓപ്പറേറ്റീവ് ബിൽഡിംഗ് സൊസൈറ്റി

പാനൂർ കോ-ഓപ്പറേറ്റീവ് ബിൽഡിംഗ്സൊസൈറ്റി 1968 ൽ സ്ഥാപിതമായി 2102 അംഗങ്ങളുള്ള ഈ ബിൽഡിംഗ് സൊസൈറ്റിയുടെ പ്രവർത്തനം ഭേദപ്പെട്ട നിലയിലാണ്. ജില്ലാ തലത്തിൽ അതിനുള്ള അംഗീകാരവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്. 976 മെമ്പർമാർക്ക് 3,40,31,450 രൂപ ഭവന നിർമ്മാണത്തിനും 257 മെമ്പർമാർക്ക് 18,72,976 രൂപ ഭവന നവീകരണത്തിനും വായ്പ നൽകിയിട്ടുണ്ട്. കാലാവധി കഴിഞ്ഞിട്ടും വായ്പ തിരിച്ചടക്കാത്തത് തുടർന്നുള്ള വായ്പ പ്രയാസമുണ്ടാക്കുന്നു.

മറ്റു സ്ഥാപനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

	നിക്ഷേപം		വായ്പ	
	സ്ഥിരം	ഹ്രസ്വം	കാർഷികം	മറ്റിനം
പാനൂർ കോ-ബിൽഡിങ്ങ് സൊസൈറ്റി	1655222	59569		
കണ്ണൂർ ജില്ലാസഹകരണ ബേങ്ക് പാനൂർ	1813210	5626180	1,50,18,857	35,904426
തലശ്ശേരി സഹകരണ ടൗൺബേങ്ക്- പാനൂർ	8286713	140541		51702025
എസ്. ബി. ടി.	ലഭ്യമല്ല	ലഭ്യമല്ല	1063005	18488181
സർവ്വീസ് സഹകരണ ബേങ്ക് പാനൂർ	1636234	548796	10119027	3582349

ദീർഘകാല വായ്പ:- കാർഷികാവശ്യത്തിനുള്ള ദീർഘകാല വായ്പകൾ നൽകിവരുന്നത് കണ്ണൂർ ജില്ലാ സഹകരണ ബേങ്കിന്റെറ പാനൂർ ബ്രാഞ്ചും പാനൂർ സർവ്വീസ് സഹകരണ ബേങ്കുമാണ്. വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ ലളിതവൽക്കരിച്ചാൽ കർഷകർക്ക് ഏറെ ഉപകാര പ്രദമാകും.

വിവിധ മേഖലകളിൽ നടപ്പാക്കേണ്ടുന്ന പദ്ധതികൾ

1. പാനൂർ ടൗൺ കേന്ദ്രീകരിച്ചാണ് പാനൂർ പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നത്. പാലത്തായി, പാലക്കൂൽ, എലാങ്കോട് പ്രദേശങ്ങളിൽ സഹകരണ രംഗത്തെ വിവിധ യൂണിറ്റുകൾ രൂപീകരിക്കേണ്ടതാണ്.
2. സങ്കുചിത രാഷ്ട്രീയ താത്പര്യത്തിനതീതമായി അർഹരായ എല്ലാ ആവശ്യക്കാർക്കും സഹകരണ സ്ഥാപനങ്ങളിൽ അ ംഗത്വം നൽകേണ്ടതാണ്.

3. വായ്പകളുടെ വിനിയോഗം യഥാർത്ഥ ഉദ്ദേശ്യത്തിനാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

4. കൊപ്ര സംഭരണത്തിനും സംസ്കരണത്തിനുമുള്ള ഒരു സഹകരണ സ്ഥാപനം പാനൂരിൽ ആരംഭിക്കണം.

5. ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ എല്ലാ വാർഡുകളിലും രൂപീകരിക്കാവുന്നതാണ്.

6. ബാങ്കുകളുടെ കീഴിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിന് കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കേണ്ടതാണ്.

7. റജിസ്റ്റർ ചെയ്തിട്ടുള്ള പാനൂർ പഞ്ചായത്ത് കോ-ഓപ്പറേറ്റീവ് സ്റ്റോർ, മാർക്കറ്റിംഗ് സൊസൈറ്റി എന്നിവ പ്രവർത്തന രംഗത്ത് സജീവമാക്കണം.

8. ആട്- കോഴി വളർത്തൽ സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

9.സ്കൂൾ -കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ രൂപീകരിച്ച് നോട്ടു പുസ്തക നിർമ്മാണവും വിതരണവും ചെയ്യാൻ സാധിക്കുന്നതാണ്. (സ്കൂൾ സ്റ്റേഷനറി സാധനങ്ങൾ- യൂനിഫോമുകൾ)

10. ഖാദി ഗ്രാമവ്യവസായ യൂനിറ്റുകൾ ആരംഭിച്ച് അവയുടെ വിതരണമേഖല വിപുലപ്പെടുത്താവുന്നതാണ്.

11. എല്ലാ ഗ്രാമസഭകളിൽ നിന്നുമുള്ള നിർദ്ദേശമനുസരിച്ച് എല്ലാവാർഡുകളിലും വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കണം. റെഡിമെയ്ഡ്,ഗാർമെൻറസ് നിർമ്മാണം, അച്ചാർ,കറിപൗഡർ, എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.

12. പാലത്തായിയിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദന സഹകരണ സംഘം വിപുലീകരിച്ച് കൂടുതൽ പേർക്ക് തൊഴിൽ സൗകര്യങ്ങദൾ ഉണ്ടാക്കാവുന്നതാണ്.

13. സഹകരണ മെഡിക്കൽ സ്റ്റോർ പാനൂർ ടൗണിൽ ആരംഭിക്കാവുന്നതാണ്.

14.സഹകരണ സ്ഥാപനങ്ങൾ ജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതാണ്.

15. ക്ഷീരോല്പന്നങ്ങളുടെ വിപണനം പ്രോൽസാഹിപ്പിക്കുകയും ക്ഷീരമേഖലയിൽ സ്ത്രീജനങ്ങളുടെ പങ്കാളിത്തവും തൊഴിൽ സാദ്ധ്യതയും വർദ്ധിപ്പിക്കണം.

16.മെച്ചപ്പെട്ട പശു വളർത്തൽ രീതികളവംലബിച്ച് മാതൃകാപരമായി ഡയറി യൂനിറ്റ് നടത്തുന്നതിന് കർഷകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്ന പദ്ധതി നടപ്പിലാക്കാവുന്നതാണ്.

17. അസംഘടിത തൊഴിൽ മേഖലയിലെ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കാനുപകരിക്കുന്ന നിലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കാവുനതാണ്.

സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെ ഉൾക്കൊള്ളിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്കാവശ്യമായ വിദഗ്ധോപദേശങ്ങളും നിർദ്ദേശങ്ങളും ഈ സെൽമുഖേന നൽകാവുന്നതും, സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ അവലോകനം ചെയ്യാവുന്നതുമാണ്.

വ്യവസായം

കണ്ണൂർ ജില്ലയിലെ വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് പാനൂർ. വിരലിലെണ്ണാവുന്ന കുടിൽവ്യവസായങ്ങളൊഴിവാക്കിയാൽ എടുത്തു പറയത്തക്ക മറ്റൊന്നുമില്ല.തൊഴിലെടുക്കാൻ സന്നദ്ധതയുള്ള യുവജനങ്ങളുടെ എണ്ണം വർധിച്ചു കൊണ്ടിരിക്കുമ്പോഴും അവരുടെ നിത്യവൃത്തിക്കാശ്രയമേകുന്ന ഒരു വ്യവസായ സംരംഭം പോലും ഇല്ല എന്നുള്ളത് വേദനിപ്പിക്കുന്ന ഒരു സത്യമാണ്. ഇത് തിരിച്ചറിവിലൂടെ ഉൾകൊണ്ട് വ്യാവസായിക മേഖലയിൽ കൂടുതൽ തൊഴിൽസാധ്യതകൾ കണ്ടെത്താനുതകുന്ന പുത്തൻ സംരംഭങ്ങൾക്ക് നാം തുടക്കം കുറിച്ചെ മതിയാവൂ. പരമ്പരാഗത വ്യവസായങ്ങളുടെ ഒരു ഗതകാല ചരിത്രം നമുക്കുണ്ടായിരുന്നു. പഴമക്കാരുടെ കഥകളിൽ ഇത്സംബന്ധിച്ച് ധാരാളം അറിവുകളുണ്ട്. എടുത്തു പറയത്തക്ക വ്യവസായങ്ങളൊന്നും ഇന്ന് നമ്മുടെ പഞ്ചായത്തിലില്ല. കരിങ്കൽ ക്വാറികളും ജില്ലിയടി ഫർണ്ണിച്ചർ സംമിത്ത് വർക്ക്, സോമിൽ വർക്ക്ഷോപ്പ് എന്നിവ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന പ്രധാന സംരംഭങ്ങളാണ്.

വ്യാവസായിക ചരിത്രവുമായി പോയ നാളിൽ എന്നെങ്കിലും അവകാശപ്പെടാൻ പഞ്ചായത്തിനില്ല. ദ്വതീയ മേഖലയായ വ്യാവസായിക ംഗത്ത് ഏതാനും തൊഴിൽ സ്ഥാപനങ്ങളുണ്ട്. അവയെ മൂന്നായി തരം തിരിക്കാം. (1) പരമ്പരാഗതം (2) കുലതൊഴിലുകൾ (3) കുടിൽ വ്യവസായം

പഞ്ചായത്തിൽ ധാരാളം ജനങ്ങൾ വിദേശങ്ങളിലും അന്യസംസ്ഥാനങ്ങളഇലും സംസ്ഥാനത്തിന്റെ മറ്റ് ഭാഗങ്ങളിൽ തന്നെയും വ്യാവസായിക തൊഴിലാളികളായി ജീവിച്ചു വരുന്നു. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങൾ 26 എണ്ണമാണ്. പുതുതായി റജിസ്ട്രേഷന് അപേക്ഷിച്ചിട്ടുള്ള സ്ഥാപനങ്ങളുമുണ്ട്. നിലവിലുള്ള സ്ഥാപനങ്ങളിൽ ഏകദേശം 182 പുരുഷ തൊഴിലാളികളും 76 സ്ത്രീതൊഴിലാളികളഉം ജോലി ചെയ്യുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്ന പട്ടികയിൽ കൊടുക്കുന്നു.

ഫാക്ടറി സമ്പ്രദായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമോ, ആധുനിക ശാസ്ത്രസാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രിക്കുന്ന ചെറുകിട ഫാക്ടറിയോ ഇവിടെയില്ല. ഇവിടുത്തെവ്യവസായ സ്ഥാപനങ്ങളിലെ വേതന നിരക്കും മറ്റ് ആനുകൂല്യങ്ങളും വ്യത്യസ്തമാണ്. തൊഴിൽ സ്ഥാപനങ്ങളിൽ ഉടമയും തൊഴിലാളികളും ജോലി ചെയ്തു വരുന്നു. മിക്കവാറും സ്ഥാപനങ്ങളിൽ ഒന്നോ രണ്ടോ കൂടിയാൽ പത്തു പേരിൽ ഒതുങ്ങുന്നതോ ആണ് തൊഴിലാളികൾ. എന്നാൽ ചില സ്ഥാപനങ്ങൾ ഇതിൽ നിന്ന് വ്യത്യസ്തമായി നിൽക്കുന്നു.നമ്മുടെ പഞ്ചായത്തിലെ മിക്ക സ്ഥാപനങ്ങളും സ്വകാര്യ ഉടമസ്ഥയിലുള്ളവയാണ്.

തൊഴിലാളികളുടെ കൂലി വ്യവസ്ഥ:

സ്ത്രീ- പുരുഷ ഭേദം പ്രകടമാക്കുന്നതരത്തിലുള്ള കൂലിവ്യവസ്ഥയാണ് തൊഴിൽ മേഖലയിൽ കാണുന്നത്. സ്ത്രീകളുടെ കൂലി നിരക്ക്20 രൂപ മുതൽ 55 രൂപ വരെയാണെങ്കിൽ പുരുഷൻമാരുടെത്40 രൂപമുതൽ 100 വരെയാണ്. പരമ്പരാഗത വ്യവസായ രംഗത്ത് എടുത്തു പറയത്തക്ക ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. 20 ഓളം സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന പാലത്തായിയിലും, പാലക്കൂലിലുമുള്ള ജില്ലി നിർമ്മാണ യൂനിറ്റ്കളാണ് എടുത്തു പറയത്തക്കതായിട്ടുള്ളത്. എന്നാൽ കുലതൊഴിലുകളായ സ്വർണ്ണപണി കൊല്ലപ്പണി, മരപ്പണി, കള്ളുചെത്ത, എന്നിവയിലൂടെ ധാരാളം പേർ ജോലി ചെയ്തുവരുന്നു.

ഉപയോഗിക്കപ്പെടാത്ത അസംസ്കൃത വസ്തുക്കൾകാർഷിക മേഖലയിൽ തെങ്ങ് പ്രധാനമായതുകൊണ്ട് തന്നെ നമ്മുടെ പഞ്ചായത്തിലും തേങ്ങ തന്നെയാണ് ധാരാളമായി ഉല്പാദിപ്പിച്ചു വരുന്നത്. പാനൂരിൽ തേങ്ങ കൊപ്ര, വെളിച്ചെണ്ണ എന്നിങ്ങനെയുള്ള തെങ്ങുമായി ബന്ധപ്പെട്ട അനുബന്ധ പ്രക്രിയമാത്രമെ നടത്തിവരുന്നുള്ളൂ. ഈ അ സംസ്കൃത വസ്തുക്കളിൽ നിന്ന് വ്യാവസായികാടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ നിർമ്മിക്കുവാൻ റെ സാധ്യതള്ളതാണ്. വെളിച്ചെണ്ണയിൽ നിന്ന് ഹെയർ ഓയിൽ, സോപ്പ് എന്നിവയുടെ ഉല്പാദനത്തിന് വിജയ സാധ്യതയുണ്ട്. തെളിഞ്ഞ് കാണുന്നു. മടൽ, ചിരട്ട എന്നിവയും ഉപയോഗിക്കപ്പെടാത്ത അസംസ്കൃത വസ്തുക്കൾ തന്നെ.

സംരംഭകരുടെ പ്രശ്നങ്ങൾ

കമ്പോള വൽക്കരണത്തിന്റെ സ്വാധീനവും ഇറക്കുമതിയോടുള്ള അമിതാവേശവും നാട്ടിലെ ഉല്പന്നങ്ങളോട് നാട്ടുകാർക്ക് മതിപ്പ് കുറച്ചിരിക്കുന്നു. ഇത് പുത്തൻ സംരംഭകരുടെ ഒരു പ്രശ്നമാണ്. ഉല്പാദന രംഗത്താണെങ്കിൽ

വ്യവസായസ്ഥാപനവിവരങ്ങൾ

നമ്പർ	ഇനം	തൊഴിലാളികൾ			ശരാശരി ദിവസകൂലി		മറ്റുകാര്യങ്ങൾ
			M	FM	M	FM	
1	പ്രിൻറിങ്ങ് പ്രസ്	4	7	6	40	25	
2	ഫ്ലോർ മിൽ	3	3				
3	ഓയിൽ മിൽ	1	2		80		
4	സോമിൽ	3	21	3	70	55	
5	അവിൽ മിൽ	1	4	2	60	40	
6	കരിങ്കൽ ക്വാറി	2					പ്രവർത്തിക്കുന്നില്ല
7	ഗ്രിൽസ്. ഷട്ടർ	3	12		75		
8	ജില്ലി നിർമ്മാണം	2		20			
9	സ്വിച്ച് ബോർഡ് നിർമ്മാണം	1	1		60		
10	സ്വർണ്ണ ഡൈ	3	3		100		
11	ഗാർമെൻറ് യൂണിറ്റ്	2		15		40	
12	ആയുർവേദ ശാല	2	10	20	40	25	
13	ഖാദി നൂൽ നൂൽപ്പ് കേന്ദ്രം	1				20	
14	സോഡ നിർമ്മാണം	3	6		60		
15	ബേക്കറി	6	20		40		
16	സർവ്വീസ് സേറ്റഷൻ	1	2		60		
17	അപ്ഹോൾസ്റ്ററി	2	6		70		
18	വർക്ക് ഷോപ്പ്	7	36		40		
19	ബോഡിബിൽഡിങ്ങ്	1	4		60		
20	ടയർ പേച്ച് വർക്സ്	4	7		75		
21	കള്ള് ചെത്ത്	7	7		40		
22	ദിനപത്രം	1	1	5	100	25	
23	ഫർണിച്ചർ	6	18				
24	സ്മിത്തി വർക്സ്	27					
25	കറി പൗഡർ നിർമ്മാണം	1		4			
26	പപ്പട നിർമ്മാണം	1	12		60	35	

രൂക്ഷമായ മൽസരം അരങ്ങേറുന്നുമുണ്ട്. ഈ മൽസരത്തിന്റെ ഭാഗമായി ഒരു സോപ്പ് നിർമ്മാണ യൂനിറ്റ് തകർന്നു പോയ ദയനീയ ചിത്രവുമുണ്ട്. പാനൂരിന് ചെറുകിട വൻകിട മൽസരത്തിൽ സ്വാഭാവികമായും വിജയം വൻകിടക്കാരനാണ്. മൽസരത്തിൽ നിന്നുള്ള പരാജയഭീതിയാണ് പുതിയ സംരംഭകരെ വ്യവസായത്തിൽ നിന്ന് അകറ്റുവാൻ പ്രേരിപ്പിക്കുന്നത്.

പുതിയ സാങ്കേതിക പരിജ്ഞാനത്തിന്റെ അഭാവം പുതിയ മേഖലകളിൽ ഉല്പാദന വർധനവുണ്ടാക്കാൻ തടസ്സമായിതീരുന്നു. വേണ്ടത്ര പരസ്യങ്ങളിലൂടെയും മറ്റും പുതിയ വിപണി കണ്ടെത്താനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കാൻ ചെറുകിട വ്യവസായ സംരംഭകന് ആവില്ല എന്നുള്ളത് മറ്റൊരു സത്യമാണ്.

ചെയ്യേണ്ട കാര്യങ്ങൾ

തൊഴിലില്ലാത്തവർക്ക് തൊഴിൽ പരീശീലനം ചെയ്യാൻ സൗകര്യമുണ്ടാക്കുക.സാമ്പത്തിക സഹായം ചെയ്തു കൊടുക്കുക. വിപണനസഹായം ഉണ്ടാക്കുക. ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുക എന്നീ കാര്യങ്ങൾ ചെയ്യുന്നതിലൂടെ ധാരാളം പുതിയ സംരംഭകർ താന്താങ്ങളുടെ അഭിരുചിക്കൊത്തുവള്ള വ്യവസായങ്ങൾക്ക് കടന്നുവരാൻ സാധ്യത ഏറുമെന്ന് തോന്നുന്നു. എന്നാൽ വൈദ്യുതി പ്രശ്നം ഒരു വലിയ തടസ്സം സൃഷ്ടിക്കുന്നു.ഇന്ന് മോട്ടോർവാഹനരംഗത്ത് വമ്പിച്ച വർദ്ധനവുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനാൽഓട്ടോ മൊബൈൽ രംഗം വികസിപ്പിച്ചെടുക്കാൻകഴിയും. സഹകരണാടിസ്ഥാനത്തിൽ ഇവയുടെ റിപ്പേയർ, സ്പെയർ പാർടുസുകളുടെ വിതരണം എന്നിവ പാനൂർ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

പ്രശ്നങ്ങൾ

1. പാനൂർ പഞ്ചായത്തിൽ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ -പറ്റിയ സ്ഥല സൗകര്യം കുറവാണ്.
2. വൈദ്യുതി കണക്ഷൻലഭിക്കാൻ വലിയ കാലതാമസം നേരിടുന്നു.
3. സംഘടിത ശ്രമങ്ങൾ ഇല്ലായ്മ.
4. വിവിധ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കുവാനുള്ള കാലതാമസം
5. ബാങ്കുകളഇൽ നിന്നു ധനസഹായം ലഭിക്കാനുള്ള കാലതാമസം
6. വിദഗ്ദതൊഴിലാളികളുടെ അഭാവം.
7. ശക്തമായ സഹകരണ സ്ഥാപനങ്ങളുടെ അഭാവം
8. വിപണി കണ്ടെത്തുന്നതിനുള്ള പ്രയാസങ്ങൾ

സാധ്യതകൾ

1. ഗൾഫ് മേഖലയുമായ് ബന്ധപ്പെട്ട് സാമ്പത്തികാടിത്തറ ഉണ്ടെങ്കിൽ തന്നെയും വ്യാവസിയകമേഖലയിൽ ശ്രദ്ധ തിരിച്ചുവിട്ടാൽ മുതൽ മുടക്കു നടത്തിക്കാൻകഴിയും.
2. സഹകരണ മേഖലയിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുക.
3. പഞ്ചായത്തിൽ ലഭ്യമായ അസംസ്കൃത വസ്തുവായ തേങ്ങ, ചിരട്ട, തെങ്ങിൻ തടി, അടക്ക, ഇവയുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് പദ്ധതി തയ്യാറാക്കുക.
4. തയ്യൽമേഖലയിൽ പരിശീലനം സിദ്ധിച്ച ധാരാളം സ്ത്രീകളുള്ള നമ്മുടെ പ്രദേശത്ത് സഹകരണ സംരംഭം വഴി പുതിയ യൂനിറ്റുകൾ ആരംഭിക്കാം.
5. കയറ്റുമതി സാധ്യതയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമാണം വ്യാപിപ്പിക്കുവാൻ കഴിയും.
6. ഇളനീർപന്തലുകൾ, അച്ചാർ നിർമാണം
7. .. വെളിച്ചെണ്ണ നിർമ്മാണം.
8. തേങ്ങാപിണ്ണാക്കിൽ നിന്ന് കാലിത്തീറ്റ നിർമ്മാണം.
9. വാഴനാരിൽ നിന്ന് കാലിത്തീറ്റ നിർമ്മാണം
10. ജില്ലി നിർമ്മാണം
11. പി. എം. ആർ. വൈ. വ്യവസായ യൂനിറ്റുകൾ ഉണ്ടാക്കുക
12. എണ്ണ പലഹാര നിർമ്മാണ യൂണിറ്റുകൾ
13. ബേഗ്, ചെരുപ്പ്, മെഴുകുതിരി, ചന്ദനത്തിരി, നിർമ്മാണം
14. സോപ്പ് നിർമ്മാണ യൂണിറ്റുകൾ
15. റൊട്ടി നിർമ്മാണം
16. പോളിത്തീൻ കവർ, നൂല്എന്നിവയുടെ നിർമാണം
17. സ്റ്റീൽ,ഫർണിച്ചർ നിർമാണം.



സംസ്കാരം

സാംസ്കാരിക നവോത്ഥാന പ്രക്രിയയിൽ പങ്കുവഹിച്ചഒരു ജനതയുടെ ആത്മ സമർപ്പണത്തിന്റെ സജീവചിത്രം പാനൂരിന്റെ ഇന്നലെകളിലുണ്ട്. വിദ്യാഭ്യാസ പരമായും സാംസ്കാരികമായും ഏറെ പൈതൃകം അവകാശപ്പെടാവുന്ന പ്രദേശമാണ് പാനൂർ.

വളരെ പഴക്കമേറിയ പാനൂരിലെ കൊച്ചു അങ്ങാടി പഴയകാല സ്പന്ദനങ്ങളെ ഏറെക്കുറെ ഏറ്റുവാങ്ങിയിരുന്നു. ഗതകാല ചരിത്രത്തിൽ വിസ്മരിക്കാൻ കഴിയാത്ത സംഭവങ്ങൾക്ക് പാനൂർ സാക്ഷ്യം വഹിച്ചിരുന്നു.

വൈദേശിക മേധാവിത്തത്തിനും ജന്മി പ്രാമാണിത്വത്തിനുമെതിരായി ചെറുത്തു നില്പുകൾ പാനൂരിലും ദൃശ്യമായിരുന്നു. സമ്പന്ന ജന്മി നാടുവാഴി കുടുംബങ്ങളുടെ അവഗണനയും ക്രൂരതയും ഐതിഹ്യകഥകളിൽ നിറഞ്ഞുനില്ക്കുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയുംനിലനിന്നിരുന്നു. പാനൂർ ടൗണിൽ തന്നെ ഉണ്ടായിരുന്ന ഫ്യൂഡലിസ്റ്റ് നടപടികൾക്കെതിരെ നാട്ടുകാരുടെ യോജിച്ച ചെറുത്തു നില്പും ഉണ്ടായതായി പഴമക്കാർ ഓർമ്മിപ്പിക്കുന്നു.

1962 വരെ ഇന്നത്തെ പാനൂർ, തൃപ്രങ്ങോട്ടൂർ, മൊകേരി, കുന്നോത്ത് പറമ്പ, പന്ന്യന്നൂർ, പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഒരൊറ്റ പഞ്ചായത്തായിരുന്നു പാനൂർ. സാംസ്കാരികരംഗത്തെ പ്രതിഭാശാലികളുടെ കൂട്ടായ്മയ്ക്ക് പാനൂരിൽ അവസരം ഒരുക്കിയിരുന്നു. അത്തരം പ്രവർത്തനങ്ങൾ പാനൂരിന്റെ സാംസകാരിക ത്തനിമയെ പ്രദീപ്തമാക്കിയിരുന്നു.

വാഗ്ഭടാനന്ദഗുരുവിന്റെ ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തനങ്ങളിൽ ആകൃഷ്ടരായ

ഉൽപതിഷ്ണുക്കളായ ഒരു സംഘം ചെറുപ്പക്കാരുടെ പ്രവർത്തന മണ്ഡലമായിരുന്നു പാനൂർ. സമ്പ്രദായങ്ങളിൽ നിലനിന്നിരുന്ന അനാചാരങ്ങൾക്കെതിരെയുള്ള ഗുരുവിന്റെ വാഗ്ധോരണി പാനൂരിലെ ജനതയെ ആവേശ ഭരിതരാക്കിയിരുന്നു. മത സൗഹാർദ്ദത്തിന്റെ തെളിഞ്ഞ മേഖല അന്ന് നിലവിലുണ്ടായിരുന്നതായി പറയപ്പെടുന്നു.

ആയുർവേദ വൈദ്യനും മതപണ്ഡിതനും കാവ്യരചനയിൽ തല്പരനുമായ പൈക്കാട്ട് അഹമ്മദ് കുട്ടി മുസ്ല്യാരും വാഗ്ഭടാനന്ദഗുരുവും തമ്മിൽ ആത്മബന്ധമുണ്ടായിരുന്നതായി പറയപ്പെടുന്നു. വിവിധ മതവിഭാഗങ്ങളിൽ പെടുന്ന തന്റെ വിജ്ഞരായ സുഹൃത്തുക്കൾ അദ്ദേഹത്തിന്റെ വീട്ടിൽ സമ്മേളിക്കുമായിരുന്നു. ആ സദസ്സുകൾ അന്യോന്യം അടുക്കുവാനും സഹായിച്ച വിദ്വൽ സദസ്സുകൾ ആയിരുന്നു. വാഗ്ഭടാനന്ദ ഗുരുവിന്റെ സന്ദർശനം ഒരു മഹാ സംഭവം തന്നെ യായിരുന്നുവെന്ന് പൈക്കാട്ടെ കുടുംബാങ്ങൾ ഇന്നും ഓർമ്മിക്കുന്നു. പദ സ്വാധീനം, ഭാഷാ ശുദ്ധി, മത സഹിഷ്ണുത എന്നീ ഗുണ വിശേഷങ്ങളാൽ ശ്രദ്ധേയനായ സീ. കെ. മൊയ്തീൻ കുട്ടി മുസ്ല്യാരും വാഗ്ഭടനാന്ദഗുരുവും ആത്മ സുഹൃത്തുകളായിരുന്നു.

കേരളത്തിൽ എല്ലായിടത്തും എന്ന പോലെ പാനൂരിലും ശ്രീനാരായണ ഗുരുവിന്റെ സന്ദേശങ്ങൾ വളരെ വേഗം പ്രചരിച്ചിരുന്നു. പാനൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ശ്രീനാരായണ മഠങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും സ്ഥാപിക്കപ്പെട്ടു. ഗുരുവിന്റെ സന്ദേശ പ്രചാരണത്തിൽ തല്പരരായ ഒട്ടേറെപേർ പാനൂരിൽ വളർന്നു വന്നു. ശ്രീനാരായണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഇന്നും നല്ല നിലയിൽ നടന്നു വരുന്നു. എന്നാൽ ജാതീയ സ്പർദ്ധകൾ നിലനിന്നതായി പറയപ്പെടുന്നു . പല നാടുവാഴി കുടുംബങ്ങളും അവർണ്ണരോട് അയിത്തം പുലർത്തിയിരുന്നു. ജാതീയതക്കും അയിത്തത്തിനും എതിരെ പോരാടിയവരിൽ പ്രമുഖരായിരുന്ന മൊയാരത്ത് ശങ്കരനും പി. ആർ. കുറുപ്പും.

അയിത്തത്തിനെതിരായി നടന്ന ഒരു ചെറുത്ത് നില്പിനെ ക്കുറിച്ച് കവിയൂർ രാജഗോപാലൻ എഴുതിയ '' മൊയാരത്ത് ശങ്കരൻ'' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു.

'' അയിത്തത്തിനെതിരെ'' അന്ന് മൊയാരത്തിന്റെ ശബ്ദമുയർന്നു. റോഡ് നിർമ്മാണം നടക്കുന്നതിനിടയിൽ അദ്ദേഹം ഈഴവരുടെ വീട്ടിൽ നിന്ന് ആഹാരം കഴിച്ചു. അത് നായൻമാരെ ക്ഷോഭിപ്പിച്ചു.''

ഇനി തീയന്റെ വീട്ടിൽ നിന്ന് ഭക്ഷണം കഴിക്കില്ല. മൊയാരം എല്ലാവരും കേൾക്കെ ശപഥം ചെയ്തു. പിറ്റേ ദിവസം എല്ലാവരും കൂടി നില്കുമ്പോൾ മൊയാരത്ത് കോയ്യോത്തിഅച്യുതൻ മാഷോട് പറഞ്ഞു.'' മാഷെ ഞാനൊരു ശപഥം ചെയ്തിട്ടുണ്ട്. അത് പാലിക്കാതിരിക്കാൻ പറ്റില്ല. ഇനി മേലാൽ തീയരുടെ വീട്ടിൽ നിന്ന് ആഹാരം കഴിക്കില്ല.അത് കൊണ്ട് ഇന്നത്തെ ഊണ് ഒരു വണ്ണാന്റെ വീട്ടിൽ നിന്നാകട്ടെ'' ഇന്നത്തെ മാടപ്പീടിക- പൂക്കോം റോഡ് നിർമ്മാണവേളയിലായിരുന്നു ഈ സംഭവം.

തീണ്ടൽ ജാതിക്കാരായി മുദ്ര കുത്തപ്പെട്ടവരുടെ വീടുകളിൽ നിന്ന് ഭക്ഷണം കഴിക്കുന്നതിൽ ഞാൻ മടി കാണിച്ചിട്ടില്ല. ഞാൻ എന്നും അവരിൽ ഒരാളായേ പെരുമാറിയിട്ടുള്ളൂ. (പി. ആർ. കുറുപ്പ് എഴുതിയ എന്റെ നാടിന്റെ കഥ എന്റെയും എന്ന പുസ്തകത്തിൽ നിന്ന് പേജ് 79)

ദേശീയ പ്രസ്ഥാനവും സാംസ്കാരിക പ്രവർത്തനങ്ങളും പാനൂരിൽ വളരെ വേഗം വളർന്നു തുടങ്ങി. പഴയകാല സാംസ്കാരിക പ്രവർത്തനങ്ങളുടെ രംഗവേദികളായിരുന്നു. പാനൂരിലെ ഗാന്ധി സ്മാരക നിലയവും ടൗണിലെ കുഞ്ഞിക്കണ്ണൻ മേസ്ത്രീയുടെ പീടികയും ഗാന്ധി സ്മാരക നിലയത്തിന്റെ കെട്ടിടത്തിലാണ് ഇന്നത്തെ പാനൂർ കമ്മൂണിറ്റിഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നത്. സംസ്ഥാനത്തിലെ സാമൂഹ്യ - രാഷ്ട്രീയ - രംഗത്ത് വ്യക്തി മുദ്ര പതിപ്പിച്ച പലരുടെയും ഒത്തു ചേരലുകളും ഇവിടെ സാധാരണമായിരുന്നു.കൈയെഴുത്ത് മാസികകൾ പ്രസിദ്ധീകരിക്കലും സാഹിത്യ ചർച്ചകളും നടന്നിരുന്നു.

ദിവംഗതനായ തായാട്ട് ശങ്കരൻ, കെ. കെ. വി. അടിയോടി, പി. ആർ. കുറുപ്പ്, സാഹിത്യനായകൻമാരായ കെ. തായാട്ട് കെ. പാനൂർ എന്നിവരും അവിടെ ഒത്തുകൂടിയിരുന്നു. സഹൃദയൻ, കലാകേളി, പൂമൊട്ട് എന്നീ കൈയെഴുത്തു മാസികകൾ ഇവരുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ഭാസ് പാനൂർ, എന്ന പേരിൽ എഴുതിയിരുന്ന ദിവംഗതനായ ഭാസ്കരൻ വൈദ്യർ, എലാങ്കോടൻ എന്ന പേരിൽ എഴുതിയ കെ. സി. കെ. കുഞ്ഞമ്പു ഒ. ജി. എന്നിവർ അക്കൂട്ടത്തിൽ പ്രമുഖരായിരുന്നു.

സാഹിത്യരംഗത്തെ പൈതൃകം ഇന്നും പാനൂർ നിലനിർത്തി വരുന്നു. പല ഗ്രന്ഥശാലകളും സ്ഥാപനങ്ങളും സുവനീറുകളും കൈയെഴുത്തു മാസികകളും പ്രസിദ്ധീകരിച്ചു വരുന്നു. സാഹിത്യസംവാദങ്ങളും പ്രതിമാസചർച്ചകളും നടത്തിവരുന്ന അപൂർവ്വ ഗ്രന്ഥശാലകളുമുണ്ട്. പി. ആർ. ഷഷ്ഠി പൂർത്തി സ്മരണിക (ജൈത്രയാത്ര) കെ. കെ. വി. ഷഷ്ഠി

പൂർത്തി സ്മരണിക, പാനൂർ ജുമാ അത്ത് പള്ളിയുടെ നഹ് ളത്ത് (നവോത്ഥാനം) ജ്ഞാനോദയ ഗ്രന്ഥാലയം സുവനീർ 89, മാവിലാട്ട് മഹമൂദ് സ്മരണിക (ഇതിഹാസം) പാനൂർ ഹൈസ്കൂളിന്റെ 2 സുവനീറുകൾ, ഗ്രാമ ദീപത്തിന്റെ സമീക്ഷ എന്നിവ ഇതിനിടയിൽ പ്രസിദ്ധീകരിക്കപ്പെട്ട സ്മരണികകളാണ്.

സാഹിത്യ രംഗത്ത് പ്രവർത്തിച്ചുവരുന്ന പ്രതിഭാശാലികളായ ഒട്ടേറെ പേർ പാനൂർ പഞ്ചായത്തിലുണ്ട്. പ്രശസ്ത നിരൂപകനായിരുന്ന തായാട്ട് ശങ്കരൻ, ദൃശ്യ ശ്രാവ്യ നാടക രചനയിൽ പ്രശസ്തനായ കെ. തായാട്ട്, സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തരായ കെ. പാനൂർ ഐ. വി. ദാസ് എന്നിവരുടെയും കർമ്മ മണ്ഡലം പാനൂർ ആയിരുന്നു. സംസ്കൃതത്തിലും മലയാള ഭാഷയിലും അഗാധ പാണ്ഡിത്യമുള്ള എം. സി. ആർ. ബാലസാഹിത്യരചയിതാക്കളായ സി.എം. രാജൻ, രാജു കാട്ടുപുനം എന്നിവർ പാനൂരിന്റെ സംഭാവനകളാണ്. 1939 ൽ പാലത്തായി പുത്തലത്ത് പി. പി. കുഞ്ഞിപ്പാർവതി അമ്മ വിജയ കടാക്ഷം എന്ന കൊച്ചു ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. സർവ്വോദയ പ്രസ്ഥാനത്തിന്റെ സംസ്ഥാന നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്ന പ്രമുഖ വാഗ്മി കെ. പി. എ. റഹിം പാനൂരിലെ പൈക്കാട്ട് കുടുംബാംഗമാണ്.

സംഗീത നാടകരംഗത്ത് നിലനിർത്തിയ കലാപാരമ്പര്യം പാനൂരിന്റെ ഗതകാലചരിത്രത്തിൽ നിസ്തുലമായ പ്രഭവിതറിയിരുന്നു. കോയ്യോത്തി രാമുണ്ണി ഗുരുക്കൾ, പി. ആർ. കുറുപ്പ്, കാട്ടുപുനത്തിൽ കണാരൻ മാസ്റ്റർ,സി. പി. അനന്തക്കുറുപ്പ് മാസ്റ്റർ എന്നിവരുടെ നാമധേയം ഇവിടെ പ്രത്യേകം സ്മരണീയമാണ്. ചലച്ചിത്ര നിർമ്മാതാവെന്ന നിലയിൽ പാനൂർ പ്രദേശത്തുകാരായ കെ. പി. മുഹമ്മദും നടനായ സുബൈറും ആ രംഗങ്ങളിൽ അവരുടെ കഴിവ് തെളിയിച്ചു വരികയാണ്.

അനുഷ്ഠാന കലകളുമായി ബന്ധപ്പെട്ട ഒട്ടേറെ പാരമ്പര്യ കലാകാരൻമാർ നമ്മുടെ പഞ്ചായത്തിലുണ്ട്. സംഗീത കലാ പാരമ്പര്യവും അവർ നിലനിർത്തിവരുന്നു. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്ന പൂരക്കളി, കോൽക്കളി, നാടൻ പാട്ട്, നാട്ടിപ്പാട്ട്, അരവ് പാട്ട്, കോതാമൂരി, ആടിവേടൻ, എന്നിവയിൽ പലതും ഇന്ന് വിസ്മൃതിയിലായി.വേലൻ കൃഷ്ണൻ, കുഞ്ഞമ്പു, അമ്പൂട്ടി, കുഞ്ഞിരാമപണിക്കർ, ചാത്തുക്കുട്ടി ഭാഗവതർ എന്നിവർ ഈ രംഗത്ത് അറിയപ്പെടുന്നവരാണ്.ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന അദ്ധ്യാപക പ്രക്ഷോഭ സമരങ്ങളും വിസ്മരിക്കാൻ കഴിയാത്ത ചരിത്ര പടവുകളാണ്. 1938 മുതലേ അധ്യാപക യൂനിയന്റെ പ്രവർത്തനം പാനൂരിൽ സജീവമായിരുന്നു. 'ശനിയൻ സഭ' എന്ന പരിഹാസപ്പേരിൽ അറിയപ്പെട്ടിരുന്ന അദ്ധ്യാപകരുടെ ഒത്തുചേരലുകളും അന്ന് നടക്കാറുണ്ടായിരുന്നു. ശനിയൻ സഭാ

പാനൂർ പഞ്ചായത്തി ലെ വായന ശാലകളും ഗ്രന്ഥാലയങ്ങളും

നമ്പർ	പേരും വിലാസവും	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം
1	പി.ആർ. മന്ദിരം	1976	സ്വന്തം
2	പാനൂർ പഞ്ചായത്ത് വായനശാല & ഗ്രന്ഥാലയം		വാടക
3	ജ്ഞാനോദയ വായനശാല & ഗ്രന്ഥാലയം	1947	സ്വന്തം
4	കൈരളി വായനശാല & ഗ്രന്ഥാലയം	1947	സ്വന്തം
5	ശ്രീ നാരായണ സാംസ്കാരിക കേന്ദ്രം	1985	സ്വന്തം
6	കെ.സി കുഞ്ഞിരാമൻ മാസ്റ്റർ സ്മാരക	1995	സ്വന്തം
7	വായനശാല & ഗ്രന്ഥാലയം	1994	സ്വന്തം
8	സാംസ്കാരിക നിലയം രശ്മി വായനശാല & ഗ്രന്ഥാലയം		വാടക

ബഹിഷ്കരണം നടത്തിയതിന്റെ പേരിൽ കെ. കെ. വേലായുധൻ അടിയോടി പി. ആർ. കുറുപ്പ് തുടങ്ങിയവരെ അറസ്റ്റ് ചെയ്തിരുന്നു. അധ്യാപക പ്രസ്ഥാനത്തിന് നേതൃത്വം നല്കിയ പ്രമുഖർ . ടി. സി. പണിക്കർ, അബൂട്ടി മാസ്റ്റർ, കെ. മാ. കൃഷ്ണൻ മാസ്റ്റർ എന്നിവർ ആയിരുന്നു. അധ്യാപക പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിച്ച കെ. പി. മമ്മുമാസ്റ്റർ ടി. മുകുന്ദൻ മാസ്റ്റർ എന്നിവർ പില്ക്കാലത്ത് സംസ്ഥാന ഭാരവാഹികളായ അദ്ധ്യാപക നേതാക്കളായി.

അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും ഏറെ സംഭാവനകൾ ചെയ്ത പ്രദേശമാണ് പാനൂർ. പാനൂർ പഞ്ചായത്ത് ലൈബ്രറിയെക്കുറിച്ച് വിജ്ഞാന കുതുകികളായ പഴയ തലമുറയിൽപെട്ട പലരും ആവേശപൂർവ്വമാണ് സംസാരിച്ചത്. വിശ്വസാഹിത്യത്തിലെ പല പ്രശസ്തഗ്രന്ഥങ്ങളും പഞ്ചായത്ത് ലൈബ്രറിയിൽ നിന്നെടുത്ത് വായിച്ചതായി അവർ അനുസ്മരിക്കുന്നു. പഞ്ചായത്ത് ലൈബ്രറിയുടെ ഇന്നത്തെ പ്രവർത്തനം ശോചനീയാവസ്ഥയിലാണെന്ന് പറയാം. പ്രസ്തുത ലൈബ്രറിയുടെ പ്രവർത്തനം സജീവമാക്കണമെന്നാണ് ഗ്രാമസഭകളിൽ നിന്നുള്ള ഒരു നിർദ്ദേശം. ഗ്രന്ഥ ശാലാ പ്രസ്ഥാനവുമായി പാനൂർ പ്രദേശങ്ങളിൽ ഏറെ ബന്ധപ്പെട്ടവരിൽ പ്രമുഖരാണ് ഇന്നത്തെ സംസ്ഥാന ലൈബ്രറി കൗൺസിൽ സെക്രട്ടറി ഐ. വി. ദാസും കെ. സി. കുഞ്ഞിരാമൻ മാസ്റ്ററും എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.

കാവുകളും ക്ഷേത്രങ്ങളും

കാവുകളുടെയും ക്ഷേത്രങ്ങളുടെയും പിന്നിൽ ഐതിഹ്യങ്ങളും പുരാണ കഥാ ശിഥിലങ്ങളും ധാരാളം ഉണ്ടാവാറുണ്ട്. അവ ഗ്രാമീണ മിത്തുകളെയും ആചാരങ്ങളെയും പ്രതിഫലിപ്പിക്കുന്നവയാകാം. പാനൂർ പഞ്ചായത്തിൽ മഠപ്പുരകളും കാവുകളും അയ്യപ്പ ക്ഷേത്രങ്ങളും ശ്രീനാരായണ മഠങ്ങളുമുണ്ട്. മഠപ്പുരകളിലും കാവുകളിലും തെയ്യം, തിറ, എന്നിവ കെട്ടിയാടപ്പെടുന്നു. മുത്തപ്പൻ, തിരുവപ്പന, പോതി, മുച്ചിലോട്ട് ഭഗവതി,കാരണവർ, ഘണ്ടാർകർണ്ണൻ, കുട്ടിച്ചാത്തൻ തുടങ്ങിയതെയ്യം, തിറ, ീ എന്നിവയാണ് കെട്ടിയാടപ്പെടുന്നത്. മലയർ, അഞ്ഞൂറ്റആൻ, വണ്ണാൻ, എന്നീസമുദായങ്ങളിൽ പെട്ടവരാണ് ഈഅനുഷ്ഠാന കലകൾ അവതരിപ്പിക്കുന്നത്.

ഭാനുപരം എന്ന സൂര്യക്ഷേത്രം, പാലത്തായി മഠപ്പുര പുതിയ കുന്നുമ്മൽ പാലത്തായി കുന്ന് എന്നിവയുമായി ബന്ധപ്പെട്ട ഒട്ടേറെ ഐതിഹ്യകഥകൾ നിലവിലുണ്ട്. അവ ചരിത്ര ഗവേഷകർക്ക് അക്ഷയ ഖനികളാണ്.

പാനൂർ അയ്യപ്പ ക്ഷേത്രത്തിൽ മണ്ഡലകാലത്ത് വിപുലമായ പരിപാടികളോടെ ആഘോഷം നടത്താറുണ്ട്. ശ്രീനാരായണ മഠങ്ങളിൽ ചതയദിനം, ഇളനീർവെപ്പ് എന്നീ ആഘോഷങ്ങൾ നടന്നു വരുന്നു. പാനൂർ പഞ്ചായത്ത് അതിർത്തിയോട് ചേർന്ന ഗുരുസന്നിധിയിലും വിപുലമായ പരിപാടികളോടെ വാർഷികാഘോഷം നടത്താറുണ്ട്.

പള്ളികളും മദ്രസകളും

കേരളത്തിലെ ഇസ്ലാമിക നവോത്ഥാനത്തിന്റെ ചുക്കാനേന്തിയ ആദിപണ്ഡിതന്മാരിൽ അഗ്രഗണ്യന്മാരുടെ വിഹാര കേന്ദ്രമായിരുന്നു പാനൂർ എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പാനൂരിൽ 17 ഓളം പള്ളികളും 13 മദ്രസകളും നിലവിലുണ്ട്. പാനൂർ ജുമാ അത്ത് പള്ളിയാണ് ഇതിൽ പ്രധാനപ്പെട്ടത്. അറക്കൽ രാജവംശവുമായി ബന്ധമുണ്ടായിരുന്ന ' മൊയില്യാർ കാക്ക' എന്ന മഹാനുഭാവനാണ് ഈ പള്ളിയുടെ സ്ഥാപകൻ കേരളത്തിലെ മുസ്ലീം മത പണ്ഡിതന്മാരുടെ ഗുരുവെന്ന് വിശേഷിക്കപ്പെടുന്ന ഖളുതുബി മുഹമ്മദ് മുസലിയാർ ഇവിടെ വളരെക്കാലം പള്ളി ദർസ് നടത്തിയിരുന്നു. ഇവിടെ പഠിച്ച നിരവധി പണ്ഡിതന്മാർ കേരളത്തിലെ എല്ലാ ഭാഗങ്ങളിലും പ്രവർത്തിച്ചുവരുന്നു. 1984ൽ കെ.എം. സൂപ്പി സാഹിബിന്റെ നേതൃത്വത്തിൽ പള്ളിയുടെ പുനർ നിർമ്മാണ പ്രവർത്തനം നടന്നു. 13 മദ്രസകളിലും മുസ്ലീം വിദ്യാർത്ഥികൾ മത പഠനം നടത്തുന്നു. പാനൂരിൽ 2 പള്ളികളിൽ ദർസ് പഠനം നടക്കുന്നു. പാനൂരിൽ ഒരു ഖുർ ആൻ അക്കാദമിയും ഇസ്ലാമിക് യൂത്ത് സെന്ററും എലാങ്കോട് ഒരു അനാഥ അഗതി മന്ദിരവും പ്രവർത്തിച്ചുവരുന്നു.

ഉത്സവങ്ങൾ

ക്ഷേത്രങ്ങളിലെയും പള്ളികളിലെയും വാർഷിക ഉത്സവങ്ങൾക്ക് പുറമേ ദേശീയോത്സവങ്ങളും കാലിക പ്രാധാന്യമുള്ള ഉത്സവങ്ങളും നടന്നു വരുന്നു. ഓണം, വിഷു, ക്രിസ്തുമസ്, പെരുന്നാൾ എന്നിവ വിപുലമായി ആഘോഷി

ച്ചു വരുന്നു. മുസ്ലീങ്ങൾ മൗലൂദ് എന്നിവ ആഘോഷിക്കാറുണ്ട്. കാർഷിക ആരംഭത്തെയും വിളവെടുപ്പിനെയും സൂചിപ്പിക്കുന്ന ചില ഉത്സവങ്ങൾ ഇന്ന് വിസ്മൃതിയിലായി. കാർഷികരംഗത്തെ കൂട്ടായ്മയുടെ നഷ്ടമാവാം ഇതിന് കാരണം. കുംഭ മാസത്തിലാഘോഷിക്കാറുള്ള ' ഉച്ചാർ' തുലാമാസത്തിലെ 'തുലാപത്ത്' എന്നിവ അതിൽ പ്രധാനപ്പെട്ടവയാണ്.

കായികരംഗം

പാനൂർ പഞ്ചായത്തിന് കായിക രംഗത്ത് നിർണ്ണായക സ്ഥാനമുണ്ടായിരുന്നു. മലബാർ പ്രദേശത്തെ വോളിബോൾ കോർട്ടിൽ നിറഞ്ഞു നിന്നിരുന്ന പി. ശങ്കരൻനായർ പാനൂരിന്റെ സംഭാവനയായിരുന്നു. മികച്ച അദ്ധ്യാപകനെന്ന നിലയിൽ സംസ്ഥാനദേശീയ അവാർഡുകൾ നേടിയ പി. ശങ്കരൻ നായർ സംഘാടകനെന്ന നിലയിലും പേരെടുത്ത ആളാണ്. യൂണിവേഴ്സിറ്റി കോച്ചായിരുന്ന അബ്ദുറഹിമാൻ തമ്പ്രാൻ ഗോപാലൻ, കെ. എം. മമ്മു. പി. പി. നാണുമാസ്റ്റർ, പി. കെ. കുഞ്ഞാമു മാസ്റ്റർ എന്നിവർ ബോളിബാൾ താരങ്ങളായിരുന്നു.

കൊയ്ത്തുകാലം കഴിഞ്ഞാൽ പല നെൽവയലുകളും വോളിബോൾ കോർട്ടായി മാറുമായിരുന്നു. നെൽവയലുകളുടെ നഷ്ടം കായികരംഗത്തെയും തളർത്തി.പാനൂർ ഹൈസ്കൂൾ മൈതാനം മാത്രമാണ് കായിക പ്രകടനങ്ങൾക്കുള്ള വേദിയായി നിലവിലുള്ളത്. ഇന്ന് കായിക താരങ്ങൾക്ക് മാറ്റുരക്കാനുള്ള ഏകവേദി കേരളോത്സവം മാത്രമാണ്. മറ്റെല്ലാ കളികളും അവഗണിക്കപ്പെടുകയും കായിക താല്പര്യം ക്രിക്കറ്റ് കളിയിൽ മാത്രം ഒതുങ്ങി വരുന്നതുമായാണ് പാനൂരിലും അടുത്ത കാലങ്ങളിലായി കാണാൻ കഴിയുന്നത്. തലശ്ശേരി വിദ്യാഭ്യാസജില്ലാ കായിക മേളയിൽ എലാങ്കോട് അനാഥ മന്ദിരത്തിലെ ജംഷിതാണ് ഇത്തവണ ഒരു വിഭാഗത്തിന്റെ ചാമ്പ്യൻ.

കായിക വളർച്ചയ്ക്ക് പ്രാമുഖ്യം നൽകിയ കളരി സംഘം നമ്മുടെ പഞ്ചായത്തിൽ വളരെ മുമ്പ് തന്നെ സ്ഥാപിക്കപ്പെട്ടിരുന്നു. പാലത്തായി, എലാങ്കോട്, പാലക്കൂൽ, തെക്കെ പാനൂർ, പാനൂർ അയ്യപ്പക്ഷേത്രത്തിന് സമീപം എന്നിവിടങ്ങളിൽ കളരി കെട്ടിയിരുന്നു. ദിവംഗതരായ പൂരോളിൽ കോയ്യോത്തി കരുണൻ ഗുരുക്കൾ, പൊയ്യയിൽ കുഞ്ഞിക്കണ്ണൻ ഗുരുക്കൾ എന്നിവർ പുറം നാടുകളിലും അറിയപ്പെടുന്നവരായിരുന്നു. കളത്തിൽ സുരേന്ദ്രൻ ഗുരുക്കൾ, ശ്രീധരൻഗുരുക്കൾ എന്നിവർ ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നു.

ഇന്ന് കരാട്ടെ പരിശീലന കേന്ദ്രങ്ങൾ നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. പാനൂർ, പാലത്തായി , എലാങ്കോട് എന്നീ സ്ഥലങ്ങളിൽ കരാട്ടെ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.

സാധ്യതകൾ

1. ഒരു മിനിസ്റ്റേഡിയം സ്ഥാപിക്കണം.
2. ജനകീയ പങ്കാളിത്തത്തോടെ കായിക മേളകൾ സംഘടിപ്പിക്കണം
3. അവധിക്കാലങ്ങളിൽ കുട്ടികൾക്ക് കോച്ചിങ്ങ് ക്യാമ്പുകൾ നടത്തണം
4. കായിക സംഘടനകളുടെ പ്രവർത്തനം സജീവമാക്കുന്നതിന് സാമ്പത്തിക സഹായം നല്കണം.
5. വർഷത്തിൽ ഒരിക്കൽ സ്പോർട്സ് ഉപകരണങ്ങളടങ്ങിയ മിനികിറ്റ് വിതരണം ചെയ്യണം. കളരി, കരാട്ടെ പരിശീലനത്തിന് വേണ്ട സഹായം നല്കണം.

കലാരംഗം

കലാപോഷണം കലാരംഗത്തെ പ്രവർത്തനവും നാടിന്റെ തനമയെയും സംസ്കാരത്തെയും വളർത്തയെടുക്കാൻ കഴിയുന്ന മേഖലകളാണ്. കലാപ്രതിഭകളെ വളർത്തിയെടുക്കാനുള്ള അവസരങ്ങൾ നല്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത്. ആരോഗ്യകരമായ സമൂഹത്തിന്റെ ബാധ്യതയാണ്.പഞ്ചായത്തിൽ 13 ഓളം കലാസമിതികളും ക്ലബ്ബുകളും പ്രവർത്തിക്കുനു. എലാങ്കോട് അനാഥ മന്ദിരത്തിൽ താമസിക്കുന്ന കെ. പി. അഷ്റഫ് ആണ് കഴിഞ്ഞ രണ്ടുവർഷത്തെ ജില്ലാ കലാപ്രതിഭയായിരുന്നു എന്ന വസ്തുത നമ്മുടെ പഞ്ചായത്തിന് അഭിമാനാർഹമാണ്.

സാധ്യതകൾ

1. കലാ കായികരംഗത്തെ പോഷിപ്പിക്കാനുതകുന്ന മത്സരങ്ങൾ നടത്തണം
2.കലാപ്രതിഭകൾക്ക് അംഗീകാരവും പ്രോത്സാഹനവും നല്കണം
3. ഒരു ഓപ്പൺ എയർ തീയറ്റർ പാനൂരിൽ സ്ഥാപിക്കണം.
4. രജിസ്റ്റർ ചെയ്ത കലാസമിതികൾക്ക് വാർഷിക ഗ്രാൻറ് നല്കണം.

കലാകായിക സ്ഥാപനങ്ങൾ

1. ഗ്രാമദീപംകലാകായിക വേദി പാലത്തായി
2. ബ്രദേഴ്സ് ആർട്സ് &സ്പോർട്സ് ക്ലബ്ബ്, പാലത്തായി
3. കെ. കെ. രാജീവൻ കലാ സാംസ്കാരിക വേദി, പാനൂർ
4. സമന്വയാ പാനൂർ
5. ഹരിശ്രീ കലാസാംസ്കാരിക വേദി, പാനൂർ
6. വിവേകാനന്ദ സാംസ്കാരിക വേദി, പാനൂർ
7. ലാസ്യാ പാലത്തയി
8. രശ്മി വായനശാല &ഗ്രനഥാലയം, എലാങ്കോട്
9. ചേതന സാംസ്കാരിക കേന്ദ്രം, പാനൂർ
10. കൈരളി ആർട്സ &സ്പോർട്സ് ക്ലബ്ബ്, എലാങ്കോട്
11. വിശ്വദീപം, എലാങ്കോട്
12. വിക്ടറി ആർട്സ് &സ്പോർട്സ് ക്ലബ്ബ്, എലാങ്കോട്
13. ഒരുമ, പാനൂർ

ആനുകാലികങ്ങൾ

മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, കേരള കൗമുദി, മാധ്യമം,സിറാജ്, ചന്ദ്രിക, ജനയുഗം, മംഗളം, ജന്മഭൂമി ഇൻഡ്യൻ എക്സ്പ്രസ്സ്, ഹിന്ദു എന്നീ ദിനപത്രങ്ങളും പടയണി, രണഗാഥ, രാഷ്ട്ര ദീപിക എന്നീസായാഹ്നപത്രങ്ങളും പ്രചാരത്തിലുണ്ട്. ഇതിൽ രണഗാഥാ പത്രം അച്ചടിച്ച് പ്രസിദ്ധികരിക്കുന്നത് പാനൂരിൽ നിന്ന് തന്നെയാണ്.

കലാകൗമുദി, മാതൃഭൂമി, മനോരമ, മംഗളം, ജനയുഗം, ദേശാഭിമനി, ചിത്രഭൂമി, നാന, ദീപിക, ചന്ദ്രിക, വീക്ക് സൺഡെ, ഇന്ത്യാ ടുഡെ, എന്നീആനുകാലികങ്ങളും യൂറീക്ക, ബാലഭൂമി,ബാലരമ,ബാലമംഗളം, കളിക്കുടുക്ക, തളിര് , ബാലകൗതുകം, ബാലചന്ദ്രിക, തത്തമം എന്നീ ബാലമാസികകളും വനിത, ഗൃഹലക്ഷ്മി, ആരാമം, പുടവ, മഹിളാ ചന്ദ്രിക എന്നീ വനിതാ മാസികകളും പ്രചാരത്തിലുണ്ട്. ടെലിവിഷന്റെ സ്വാധീനം വായനയെ ഗണ്യമായി കുറച്ചിട്ടുണ്ടെന്ന് ഗ്രാമസഭയിൽ നിന്ന് അഭിപ്രായപ്പെടുന്നു.

പത്രപ്രവർത്തകരായിരുന്ന കുഞ്ഞബ്ദുള്ള, സി. എം. ദാമു, കെ. കെ. രാജീവൻ എന്നിവരുടെ നാമധേയങ്ങൾ ഇവിടെ സ്മരണീയമാണ്.

പ്രശ്നങ്ങൾ

1. ഗ്രന്ഥശാലാ പ്രവർത്തനം സജീവമാക്കണം. പഞ്ചായത്ത് ലൈബ്രറിക്ക് ഒരു സ്ഥിരം കെട്ടിടം വേണം.
2. ഗ്രന്ഥശാലകളിലെ വായനക്കാരുടെ എണ്ണം കുറഞ്ഞു വരുന്നു. സ്ത്രീകളുടെ അംഗസംഖ്യയും കുറവാണ്.
3. സാക്ഷരതാ പ്രവർത്തനം നിലച്ചുപോയതിനാൽ തുടർപഠന വേദികൾ ഇപ്പോൾ നിലവിലില്ല.
4. കലാകായിക രംഗം ക്ഷയിച്ചു വരികയാണ്.
5. അനുഷ്ഠാന കലകളും നാടൻ കലകളും പലതും വിസ്മൃതിയിലാവുന്നു.
6. രാഷ്ട്രീയ സ്പർദ്ധകളും വിഭാഗീയ പ്രവർത്തനങ്ങളും വളർന്നു വരുന്നു.

പ്രതിവിധികൾ

1. ഗ്രന്ഥശാലാ പ്രവർത്തനം പഞ്ചായത്തിൽ ഏകീകരിച്ച് പ്രവർത്തിപ്പിക്കാനുള്ള വഴിയൊരുക്കണം.
2 പഞ്ചായത്ത് വായനശാല ടൗണിലെ അനുയോജ്യമായ സ്ഥലത്ത് സ്ഥാപിച്ച് പ്രവർത്തനം സജീവമാക്കണം.
3. ഗ്രന്ഥശാലകളിൽ മെമ്പർമാരായ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഒരു മൊബൈൽ ലൈബ്രറി സ്ഥാപിക്കണം.
4. തുടർപഠനങ്ങൾ നടത്താനുള്ള അവസരങ്ങൾ ഒരുക്കണം
5. കലാകായിക മത്സരങ്ങൾ എല്ലാ വർഷവും നടത്തണം. കലാകായിക സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം

നല്കണം.

6. അനുഷ്ഠാന കലകൾ, നാടൻ കലകൾ, എന്നിവ അവതരിപ്പിക്കുന്ന സ്ഥിരം കലാകാരന്മാർക്ക് സാമ്പത്തിക സഹായം നല്കണം. 070

7. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തണം. ആവശ്യമായ ഫർണിച്ചറുകളും പത്രമാസികളും നല്കണം.

8. മത സൗഹാർദ്ദം ഊട്ടിയുറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. വിഭാഗീയ പ്രവർത്തനങ്ങളെ മുളയിലേ നുള്ളിക്കളയണം.

9. വായനശാലകൾക്ക് ഇന്ന് നലകിവരുന്ന പത്രമാസികകൾക്കുള്ള ഗ്രാൻറ് തുക വർദ്ധിപ്പിക്കണം.

10. സാഹിത്യാഭിരുചി വളർത്തുന്നതിന്നുള്ള പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് നേതൃത്വം നൽകണം. സ്കൂൾ സാഹിത്യവേദികളെ ഏകോപിപ്പിച്ച് സാഹിത്യചർച്ചകൾ, കൈയെഴുത്തുമാസികകൾ, ചിത്രങ്ങൾ, എന്നിവയും പ്രദർശനം നടത്തണം.

11. വിശ്രമ വേളകളിൽ വിനോദങ്ങൾക്കുപകരിക്കുന്ന പാർക്കുകൾ സ്ഥാപിക്കണം. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നീന്തൽക്കുളങ്ങൾ സ്ഥാപിക്കണം.

12. ഗ്രാമസഭകളുടെ പ്രവർത്തനം സജീവമാക്കി പ്രദേശിക പ്രശ്നങ്ങൾ അനുരഞ്ജിപ്പിക്കണം.



വനിത

ഒരു ദേശത്തിന്റെ വികസനത്തിന്റെ മുഖമുദ്രയായി കണക്കാക്കപെടാവുന്ന ഒന്നാണ് സ്ത്രീകളുടെ സാമൂഹ്യപരവും, വിദ്യാഭ്യാസ പരവുമായ ഔന്നത്യം. വികസനം സ്ഥായിയായി നിലനിർത്തുന്നതിലും വികസനത്തിന്റെ ആവേഗം വർദ്ധിപ്പിക്കുന്നതിലും സ്ത്രീകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. കേരളം ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് പ്രധാന കാരണം മെച്ചപ്പെട്ട സ്ത്രീ സാക്ഷരതയായിരുന്നു. സ്ത്രീയ്ക്ക് ലഭിക്കുന്ന അറിവും സമ്പത്തും കുടുംബത്തിന് ഒരു മുതൽ കൂട്ടായി മാറുകയും കുടുംബത്തിന് പൂർണ്ണമായും ഉപകരിക്കുകയും ചെയ്യുന്നു. നാടിന്റെ വികസനത്തിന് പിന്നിലെ യഥാർത്ഥ ശക്തിയെ അംഗീകരിക്കുവാനും അർഹമായ പരിഗണന നൽകുവാനും സമൂഹവും ഭരണ കൂടവും തയ്യാറാകേണ്ടിയിരിക്കുന്നു.

കേരളത്തിലെ മറ്റു പഞ്ചായത്തുകളിലെന്നപോലെ പാനൂർ പഞ്ചായത്തിലും സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ കൂടുതലാണ്. 1991 സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 58% വും സ്ത്രീകളാണ്. സാക്ഷരതയുടെ കാര്യത്തിലും സ്ത്രീകൾ മുന്നിലാണെന്ന് കാണാം.

പട്ടിക.1

	ആകെ	ആൺ	പെൺ	ശതമാനം പെൺ
ജനസംഖ്യ	15390	7115	8275	58%
കുട്ടികൾ (ആറ് വയസ്സ് വരെ)	2211	1119	1092	49.4%
സാക്ഷരത	12223	5783	6440	52.68%

സ്ത്രീകളുടെ എണ്ണം കൂടുതലാവാനുള്ള പ്രധാന കാരണം കേരളത്തിലെ സ്ത്രീകളുടേ ശരാശരി ആയുർദൈർഘ്യം പുരുഷന്മാരേക്കാൾ വളരെ ഉയർന്നിരിക്കുന്നു എന്നതിനാലാണ്.

	സ്ത്രീകൾ	പുരുഷന്മർ
ശരാശരി ആയുർ ദൈർഘ്യം	82	60

മറ്റൊരു കാരണം പഞ്ചായത്തിലെ പുരുഷന്മാരിൽ കുറെയേറെ പേർ അന്യസംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നു എന്നതാണ്.

1. സാമൂഹ്യ സ്ഥിതി

സമൂഹത്തിൽ കാലാകാലങ്ങളിലായി നിലനിൽക്കുന്ന ആചാരങ്ങളും വിശ്വാസങ്ങളും സ്ത്രീകളെ രണ്ടാം കിടക്കാരായി ഇന്നും നിലനിർത്തുന്നു. സ്ത്രീ സംരക്ഷിക്കപ്പെടേണ്ടവളും, പൂജിക്കപ്പെടേണ്ടവളുമാണെന്ന് ഹിന്ദുമതവും, സമൂഹത്തിൽ സ്ത്രീയ്ക്ക് തുല്യ പരിഗണന നൽകണമെന്ന് ഇസ്ലാം മതവും അനുശാസിക്കുന്നുവെങ്കിലും, പുരാണ കാലം

മുതൽക്കുതന്നെ സ്ത്രീകൾ പീഡിക്കപ്പെടുന്ന കഥകളേ കേൾക്കാനുള്ളൂ. വസ്ത്രാക്ഷേപം ചെയ്യപ്പെടുന്ന പാഞ്ചാലിയും അഗ്നി ശുദ്ധി വരുത്തേണ്ടിവരുന്ന സീതമാരും സമൂഹത്തിൽ ഇന്നും നിലനിൽക്കുന്നു. ഉത്തര മലബാറിലെ അമ്മ ഭഗവതിമാരെല്ലാം തന്നെ സമൂഹത്തിന്റെ നിന്ദ്യമായ പീഡനവും അവഗണനയും ഏൽക്കേണ്ടിവന്ന സ്ത്രീത്വത്തിന്റെ മൂർത്ത രൂപങ്ങളാണ്. ഫ്യൂഡൽ വ്യവസ്ഥിതിയിൽ മാറ് മറക്കാൻപോലും സ്ത്രീകൾക്ക് ഇവിടെ അവകാശം നിഷേധിക്കപ്പെട്ടിരുന്നു.

സാമൂഹ്യ പ്രവർത്തനങ്ങളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. സമകാലിക രാഷ്ട്രീയ - സാമൂഹിക-സാംസ്കാരിക കാര്യങ്ങളിൽ ഭൂരിഭാഗം സ്ത്രീകളും താല്പര്യം പ്രകടിപ്പിക്കാറില്ല. കലാകായിക രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. ഗാർഹിക ചുമതലകളും ഇത്തരം മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ നേരെ സമൂഹം വച്ചു പുലർത്തുന്ന നിന്ദ്യാർഹമായ സമീപനവുമാണ് ഇതിന് കാരണം. വീട്ടു ജോലികൾ ചെയ്യുക, കുട്ടികളെ വളർത്തുക എന്നിങ്ങനെയുള്ള ഗാർഹിക കാര്യങ്ങൾ നിർവ്വഹിക്കേണ്ടത് സ്ത്രീകളുടെ സ്വാഭാവിക ഉത്തരവാദിത്തമായിതന്നെ നിലനിൽക്കുന്നു. പഞ്ചായത്തിലെ മിക്ക കുടുംബങ്ങളിലെയും പുരുഷൻമാർ ജോലിക്കായി അനുസംസ്ഥാനങ്ങളിലും വിദേശത്തും പോകുന്നതിനാൽ അത്തരം കുടുംബങ്ങളിലെ സ്ത്രീകളുടെ ഉത്തരവാദിത്തം പിന്നെയും വർദ്ധിക്കുന്നു.

അടുത്ത കാലം വരെ സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം ഉണ്ടായിരുന്നില്ല. പക്ഷെ ഇന്ന് പെൺകുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ രക്ഷിതാക്കളും താല്പര്യം പ്രകടിപ്പിക്കുന്നു. വിവാഹ കമ്പോളത്തിൽ വിദ്യാഭ്യാസം ഒരു അവശ്യഘടകമായി തീർന്നിരിക്കുന്നു.

വിവാഹത്തിന്റെ കാര്യത്തിൽ സമൂഹത്തിൽ നില നിൽക്കുന്ന ദുരാചാരങ്ങളും ആർഭാടങ്ങളും ഏറ്റവും കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയാണ് മതം, ജാതി, ജാതകം, ജോലി, വിദ്യാഭ്യാസം, സൗന്ദര്യം, സമ്പത്ത്, കുടുംബമഹിമ എന്നിങ്ങനെയുള്ള കാര്യങ്ങൾ വളരെ നിഷ്കർഷയോടെ പാലിക്കപ്പെടുന്നു. ജീവിത പങ്കാളിയെ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം പുരുഷനായതിനാൽ പെണ്ണുകാണൽ ചടങ്ങിന്റെ പേരിൽ പത്തും അമ്പതും തവണ പെൺകുട്ടികൾ ' ഇൻറർവ്യൂവിന് വിധേയരാക്കപ്പെടാറുണ്ട്.

സ്ത്രീധന സമ്പ്രദായം ഭീകരമായ അവസ്ഥയിൽ തന്നെ ഇവിടെ നിലനിൽക്കുന്നു. നേരിട്ട് ആവശ്യപ്പെടുന്നത് കുറവാണെങ്കിലും സ്വർണ്ണത്തിന്റെയും സ്വത്തിന്റെയും രൂപത്തിൽ പ്രതീക്ഷിക്കുന്നത് നൽകുകയാണ് പതിവ്. ഗൾഫ് പണത്തിന്റെ കുത്തൊഴുക്കിന്റെ ഫലമായി പെൺകുട്ടികൾക്ക് വിവാഹ സമയത്ത് നൂറും നൂറ്റമ്പതും പവന്റെ സ്വർണ്ണം ആഭരണങ്ങളായി നൽകുന്നു. മുസ്ലീം സമുദായത്തിൽ മണവാട്ടിക്കും, പുതുമാരനും വേണ്ടി എല്ലാ സൗകര്യങ്ങളുമുള്ള ലക്ഷങ്ങൾ മുടക്കി ഒരുക്കുന്ന മണിയറ സാധാരണമാണ്. സ്വർണ്ണത്തിന്റെ കാര്യത്തിലെന്ന പോലെ മണിയറയിലെ സൗകര്യങ്ങളുടെ കാര്യത്തിലും ചെറുക്കനും വീട്ടുകാരും നിർബന്ധത പുലർത്തിപോരുന്നു. ചുരുങ്ങിയത് ആയിരം പേരെങ്കിലും പങ്കെടുക്കുന്ന വിവാഹമേ ഇന്ന് ഇവിടെ നടക്കാറുള്ളൂ. വിവാഹം കഴിയുമ്പോഴേക്കും സാധാരണക്കാരായ രക്ഷിതാക്കൾ ഭീമമായ കടത്തിന് ഉടമയായി തീർന്നിരിക്കും. മകളുടെ കല്ല്യാണത്തിനായി ഇത്തരക്കാർ അനുഭവിക്കുന്ന ക്ലേശങ്ങൾ അചിന്ത്യമാണ്. കൂടുതൽ പെൺമക്കളുണ്ടെങ്കിൽ കഥ പിന്നെപറയേണ്ടതില്ല

മുസ്ലീം സമുദായത്തിൽ വിവാഹാനന്തരവും സ്ത്രീകൾ സ്വന്തം വീട്ടിൽ തന്നെ താമസിക്കുകയാണ് പതിവ്. ഹിന്ദുക്കൾക്കിടയിൽ ഭർത്താവിന്റെ മരണ ശേഷമോ (അകാല വൈധവ്യം) വിവാഹമോചനം നേടിയതിന് ശേഷമോ സ്ത്രീകൾ സ്വഗൃഹത്തിലേക്ക് മടങ്ങുന്നു. പെൺകുട്ടികളെ വിവാഹ പ്രായമെത്തുന്നതിന് മുമ്പെ കല്ല്യാണം ചെയ്യിക്കുന്ന രീതി ചില സമുദായങ്ങളിൽ നിലിലുണ്ട്. അടുത്ത കാലംവരെ മുസ്ലീം സമുദായത്തിൽ ഇത്തരം വിവാഹങ്ങൾ വ്യാപകമായി നടന്നിരുന്നു. ഇങ്ങനെയുള്ള വിവാഹങ്ങളിൽ പെൺകുട്ടികളുടെ താൽപര്യം സ്വാഭാവികമായും പരിഗണിക്കപ്പെടാറില്ല. മത സംഘടനകൾഇത്തരം വിവാഹങ്ങൾക്കെതിരെ സജീവമായി രംഗത്തു വന്നതിനാൽ ഇന്ന് മുസ്ലീം സമുദായത്തിൽ പ്രായപൂർത്തിയെത്താതെയുള്ള വിവാഹം വളരെ കുറവാണ്.

1995 ജുവരിയിൽ പാനൂർ പഞ്ചായത്ത് ഓഫീസിൽ വച്ച് രജിസ്റ്റർ ചെയ്ത വിവാഹങ്ങൾ,

ഭാര്യയുടെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ താഴെ കൊടുക്കുന്നു.

	പെൺകുട്ടിയുടെ പ്രായം				
കലയളവ്	14-17	18-23	24-28	29ും കൂടുതലും	ആകെ
95 ജനുവരി -96 നവമ്പർ	ഇല്ല	73	23	7	93

വിവാഹാനന്തരം ഒരു സ്ത്രീ ഭർത്താവിന്റെയും വീട്ടുകാരുടെയും സ്വഭാവ രീതികളുമായി പൊരുത്തപ്പെട്ടു ജീവിക്കേണ്ടിയിരിക്കുന്നു. വ്യക്തിത്വവും, ആത്മാഭിമാനവും മാറ്റിവെച്ചു, കുടുംബസമാധാനം ലക്ഷ്യമാക്കി അനുഗുണമായ രീതിയിൽ സ്വയം രൂപപ്പെടാൻ സാധിക്കാത്തയുവതികൾ പീഢന വിധേയരാവുന്നത് സാധാരണമാണ്.

പൊതുസ്ഥലങ്ങളിലെ പ്രശ്നങ്ങൾ:

സ്ത്രീകളുടെ നേരെ സമൂഹം വെച്ചുപുലർത്തുന്ന മനോഭാവത്തിന്റെ പ്രാകൃതമുഖമാണ് പലപ്പോഴും പൊതുസ്ഥലങ്ങളിൽ കാണുന്നത്. പിതാവോ, ഭർത്താവോ, സഹോദരനോ കൂടെയില്ലെങ്കിൽ സ്ത്രീകൾ, പ്രത്യേകിച്ച് യുവതികളും, പെൺകുട്ടികളും അശ്ലീല പെരുമാറ്റങ്ങൾക്ക് വിധേയരാക്കപ്പെടുന്നത് സാധാരണമാണ്. ബസ്സുകളിലും ബസ് സ്റ്റോപ്പുകളിലും, പൊതു നിരത്തുകളിലും വെച്ച് സ്ത്രീകൾ ഈ രീതിയിൽ പീഢിപ്പിക്കപ്പെടുന്നു.

മദ്യപാനവും സ്ത്രീകളും:

മദ്യം ഒരു സാമൂഹ്യ വിപത്താണ് എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. വരുമാനത്തിന്റെ മുക്കാൽ പങ്കും മദ്യപാനത്തിനായി പുരുഷന്മാർ ചെലവഴിക്കുമ്പോൾനിത്യചിലവുകൾ നിർവ്വഹിക്കാൻ സ്ത്രീകൾ ബുദ്ധിമുട്ടുന്നു. ഇത്തരത്തിലുള്ള കുടുംബങ്ങൾ പഞ്ചായത്തിൽ ധാരാളമുണ്ട്. അമിത മദ്യപാനം മൂലം ആരോഗ്യം ക്ഷയിച്ചു വീട്ടിലിരിക്കുന്ന ഭർത്താവിനെ കൂലിവേലയെടുത്ത് പോറ്റുന്ന സ്ത്രീകളുമുണ്ട്. സ്വതവേ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഗിരിജനങ്ങൾക്കിടയിൽ സ്ത്രീകളും മദ്യപിക്കുന്നുവെങ്കിൽ അവിടെയുള്ള ചിത്രം ഊഹിക്കാവുന്നതേയുള്ളൂ. ചാരായ നിരോധനം ഉദ്ദേശിച്ച ഫലം നൽകിയോ എന്ന കാര്യം സംശയമാണ്. മാഹി പ്രദേശത്ത് കുറഞ്ഞ വിലയ്ക്ക് വിദേശ മദ്യം ലഭ്യമാണ്. അതോടൊപ്പം കൈവേലിക്കൽ പ്രദേശത്ത് കള്ളവാറ്റും നടക്കുന്നു.

സ്ത്രീകൾക്കു നേരെയുള്ള അക്രമങ്ങൾ

സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെ ഒട്ടേറെ അക്രമങ്ങൾ ഇവിടെ നടക്കുന്നുണ്ട്. ദാരിദ്ര്യവും അജ്ഞതയും കാരണം ലൈംഗികചൂഷണത്തിന് പെൺകുട്ടികൾ വിധേയരാക്കപ്പെടുന്ന സംഭവങ്ങളുമുണ്ട്. ഭർത്തൃപീഢനങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾ അനവധിയാണ്. ഇത്തരം സംഭവങ്ങളിൽ ഭൂരിഭാഗവും നിയമനടപടികൾക്ക് മുൻപും, പിൻപും ഒതുക്കപ്പെടുന്നു.

വനിതാ സംഘടനകൾ

മഹിളാ സമാജങ്ങൾ, മഹിളാ സ്വാസ്ത് സംഘങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ വനിതാ സംഘടനകൾ എന്നിങ്ങനെ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ സംഘടനകൾ പഞ്ചായത്തിന്റെ മിക്ക വാർഡുകളിലുമുണ്ട്. പക്ഷെ ഇവിടെ ഇവയുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. വനിതകളുടെ പൊതുവായ പ്രശ്നങ്ങൾ ചർച്ച ചെയ്യാനോ പരിഹാരം കാണാനോ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്.

പ്രശ്നങ്ങൾ

1. വനിതകളുടെ സാമൂഹ്യപരമായ പിന്നോക്കാവസ്ഥ
2. സ്ത്രീധനവും , വിവാഹത്തിലെ ആർഭാടങ്ങളും ഉയർത്തുന്ന വെല്ലുവിളികൾ
3. സ്ത്രീകൾക്ക് നേ രെ നടക്കുന്ന അക്രമ പ്രവർത്തനങ്ങൾ
4. മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ
5. വനിതാ സംഘടനകളുടെ നിർജ്ജീവത്വം

സാധ്യതകൾ

1. സാമൂഹിക- സാംസ്കാരിക സംഘടനകളിൽ വനിതകളുടെ പ്രാതിനിധ്യം ഉറപ്പ് വരുത്തുക. വനിതകൾക്ക് അർഹമായ പരിഗണന നൽകേണ്ടതിലേക്ക് സമൂഹത്തെ ബോധവത്കരിക്കുക. സാമൂഹ്യ രംഗത്ത് പ്രവർത്തിക്കുന്ന വനിതകൾക്ക്പ്രോത്സാഹനം നൽകുക.
2. സ്ത്രീധനത്തിനും, വിവാഹത്തിലെ ആർഭാടങ്ങൾക്കുമെതിരെ വ്യാപകമായ ബോധവത്കരണം നടത്തുക.
3. സ്ത്രീകൾക്കു നേരേ നടക്കുന്ന അക്രമ പ്രവർത്തനങ്ങൾക്ക് കർശനമായ ശിക്ഷാ നടപടികൾ സ്വീകരിക്കുക. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പരസ്യങ്ങൾക്കും, പോസ്റ്ററുകൾക്കുമെതിരെ രംഗത്തിറങ്ങുക

4. സമ്പൂർണ്ണ മദ്യനിരോധനം, നടപ്പിൽ വരുത്തുക. കള്ളവാറ്റ് നിർത്തലാക്കുക. മദ്യപാനത്തിനെതിരെ വ്യാപകമായ ബോധവത്കരണം നടത്തുക.

5. വനിതാ സംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്തിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുക. പഞ്ചായത്തിലെ വനിതകളുടെ ക്ഷേമത്തിനായി ഒരു വനിതാ സമിതി രൂപീകരിക്കുക. വനിതകൾക്കായി വായനശാലയും ലൈബ്രറിയും പണിയുക. സാംസ്കാരിക നിലയത്തിൽ വനിതാ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.

2. വിദ്യാഭ്യാസം

സാക്ഷരതയുടെ കാര്യത്തിലും വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും പഞ്ചായത്തിലെ സ്ത്രീകൾ ഏറെ മുന്നിലാണ്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ വനിതകളിൽ 78% വും സാക്ഷരരാണ്. പുതിയ തലമുറയിൽ സെക്കൻറി വിദ്യാഭ്യാസം നേടാത്തവർ വിരളമാണ്.

പഞ്ചായത്തിലെ വനിതകളുടെ എണ്ണം	സാക്ഷരർ	നിരക്ഷരർ	ശതമാനം (സാക്ഷരർ)
8275	6440	1835	78%

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ ഗൗരവപൂർവ്വം വീക്ഷിക്കുന്ന രക്ഷിതാക്കൾ കുറവാണ്. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങൾക്കുപരിയായി വിവാഹ കമ്പോളത്തിൽ ആവശ്യമായ അടിസ്ഥാനയോഗ്യതയെന്ന നിലയിലാണ് സാധാരണക്കാരായ രക്ഷിതാക്കളിൽ ഭൂരിഭാഗവും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെ കാണുന്നത്. അതുകൊണ്ടുതന്നെ പഠിക്കാൻ സമർത്ഥരായവർക്ക് വിവാഹമുറച്ചാൽ പഠനം നിർത്തേണ്ടിവരുന്നു. വിവാഹശേഷം പഠനം തുടരുക. എന്നത് വളരെ അപൂർവ്വമാണ്. ദാരിദ്ര്യവും വീട്ടുജോലികളുടെ ആധിക്യവും നിമിത്തം പഠനം നിർത്തുന്നവരും വിരളമല്ല.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം ചുവ്ടെ കൊടുക്കുന്നു.

ക്രമനമ്പർ	വിദ്യാലയം	ആൺ	പെൺ	ആകെ	ശതമാനം (പെൺ)
1	ഹൈസ്കൂൾ	1859	1924	3783	50.85%
2	അപ്പർ പ്രൈമറി	1455	1277	2732	46.74%
3	ലോവർ പ്രൈമറി	724	623	1347	46.25%
4	പ്രീ - പ്രൈമറി	160	143	303	47.19%
	ആകെ	4198	3967	8165	48.58%

ഒരു ചെറുപട്ടണത്തിന്റെ സ്വഭാവവും യാത്രാ സൗകര്യവുമുള്ളതിനാൽ പാനൂരിനെ കേന്ദ്രീകരിച്ച് നിരവധി വിദ്യാഭ്യാസസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഒരു ഹയർ സെക്കൻറി സ്കൂൾ, ഒരു ഹൈസ്കൂൾ രണ്ട് പ്രൈമറി സകൂൾ, മൂന്ന് അൺ എയ്ഡഡ് വിദ്യാലയങ്ങൾ എന്നിവയ്ക്കു പുറമെ നാല് പാരലൽ, ട്യൂട്ടോറിയൽ കോളേജ് , മൂന്ന് ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒരു കമ്പ്യൂട്ടർ പഠന കേന്ദ്രം എന്നിവയും ഇവിടെയുണ്ട്. സമീപ പ്രദേശങ്ങളിൽ നിന്നും ധാരാളം വിദ്യാർത്ഥിനികൾ ഇവിടെ പഠനത്തിനെത്തുന്നു.

പാരലൽ, ട്യൂട്ടോറിയൽ കോളേജ്- പട്ടിക 2ൽ

കോഴ്സ്	ആൺ	പെൺ	ആകെ	ശതമാനം പെൺ
പ്രീഡിഗ്രി	301	498	719	76.33%
എസ്.എസ്. എൽസി (തോറ്റു പഠിക്കുന്നവർ)	202	192	344	29.26%
ആകെ	503	600	1163	60.95%

സാങ്കേതിക വിദ്യാലയങ്ങൾ

സ്ഥാപനം	ആൺ	പെൺ	ആകെ	ശതമാനം
ടൈപ്പ് റൈറ്റിങ്ങ്/ ഷോർട്ട്ഹാൻറ കബൂട്ടൽ	40	129	169	പെൺ
	58	24	82	76.33%
				29.26%
ആകെ	98	153	251	60.95%

അടുത്തകാലം വരെ മുസ്ലീം സമുദായത്തിലെ പെൺകുട്ടികൾ ചെറിയ ക്ലാസ്സുകളിൽ വെച്ചുതന്നെ പഠനം നിർത്തുന്ന അവസ്ഥയുണ്ടായിരുന്നു. സ്ത്രീകളുടെയും പെൺകുട്ടികളുടെയും കാര്യത്തിൽ സമുദായം പുലർത്തുന്ന അമിത മായ ജാഗ്രതയായിരുന്നു ഇതിനു കാരണം. പക്ഷെ ഈയടുത്ത കാലത്ത് വിദ്യാഭ്യാസ കാര്യത്തിൽ പ്രത്യേകിച്ചും പെൺകുട്ടികളുടെ - ഊന്നൽ കൊടുത്തുകൊണ്ട് മതസംഘടനകളും പ്രസ്ഥാനങ്ങളും മുന്നോട്ടു വന്നതിനാൽ നേരത്തെയുള്ള അവസ്ഥയിൽ ഗണ്യമായ മാറ്റം സംഭവിച്ചിരിക്കുന്നു. പെൺകുട്ടികൾക്ക് മാത്രമായൊരു വിദ്യാലയം ഇവിടെ പ്രവർത്തിക്കുന്നു. ഇതുകൂടാതെ മുസ്ലീം എജുക്കേഷനൽ സൊസൈറ്റിയുടെ സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്.

പട്ടികജാതി, പട്ടികവർഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ, പിന്നോക്ക മുസ്ലീം പെൺകുട്ടികൾ, വികലാംഗരായ വിദ്യാർത്ഥികൾ എന്നിവർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുന്നുണ്ട്. പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ഇത്തരത്തിൽ സാമ്പത്തികസഹായം ലഭിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വിദ്യാലയങ്ങളുടെ എണ്ണം	സഹായം ലഭിക്കുന്നവർ	പെൺ കുട്ടികൾ				ശതമാനം
		SC/ST	മുസ്ലീം	വികലാംഗർ	ആകെ	
18	549	44	425	10	479	87.24

ജീവിതത്തിലെ മനോഹരമായ ഒരു കാലഘട്ടമായി പൊതുവെ കരുതുന്ന വിദ്യാഭ്യാസ ജീവിതത്തിലും പെൺകുട്ടികൾ ധാരാളം വിലക്കുകൾക്ക്വിധേയരാണ്. പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തം ആനുപാതികമായി വളരെ കുറവാണ്. സ്ത്രീകളോട് സമൂഹം വെച്ചുപുലർത്തുന്ന സമീപനം വിദ്യാലയങ്ങളിലും പ്രതിഫലിക്കുന്നു.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസത്തിന്റെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്നും പെൺകുട്ടികൾ അകലുന്നു.
2. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാക്കൾ പുലർത്തുന്ന അലംഭാവം
3. ദാരിദ്ര്യവും വീട്ടുജോലികളുടെ ഭാരവും നിമിത്തം പഠനം നിർത്തേണ്ടിവരുന്ന പെൺകുട്ടികൾ
4. വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനുമുൻപെയുള്ള വിവാഹം
5. പാഠ്യേതര വിഷയങ്ങളിൽ പെൺകുട്ടികളുടെ പങ്കാളിത്തക്കുറവ്.

3. തൊഴിൽ

സ്ത്രീകൾ തൊഴിൽ ചെയ്ത് കുടുംബം പുലർത്തുക എന്നത് പുരുഷമേധാവിത്വമുള്ള ഒരു സമൂഹം പൂർണമായും അംഗീകരിക്കുന്ന ഒരു കാര്യമല്ല. അതേ സമയം മെച്ചപ്പെട്ട ജീവിത നിലവവാരം ആഗ്രഹിക്കുന്ന സാധാരണക്കാരിലും ദരിദ്രവിഭാഗങ്ങളിലും ഇത്തരത്തിലുള്ള ദുരഭിമാനം കാണുന്നില്ല. സ്ത്രീകൾക്ക് തൊഴിലുള്ള കുടുംബങ്ങളിൽ പൊതുവിൽ സാമ്പത്തിക ഭദ്രത നിലനിൽക്കുന്നതായി കാണാവുന്നതാണ്. സ്ത്രീകൾക്ക് ലഭിക്കുന്ന വരുമാനം കുടുംബത്തിന് പൂർണമായും പ്രയോജനപ്പെടുന്നുവെന്നതും പുരുഷൻമാരെക്കാൾ സമ്പാദ്യശീലമുള്ളവരാണ്. സ്ത്രീകളെന്നതും പൊതുവെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്. കൂടാതെ ഉദ്യോഗസ്ഥകളും സ്ത്രീതൊഴിലാളികളും പുലർത്തുന്ന സാമൂഹ്യബോധം പൊതുരംഗത്ത് അത്തരത്തിലുള്ളവരുടെ പങ്കാളിത്തം വ്യക്തമാക്കുന്നു. നാടിന്റെ പൊതുവായ വികാസത്തിനും സ്ത്രീകളുടെ സാമൂഹ്യവൽക്കണത്തിനും സ്ത്രീകളുടെ തൊഴിൽ സാധ്യത ഉറപ്പുവരുത്തേണ്ടിയിരിക്കുന്നു.

പരമ്പരാഗതമേഖല:

പരമ്പരാഗത മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞുവരുന്നു. വിദ്യാ സമ്പന്നരായ പെൺകുട്ടികൾ ഈ മേഖലയിലേക്ക് കടന്ന്വരാൻ മടിക്കുന്നു. ഗൾഫ് മേഖലയിൽ നിന്നും അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള വരുമാനം നിമിത്തം മിക്കകുടുംബങ്ങളിലെയും ജീവിതനിലവാരം ഉയർന്നിരിക്കുന്നത് മറ്റൊരു കാരണമാണ്.

കാർഷികമേഖലയിൽ പൊതുവിലുണ്ടായ അപചയം ഈ മേഖലയെ ആശ്രയിച്ചുജീവിക്കുന്നവരുടെ എണ്ണം കുറച്ചു. നെൽപാടങ്ങൾ നികത്തി പുരയിടങ്ങളാക്കിയതും തെങ്ങ്, കമുക്, കുരുമുളക് തുടങ്ങിയവ പുരയിടകൃഷികളായി പരിമിതപ്പെടുകയും ചെയ്തത് മറ്റൊരു കാരണം. കൃഷിയെ ഗൗരവപൂർവ്വം സമീപിക്കുന്ന വർ വിരലിലെണ്ണാവുന്നവർ മാത്രമാണ്.

ഗൾഫ് പണത്തിന്റെ കുത്തൊഴുക്കുകാരണം പഞ്ചായത്തിൽ ധാരാളം പുതിയ കെട്ടിടങ്ങൾ ഉണ്ടായികൊണ്ടിരിക്കുന്നു. കഴിഞ്ഞ അഞ്ചുവർഷങ്ങൾക്കുള്ളിൽ പഞ്ചായത്തിൽ നിർമിക്കപ്പെട്ട കെട്ടിടങ്ങളുടെ എണ്ണം പരിശോധിച്ചാൽ ഇതു ബോധ്യമാകുന്നതാണ്. ഇതിൽ ഭൂരിഭാഗവും വമ്പിച്ച മുതൽ മുടക്കുള്ള ബഹുനിലകെട്ടിടങ്ങളാണ്.

പട്ടിക 3ൽ 1

പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങൾ	1991-92	92-93	93-94	94-95	95-96
4885	170	79	60	148	174

കാർഷികമേഖലയിൽ നിന്നും കെട്ടിട നിർമ്മാണ മേഖലയിലേക്ക് തൊഴിലാളികൾ കേന്ദ്രീകരിക്കുവാൻ ഇത് കാരണമായി. വാർപ്പ് പണിയെടുക്കുന്നവർക്ക് മെച്ചപ്പെട്ട വേതനം ലഭിക്കുന്നതിനാലും കാർഷിക മേഖലയേക്കാൾ ആഭിമുഖ്യം കെട്ടിടനിർമാണമേഖലയോട് സ്ത്രീ തൊഴിലാളികൾ കാണിക്കുന്നു.

കാർഷിക മേഖലയിലും കെട്ടിട നിർമാണ മേഖലയിലും പണിയെടുക്കുന്ന തൊഴിലാളികളിൽ സ്ത്രീപുരുഷ എണ്ണവും (ഏകദേശം) അവരുടെ കൂലി നിരക്കും ചുവടെ കൊടുക്കുന്നു.

പട്ടിക 3൹ 1

	ആകെ	പുരുഷൻ	സ്ത്രീ
കാർഷിക കെട്ടിട നിർമാണ മേഖല	1250	800	450

കൂലിനിരക്ക്

പട്ടിക 3൹ 3

തൊഴിൽ മേഖല	പുരുഷൻ	സ്ത്രീ	അന്തരം
കാർഷിക മേഖല	125	80	45
കെട്ടിട നിർമാണം	125	80	45
വാർക്കൽ ജോലി	150	100	50

പരമ്പരാഗത മേഖലയിൽ ജോലിചെയ്യുന്ന സ്ത്രീതൊഴിലാളികൾക്ക് പുരുഷൻമാരെ അപേക്ഷിച്ച് കൂലി കുറവാണെന്ന് കാണാം. കാലാകാലങ്ങളിലായി നില നിൽക്കുന്ന വ്യവസ്ഥയായതിനാലും തൊഴിൽ വൈദഗ്ധ്യം കുറവായിനാലുമാണ് ഇത്.

സാധാരണക്കാരും വരുമാനം കുറഞ്ഞുവർക്കുമിടയിലെ സ്ത്രീകൾ, ആട്, കോഴി, പശു എന്നിവയെ വളർത്തി ചെറിയതോതിൽ വരുമാനമുണ്ടാക്കുന്നു. അതേ സമയം ഇത് മുഖ്യവരുമാനോപാധിയായി മാറ്റുന്നവർ അപൂർവ്വമാണ്.

ചുരുങ്ങിയ തോതിലുള്ള പച്ചക്കറി കൃഷി വേനൽ കാലവിളയായി നെൽപാടങ്ങളിൽ അപൂർവമായി കണ്ടുവരുന്നു. അടുക്കളത്തോട്ടം 99% കുടുംബങ്ങളിലുമില്ല. അലസമായി വാഴ, ചേമ്പ് തുടങ്ങിയവ കൃഷിചെയ്യുന്നതായി കാണാം.

പുതിയതലമുറയിൽപ്പെട്ട പെൺകുട്ടികളിൽ ഭൂരിഭാഗവും വിദ്യാസമ്പന്നരാണെങ്കിലും വിദ്യാഭ്യാസത്തെ ഗൗരവബുദ്ധ്യാവീക്ഷിക്കുന്ന പെൺകുട്ടികൾ കുറവാണെന്നു നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. സർക്കാർ ജോലിയിലോ സ്ഥിരവരുമാനമുള്ള മറ്റു ജോലികളിലോ പരിശ്രമിക്കാൻ മിക്കവരും തയ്യാറല്ല. വിദ്യാസമ്പന്നരായ യുവതികളും അവരുടെ രക്ഷിതാക്കളും താൽപര്യം കാണിക്കുന്ന മേഖല അധ്യാപനമാണ്. അധ്യാപികയ്ക്ക് വിവാഹ കമ്പോളത്തിൽ ഡിമാൻറ് കൂടുതലാണെന്ന വസ്തുതയാണ് മിക്ക രക്ഷിതാക്കളെയും ഇതിനു പ്രേരിപ്പിക്കുന്നത് കൂടാതെ അടുത്ത കാലത്തായി ഈ മേഖലയിലുണ്ടായ തൊഴിൽ സാധ്യതയും അധ്യാപനരംഗത്ത് വനിതകൾക്ക് ഉയർന്ന പ്രാതിനിധ്യമുണ്ടെന്ന് ആമേഖലയിലെ കണക്കുകൾ കാണിക്കുന്നു. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അധ്യാപകരുടെ

കണക്ക് ചുവടെ ചേർക്കുന്നു.

078

പട്ടിക 3൹ 4

സ്ഥാപനം		വിദ്യാലയങ്ങളുടെ എണ്ണം	ആകെ അധ്യാപകർ	പുരുഷൻ	സ്ത്രീ	ശതമാനം സ്ത്രീ
ഹൈസ്കൂൾ	Aided	2	132	58	74	56.06 %
	Un Aided	1	12		12	100
അപ്പർപ്രൈമറി		6	112	69	43	38.39
ലോവർപ്രൈമറി		7	36	18	18	50
പ്രീ പ്രൈമറി	Govt/Aided	2	14	6	8	57.14
	Unaided	3	14	4	10	71.42
ആകെ		21	320	155	165	51.56

വിദ്യാലയങ്ങൾ ഒഴികെയുള്ള മറ്റു സ്ഥാപനങ്ങളിൽ വനിതാ ജീവനക്കാരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്തിലെ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്രോഡീകരിച്ച പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 3൹ 5

സ്ഥാപനം	സ്ഥാപങ്ങളുടെഎണ്ണം	ആകെ ജീവനക്കാർ	ആൺ	പെൺ	ശതമാനം പെൺ
വിദ്യാലയങ്ങൾ	21	320	155	165	51.56
സർക്കാർ സ്ഥാപനങ്ങൾ	17	239	192	47	19.66
സഹകരണസ്ഥാപനങ്ങൾ	7	28	25	3	10.71
അങ്കൺവാടികൾ	7	14		14	100
ആകെ	52	601	372	229	38.103

സ്ത്രീകൾ പൊതുവെ താൽപര്യം കാണിക്കുന്ന മറ്റൊരു തൊഴിൽ തുന്നലാണ്. പാനൂരിൽ തുന്നൽ തൊഴിലാളികൾ മാത്രമുള്ള നാല് സ്ഥാപനങ്ങളുണ്ട്. ഇവിടെ മൊത്തം 21 സ്ത്രീകൾ ജോലിചെയ്യുന്നു. ഡി. ഡബ്ല്യു. സി. ആർ. എ. പദ്ധതി പ്രകാരം പ്രവർത്തനമാരംഭിച്ച ഗാർമെൻറ്സ് നിർമ്മാണ യൂണിറ്റാണ് ഇതിലൊന്ന്. 10 വനിതകൾ ജോലി ചെയ്തുവരുന്ന ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നു. തുന്നൽപരിശീലനം നൽകുന്ന രണ്ട്സ്വകാര്യ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്. രണ്ടിടത്തും കൂടി 120 ഓളം പെൺകുട്ടികൾ പരിശീലനം നേടുന്നു.

ഖാദിബോർഡിൻെറ ഒരു നൂൽനൂൽപുകേന്ദ്രം പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. 20 ഓളം പെൺകുട്ടികൾ ഈ സ്ഥാപനത്തിൽ ജോലിചെയ്യുന്നു. സുരക്ഷിതത്വം കുറഞ്ഞ ഒരു വാടക കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.പ്രവർത്തനം മെച്ചപ്പെടുത്തിയാൽ അമ്പതോളം യുവതികൾക്ക്തൊഴിൽ ലഭിക്കുവാൻ സാധ്യതയുണ്ട്. ചെറുകിട വ്യവസായത്തിൻെറ നിർവചനപരിധിയിൽ ഉൾപ്പെടുന്ന ധാരാളം സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും

പട്ടിക 3ൽ 6

ചെറുകിട വ്യവസായസംരംഭങ്ങളുടെ എണ്ണം	മൊത്തം തൊഴിലാളികൾ	പുരുഷൻമാർ	ശതമാനം (പെൺ)
88	260	194	25.38%

പട്ടിക 3ൽ 7

വനിതകൾ ജോലി ചെയ്യുന്ന ചെറുകിട വ്യവസായ സംരഭങ്ങളും
അവിടെയുള്ള കൂലി നിരക്കും ചുവടെ കൊടുക്കുന്നു

നമ്പ്	സ്ഥാപനം	എണ്ണം	തൊഴിലാളികൾ			വേതനം		
			ആൺ	പെൺ	ആകെ	ആൺ	പെൺ	
1	പ്രിൻറിംഗ് പ്രസ്സ്	4	8	11	19	40	25	
2	സോമിൽ	3	21	3	24	70	55	
3	അവിൽ മിൽ	1	4	2	6	60	40	
4	ജെല്ലി നിർമാണം	1		20	20		40	
5	ഗാർമെൻറ് നിർമാണം	2		15	15		40	
6	ആയുർവ്വേദ മരുന്ന് നിർമാണം	2	10	1	11	40	25	
7	ഖാദി നൂൽനൂൽപ്	1		20	20		20	
8	കറ പൗഡർ	1		4	4		35	

ബ്ലോക്കിൻെറ ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടിയവരുടെ കണക്ക്

പട്ടിക 3 ൽ 8

വർഷം	പരിശീലന വിഷയത്തിൻെറ പേര്	പരിശീലനം ലഭിച്ചവർ	സ്വയം തൊഴിൽ കണ്ടെത്തിയവർ	ഇതരതൊഴിൽ ചെയ്യുന്നവർ
92-93	കമ്പോസിംഗ് ആൻറ്	2	2	
93-94	പ്രിൻറിംങ്ങ്	2	2	
94-95				
95-96	ടെയ്ലറിംഗ്	10	10	
	ആകെ	14	14	

വനികകൾ മാത്രം ജോലിചെയ്യുന്ന അഞ്ച് ചെറുകിട സംരംഭങ്ങളാണ് പഞ്ചായത്തിലുള്ളത്. രണ്ട് ഗാർമെൻറ് നിർമാണ യൂണിറ്റ്, ഒരു ഖാദി നൂൽനൂൽപുകേന്ദ്രം, ഒരു ക്ഷീരോൽപന്ന സഹകരണ സംഘം, ഒരു കറിപൗഡർ നിർമാണ യൂണിറ്റ് എന്നിവയാണ് ഇവ.

പ്രശ്നങ്ങൾ

1. പരമ്പരാഗത മേഖലയിൽ വനിതാ തൊഴിലാളികൾ കുറയുന്നു.
2. വനിതാ സഹകരണ സംഘങ്ങൾ വളരെ കുറവാണ്.
3. സ്ത്രീകൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ പ്രാഥമിക കൃത്യം നിർവഹിക്കുന്നതിനുള്ള സൗകര്യം ഇല്ല
4. സർക്കാർ- സഹകരണ സ്ഥാപനങ്ങളിൽ വനിതാ ജീവനക്കാരുടെ എണ്ണം നാമമാത്രമാണ്.
5. തൊഴിൽ പരിശീലന സ്ഥാപനങ്ങൾ ഇല്ല.
6. കുറഞ്ഞ വേതനത്തിൽ ജോലിചെയ്യേണ്ടുന്ന അവസ്ഥ.

സാധ്യതകൾ

1. ആട്, കോഴി, പശു എന്നിവയെ വളർത്തുന്നതിനെ പ്രോത്സാഹിപ്പിക്കുക.
2. കരകൗശല നിർമാണം, കൊട്ടമടയൽ, മെഴുകുതിരി നിർമാണം, എന്നിവയിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്ന സ്ഥാപനം ആരംഭിക്കുക. സഹകരണാടിസ്ഥാനത്തിൽ ഇവയുടെ നിർമാണ യൂണിറ്റുകൾ സ്ഥാപിക്കുക.
3. ഖാദി നൂൽനൂൽപുകേന്ദ്രം വികസിപ്പിക്കുക.

4. കുടുംബക്ഷേമവും ആരോഗ്യവും

മെച്ചപ്പെട്ട വനിതാ സാക്ഷരതയും അണുകുടുംബമെന്ന സങ്കല്പവും കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ താൽപര്യവും ശ്രദ്ധയും വളർത്താനിടയായി. ആരോഗ്യകാര്യത്തിൽ പൊതുവെ സമൂഹം ഉയർന്ന പരിഗണനയും താൽപര്യവും കാണിക്കുന്നു. ഗർഭിണിയായെന്നറിഞ്ഞ ഉടൻതന്നെ ഗൈനക്കോളജിസ്റ്റിൻെറ അടുത്തു ചെല്ലുന്ന അവസ്ഥവരെ ഇന്ന് എത്തിയിരിക്കുന്നു.പഞ്ചായത്തിൽ കഴിഞ്ഞ വർഷം നടന്ന 189 പ്രസവങ്ങളിൽ 188 ഉം ആശുപത്രിയിൽ വെച്ചായിരുന്നു. സ്വകാര്യആശുപത്രികളെ ആശ്രയിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. സമ്പന്നരിൽ മാത്രമല്ല, സാധാരണക്കാരിലും ഈ പ്രവണത വ്യാപകമാണ്. സർക്കാർ ആശുപത്രിയുടെയും പാനൂർ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറയും ശോചനീയ അവസ്ഥയാണ് ഇതിന് കാരണം. രോഗത്തെകുറിച്ചും ചികിത്സയെകുറിച്ചുമുള്ള സമൂഹത്തിൻെറ അവബോധം സ്വകാര്യ ആശുപത്രികൾ സമർത്ഥമായി ചൂഷണം ചെയ്യുന്നു.

പഞ്ചായത്തിലെ മൊത്തം ദമ്പതിമാരുടെ എണ്ണം 2536ആണ്.സ്ത്രീയുടെ പ്രായത്തിൻെറ അടിസ്ഥാനത്തിലുള്ള ദമ്പതിമാരുടെ പട്ടിക താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ത്രീയുടെ പ്രാടം	ദമ്പതിമാരുടെ എണ്ണം
2	18-19	232
3	20-24	545
4	25-29	634
5	30-34	480
6	35-39	410
	40-44	235
	ആകെ	2536

സംസ്ഥാനത്തിലെ ജനനനിരക്ക് 17 ആണെങ്കിലും പാനൂർ പഞ്ചായത്തിലെ ജനനനിരക്ക് 20 ആണ്. കുടുംബാസൂത്രണ മാർഗം സ്വീകരിക്കാൻ സമൂഹത്തെ ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ഇത് വിരൽ ചൂണ്ടുന്നു. 051

കുടുംബാസൂത്രണ മാർഗം സ്വീകരിച്ചവരുടെ പട്ടിക- കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ

കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണം മാർഗ്ഗം സ്വീകരിച്ചവർ	ശതമാനം
കുട്ടികളില്ലാത്തവർ	321		0
1 കുട്ടി	489	42	8.58%
2 കുട്ടികൾ	677	379	55.98%
രണ്ടും അതിലധികവും	1049	690	65.77%
ആകെ	2536	1111	43.8%

പാനൂർ പഞ്ചായത്തിൽ ഇപ്പോൾ 100 ഗർഭിണികൾ ഉണ്ട്. ഇവരിൽ 18 ഓളം പേർ പ്രത്യേക പരിചരണം ആവശ്യമുള്ളവരാണ്. മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം 105 ഉം. ആണ്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രാധമിക ആരോഗ്യ കേന്ദ്രം വഴി അയേൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു.

പ്രതിരോധ കുത്തിവെയ്പ് എടുക്കാത്ത ഗർഭിണികളും കുട്ടികളുമില്ലെന്ന് ആരോഗ്യകേന്ദ്രത്തിലെ കണക്കുകൾ സൂചിപ്പിക്കുന്നു. എങ്കിലും പോഷകാഹാരക്കുറവ് അനുഭവിക്കുന്ന ഗർഭിണികളും കുട്ടികളുമുണ്ട്.

പ്രശ്നങ്ങൾ

2. കുടുംബാസൂത്രണത്തിൽ താൽപര്യമില്ലാത്തവർ
3. പോഷകാഹാരക്കുറവ് അനുഭവിക്കുന്ന ഗർഭിണികളും കുട്ടികളും.

5. അങ്കൺ വാടികൾ

പാനൂർ പഞ്ചായത്തിൽ മൊത്തം 7 അംഗൻവാടികൾ പ്രവർത്തിക്കുന്നു. മിക്കതിന്റെയും സ്ഥിതി അതീവ ഗുരുതരമാണ്. സുരക്ഷിതമായ കെട്ടിടത്തിലല്ല പലതും പ്രവർത്തിക്കുന്നത്. ഫർണിച്ചർ സൗകര്യവും വളരെ പരിമിതമാണ്.ഏതുനിമിഷവും മറിഞ്ഞുവീഴാൻ സാധ്യതയുള്ള ബഞ്ചും സിമൻറ് ചെയ്യാത്ത തറയും ചുമരുകളുമാണ് മിക്കതിനുമുള്ളത്.

അംഗൻവാടികളുടെ നിലവിലുള്ള അവസ്ഥ കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രവർത്തിക്കുന്ന വാർഡ്	കെട്ടിട സുരക്ഷിതത	ഫർണ്ണിച്ചർ	കളിക്കോപ്പുകൾ	മറ്റു സൗകര്യങ്ങൾ
1	II	ഇല്ല	പരിമിതം	ഇല്ല	ഇല്ല
2	III	ഇല്ല	പരിമിതം	ഇല്ല	ഇല്ല
3	IV	ഉണ്ട്	പരിമിതം	ഇല്ല	ഇല്ല
4	V	ഉണ്ട്	പരിമിതം	ഇല്ല	ഇല്ല
5	VI	ഉണ്ട്	പരിമിതം	ഇല്ല	ഇല്ല
6	VII	ഇല്ല	പരിമിതം	ഇല്ല	ഇല്ല
7	IX	ഉണ്ട്	പരിമിതം	ഇല്ല	ഇല്ല

പഞ്ചായത്തിൽ ഒന്നാം വാർഡിലും 8ാം വാർഡിലും അംഗൻവാടികൾ ഇല്ല

സ്ഥിരം കെട്ടിടം രണ്ടാം വാർഡിലും നാലാം വാർഡിലും മാത്രമാണ്.

കൊച്ചു കുട്ടികളാണ് അംഗൻവാടികളിൽ എത്തുന്നത് എന്നതു കൊണ്ടുതന്നെ അങ്കൺവാടികളിൽ കക്കൂസ് പണിയേണ്ടത് വളരെ അത്യാവശ്യമായ കാര്യമാണ്. അതുപോലെ പുകയില്ലാത്ത അടുപ്പുകൾ അങ്കൺ വാടികളിൽ ആവശ്യമാണ്.

അങ്കൺ വാടി അധ്യാപികമാരുടെ സ്ഥിതിയും വളരെ ദയനീയമാണ്. തുച്ഛമായ വേതനത്തിന് മെച്ചപ്പെട്ട സേവനമാണ് അവരിൽ നിന്നും സമൂഹത്തിനും ഗവൺമെൻറിനും ലഭിക്കുന്നത്. കുട്ടികളെ പരിചരിക്കുന്നതിനോടൊപ്പം തന്നെ സർവേകൾ നടത്താനും രജിസ്റ്ററുകൾ സൂക്ഷിക്കാനും അവർ ബാധ്യസ്ഥരാണ്. ശിശുപരിപാലനത്തിൽ മാത്രമല്ല സാമൂഹ്യക്ഷേമത്തിലും ആരോഗ്യ കുടുംബക്ഷേമപ്രവർത്തനങ്ങളിലും അവർക്ക് പങ്കെടുക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. അങ്കൺവാടികളുടെ ശോചനീയാവസ്ഥ
2. അങ്കൺ വാടി അധ്യാപികമാരുടെ ജോലിഭാരം
3. അങ്കൺവാടി അധ്യാപികമാരുടെ കുറഞ്ഞ വേതനം
4. അങ്കൺ വാടികൾ ഇല്ലാത്ത വാർഡുകൾ

സാധ്യതകൾ

1. സുരക്ഷിതമായ കെട്ടിടമില്ലാത്ത അങ്കൺവാടികൾക്ക് കെട്ടിടം നിർമിക്കുക. അങ്കൺ വാടിയിൽൾ കക്കൂസ്, പുകയില്ലാത്ത അടുപ്പ് എന്നിവ പണിയുക. അങ്കൺവാടികളിൽ കളിക്കോപ്പുകൾ ലഭ്യമാക്കുക.
2. അങ്കൺവാടി അധ്യാപികമാരുടെ ജോലി ഭാരം ലഘൂകരിക്കുക.
3. അങ്കൺ വാടി അധ്യാപികമാരുടെ ശമ്പളം വർധിപ്പിക്കുക.
4. പഞ്ചായത്തിലെ ഒന്ന്, എട്ട്, വാർഡുകളിൽ അങ്കൺ വാടികൾ ആരംഭിക്കുക.

6. വനിതകളിലെ അവശവിഭാഗങ്ങൾ

വിധവകൾ, അശരണരായ സ്ത്രീകൾ, വികലാംഗരും മന്ദബുദ്ധിയുമായവർ, മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന കുടുംബത്തിലെ സ്ത്രീകൾ, അവിവാഹിതരായ സ്ത്രീകൾ, ലൈംഗീക ചൂഷണത്തിന് വിധേയരാക്കപ്പെട്ടവർ എന്നിങ്ങനെ വിഭാഗത്തിൽപ്പെട്ട അവശരായ സ്ത്രീകൾ സമൂഹത്തിലുണ്ട്. ഇവരിൽ ഭൂരിഭാഗവും ദാരിദ്ര്യം മൂലവും മറ്റ് രീതിയിലും പീഢനം അനുഭവിക്കുന്നവരാണ്. ഇവരെകുറിച്ചുള്ള വ്യക്തമായ വിവരങ്ങളും കണക്കും വിശദമായ ഒരു സർവേ നടത്തി കണ്ടെത്തേണ്ടിയിരിക്കുന്നു.

വിധവകളുടെ ഭാഗികമായ കണക്കും (വിധവാ പെൻഷൻ ലഭിക്കുന്നവർ) വികലാംഗരുടെയും മന്ദബുദ്ധികളുടെയും കണക്കും മാത്രമേ ലഭ്യമുള്ളൂ. വിധവകൾക്ക് ഇന്ന് സർക്കാരിൽ നിന്നും ലഭിക്കുന്ന സാമ്പത്തിക സഹായം നാമമാത്രമായ ഒരു സംഖ്യയാണ്. ഇത് കൃത്യമായി ലഭിക്കുന്നില്ലതാനും. വിധവാ പെൻഷന് അർഹരായ നിരവധി പേർക്ക് ഇനിയും അതു ലഭിച്ചിട്ടില്ല.

വിധവാ പെൻഷൻ ലഭിച്ചവരുടെ എണ്ണം

പട്ടിക 6ൽ 1

സാമ്പത്തിക വർഷം	പെൻഷൻ ലഭിച്ച വിധവകളുടെ എണ്ണം
1991-92	39
92-93	40
93-94	43
94-95	47
95-96	47

വികലാംഗരും മന്ദബുദ്ധികളുമായ സ്ത്രീകൾ പ്രായത്തിന്റെ അടിസ്ഥാനത്തിൽ

പട്ടിക 6.3.3

പഞ്ചായത്തിലെ മൊത്തം വികലാംഗരും മന്ദബുദ്ധികളും	സ്ത്രീകൾ							
	0-5	5-10	10-18	18-25	25-35	45-60	60നു മുകളിൽ	ആകെ
124	1	1	13	8	13	6	8	50

അഗതികൾക്കായുള്ള സാമ്പത്തിക സഹായം ലഭിക്കുന്നവർ പഞ്ചായത്തിലില്ല. അർഹരായ പലർക്കും സർക്കാർ ചട്ടങ്ങളിലെ സങ്കീർണ്ണത യും നിബന്ധനകളും കാരണം ഇത്തരത്തിലുള്ള സാമ്പത്തിക സഹായം ലഭിക്കുന്നില്ലെന്നത് ദുഃഖകരമായ വസ്തുതയാണ്.

വിധി ക്രൂരത കാണിച്ച ഇത്തരക്കാരോട് അനുഭാവ പൂർണമായ സമീപനം കൈക്കൊള്ളാനും ഇവരെ പുനരധിവസിപ്പിക്കാനുമുള്ള ഒരു സമഗ്ര പദ്ധതി ആവശ്യമാണ്.

പ്രശ്നങ്ങൾ

1. വിധവകളും അഗതികളും അനുഭവിക്കുന്ന സാമ്പത്തിക- മാനസിക പ്രയാസങ്ങൾ
2. വിധവാ പെൻഷന് അർഹതയുണ്ടായിട്ടും ലഭിക്കാത്തവർ
3. വിധവാ, അഗതി പെൻഷനിലെ സങ്കീർണതകൾ

പട്ടികജാതി/പട്ടികവർഗക്ഷേമം

പട്ടികജാതി/പട്ടികവർഗ്ഗം

1991ലെ സെൻസസ് പ്രകാരം പാനൂർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 1.18% മാത്രമേ പട്ടിക ജാതി/ പട്ടികവർഗത്തിൽപ്പെട്ട ജനങ്ങളുള്ളൂ. പട്ടിക 1

പഞ്ചായത്തിലെ ജനസംഖ്യ	പട്ടികജാതി			പട്ടികവർഗം			ആകെ എസ്. സി. എസ്. ടി	%
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ		
15390	76	86	162	16	14	30	192	1.18

പട്ടികജാതി / പട്ടിക വർഗക്കാർക്കായി പ്രത്യേക കോളനികൾ പഞ്ചായത്തിലില്ല. മഞ്ചാംകുന്ന് കോളനിയിൽ പട്ടികവർഗത്തിന്റെ 4 വീടുകളും അവയാട്കുന്നിൽ പത്ത്വീടുകളുമുണ്ട്. പട്ടികജാതിക്കാർ പാലത്തായി കോളനിയിലും പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിൽ ഒറ്റപ്പെട്ട കുടുംബങ്ങളായും താമസിക്കുന്നു.

പട്ടിക ജാതി

പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവരുടെ 20 ഓളം കുടുംബങ്ങളുണ്ട്. മിക്ക കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ട്. പട്ടികജാതിയിൽപ്പെട്ട അഞ്ച് സമുദായങ്ങളാണ് പഞ്ചായത്തിലുള്ളത്. കൂടുതലും മലയ വിഭാഗത്തിൽപ്പെട്ടവയാണ്. സാമൂഹികമായി മുന്നേറികൊണ്ടിരിക്കുമ്പോഴും പാരമ്പര്യബോധവും കലയോടുള്ള താൽപര്യവുമാണ് തദ്ദേശീയ കലാരൂപങ്ങളായ തെയ്യം , തിറ ഇന്നും നിലനില്ക്കുന്നതിനു കാണാം. എല്ലാ വിഭാഗീയതകൾക്കു മുപരിയായി ജനങ്ങവെ ആകർഷിക്കുകയും തദ്ദേശീയ ചരിത്ര സ്മൃതികളുണർത്തുകയും ചെയ്യുന്ന ജനകീയ കലാരൂപമായി തെയ്യം തിറ വളർന്നു വരുന്നത് ആശാവഹമായ കാര്യമാണ്.

ഇവിടെ ഒരു കാലത്ത് നിലനിന്നിരുന്ന ജാതിപരമായ ഉച്ചനീചത്വവും അയിത്തവും ഇന്ന് ഇല്ലെന്നു തന്നെ പറയാം പട്ടികജാതിയിൽപ്പെട്ടവർ ഇന്ന് സമൂഹത്തിന്റെ മുഖ്യധാരയിൽ തന്നെയാണ്. വിവാഹം തുടങ്ങിയ ചടങ്ങുകളിൽ ജാതിഭേദം നോക്കാതെ ഇന്ന് എല്ലാവരും പങ്കെടുക്കുന്നു. പഴയതലമുറയിൽ പെട്ട ചുരുക്കം വ്യക്തികളേ ഇതിനൊരു അപവാദമാകുന്നുള്ളൂ.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പട്ടികജാതിയിൽ കാര്യമായ പുരോഗതി ദൃശ്യമാണ്. എസ്. എസ്.എൽ. സി.വരെയെങ്കിലും പഠിക്കാത്തവർ പുതിയ തലമുറയിലില്ലെന്നുതന്നെ പറയാം.

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ എസ്. സി. എസ്. ടി. വിദ്യാർത്ഥികളുടെയും
അവരിൽ ലംപ്സം ഗ്രാൻറ് ലഭിക്കുന്നവരുടെയും എണ്ണം

പട്ടിക 2

വിദ്യാലങ്ങളുടെ എണ്ണം	മൊത്തം വിദ്യാർത്ഥികൾ	എസ്. സി. എസ്. ടി			ലംസം ഗ്രാൻറ് ലഭിക്കുനവർ			
		B	G	T	B	G	T	%
15	8165	50	49	104	50	44	104	100%

പഴയ തലമുറയിൽപ്പെട്ടവർ പരമ്പരാഗത തൊഴിൽ ചെയ്യുന്നവരാണ്. പുതിയ തലമുറയിൽ പ്പെട്ടവർപരമ്പരാഗതമേഖലയെ പൂർണമായും ഒഴിവാക്കാതെ സ്ഥിരവരുമാനത്തിനായി മറ്റുമേഖലകളിൽ ജോലിനോക്കുന്നു. 085

പട്ടികവർഗ്ഗം

തൊഴിലന്വേഷിച്ച് ഉദ്ദേശം 25 വർഷങ്ങൾക്ക് മുൻപ് കണ്ണവം പ്രദേശത്തുനിന്നും ഇവിടെയെത്തിയ പണിയ വിഭാഗത്തിൽപ്പെട്ട ഏതാനും കുടുംബങ്ങളാണ്. പാനൂരിലെ പട്ടികവർഗം. കടത്തിണ്ണകളിലും പള്ളിമൈതാനത്തിലും അന്തിയുറങ്ങിയ ഇവർക്ക് 1983 ൽ മഞ്ചാം കുന്നിൽ താമസിക്കാൻ സ്ഥലം നൽകുകയുണ്ടായി. തുടർന്ന് വീടുകൾ പണിതുകൊടുക്കുകയും കൈവശഭൂമി പതിച്ചു നൽകുകയും ചെയ്തു.

ഇന്ന് പാനൂരിൽ ഈ വിഭാഗത്തിൽപ്പെട്ട 17 കുടുംബങ്ങളുണ്ട്. ആകാരത്തിലും സംസാരരീതിയിലുമുള്ള വ്യത്യാസവും വ്യതസ്തമായ ജീവിതരീതിയും കാരണം ഇന്നും ഇവർ സമൂഹത്തിൽ നിന്നും വേറിട്ടു നിൽക്കുന്നു.

മഞ്ചാം കുന്ന് കോളനിയിൽ ആകെയുള്ള 11 വീടുകളിൽ നാലെണ്ണം പട്ടികവർഗത്തിന്റെതാണ്. ഒമ്പതു വർഷം മാത്രം പഴക്കമുള്ള ഈ വീടുകളുടെ സ്ഥിതിപരമ ദയനീയമാണ്. നാലെണ്ണത്തിൽ ഒന്ന് പൂർണ്ണമായും മറ്റൊന്നു ഭാഗികമായും തകർന്നിരിക്കുന്നു. ഇവിടെ ഏഴ് കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ബാക്കിയുള്ള പത്തുകുടുംബങ്ങൾ പാലക്കൂലിലെ അവയാട് കുന്ന് കോളനിയിൽ താമസിക്കുന്നു. അവയാട് കുന്നിലെ പുറമ്പോക്ക് ഭൂമി 95 ലാണ് കോളനിക്കുവേണ്ടി അനുവദിച്ചത്. 96 ൽ നാല് സെൻറ് ഭൂമിവീതം പട്ടയം നൽകി പതിച്ചു നൽകുകയും ചെയ്തു. ഇവിടെയുള്ള വീടുകൾ താൽക്കാലിക ചെറ്റക്കുടിലുകളാണ്.

മഞ്ചാംകുന്ന് കോളനിയിലെ പട്ടികവർഗക്കാരുടെ വീടുകളുടെ അവസ്ഥ പരമദയനീയമാണ്. മൺകട്ടകൊണ്ടു പണിത ഇവയിൽ തകർന്നു വീഴാൻ ബാക്കിയുള്ള രണ്ടെണ്ണം കൂടിയുണ്ട്. നാല് വർഷം മുൻപ് ഇവ വൈദ്യുതീകരണത്തിനായി വയറിംഗ് നടത്തിയിരുന്നു. കോളനിയിൽ ഇനിയും വൈദ്യുതി എത്തിയില്ലെന്നു മാത്രമല്ല, അപ്പോഴേക്കും ബാക്കിയുള്ളതും കൂടി തകർന്നു വീഴാനും സാധ്യതയുണ്ട്.

കോളനി നിലവിൽ വന്ന് പതിനാല് വർഷമായെങ്കിലും കുടിവെള്ളം ലഭ്യമല്ലാത്ത ഇവിടെ കിണർ കുഴിക്കാൻ ഫണ്ട് അനുവദിച്ചത് ഈയടുത്തകാലത്താണ്. ബ്ലോക്ക് ഓഫീസ് മുഖാന്തിരം അനുവദിച്ച 92000 രൂപ, കിണർ കുഴിക്കാൻ മതിയാവില്ലെന്ന കാരണത്താൽ പണി ഏറ്റെടുക്കാൻ കരാറുകാർ തയ്യാറുകുന്നില്ല. 200 മീറ്ററോളം കുത്തനെയുള്ള കയറ്റം കയറിയാണ് കോളനി നിവാസികൾ കുടിക്കാനും മറ്റും ആവശ്യമായ വെള്ളം കൊണ്ടുവരുന്നത്. സ്വതവേ അലസരും ശുചിത്വബോധം കുറഞ്ഞവരുമായ പണിയർക്ക് വെള്ളം കിട്ടാത്ത ഈ കുന്നിൻമുകളിൽ വീടൊന്നിന് ഒരു കക്കൂസും നേരത്തെ തന്നെ പണിതു കൊടുത്തിരുന്നു.

അവയാട്കുന്ന് കോളനിയിലും ജലദൌർലഭ്യം രൂക്ഷമാണ്. ബ്ലോക്കിന്റെ പദ്ധതിപ്രകാരമുള്ള കിണറിന്റെ പണി തുടങ്ങിയെങ്കിലും മുടങ്ങിക്കിടക്കുന്നു. കോളനിയിലേക്കുള്ള റോഡിന്റെ പണിയും തുടങ്ങിയ സ്ഥലത്തു തന്നെ അവസാനിച്ചിരിക്കുന്നു.

വീട് മോടികൂട്ടുന്നതിനോ ശുചിയായി സൂക്ഷിക്കുന്നതിനോ ഇവർ അശേഷം തൽപരരല്ല. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഇവരിൽ കുറവാണ്.

തടിമില്ലിൽ മരം പിടിക്കുക, മരം മുറിക്കുക, ലോഡിംഗ് എന്നിങ്ങനെയുള്ള തൊഴിലിൽ പുരുഷൻമാർ ഏർപ്പെടുന്നു.സ്ത്രീകൾ പഴയ ഇരുമ്പും പ്ലാസ്റ്റിക്കും പെറുക്കി വിറ്റ് വരുമാനമുണ്ടാക്കുന്നു. പെൺകുട്ടികൾ സമ്പന്ന വീടുകളിൽ വേലക്കാരികളായി നില്ക്കുന്നു. മഴക്കാലത്ത് മിക്കവാറും ദിവസങ്ങളിൽ ഇവർ പട്ടിണിയായിരിക്കും. മറ്റുള്ള സമയങ്ങളിൽ തന്നെ എല്ലാ ദിവസവും ജോലി കിട്ടണമെന്നില്ല.

സമൂഹത്തിൽ ഒറ്റപ്പെട്ടുകിടക്കുന്ന ഇവർക്കിടയിൽനിന്നും രണ്ടു ആൺകുട്ടികൾ എസ്. എസ്. എൽ. സി. പരീക്ഷ രണ്ടാം ക്ലാസ്സോടെ ജയിച്ചിട്ടുണ്ട്. അതിൽ ഒരാൾ ഇപ്പോഴും പഠനം തുടരുന്നു. മുതിർന്നവർ എല്ലാവരും നിരക്ഷരരാണ്. കുട്ടികൾ ചെറിയ ക്ലാസ്സിൽ വെച്ചു തന്നെ പഠനം നിർത്തുന്നു. ഈയടുത്തകാലത്ത് ഇവരുടെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ ചില അധ്യാപകർക്ക് അതിയായ ശുഷ്കാന്തിയും താൽപര്യവുമുള്ളതിനാൽ കുറച്ച് കുട്ടികളെങ്കിലും മുടങ്ങാതെ സ്കൂളിൽ പോകുന്നുണ്ട്.

പഞ്ചായത്തിലെ ജനസംഖ്യയിലെ അതിനിന്യൂനപക്ഷമായ ഇവർ തദ്ദേശീയരല്ലെന്ന കാരണത്താലും അറിവില്ലാത്തവരാണെന്ന കാരണത്താലും അവഗണനയനുഭവിക്കുന്നു. കുടിവെള്ളം പോലുമില്ലാത്തിടത്ത് കക്കൂസ് പണിതും വൈദ്യുതി എത്തി നോക്കാത്തിടത്ത് വയറിംഗ് നടത്തിയുമുള്ള വികസന തന്ത്രം ഇവരെ ഉദ്ധരിക്കുമോ എന്ന കാര്യം സംശയമാണ്.

ജെ. ആർ. വൈ പദ്ധതി പ്രകാരം 89-90 സാമ്പത്തികവർഷം മുതൽ
എസ്. സി. എസ്. ടി. വിഭാഗത്തിന് അനുവദിച്ച പദ്ധതിയുടെ വിവരങ്ങൾ

056

വർഷം	പദ്ധതി	എണ്ണം	എസ്റ്റിമേറ്റ്	ചെലവ്
89-90	ഭവനനിർമാണം	4	4x9000	36000
	മഞ്ചാംകുന്ന് കോളനി റോഡ്	1	85000	84578
90-91	ഭവന നിർമാണം	2	2x9800	19600
91-92	കിണർ	1	9000	9100
	ഭവനനിർമാണം	1	980	9800
92-93				
93-94	ലക്ഷം വീട് വയറിംഗ്	15	15x450	6750
	ഭൂ വികസനം	16	16x250	4000
	കിണർ	1	10000	10000
	കക്കൂസ്	2	2x1200	2400
94-95	കക്കൂസ്	6	5\6x1200	7200
95-96	കക്കൂസ്	8	8x2000	16000
	കിണർ	1	10000	10000
	ആക ചിലവ്			205428

പ്രശ്നങ്ങൾ

1. മഞ്ചാംകുന്ന് കോളനിയിലെ തകർന്നുകിടക്കുന്ന വീടുകൾ
2. കോളനികളിൽ കുടിവെള്ളത്തിന്റെ ദൌർബല്യം
3. പദ്ധതികൾ പൂർത്തീകരിക്കാതെ കിടക്കുന്ന അവസ്ഥ
4. സ്കൂളിൽ പോകാൻ മടിക്കുന്ന കുഞ്ഞുങ്ങൾ
5. ശുചിത്വബോധത്തിന്റെ അഭാവം
6. പട്ടിക വർഗക്കാർക്കിടയിലെ ദാരിദ്ര്യം
7. പട്ടിക വർഗക്കാർക്കിടയിലെ നിരക്ഷരത
8. പട്ടിക വർഗക്കാർക്കിടയിലെ മദ്യപാനം
9. അവയാട് കുന്നിലെ ചെറ്റക്കുടിലുകൾ
10. കോളനിയുടെ പൊതുവായ ശോചനീയാവസ്ഥ

സാധ്യതകൾ

1. മഞ്ചാം കുന്ന് കോളനിയിലും അവയാട് കുന്ന് കോളനിയിലും പട്ടികവർഗത്തിൽ പെട്ടവർക്ക് സുരക്ഷിതമായ വീട് നിർമ്മിക്കുക.
2. പട്ടികവർഗക്കാർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക
3. കോളനിയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക
മദ്യപാനത്തിനെതിരെയും വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെ കുറിച്ചും ബോധവൽക്കരിക്കുക
4. മഞ്ചാം കുന്നിലെയും അവയാട് കുന്നിലെയും കിണർ പെട്ടെന്നു നിർമിക്കുക.
5. പട്ടികവർഗക്കാർക്കിടയിൽ ആരോഗ്യവിദ്യാഭ്യാസം നടത്തുക. പരിസര ശുചിത്വത്തെകുറിച്ചും വ്യക്തി ശുചിത്വത്തെകുറിച്ചും ബോധവാൻമാരാക്കുക.

ഗതാഗതം

ഗതാഗതം

പുരോഗതി നിർണ്ണയിക്കുമ്പോൾ ഗതാഗത സൗകര്യങ്ങൾക്കുള്ള സ്ഥാനം ഇന്നും മുന്നിൽ തന്നെ നിൽക്കുന്നു. പാനൂർ ഗ്രാമ പഞ്ചായത്തിനെ സംബന്ധിച്ച് ഗതാഗത സൗകര്യത്തിന് റോഡ് മാർഗ്ഗം മാത്രമെയുള്ളൂ. ഇന്ത്യ സ്വതന്ത്രയാവുന്നതിന് വളരെമുമ്പ് 1920 കാലഘട്ടത്തിൽ പോലും പാനൂരിൽ നിന്ന് കൂത്തുപറമ്പിലേക്കും, തലശ്ശേരിയിലേക്കും മറ്റും ഗതാഗത യോഗ്യമായ റോഡുകൾ ഉണ്ടായിരുന്നു. പാനൂരിൽ കൂടി വടകരയിലേക്ക്, കിഴക്കൻ ഭാഗങ്ങളിൽ നിന്ന് തലശ്ശേരിയിലേക്കും കൂത്തുപറമ്പിലേക്കുമായി വാഹനങ്ങൾ ധാരാളമായി ഓടിയിരുന്നു. പാനൂരിൽ നിന്ന് 1929 ൽ കൂത്തുപറമ്പിലേക്ക് ആദ്യമായി ഓടിയ ബസ്സാണ് എ. പി. മോട്ടോർസ്. പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിൽ സഞ്ചാരത്തിനും, ചരക്ക് കൊണ്ടു കൊണ്ടുപോവുന്നതിനും കാളവണ്ടികളാണ് ഉപയോഗിച്ചത്. പാലത്തായി, എലാങ്കോട്, പാലക്കൂൽ പ്രദേശത്തുള്ളവരെല്ലാം ഈ നിലയിലാണ് യാത്ര ചെയ്തത്. നാണ്യവിളകളുടെ വില്പന കേന്ദ്രം തലശ്ശേരി ആയത് കൊണ്ട് തലച്ചുമടായും കാവുകെട്ടിയും പത്തിരുപത് കിലോമീറ്റർ നടന്നാണ് ആളുകൾ പോയത്. പാനൂരും, അതിന്റെ കിഴക്കൻ മേഖലകളിൽ നിന്നും നേരം പുലരും മുമ്പെ കൊതുമ്പിൻ ചൂട്ടും കയ്യിലേന്തി, ചുമലിൽ കാവേന്തിയ ആണുങ്ങളും, തലയിൽ ചൂടിമാലിൽ കെട്ടെടുത്ത പെണ്ണുങ്ങളും കൂട്ടമായി പാനൂർ വഴി വടകരയിലേക്ക് കൊപ്രവിൽക്കുവാൻ നടന്നുപോയ കഥ വളരെ ആവേശത്തോടെ സംസാരിക്കുന്ന ധാരാളം സ്ത്രീകളും കാരണവൻമാരും നമ്മുടെ നാട്ടിലുണ്ട്.

ക്രമേണ ക്രമേണ ചിത്രം മാറി വരികയായിരുന്നു. പെരിങ്ങളം മണ്ഡലത്തിന്റെ സിരാകേന്ദ്രമായ പാനൂർ വലിയ മാറ്റങ്ങൾക്ക് വിധേയമായി. ഇന്നത്തെ 7 പഞ്ചായത്തുകൾ ഉൾപ്പെടുന്നതായിരുന്നു അന്ന് പഞ്ചായത്ത്. പഞ്ചായത്ത് കോടതി ഇവിടെയുണ്ടായിരുന്നു. വളരെ ദൂരെ നിന്ന് വക്കീലുമാരും, മറ്റും പാനൂരിൽ വരുമായിരുന്നു. കേരളത്തെപ്പറ്റി'' എന്ന തന്റെ പുസ്തകത്തിൽ ഡോ. ഹെർമൻ ഗുണ്ടർട്ട് പാനൂരിനെപ്പറ്റി സൂചിപ്പിക്കുന്നിടത്ത് ഒരു മുൻസീഫ് കോടതി ഇവിടെ പ്രവർത്തിച്ചിരുന്നുവെന്ന് എഴുതിയിട്ടുണ്ട്. ഗതാഗതസൗകര്യങ്ങൾ മെച്ചപ്പെട്ടു വരുവാൻഇതെല്ലാ ഇടയാക്കിയിട്ടുണ്ട്. ഇന്ന് മറ്റാർക്കും അവകാശപ്പെടാൻ കഴിയാത്ത നിലയിൽ സമാന്തരമായിട്ടുള്ള റോഡുകളുടെ ഒരു ശൃംഖല തന്നെ നമുക്കുണ്ട്. റോഡിന്റെ കാര്യത്തിൽ എല്ലാം പൂർണ്ണമായി എന്നത് ഇതിനർത്ഥമില്ല.

ഈ ഗ്രാമപഞ്ചായത്തിൽ ആകെ 34.464 കി. മീറ്റർ റോഡാണുള്ളത്. (റോഡിന്റെ പട്ടിക ചേർത്തിട്ടുണ്ട്) അതിൽ സ്റ്റേറ്റ് ഹൈവേയും, പി. ഡബ്ല്യു. ഡി. റോഡും, പഞ്ചായത്തിലെ ടാറിട്ട റോഡും മെറ്റൽ ചെയ്ത റോഡും, സോളിംഗ് ചെയ്ത റോഡും മൺ റോഡുകളുമുണ്ട്.

സ്റ്റേറ്റ് ഹൈവെ


പഞ്ചായത്ത് അതിർത്തിയായ എരഞ്ഞികുളങ്ങര മുതൽ ഗുരുസന്നിധിവരെയുള്ള 1.5 കി. മീറ്റർ മേലൂർ ഡിസ്ട്രിക്ട് റോഡ് 1995 ലാണ് സ്റ്റേറ്റ് ഹൈവെയായി ഉയർത്തിയത്. അതുകൊണ്ട് തന്നെ ഹൈവെയുടെ നിലവാരത്തിൽ ഈ റോഡ് ഉയർന്നിട്ടില്ല. ഹൈവെക്ക് ആവശ്യമായ വീതി കൂട്ടേണ്ടിയിരിക്കുന്നു. ടാർവീതിയും ആനുപാതികമായി കൂട്ടണം. പാനൂർ ടൗണിൽ വീതികുറവായ ഭാഗങ്ങളുണ്ട്. റോഡ് സൈഡുകൾ കെട്ടി സംരക്ഷിക്കുന്ന നിലയും, കാൽനടയാത്രക്കർക്കായി ഫുട്പാത്ത് സിസ്റ്റം ഏർപ്പെടുത്തുകയും വേണം. പാനൂർ ടൗണിൽ ഒരു ഗതാഗത കുരുക്ക് വന്നാൽ നിലച്ചുപോവുന്ന വാഹനങ്ങളുടെ നിര നീണ്ടതുമായിരിക്കും. ടൗണിൽ ഒട്ടോ- ടാക്സി- കാർ, ജീപ്പ്, ടെമ്പോ എന്നിവയ്ക്ക് സ്ഥിരം പാർക്കിംഗ് സൗകര്യങ്ങളുമില്ല. അതുകൊണ്ട് ഗതാഗതക്കുരുക്ക് ഒഴിവാക്കാനും മറ്റു സൗകര്യങ്ങൾ മുൻനിർത്തിയും വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. ഈ റോഡിന്റെ സംരക്ഷണം P.W.D.ക്കാണ്. ടൗണിലെ ചില ഭാഗങ്ങളിമൽ ഓടകളിൽ നിന്ന് നിറഞ്ഞ് കവിയുന്ന വെള്ളം റോഡിൽ കെട്ടി നിൽക്കുന്ന അവസ്ഥയുണ്ട്. മഴക്കാലത്ത് അതിരൂക്ഷമായ പ്രശ്നമായി ഇത് മാറുകയാണ്.

പഞ്ചായത്തിലുള്ള മൊത്തം റോഡുകളുടെ നീളം 34.464 കി. മീ. ആണ്. സ്റ്റേറ്റ് ഹൈവേ യുടെ ഭാഗമായ റോഡിന്റെ നീളം 1.5 കി. മീയും പി. ഡബ്ല്യൂ . ഡി. റോഡുകൾ (നീളം 18 കി. മീ.) ഉൾപ്പെടുന്ന മൊത്തം പഞ്ചായത്തു റോഡുകളുടെ നീളം 220964

088

സ്ഥിതിവിവരം താഴെ കൊടുക്കുന്നു.

ക്രമനമ്പർ	ഉടമസ്ഥത	എണ്ണം	ടാർ ചെയ്യാത്തവ നീളം	ചെയ്തവ നീളം	ആകെ നീളം
1	SH	1	ഇല്ല	1.5 കി.മി.	1.5 കി.മീ.
2	PWD	3	ഇല്ല	10 കി.മീ	10 കി. മി.
3	പഞ്ചായത്ത്	28	20.464 കി.മി.	2.5 കി.മീ.	22.964 കി. മി.



പാനൂർ പ്രദേശത്തുനിന്നും തലശ്ശേരിയിലേക്ക് സർവ്വീസ് നടത്തിയ ആദ്യ ബസ്

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളുടെ സ്ഥിതിവിവരപ്പട്ടിക

ക്രമ നമ്പർ	വാർഡ്	റോഡുകളുടെ പേര്	നീളം	വീതി	യാത്രാസൗകര്യം
1		എലാങ്കോട് -പെരിങ്ങളം	0.725കിമീ.	8 മീ	
2		അപ്രോച്ച് റോഡ് പാനൂർ ബസ് സ്റ്റാൻഡ്	0.100 കി. മീ.	8 മീ	
3		വില്ലേജ് ഓഫീസ്-ബസ് സ്റ്റാൻഡ്	1 കി.മീ.	6 മീ	
4		ബസ്സ്സ്റ്റാൻഡ്- ഹൗസ് റോഡ്	0.700 കി.മി.	6 മീ	
5		കഞ്ഞാവള്ളി വയൽ റോഡ്	2.525 കി. മീ.	6	
6		പാലക്കൂൽ -കല്ലുമ്മൽ റോഡ്	700 മീ.	1	

പഞ്ചായത്തിൽ ചെങ്കുട്ട നിരത്തിയ റോഡുകളുടെ സ്ഥിതിവിവര പട്ടിക

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	VI	പുതിയോണ്ടും കണ്ടിപീടിക- മൊകേരി പഞ്ചായത്ത് ലിമിറ്റ് റോഡ്	1.609 കി.മീ.	5.5 മീ
2		പാനൂർ കൊട്ടാരം റോഡ്	0.750 കി. മീ.	4 മീ
3	IV	കളരിയുള്ളതിൽ- തട്ടിൽ റോഡ്	0.660 കി. മി.	4 മീ
4	V	പാലത്തായി മഠം- വണ്ണത്താൻ വീട് വയൽ	0.632 കി. മീ.	4 മീ
5		പാലത്തായി അരയാൽ കല്ലൻ കുന്ന് റോഡ്	1 കി. മീ.	4 മീ
6		എലാങ്കോട് മഠപ്പുര- കൊല്ലക്കൽ പാലം	2.5 കി.മീ.	6 മീ.
7	I	പത്മടാക്കീസ്- മൊകേരി വയൽ റോഡ്	1 കി.മി.	4 മീ
8		നാരാങ്ങത്തപ്പറമ്പ- ചെറുവത്ത് പറമ്പത്ത് റോഡ്	0.5 കി. മീ.	4 മീ
9		എലാങ്കോട് - പുല്ലൂക്കര റോഡ്	0. 867 കി. മീ.	4 മീ
10		ജ്ഞ്യാനോദയ വായനശാല- കണ്ണങ്കോട് റോഡ്	0.7 കി.മീ.	4 മീ

ചെമ്മൺ റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡിന്റെ പേര്	നീളം	വീതി
1	I	പാനൂർ മൈതാനം- പള്ളിതാഴെ ഫുട്ട് പാത്ത്	201 മീ.	2മീ
2		എലാങ്കോട്-കൂറ്റേരി റോഡ്	675. മീ	4 മീ
3		കെ. പി. ആർ. കണ്ണംവെള്ളി വയൽ റോഡ്	1250 മീ.	4 മീ
4		ചീളുപറമ്പ് - പന്ന്യന്നൂർ വയൽ റോഡ്	500 മീ	4 മീ
5		എലാങ്കോട് വെള്ളൊലിപ്പൻ ചാലിയറോഡ്	1500 മീ.	4 മീ
6		മഹാത്മാ ഗാന്ധി റോഡ്	875 മീ	6 മീ.
7		എലാങ്കോട് മഠപ്പുര- കൂറ്റേരി റോഡ്	253 മീ.	4 മീ
8		പാലത്തായി ലക്ഷം വീട് - കണ്ണാങ്കാട് റോഡ്	500 മീ.	4 മീ
9		ചെറുവാൽതാഴ-പാലത്തായി യു. പി.	510 മീ.	4 മീ
10		കെ.പി. ആർ. പന്ന്യന്നൂർ ലിങ്ക് റോഡ്	1 കി. മീ.	4 മീ
11		കളരിയുള്ളതിൽ മുക്ക്- തടവൻ കണ്ണൻ പീടിക റോഡ്	750 മീ.	4മീ.
12		പാലത്തായി റേഷൻ പീടിക-കൊല്ലൻകണ്ടി താഴെ റോഡ്	1 കി. മീ.	4 മീ.
13		കൂറ്റേരി മദ്രസ- കൂറ്റേരി ക്കാവ്റോഡ്	600 മീ.	3മീ.

പഞ്ചായത്തിലുള്ള മൊത്തം റോഡുകളുടെ നീളം 36.464 കി. മീ.ആണ്. സ്റ്റേറ്റ് ഹൈവെയുടെ ഭാഗമായ റോഡിന്റെ നീളം 1.5 കി. മീയും ഉൾപ്പെടുന്ന മൊത്തം റോഡുകളുടെ നീളം സ്ഥിതി വിവരം താഴെ കൊടുക്കുന്നു.

പുതുതായി നിർമ്മിക്കേണ്ടവ

1. മോരൻറവിട റോഡ്- മൊകേരിയുമായി ബന്ധിപ്പിക്കുക
2. കാളാച്ചേരി റോഡ്- മൊകേരിയുമായി ബന്ധിപ്പിക്കുക
3. അയ്യപ്പ ക്ഷേത്രം കനാൽ വരെറോഡ് നിർമ്മിക്കുക
4. പഴയ മൃഗാശുപത്രിയുടെ അടുത്തുള്ള തോട്ട് വരമ്പിലൂടെ തെക്ക് ഭാഗത്തുള്ള കട്ട് റോഡിലേക്ക്-തോട്ടുവരമ്പിലൂടെ ഒരു ചെറിയ റോഡ്
5. ബൈ-പാസ് റോഡിൽ-മാടോള്ളതിൽ താഴെ കുനിയിൽ മുൻവശത്തെ ഇടവഴിയിൽ നടപ്പാത നിർമ്മിക്കുക.
6. മുല്ലേരിക്കണ്ടി താഴെ- പുത്തൻ വീട് റോഡ്- സ്വാമിമം ലക്ഷംവീട് റോഡുമായി ബന്ധിപ്പിക്കുക.
7. ലക്ഷം വീട്- മനയത്ത് റോഡ്
8. പുല്ലമ്പിൻറവിട മുതൽ ചാലിൽ മുക്ക് വരെ (ചിറയിൽ ഭാഗം അംഗനവാടി)
9. പാലക്കൂൽ മരമിൽ മുതൽ- അവിയാട് ലക്ഷം വീട് വരെ
10. അക്കാനിശ്ശേരി കുണ്ടൻചാലിൽ വഴി ചിറയിൽ ഭാഗം അംഗനവാടിക്ക് അടുത്തുകൂടെ കടന്ന്പോകുന്ന റോഡ്-ഗതാഗതയോഗ്യമാക്കുക.
11. കളരിമുക്ക്- കണ്ണന്റെ പീടിക. റോഡിന്റെ മധ്യഭാഗത്തു നിന്ന് സ്വാമിമൊട്ട വരെ കുറച്ച് ഭാഗം ബാക്കി. നിർമിക്കുക.
12. ഏലാങ്കോട് - പുഞ്ചവയൽ റോഡ്, വികസിപ്പിക്കുക.
13. പാലത്തായി റേഷൻപീടിക- പുഞ്ചവയൽ റോഡ്
14. ഏലാങ്കോട് മഠം റോഡ് - (പഞ്ചായത്ത് ഏറ്റെടുക്കണം)
15. പിലാവുള്ള ബാലന്റെ വീടിന്റെ മുൻപിൽകൂടി- നെല്ലേരി താഴെ പഴിപുത്തൂർ റോഡുമായി ബന്ധിപ്പിക്കുക.
16. വലിയാണ്ടിമുക്ക് അണിയേരിതാഴ
17. മനയത്ത് പീടിക സബ്സെൻറർ റോഡ്
18.പറമ്പത്ത് മുക്ക് ഇടിയാപ്രത്ത് മുക്ക് റോഡ്
19. രാവിൻറവിട മുക്ക് (4ാം വാർഡ്) പി. സി. രാഘവൻ മാസ്റ്റർ വീട് കസ്റ്റംസ് റോഡുമായി ബന്ധിപ്പിക്കുക.
20. പാനൂർ വെസ്റ്റ് യു. പി. സ്കൂൾ തെക്കെപാനൂർ ബൈപാസ് റോഡ്
21. ചിറയിൽ ഭാഗം തെറ്റുമ്മൽ താഴെ റോഡ്
22. ചിറയിൻ ഭാഗം റോഡിൽ നിന്നും പടിഞ്ഞാറ് ഭാഗം പാനൂർ കൂത്തുപറമ്പ് റോഡ്
23. കോളിയിൽമുക്ക് ഏലാങ്കോട് എൽ. പി. സ്കൂൾ
24. ശ്രീനാരായണ മഠംകല്ല്കൊത്ത് പറമ്പ് മുക്കം
25. പൂലേരി ചാലിൽ കുനേിയോ താഴെ റോഡ്
26. ചേന്നോളിൽ മുക്ക് മഠപ്പുര
27. പാലത്തായി യു. പി.

ടാർ ചെയ്യേണ്ട റോഡ്

1. പത്മടാക്കീസ്- കാളാച്ചേരി റോഡ്
2. പഞ്ചായത്ത് - ലക്ഷം വീട് - മോരൻറവിട റോഡ്
3. കോർട്ടേർസ് റോഡ്- ഈസ്റ്റ് പാനൂർ റോഡ്
4. ഓയിൽ മിൽ- പന്ന്യന്നൂർ റോഡ്
5. ഓയിൽ മിൽ- വെസ്റ്റ് യു. പി. റോഡ്
6. പി. കെ. മുക്ക്- മൊയ്തു ഡോക്ടർ റോഡ്
7. ബസ്സ് സ്റ്റാൻഡ്- കണ്ണംവള്ളി റോഡ് ബാക്കിഭാഗം
8. ഡോക്ടർ മുക്ക്- ലക്ഷം വീട് റോഡ്
9. കൊല്ലക്കൽ പാലം- മഠപ്പുര റോഡ്
10. അരയാൽത്തറ- ലക്ഷം വീട് റോഡ്
11. പാലത്തായി ലക്ഷം വീട് -കണ്ണങ്കോട് റോഡ്
12. പാലത്തായി യു. പി. സ്കൂൾ-കണ്ണങ്കോട് റോഡ്

13. കൂറ്റേരികാവ്- മദ്രസ റോഡ്
14. പാലക്കൂൽ മഠം- കുന്നോത്ത് പറമ്പ്(വടക്കെ എലാങ്കോട്) റോഡ്
15. ചിറയിൽ ഭാഗം- മദ്രസ റോഡ്-ബാക്കി ഭാഗം-ടാർചെയ്യുക
16. മഠപ്പുര-വടക്ക് ഭാഗത്തെ റോഡ്
17. സെൻട്രൽ എലാങ്കോട്- പാലക്കൂൽറോഡ് ബാക്കി ഭാഗം
18. കളരി മുക്ക്-കണ്ണന്റെറ പീടിക- റോഡ്
19. മഹാത്മാഗാന്ധി റോഡ്
20. അരയാൽത്തറ- പുഞ്ചവയൽ റോഡ് ബാക്കി ഭാഗം
21. എലാങ്കോട് - വെള്ളൊലിപ്പാൻ ചാൽ റോഡ്
22. പുത്തൂർ മഠപ്പുര- കൊല്ലക്കൽ പാലം റോഡ്
23. പുത്തൂർ മഠപ്പുര കൊല്ലക്കൽ പാലം റോഡ്
24. സെൻടർൽ എലാങ്കോട്, പുലൂക്കര റോഡ്
25. നാരാണത്ത് പറമ്പ് ചെറുവത്ത് പറമ്പ് റോഡ്
26. ചേനോളിയിൽ മുക്ക് പാലത്തായി മഠപ്പുര റോഡ്
27. കളരിമുക്ക് തട്ടിൽ റോഡ്
28. തടവൻ കണ്ണൻ മഠം കൂറ്റേരി റോഡ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ മിക്ക വാർഡുകളിലും വേണ്ടത്ര റോഡ് സൌകര്യമില്ല.
2. നിലവിലുള്ള റോഡുകളിൽ ചിലറോഡുകളുടെ നിലവാരം വളരെ മോശമാണ്.
3. പാനൂർ ടൌൺ ഒഴികെ, മറ്റൊരു പ്രദേശത്തും റോഡുകളിൽ ഓടകൾ ഇല്ല. ഇത് റോഡുകളുടെ പെട്ടെന്നുള്ള നാശത്തിന് കാരണമാകുന്നു.
4. പാനൂർ പഞ്ചായത്തിൽ ആകെ രണ്ട് ബസ്സ് ഷെൽട്ടറുകൾ മാത്രമേയുള്ളൂ.
മഴക്കാലത്ത് കയറി നില്കാൻ ബസ്സ്റ്റോപ്പുകളിൽ ഷെൽട്ടറുകൾ ഇല്ല
5. വർഷത്തിൽ ഒരിക്കൽപോലും റിപ്പയർ വർക്ക് നടക്കാത്തതും റോഡിന്റെറ വീതി കുറഞ്ഞതും അപകടങ്ങൾക്ക് കാരണമാവുന്നു.
6. റോഡുകളുടെ അമിതമായ വളവ് തിരിവുകൾ അപകടങ്ങൾ കാരണമാവുകയും ഒപ്പം വാഹന ഗതാഗതത്തെ ബാധിക്കുകയും ചെയ്യുന്നു.
7. റോഡുകളിൽ സ്ഥിരമായി സാധനങ്ങൾ ഇറക്കി സൂക്ഷിക്കുന്നത് ഒഴിവാക്കണം

സാധ്യതകൾ

1. മുൻഗണനാ ക്രമത്തിൽ ജനപങ്കാളിത്തത്തോടെ പുതിയ റോഡുകൾ നിർമിക്കൽ
2. റോഡ് സംരക്ഷണത്തിന്- ജനകീയ സമിതി
3. നീർകെട്ട് ഒഴിവാക്കാൻ ആവശ്യമുള്ളിടത്ത് കൾവർട്ടുകൾ നിർമിക്കുക
4. പ്രധാന റോഡുകൾ ടാർചെയ്യാൻ പദ്ധതി
5. എല്ലാവർഷവും റോഡ് റിപ്പേർ പ്രവൃത്തി നടത്തണം
6. പഴശ്ശി കനാൽ റോഡുകൾ സോളിങ്ങും താറിങ്ങും നടത്തി ഉപയോഗപ്രദമാക്കുക.

092 ഊർജ്ജം

ഏതൊരു പ്രദേശത്തിന്റെയും സമഗ്രപുരോഗതിക്കും അത്യന്താപേക്ഷിതമാണല്ലോ വൈദ്യുതി. വിളക്കുകാലിൽ നിന്ന് വൈദ്യുതിയിലേക്കുള്ള പ്രയാണം മനുഷ്യവളർച്ചയുടെ സുപ്രധാന ഘട്ടത്തെയാണ് കുറിക്കുന്നത്. വൈദ്യുതിയെ കൂടാതെ വിറക്, മണ്ണെണ്ണ, പാചകവാതകം, എണ്ണയുല്പന്നങ്ങൾ തുടങ്ങിയവയെല്ലാം ഊർജ്ജ സ്രോതസ്സുകളുടെ പരിധിയിൽ വരുന്നു. ഗാർഹിക വ്യാപാര - വ്യാവസായിക രംഗങ്ങളിൽ നമ്മുടെ ഉപഭോഗത്തിനനുസൃതമായി വൈദ്യുതിയടക്കമുള്ള ഊർജ്ജം ലഭിക്കാതിരിക്കുന്ന അവസ്ഥ നമ്മെ സംബന്ധിച്ചിടത്തോളം രൂക്ഷമായ പ്രതിസന്ധിതന്നെയാണ്. ഈ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ സമീപനത്തിൽ നാം അമിത ശ്രദ്ധ നൽകേണ്ടതാണ്. പാനൂർ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് 110 കെ. വി. സബ് സ്റ്റേഷൻ പാനൂരിൽ നിന്നും 110 കെ. വി. സബ് സ്റ്റേഷൻ തലശ്ശേരിയിൽ നിന്നുമാണ്. പാനൂർ പഞ്ചായത്തിൽ 13 ട്രാൻസ്ഫോമറുകൾ ആണ് നിലവിലുള്ളത്. സ്ട്രീറ്റ് ലൈറ്റായി 40 വാട്സിന്റെ 130 ബൾബുകളും 100 വാട്സിന്റെ 16 ബൾബുകളും 10 ട്യൂബും 22 സോഡിയം വേപ്പർ ലാമ്പും പഞ്ചായത്തിൽ ഇന്നു നിലവിലുണ്ട്. സ്ട്രീറ്റ് ലൈറ്റിനുവേണ്ടി നമ്മുടെ പഞ്ചായത്ത് പ്രതിമാസം 3305 രൂപ ചെലവാക്കുന്നുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു.

പാനൂർ പഞ്ചായത്തിൽ 3934 വൈദ്യുതി ഉപഭോക്താക്കളാണ് ഇന്നുള്ളത്. ഇതിൽ 3275 പേർ ഗാർഹികാവശ്യത്തിനുവേണ്ടിയാണ് വൈദ്യുതി ഉപയോഗിക്കുന്നത്. ഇതിലെ 35 വീടുകൾ കുടിൽ ജ്യോതി പ്രകാരം വൈദ്യുതീകരിച്ചതാണ്. 560 പേർ വ്യാപാരാവശ്യത്തിനും 24 പേർ വ്യവസായത്തിനും 75 പേർ കാർഷികാവശ്യങ്ങൾക്ക് വേണ്ടിയുമാണ് വൈദ്യുതി ഉപയോഗപ്പെടുത്തുന്നത്.

വൈദ്യുതി ഉപഭോക്താക്കളുടെ ശതമാനനിരക്ക് ചുവടെ ചേർക്കുന്നു.

പട്ടിക-1

1. ഗാർഹികം	83%
2. വ്യാപാരം	14%
3. വ്യവസായം	0.6%
4.കാർഷികം	1.9%

നമ്മുടെ പഞ്ചായത്തിൽ മുൻവർഷം 41 പുതിയ കണക്ഷൻ നൽകിയതിൽ 11 ഓർഡിനറിയും ഒരു ഒ. പി. ടി.യും 29 ഒ. വൈ. ഇ. സി.യുമാണ്. കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ കണക്കുകൾ പട്ടിക 2ൽ കൊടുക്കുന്നു.

പട്ടിക 2

ഇനം	എണ്ണം
ഓർഡിനറി	286
OPT	4
OYEC	41
ആകെ	331

ഈ കണക്കുകൾ സൂചിപ്പിക്കുന്നത് 331 അപേക്ഷകൾ വൈദ്യുതി കണക്ഷനുവേണ്ടി കാത്തുനിൽക്കുന്നവെന്നതാണ്. ഇത് പ്രാധാന്യത്തോട് കൂടി പരിഹരിക്കപ്പെടേണ്ടതു തന്നെ.

പാനൂർ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിൽ തന്നെയും ചില വീടുകൾ ഇന്നും മണ്ണെണ്ണ വിളക്കുകളെ ആശ്രയിക്കുന്നത് കാണാം. വെളിച്ചത്തിനുള്ള പ്രധാന ഊർജ്ജസ്രോതസ്സ് വൈദ്യുതിതന്നെയാണ് എങ്കിലും റേഷൻ കടകളിലെ സ്ഥിതിവിവരക്കണക്കുകൾ മണ്ണെണ്ണയുടെ വർധിച്ച ഉപയോഗത്തെ സൂചിപ്പിക്കുന്നു. പട്ടിക 3 ശ്രദ്ധിക്കുക.

മണ്ണെണ്ണ പെർമിറ്റുകൾ

പട്ടിക- 3

റേഷൻ കടയുടെ പേര്	പെർമിറ്റുകളുടെ എണ്ണം	പെർമിറ്റ്വഴി വിതരണം ചെയ്തത് (ലിറ്ററിൽ)	കാർഡുവഴി വിതരണം ചെയ്തത് (ലിറ്ററിൽ)
1. എ. ആർ. ഡി. 248 പാലത്തായി	9	669	15580
2. . എ. ആർ. ഡി. 262 വി. പി. ബാലൻ	51	6768	12528
3. എ. ആർ. ഡി 264 കുഞ്ഞിക്കണ്ണൻ	45	475	16800
4.എ. ആർ. ഡി 261 പാലക്കൂൽ	12	1450	10000
5. എ. ആർ. ഡി 263 പാനൂർ	56	5480	114600
ആകെ	173	14842 ലിറ്റർ	69508 ലിറ്റർ

ഇതിൽ നിന്നും മണ്ണെണ്ണയുടെ മൊത്തം ഉപയോഗത്തെക്കുറിച്ച് നമുക്ക് ഏറെക്കുറെ വ്യക്തമായ ധാരണ ലഭിക്കുന്നു. ഭക്ഷണം പാകം ചെയ്യാൻ മണ്ണെണ്ണയുടെ സൗകര്യം ഉപയോഗപ്പെടുത്തുന്നവരും കുറവില്ല. എന്നാൽ സാധാരണയായി വിറകോ പാചകവാതകമോ ആണ് ഉപയോഗിക്കുക പതിവ്. പ്രധാനപ്പെട്ട ഊർജ്ജം. പ്രശ്നം വിറകിന്റെ ദൗർലഭ്യമാണ് 90% വീടുകളിലും ഭക്ഷണം പാകം ചെയ്യാൻ വിറകിനെയാണ് ആശ്രയിക്കുന്നത്. വിറകടുപ്പുകളിൽ 95% ഇന്ധനക്ഷമത കുറഞ്ഞവയാണ്പുകകൊണ്ടും ചൂടുകൊണ്ടും പറഞ്ഞറിയിക്കാനാവാത്ത വിഷമതകൾ വീട്ടമ്മമാർ അനുഭവിക്കുന്നുണ്ട്. ഊർജ്ജരംഗത്ത് മുന്നേറ്റമുണ്ടാക്കാൻ ഇന്ധനക്ഷമത കൂടിയ വിറകടുപ്പുകൾ സ്ഥാപിക്കേണ്ടതുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ പാചകവാതക വിതരണത്തിന് അംഗീകൃത വിതരണ ഏജൻസി ഇല്ലെന്നത് ശ്രദ്ധേയമായ ഒരു വസ്തുതയാണ്. ഇന്ന് ഈ രംഗത്ത് രണ്ടു സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. 28 വീടുകളിൽ മാത്രമേ ഇത് ഉപയോഗപ്പെടുത്തുന്നുള്ളൂ. പാചകവാതകത്തിന് ആവശ്യക്കാർ ഏറെ ഉണ്ടെങ്കിൽ തന്നെയും ഗവൺമെൻറ് ഏജൻസികൾ ഇല്ലാത്തതാണ് ഇതിനു പ്രധാന കാരണം.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഊർജ്ജ പ്രതിസന്ധിയെക്കുറിച്ചും അവയുടെ പരിഹാരത്തിനായും ഒട്ടനവധി നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. (സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന പല വീടുകളിലും സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമർ ഉപയോഗിക്കുന്നുണ്ട്. ഈത് സാധാരണ ഉപഭോക്താക്കൾക്ക് പ്രയാസം ഉണ്ടാക്കാറുണ്ട്. വീടുകളിൽ വൈദ്യുതി രംഗത്ത് എന്തെങ്കിലും ആൾട്ടറേഷൻ വരുത്തുമ്പോൾ ബോർഡിനെ അറിയിക്കാത്ത സ്ഥിതിയാണിന്നുള്ളത്. രണ്ട് മാസത്തിലൊരിക്കൽ മീറ്റർ പരിശോധിച്ച് ബിൽ നിർണ്ണയിക്കുന്ന സ്പോട്ട് ബില്ലിംഗ് സിസ്റ്റമാണിവിടെയുള്ളത്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലുമായി വൈദ്യുതി ഇനിയും എത്താത്ത സ്ഥലങ്ങളുണ്ട്.
2. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈറ്റിന്റെ കുറവുണ്ട്.
3. ലൈനുകളിൽ ഓവർ ലോഡ് നിമിത്തം വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
4. ട്രാൻസ്ഫോമറുകളുടെ അഭാവം വൈദ്യുതരംഗത്ത് പ്രശ്നം സൃഷ്ടിക്കുന്നു.
5. വൈദ്യുതിയുടെ പ്രസരണ- പ്രേഷണ നഷ്ടം വളരെയധികമാണ്.
6. 50% വീടുകളിലും സ്റ്റെപ്പ് -അപ്പ് ട്രാൻസ്ഫോർമർ ഉള്ളതിനാൽ മറ്റുവീടുകളിൽ വോൾട്ടേജ് ക്ഷാമം ഉണ്ട്.
7. ബോർഡിൽ ജീവനക്കാരുടെ കുറവ് നിലവിലുണ്ട്.
8. പല സ്ഥലങ്ങളിലും സ്ട്രീറ്റ് ലൈറ്റിന്റെ അഭാവം പ്രകടമാണ്.
9. ആവശ്യമായ മെറ്റീരിയൽസിന്റെ അഭാവം വൈദ്യുതി വിതരണ രംഗത്ത് പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
10. വീടുകളിൽ ആവശ്യത്തിനുവേണ്ട വിറക് ലഭ്യത കുറവും വില കൂടുതലുമാണ്.
11. ഗവൺമെൻറുടമസ്ഥതയിൽ പഞ്ചായത്ത് ഗ്യാസ് ഏജൻസിയില്ല.
12. മറ്റുപ്രദേശത്തെ ഗവൺമെൻറ് ഏജൻസികളിൽ നിന്നും പാനൂർ പഞ്ചായത്തിലുള്ളവർക്ക് കണക്ഷൻ ലഭിക്കുന്നില്ല.

സാധ്യതകൾ

1. ഇന്നുള്ള ഓവർലോഡുകൊണ്ട് പ്രശ്നം സൃഷ്ടിക്കുന്ന സിങ്കിൾ ഫെയ്സ് ലൈനുകൾ 3 ഫെയ്സ് ലൈനുകളാക്കുക വഴി

വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവും.

2. ഉചിതമായ രൂപത്തിൽ ആലോചിച്ച് വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ അത് ലഭ്യമാക്കാൻ തീവ്രശ്രമം ചെയ്യേണ്ടതാണ്.

3. വൈദ്യുതി ലൈനിൽ തട്ടുന്ന മരച്ചില്ലകളും കൊമ്പുകളും വെട്ടിമാറ്റിയാൽ ഒരു വലിയ അളവിൽ പ്രസരണ- പ്രേഷണ നഷ്ടം കുറക്കുവാൻ കഴിയും.

4. ഇലക്ട്രോണിക് ചോക്കും സി.എഫ്. ടി.യും പരമാവധി പ്രചരിപ്പിക്കുക.

5. വൈദ്യുത ബോർഡിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക.

6. ഇന്നു ലഭ്യമായ വൈദ്യുത എനർജി മീറ്ററുകൾ മിക്കവാറും കൃത്യമായ റീഡിങ്ങ് കാണിക്കുന്നില്ല. പുതിയ കണക്ഷനുകൾക്ക് ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കുക. തകരാറിലായ മീറ്ററുകൾക്ക് പകരം കുറേശ്ശയായി ഇലക്ട്രോണിക് മീറ്ററുകൾ മാറ്റി സ്ഥാപിക്കുക.

7. സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോമറുകൾ കർശനമായി നിരോധിക്കുക

8. പോലീസ് കോർട്ടേഴ്സിന്റെ പരിസരത്തുകൂടെ പോവുന്ന ലൈനിൽ ഒരു ട്രാൻസ് ഫോർമർ സ്ഥാപിച്ചുകൊണ്ട് ആ ഭാഗങ്ങളിൽ വൈദ്യുതി ക്ഷാമം ഒരളവുവരെ പരിഹരിക്കാം.

9. സന്നദ്ധ സംഘടനകളുടെ സഹായത്തോടെ മെർക്കുറിലാമ്പുകൾ സ്ഥാപിക്കാം.

10. ഘർഷണരഹിത ഫ്യൂട്ട് വാൾവുകൾ, ട്യൂബ് ലൈറ്റിന്റെ ഇലക്ട്രോണിക് ചോക്ക് എന്നിവ പ്രചരിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.

11. ഇലക്ട്രിക്ക് ലൈനുകളിൽ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രാദേശികമായി ലഭ്യമാകുന്ന പരിചയസമ്പന്നരെ നിയമിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

12. കുന്നോത്ത് പറമ്പ് പഞ്ചായത്തിലെ മത്തിക്കുളം, മിനിഡീസൽ പ്ലാന്റ് സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലമാണ്. ഇവിടെ ഡീസൽനിലയം വന്നാൽ പെരിങ്ങളം മണ്ഡലത്തിലെ മുഴുവൻ വൈദ്യുതി പ്രശ്നം പരിഹരിക്കുവാൻ കഴിയും.

13. വൈദ്യുതി ദുരുപയോഗം ചെയ്യുന്നത് തടയണം.

14. കാപ്പുമ്മൽ കുന്നിൻമുകളിൽ കാറ്റാടി യന്ത്രം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കാൻ കഴിയും.

15. ബയോ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കാം.

16. വൈദ്യുത മോഷണത്തിനെതിരേയും അമിതവൈദ്യുത ഉപയോഗത്തിനെതിരെയും ജനങ്ങളെ ബോധവത്കരിക്കണം.

17. പാചകത്തിന് ചെലവുകുറഞ്ഞ പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കി പ്രചരിപ്പിക്കുക.

18. പാലത്തായി പുഴയിൽ കൂടെ ഒഴുകിപ്പോകുന്ന വെള്ളം ഉപയോഗിച്ച് വർഷത്തിൽ എട്ടുമാസം വൈദ്യുതി ഉത്പാദിപ്പിക്കാം. ഇപ്പോൾ നിലവിലുള്ള ചെക്ക് ഡാം നവീകരിക്കുകയും അനുബന്ധഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്താൽ വൈദ്യുതി പ്രശ്നം ഒരളവോളം പരിഹരിക്കാം.

വിഭവസമാഹരണം

035

നിലവിലുള്ള വിഭവങ്ങളെ ആസൂത്രിതമായി ഉപയോഗിച്ചും സാമ്പത്തിക സ്രോതസ്സുകൾ കണ്ടെത്തുകയും ചെയ്തുകൊണ്ടു മാത്രമെ ഏതൊരു സ്ഥാപനത്തിനും മുന്നോട്ട് പോകുവാൻ കഴിയുകയുള്ളൂ എന്ന ലളിതമായ സാമ്പത്തിക തത്ത്വം മുൻനിർത്തി കൊണ്ട് മാത്രമെ നമ്മുടെ പഞ്ചായത്തിന്റെ വിഭവ സമാഹരണത്തെക്കുറിച്ച് ആലോചിക്കാനാവുകയുള്ളൂ.

പാനൂർ പഞ്ചായത്ത് അനുഭവിക്കുന്ന ശാപം എന്ന് തന്നെ പറയാം, കാർഷിക മേഖലയുടെ തകർച്ചയും വ്യാവസായികമേഖലയുടെ പിന്നോക്കവുമാണ്. കരകാണാത്തവയലേലകൾ പുരയിടമാക്കിയത് നെൽകൃഷിയെ ബാധിച്ചു. മറ്റ് കാർഷിക വിഭവങ്ങളൊന്നും പറയത്തക്ക ഇല്ല. 100 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ചുരുക്കം ചില ചെ കുടിൽ വ്യവസായങ്ങൾ മാത്രമാണ് ഇന്ന് പാനൂരിലുള്ളത്.

പാനൂരിന്റെ സാമ്പത്തിക സ്രോതസ്സ് മുഖ്യമായും ഗൾഫാണ്. അതുകൊണ്ട് തന്നെ പാനൂരിന്റെ സാമ്പത്തിക മേഖല നിയന്ത്രിക്കുന്നത് ഗൾഫ് പണമാണ്. വിദേശത്ത് ജോലിചെയ്യുന്ന ആയിരത്തോളം ആളുകളിൽ 98% ഗൾഫിലാണ്. അന്യസംസംഥാനങ്ങളിൽ ജോലി തേടി പോയവർ ഇതിൽ കൂടുതൽ വരും, ഗൾഫ് മേഖലയെ ഉത്പാദന മേഖലയിലെക്ക് തിരിച്ച് വിടാൻ കഴിയുന്നില്ല എന്നതാണ് നമ്മുടെപഞ്ചായത്തിലെ ഏറ്റവും വലിയ പ്രശ്നം. സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിലെ സാമൂഹ്യ പ്രശ്നങ്ങൾക്കും വികസന പ്രക്രിയകൾക്കും വൻതുകകൾ സംഭാവന നൽകുന്ന നിരവധി വ്യക്തികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ സഹായങ്ങൾ വേണ്ട രീതിയിൽ വിനിയോഗിച്ചാൽ പഞ്ചായത്തിന് സർവ്വതോന്മുഖമായ പുരോഗതി കൈവരിക്കുവാൻ കഴിയും.

കാർഷികോല്പന്നങ്ങളിൽ തന്നെ നാളികേരം വഴിയാണ് പഞ്ചായത്തിന് പ്രധാന വരുമാന മാർഗ്ഗമുണ്ടാവുന്നത്. കാർഷിക രംഗത്തും വ്യാവസായിക രംഗത്തും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് പൂർണ്ണമായി കൈവന്നാൽ സാമ്പത്തിക മുരടിപ്പ് പരിഹരിക്കുവാൻ ഒരു പരിധിവരെ സാധിക്കും.

ജനങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിഹരിക്കുന്നതിന് പ്രധാനമായും ആശ്രയിക്കുന്നത് എസ്.ബി. ടി., സിൻഡിക്കേറ്റ് ബാങ്ക്, ജില്ലാ സഹകരണ ബാങ്കിന്റെ ശാഖ, തലശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ശാഖാ, പാനൂർ സർവ്വീസ് സഹകരണ ബാങ്ക്, ബിൽഡിംഗ് സൊസൈറ്റി, കെ. എസ്. എഫ്.ഇ. എന്നിവയും സ്വകാര്യ ചിട്ടി സ്ഥാപനങ്ങളുമാണ്. ഈ സ്ഥാപനങ്ങളിൽ ഇന്നത്തെ പ്രവർത്തന രീതി ലളിതമാക്കുകയും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തനങ്ങൾ പുന: സംഘടിപ്പിക്കേണ്ടതുമാണ്.

പഞ്ചായത്തിന്റെ മിക്ക വാർഡുകളിലും പണം വിനിയോഗിച്ചത് റോഡുകൾക്ക് വേണ്ടിയാണ്. അത്യാവശ്യമായി പല റോഡ് കളുടെ പണിയും ഇനിയും പൂർത്തീകരിക്കേണ്ടതുണ്ട്. വികസനമെന്നാൽ റോഡ് മാത്രമാണ് എന്ന ലളിത വൽകൃത ചിന്ത നാം ഉപേക്ഷിച്ചേ മതിയാവൂ.. പഞ്ചായത്തിന്റെ സാമ്പത്തിക നില ശോചനീയമാണ്. കാരണം വാർഡുകളിലെ ജനകീയാവശ്യങ്ങൾ നിർവ്വഹിക്കുവാൻ കഴിയാത്ത അവസ്ഥയാണുള്ളത്. '' ഫണ്ടില്ല- ഫണ്ടില്ല'' മൈനസ് ഫണ്ടാണ് എന്ന ചൊല്ല് മാറ്റയെടുക്കാൻ പുതിയ ധനാഗമമാർഗ്ഗങ്ങൾ നാം ആവിഷ്കരിക്കണം. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് കണ്ടെത്തുന്നതോടൊപ്പം വിഭവ സമാഹരണം നടത്തികൊണ്ടും സർക്കാർ സഹായങ്ങൾ പരമാവധി ലഭ്യമാക്കികൊണ്ടും ആവശ്യങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നമുക്ക് കഴിയും. ജനകീയ സംരംഭങ്ങളിലൂടെ മനുഷ്യാദ്ധ്വാനത്തിലൂടെയുള്ള വിഭവസമാഹരണം കാര്യക്ഷമമയി ഉപയോഗപ്പെടുത്താൻ കഴിയും. കൃഷി, ശുദ്ധജലം, റോഡ്, നിർമ്മാണം തുടങ്ങിയ മേഖലകളിൽ ഇവ ഉപയോഗപ്പെടുത്താവുന്നതാണ്.

കെട്ടിടനികുതി:

1995-96 വർഷത്തെ കെട്ടിട നികുതി 3,47,357 രൂപയാണ്. എല്ലാ കെട്ടിടങ്ങൾക്കും നികുതി ചുമത്തുകയും നികുതി പിരിവ് കുറെക്കൂടി കാര്യക്ഷമമാക്കുകയും വേണം. കെട്ടിട നിർമ്മാണ ചിലവ് ശാസ്ത്രീയമായി വിലയിരുത്തണം. ആഡംബരവും, വിലകൂടുതലുള്ളതുമായ സാമഗ്രികളുടെ ഉപയോഗവും നികുതി കണക്കാക്കാൻ അടിസ്ഥാനമാക്കണം.

തൊഴിൽ നികുതി:

തൊഴിൽ നികുതിയിനത്തിൽ 1995-96 വർഷത്തിൽ 2,31,647 രൂപയാണ് പഞ്ചായത്തിന്റെ വരുമാനം സർക്കാർ ഓഫീസുകളിൽ നിന്നും എയ്ഡ് ഡ് സ്കൂളിൽനിന്നും പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നുമാണ് ഇത് ലഭിക്കുന്നത്. ഈ ഇനത്തിൽ ധാരാളം വരുമാനത്തിന് ഇനിയും സാധ്യതയുണ്ട്. പഞ്ചായത്തിലെ മുഴുവൻ തൊഴിലാളികളെയും ഗ്രൂപ്പ് ഇൻഷൂറൻസ് സ്കീമിന്റെ പരിധിയിൽ കൊണ്ടുവരികയും, സ്കീമിൽ ഉൾപ്പെട്ടിട്ടുള്ള തൊഴിലാളികളിൽ നിന്നും നികുതി ഈടാക്കുകയും ചെയ്യാം. ഇത് വ്യാപാര-നിർമ്മാണ മേഖലകളിലെതൊഴിലാളികൾക്കും ബാധകമാക്കാവുന്നതാണ്.

വിനോദ നികുതി:

1995-96 വർഷത്തെ വിനോദ നികുതി 80,103 രൂപയാണ്. ടൗണിലുള്ള പത്മാ ടാക്കീസിൽ നിന്നാണ് ഇതിന്റെ 90% വും ലഭിക്കുന്നത്. പാനൂർ ബസ്സ് സ്റ്റാന്റിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു ഓഡിറ്റോറിയം പണിതാൽ പഞ്ചായത്തിന്റെ ഈ വിഭാഗത്തിലൂടെയുള്ള വരുമാനത്തിൽ വലിയ മാറ്റം ഉണ്ടാക്കുവാൻ കഴിയും.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ പാനൂർ സർവ്വീസ് സഹകരണ ബാങ്ക്, തലശ്ശേരി കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ, കണ്ണൂർ ജില്ലാ സഹകരണബാങ്കിന്റെ ഒരു ശാഖ, സിൻഡിക്കേറ്റ് ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയുമുണ്ട്. ഇതിനെല്ലാം പുറമെ സ്വകാര്യ ചിട്ടി ഫണ്ടുകളുമുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. പഞ്ചായത്തുകൾക്ക് വായ്പ എടുക്കാനുള്ള ബാധ്യത പുതിയ പഞ്ചായത്ത് ആക്ടിലുണ്ട്. ഗ്രാമസഭകളോ, പഞ്ചായത്തോ, അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടിയിരിക്കുന്നു.

ചെലവുകൾ:

പഞ്ചായത്ത് ഫണ്ട് പൊതുമരാമത്തിനും ഭരണ ചിലവുകൾക്കും സാമൂഹ്യക്ഷേമത്തിനുമാണ് ചിലവഴിച്ചത്. ഇതിൽ പൊതുമരാമത്തിന് ചിലവഴിച്ചത് പഞ്ചായത്ത് റോഡുകൾ റിപ്പയർ ചെയ്യാനായിരുന്നു. ഒരോ വർഷവും വലിയ തുകകൾ ചിലവഴിച്ച് കൊണ്ട് റോഡ് റിപ്പയർ ചെയ്യുകയും അടുത്ത മഴ കഴിയുമ്പോഴേക്കും അത് പൂർവ്വ സ്ഥിതിയിലെത്തുകയും ചെയ്യുന്നു.ഇത്തരം റോഡുകളുടെ സംരക്ഷണം മഴക്കാലത്തിന് മുമ്പെ തന്നെ എല്ലാ മണ്ണ് റോഡുകളുടെ യും അതത് പ്രദേശത്തെ ജനകീയ സമിതികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്ന സ്ഥിതിയുണ്ടാക്കണം.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാന വിഭവം മനുഷ്യവിഭവം തന്നെയാണ്. എല്ലാ ഗ്രാമസഭകളിലും മനുഷ്യാദ്ധ്വാനം വികസനപ്രവർത്തനങ്ങൾക്ക് സംഭാവന ചെയ്യാനുള്ള പ്രഖ്യാപനങ്ങൾ ഉണ്ടായിട്ടുണ്ട്. ജാതിമത- കക്ഷി രാഷ്ട്രീയ ഭേദമന്യെ സ്വന്തം നാടിന്റെ പുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുക എന്ന മഹത്തായ ആശയം സമൂഹത്തിൽ ഏറെ സ്വാധീനം നേടിയിരിക്കുകയാണ്.

സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കൽ
2. സേവനങ്ങൾക്ക് ചാർജ് ഈടാക്കൽ
3. പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
4. ഗൾഫ്- സമ്പത്ത് പഞ്ചായത്തിൽ തന്നെ കാർഷിക- വ്യാവസായിക മേഖലകളിൽ ഉപയോഗപ്പെടുത്താൻ ആവശ്യമായ പഞ്ചായത്ത് തല സംവിധാനം ഉണ്ടാവണം

നിർദ്ദേശങ്ങൾ

1. പാനൂർ ബസ്സ്റ്റാൻഡിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ച് വരുമാനമുണ്ടാക്കുക
2. വികസനപ്രവർത്തനങ്ങൾക്ക് വാർഡുതലത്തിൽ വികസന ക്ലബ്ബുകൾ രൂപീകരിക്കുക
3. വലുതും ആർഭാട പൂർണ്ണമായ വീടുകൾക്ക് കൂടുതൽ നികുതി ചുമത്തുക
4. എല്ലാ വിഭാഗം തൊഴിലാളികളെയും പഞ്ചായത്തിൽ റജിസ്റ്റർ ചെയ്ത് തൊഴിൽ നികുതി ഈടാക്കുക.


കാലം വിളിക്കുന്നു നമ്മെ -
സ്വന്തം ഗ്രാമം വിളിക്കുന്നു നമ്മെ.